# തൃക്കരുവാ ദേവസ്വം

## ഒന്നാം ഭാഗം

വി. കെ. ശങ്കരൻ മുൻഷി
തൃക്കരുവാ.

# തൃക്കരുവാ ദേവസ്വം

## ആമുഖം

ഈ ദേവസ്വത്തിനു കൊല്ലവർഷം ആരംഭംമുതൽ രേഖാമൂലമായും തൃപ്തികരമായും ഒരു ചരിത്രം ഉണ്ട്. ഇപ്പോൾ പ്രകാശിപ്പിക്കുന്ന ഭാഗങ്ങൾ അതിന്റെ ആധുനിക ഭാഗങ്ങളാണ്. ദേവസ്വത്തിന്റെ അവകാശികളിലും അവരുടെ ബന്ധുക്കളിലും ഈവക അറിയാനാഗ്രഹമുള്ളവരെ മാത്രം ലക്ഷ്യമാക്കിയാണിതു പ്രസിദ്ധംചെയ്യുന്നത്. അല്ലാതെ ഇതൊരു പരസ്യമായ പ്രസിദ്ധീകരണമല്ല. വായിക്കുന്നവർ പാർശ്വവീക്ഷണമോ ദോഷൈകദൃഷ്ടിയോ കൂടാതെ ചരിത്രദൃഷ്ടിവെച്ചു ക്ഷമയോടെ എല്ലാ ഭാഗങ്ങളും വായിപ്പാനപേക്ഷ. ഇതുപോലെ ഇനിയും രണ്ടുമൂന്നു ഭാഗം ആധുനികചരിത്രത്തിനുതന്നെയുണ്ട്. അതും വഴിക്കുവഴി പ്രകാശിപ്പിക്കും. ഏതെങ്കിലും അംശങ്ങളിൽ വിയോജിക്കുന്നവർ അതും കൂട്ടത്തിൽ ചേർക്കണമെങ്കിൽ ആയതും രേഖാമൂലം അറിയിച്ചാൽ അനുബന്ധമായി ചേർക്കാം.

പ്രൈവററ്ദേവസ്വങ്ങളിൽ ഇത്രയും കാലപ്പഴക്കമുള്ളതും സ്വത്തുള്ളതും മഹിമയേറിയതുമായ ഒരു സ്ഥാപനം ഇവിടെ ഏറെയില്ല. ഇപ്പോൾ അന്യാധീനപ്പെട്ടുകിടക്കുന്ന ഇതിന്റെ എല്ലാ സമ്പത്തുകളും പുനരുദ്ധരിക്കപ്പെടാവുന്നതാണ്. അവകാശപ്പെട്ടവർ ഐകമത്യത്തോടും വിവേകത്തോടുംകൂടി ഉണർന്നുപ്രവർത്തിച്ചാൽ മതി. എല്ലാ കഷ്ടതകളും അകററി അഭീഷ്ടവരദാനം ചെയ്യാൻ അമ്മ കാത്തിരിക്കുന്നു. "പാരിൽ ദുഷ്പുത്രരുണ്ടാം പറകതനയരിൽ ദുഷ്ടയാമംബയുണ്ടോ?"

പുസ്തകം എത്രയും ഭംഗിയായി വേഗം ലഘുവായ ചെലവിൽ അച്ചടിച്ചുതന്ന ശ്രീനാരായണ പ്രസ്സുകാരോടു ഞാൻ നന്ദിപറയുന്നു.

എന്ന്,

വി. കെ. ശങ്കരൻമുൻഷി

(ഒപ്പ്)

തൃക്കരുവാ,
22—12—1958.

1. ശ്രീ. പി. കെ. കേശവൻ. അവർകൾക്ക് - വിളയത്ത്. 23-12-54.

ദേവ്യസ്ഥാൻപാട്ടു

# തൃക്കരുവാ ദേവസ്വം

## (ഒന്നാംഭാഗം)

## അദ്ധ്യായം ഒന്നു്

### ഉത്സവങ്ങൾ

കൊല്ലം താലൂക്കിൽ, തൃക്കരുവാവില്ലേജ്ജു്, പഞ്ചായത്തു് അതിർത്തിയിൽപ്പെട്ട അതിപുരാതനമായ ഒരു ദേവസ്വമാണു് തൃക്കരുവാ ദേവസ്വം. ഇതിന്നു കുററിയഴികം ദേവസ്വമെന്നും പേരുണ്ടു്. ഗ്രാമനാട്ടുകാർ എന്നും കുററിയഴികത്തുകാർ എന്നും വിവേചിച്ചു പറയുന്ന ഒരു കുടുംബക്കാരുടെവക പ്രൈവററ ദേവസ്വമാണിതു്. ഈ ദേവസ്വംവകയായി മൂന്നുനാലു ലക്ഷം രൂപാ വിലപിടിപ്പുള്ള സ്ഥാവരവസ്തുക്കൾ ഉണ്ടു്. ദേവാലയങ്ങൾതന്നെ പലസ്ഥലങ്ങളിലാണു് സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. ശ്രീഭദ്രകാളിക്ഷേത്രവും ശ്രീവീരഭദ്രസ്വാമിക്ഷേത്രവുമാണു് പ്രധാനപ്പെട്ട ദേവാലയങ്ങൾ. അഷ്ടമുടിക്കായലിൻെറ പ്രധാനഭാഗത്തു അഷ്ടമുടിക്കരയിൽ വീരഭദ്രസ്വാമിക്ഷേത്രവും അടുത്ത നടുവിലെക്കരയിൽ ദേവീക്ഷേത്രവും സ്ഥിതിചെയ്യുന്നു. തൃക്കരുവാ ദേവീക്ഷേത്രത്തിൽ പ്രധാനസ്ഥലത്തു വടക്കോട്ടുമുഖമായി ഭഗവതിയും വലതുവശം ഒരു പീഠത്തിൽ കിഴക്കു ഗണപതിയും പടിഞ്ഞാറു ശിവനും ഭഗവതിയുടെ പിൻഭാഗത്തു സിംഹാസനാരൂഢയായ ദേവിയുടെ പ്രതിരൂപവും ഇടത്തളത്തിൽ വടക്കുവശം ഇരിക്കുന്ന പീഠത്തിൽ ദേവിയുടെ നാന്തകവും ചിലമ്പും ഇടതുവശത്തു് യോഗീശ്വരനും ക്ഷേത്രത്തിനു വെളിക്കു് മതിൽക്കെട്ടിനകത്തു് കിഴക്കുവശമുള്ള അമ്പലത്തിൽ ഉയർന്ന സ്ഥാനത്തു് വിഷ്ണുവും അതിനു വലതുവശം ശാസ്താവും പടിഞ്ഞാറുള്ള അമ്പലത്തിൽ ഒരു യക്ഷനും യക്ഷസ്യാതും മതിൽക്കെട്ടിനു വെളിയിൽ ധനുരാശിപഥത്തിൽ ചതുരാകൃതിയിലുള്ള മണ്ഡപത്തിനകത്തു ഘണ്ടാകർണ്ണനും അതിനു വടക്കുള്ള ആലയത്തിൽ ഒരു രാജയക്ഷിയും അതിൻെറ വട

ക്കു് കൽക്കടീർത്തിൽ മസൂരിമാലയും കുരുതിക്കളത്തിൽ പനയുടെ ചുവട്ടിൽ മാടനും മററു ഭൂതഗണങ്ങളും കുരുതിക്കളത്തിന്റെ കിഴക്കുവശമുള്ള ലതാഗൃഹത്തിൽ നാഗയക്ഷിയും നാഗരാജാവും വേലൻപറമ്പിൽ ഇരുന്ന ആനയദവിയും അധിവസിക്കുന്നു. വീരഭദ്രസ്വാമിക്ഷേത്രത്തിൽ പ്രധാനകോവിലിൽ തെക്കോട്ടുമുഖമായി വീരഭദ്രസ്വാമിയും ഇടതുഭാഗത്തു ഭൈരവനും ക്ഷേത്രത്തിന്റെ മുമ്പിൽ നിൽക്കുന്ന അരയാലിന്റെ ചുവട്ടിൽ കിഴക്കുമുഖമായി ഹനുമാനും ക്ഷേത്രമതിലിനുവെളിയിൽ വടക്കുകിഴക്കായി ഒരു യക്ഷാവരനും ഉണ്ടു്. കുററിയഴികത്തു കൊട്ടാരത്തിൽ ശിവൻ, ഗണപതി സുബ്രഹ്മണ്യൻ, പാർവതി, വിഷ്ണു, ലക്ഷ്മീദേവി, നരസിംഹമൂർത്തി, ശ്രീരാമൻ സീതാദേവി മുതലായവരുടെ പൂജയും അലങ്കാരങ്ങളും ഉണ്ടായിരുന്നു. വിശിഷ്യാ എല്ലാ അമാവാസിദിവസവും പിതൃദേവതകൾക്കു ബലിയുണ്ടായിരുന്നു. അശ്വത്ഥവൃദ്ധനായി കുററിയഴികത്തു കൊട്ടാരത്തിൽ സന്നിധാനംചെയ്യുന്ന യോഗീശ്വരനു ദേവസ്വംവക വസ്തുക്കളിലുള്ള ഫലമൂലാദികൾ, ആദ്യഫലങ്ങൾ ആ ദിവസംവച്ചു നിവേദിക്കുമായിരുന്നു. കാരണം അദ്ദേഹമാണത്രേ ഈ ദേവസ്വത്തിന്റെ അവകാശികളായ സന്താനങ്ങളുടെ വംശഗുരു. മേൽവിവരിച്ച ദേവാലയങ്ങളും ആരാധനകളും ഇപ്പോൾ മിക്കവാറും നശിച്ചുപോയിരിക്കുന്നു. സ്ഥാവരസ്വത്തുക്കളുടെയും ജംഗമങ്ങളുടെയും ദേവാലയങ്ങളുടെയും ഉത്സവാദികളുടെയും മററും ചുരുങ്ങിയ ചരിത്രം ഇതിൻപരി ചേർക്കുന്നു. എന്റെ കാരണവന്റെ മകനും രണ്ടു സഹോദരിമാരുടെ ഭർത്താവും ധനവാനും വിദ്വാനും കവിയും പ്രമാണിയുമായിരുന്ന, കൊല്ലം മുണ്ടയ്ക്കൽ വലിയവീട്ടിൽനിന്നും കരുവാ വിളയത്തു സി. കൃഷ്ണനാശാൻ എന്ന പേരിൽ പ്രസിദ്ധനായിരുന്ന, ശ്രീനാരായണഗുരുസ്വാമി തൃപ്പാദങ്ങളിലെ ഗൃഹസ്ഥശിഷ്യന്മാരിൽ പ്രധാനി എഴുതിയ "തൃക്കരുവാ ദേവസ്വം ചരിത്രം". ഇവിടെ ആദ്യം സംഗ്രഹിച്ചു ചേർക്കുന്നു.

"കൊല്ലവർഷം ആയിരത്തി അറുപതാമാണ്ടു് എനിക്കു പത്തുവയസ്സു പ്രായമുണ്ടു്. അക്കാലത്തു കരുവാക്ഷേത്രത്തിൽ ആണ്ടുതോറും വൃശ്ചികമാസത്തിൽ എല്ലാദിവസവും ഭദ്രകാളിപ്പാട്ടും (തോററൻപാട്ടു്) ഒടുവിൽ കുരുതിയും ഉണ്ടു്. ഇതിൽ ആദ്യം നാലുദിവസത്തെ പാട്ടു് ദേവസ്വക്കാർ ഓരോദിവസം നടത്തും. ശേഷം ദിവസങ്ങളിലെ പാട്ടു് കരക്കാരും നടത്തിവന്നു 1. നടുവിലച്ചേരി, 2. വടക്കേക്കര, 3. അഷ്ടമുടി, 4. പ്രാക്കുളം, 5. ഇഞ്ചവിള, 6. തെക്കേക്കര എന്നിവയാണു ആറു കരകൾ. ഈ ആറുചേരിയിലുമുള്ള എല്ലാവരുടെയും സഹകരണത്തോടുകൂടിയാണു് ഈ ക്ഷേത്രത്തിലെ വിശേഷഅടിയന്തിരങ്ങൾ നടത്തിവന്നതു്. എന്നാൽ ഉത്സവം നടത്തുന്നതിൽ പ്രമാണികൾ നായന്മാരായിരുന്നു കരനാഥന്മാരുടെ പ്രത്യേകപാട്ടും പൂജയും ചിലദിവസം വിശേഷാൽ ഉണ്ടായിരിക്കും. ഞാണിന്മേൽകളി പടയണി, കഥകളി, തുള്ളൽ ഇവ എല്ലാ ദിവസവുമുണ്ടു്. വടക്കേ അമ്പലത്തിന്റെ വടക്കോട്ടുള്ള

പൂമുഖംമുതൽ വടക്കു വിളക്കുകല്ലുകൾ വരെ തെക്കുവടക്കു് ഒരു പന്തൽ കെട്ടിയുണ്ടാക്കും. അതിന്റെ പടിഞ്ഞാറോട്ടു് ഒരു പൂമുഖം ഉണ്ടായിരിക്കും. ഈ പന്തൽ അതതു ചേരി (കര) ക്കാരുടെ പാട്ടുദിവസം അവരവർ വിതാനിച്ചു് അലങ്കരിച്ചുകൊള്ളണം. തോററൻപാട്ടു് കാലത്തും ഉച്ചയ്ക്കും വൈയ്യിട്ടും രാത്രിയും ഉണ്ടു്. പനയത്തുകരയിലുള്ള നായന്മാരാണു പതിവുപാട്ടുകാർ. ദേവി ഒരു അസുരനെ നിഗ്രഹിക്കുന്നതാണു് പാട്ടിലെ കഥാവസ്തു. തെക്കുവടക്കായി കെട്ടുന്ന പന്തലിന്റെ കിഴക്കെ അരുകു് പകുതി തെക്കുഭാഗം അലക്കിയ വസ്ത്രം കൊണ്ടു് ഭിത്തിപോലെ മറച്ചു്, ദേവസ്വംവക സ്വർണ്ണംകൊണ്ടുള്ള കൊടിയും ജീവരയും ആനച്ചമയവും അതിൽചേത്തു് കെട്ടിത്തൂക്കും. പന്തലിന്റെ കിഴക്കെ അരുകിൽ രണ്ടുരൽ ഇട്ടു് അതിന്റെ പുറത്തു് ഒരു പലകവച്ചു് വെള്ളത്തുണി വിരിച്ചു അതിൽ പടിഞ്ഞാറോട്ടു തിരിഞ്ഞിരുന്നാണു് പാട്ടുകാർ പാടുന്നതു്. നായർ സ്ത്രീകൾ മുൻപന്തിയിലും തുടൻ മററു ഹിന്ദുസ്ത്രീകൾ പിന്നിലായും അവരവർ കൊണ്ടുവരുന്ന പായകൾ വിരിച്ചു ഇരുന്നു പാട്ടുകേൾക്കും. കാലത്തും ഉച്ചയ്ക്കും ഉള്ള പാട്ടു കേൾക്കുന്നതിന്നു് വിശേഷാൽ ആരും ഉണ്ടായിരിക്കയില്ല. വയ്യിട്ടും രാത്രിയും ധാരാളം സ്ത്രീപുരുഷന്മാർ പാട്ടു് കേൾക്കുവാനുണ്ടാവും.

വൃശ്ചികമാസം മുഴുവൻ അഹോരാത്രം ഉത്സവംതന്നെ. അന്നു് ദിവസവും അതികേമമായ മൂന്നുനേരത്തെ പൂജയും പിന്നെ വിശേഷപ്പെട്ട നേർച്ചപ്പൂജകളും ഉണ്ടായിരിക്കും. മലർ, പഴം, കരിക്കു്, മുന്തിരിങ്ങ മുതലായവയാണു് നിവേദ്യസാധനങ്ങൾ. ധൂപദീപാദികളുടെ സൗരഭ്യം ക്ഷേത്രത്തിൽ സദാപി ഉണ്ടായിരിക്കും. നിവേദ്യസാധനങ്ങൾ (പ്രസാദം) എല്ലാവക്കും നൽകും. ഏതവസരത്തിൽ നോക്കിയാലും അഞ്ചുപറകൊള്ളുന്ന വലിയ മൂമട്ടുകുട്ടകളിൽ, പലതിലും നിറയെ മലരും പഴവും കരിക്കും, അമ്പലത്തിൽ ഇരിക്കും. പഴക്കുലകൾ പലയിനത്തിൽ അമ്പലത്തിൽ (വടക്കെ) തൂങ്ങിനിൽക്കും. വയ്യിട്ടു മൂന്നുമണിക്കുശേഷം ജനങ്ങളുടെ തിക്കുംതിരക്കും തുടങ്ങും. കാപ്പിപലഹാരക്കച്ചവടക്കാർ, വച്ചുവാണിഭക്കാർ, ജൗവുളിക്കച്ചവടക്കാർ, പുസ്തകക്കച്ചവടക്കാർ ഇങ്ങനെയുള്ളവർ പുരകൾ കെട്ടി വ്യാപാരം ചെയ്തുകൊണ്ടിരിക്കും. ക്ഷേത്രപ്പറമ്പിൽ ഇവയ്ക്കു പുറമേ പല വിനോദലീലകൾ ഉണ്ടായിരിക്കും. രാത്രി പത്തുമണിക്കുശേഷം കഥകളിക്കാണു് പ്രാധാന്യം. മൂന്നുനാലരങ്ങിൽ പലദിവസവും കഥകളിയുണ്ടു. വൃശ്ചികമാസം മുപ്പതാംതിയതി "കുരുതി"യാണു്. മേൽപ്പറഞ്ഞ പൂജകളും മററു വിശേഷങ്ങളും വീരഭദ്രസ്വാമിക്ഷേത്രത്തിലും ഉണ്ടു്. ആടും കോഴിയും രണ്ടുക്ഷേത്രത്തിലും ധാരാളം വരും. അഞ്ഞൂറിൽപ്പരം കോഴികളെയും മുപ്പതിൽപ്പരം ആടുകളെയും കുരുവാ കുരുതിക്കളത്തിൽ വെട്ടി രക്തം വലിയ വാർപ്പുകളിൽ ഒഴിച്ചു തർപ്പണം (ബലി) ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ഇതിലധികം ആടും കോഴിയും അന്നുതന്നെ അഷ്ടമുടി ക്ഷേത്രത്തിലും

വധിച്ചു് "കുരുതി" നടത്താറുണ്ടു്. മലയാളക്കരയിൽ സുപ്രസിദ്ധമായ പലക്ഷേത്രങ്ങളിലും ഈ വിധം ജന്തുഹിംസാബലി നടന്നിരുന്നു. കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടെവക ഭഗവതിക്ഷേത്രത്തിൽ ശാന്തി നടത്തുന്നതു് നമ്പൂരിമാരാണല്ലോ. അവിടെ മീനഭരണിമഹോത്സവത്തിൽ വധിച്ച ആടു്, കോഴി മുതലായവയ്ക്കു സംഖ്യയുണ്ടോ? തൃക്കരുവാക്ഷേത്രത്തിലെ ഈ ജന്തുഹിംസാബലി 1068-ൽ ഭഗവാൻ ശ്രീനാരായണഗുരുസ്വാമിയുടെ കല്പനമൂലം നിറുത്തി പകരം കുമ്പളങ്ങ മുറിച്ചു് ആ കർമ്മം നടത്തിവന്നു.

കുംഭമാസത്തിൽ അശ്വതി, ഭരണി ഈ ദിവസങ്ങളിൽ കരുവാക്ഷേത്രത്തിൽ മഹോത്സവമാണു. കരക്കാർ മത്സരബുദ്ധിയോടെ ഓരോ നെടുങ്കുതിരകെട്ടും. അശ്വതിനാളിലെ കാഴ്ച വെള്ളപ്പൂരമാണു്. കുതിരകളെ വിശേഷിച്ചു അലങ്കരിക്കുന്നതു ഭരണിനാളിലായതുകൊണ്ടു് അശ്വതിനാളിലെ ഉത്സവത്തിനു അങ്ങനെ പേരിട്ടിരിക്കുന്നു. ഉത്സവം പ്രമാണിച്ചു് കരുവാ വരുന്ന ജനങ്ങൾക്കു കണക്കില്ല. അഷ്ടമുടിക്കായൽതീരത്തു അന്യദേശക്കാർ വന്നു താമസിക്കുന്ന കെട്ടുവള്ളങ്ങൾ (വലിയ തോണികൾ) വളരെയാണു്. അക്കാലത്തു് ഈ പ്രദേശത്തുള്ള വീടുകൾ എല്ലാം പൂട്ടിക്കെട്ടിഇട്ടിട്ടു് ആബാലവൃദ്ധം ഉത്സവം കാണാൻ തൃക്കരുവാക്ഷേത്രത്തിൽ പറമ്പുകളിൽ വന്നു പാർക്കും. അശ്വതിനാളിൽ വയ്യിട്ടു് കുതിരകൾ ആറും ക്ഷേത്രത്തിൽ കൊണ്ടുവന്നു പ്രദക്ഷിണംവയ്ക്കും. പിന്നീടു് അവ നടവെളിയിൽ ഒരുഭാഗത്തു നിരത്തിവയ്ക്കും. രാത്രി പത്തുമണിയോടുകൂടി കുതിരപ്പന്തിയിൽ കൊണ്ടുപോയി വയ്ക്കും. അങ്ങനെ വെള്ളപ്പൂരം എന്നുപറയുന്ന ഒന്നാംദിവസത്തെ ഉത്സവം അവസാനിക്കും. ഭരണിനാളിലാണു് വലിയ ഉത്സവം. അന്നു വയ്യിട്ടു് മൂന്നുമണിയോടുകൂടി കുതിരകളെ എടുത്തു ക്ഷേത്രത്തിൽകൊണ്ടുവരും. അപ്പോഴേക്കു ദേവസ്വം അധികാരികളിൽ വയസ്സുമൂത്ത ചാന്നാർ, നൊയമ്പുനിന്നു (ആറുനോറ്റു) പ്രത്യേകം ചില വേഷവിധാനങ്ങളോടുകൂടി ദേവിയുടെ നാന്തകവും ചിലമ്പും എടുത്തു വാദ്യഘോഷങ്ങളോടെ എഴുന്നെള്ളി വെളിയിൽ വരും. ഈ എഴുന്നെള്ളത്തും കുതിരകളും ഒക്കെക്കൂടി വടക്കോട്ടു പുറപ്പെട്ടു് തോടുകടന്നു കിഴക്കുഭാഗത്തുള്ള പാടത്തിറങ്ങും. വയൽ (പാടം) നിറയെ ജനങ്ങളുടെ തിക്കുംതിരക്കുമുണ്ടെങ്കിലും എഴുന്നെള്ളത്തു ചെല്ലുമ്പോൾ അവർ ഒഴിഞ്ഞുമാറി നില്ക്കും. എഴുന്നെള്ളത്തു വയലിന്റെ മദ്ധ്യഭാഗത്തുള്ള ആലിന്റെ ചുവട്ടിൽ നിൽക്കും. കുതിരകളെ എടുത്തു് അതിനു വലംചുററും. മൂന്നുവലത്തുകഴിഞ്ഞു കുതിരകളെ അവിടെ നിരത്തിവയ്ക്കും. രാത്രി പത്തുമണിക്കു് എഴുന്നെള്ളത്തു് കുതിരകളുടെ അകമ്പടിയോടുകൂടി ക്ഷേത്രത്തിൽ മടങ്ങിവരും. കുതിരകളെ ക്ഷേത്രപ്പറമ്പിൽ നിരത്തിവയ്ക്കും. ആ ഇരുപ്പിൽവച്ചു കാർത്തികനാളിൽ വയ്യുന്നതിനകം കുതിരകളെ അഴിക്കും. അന്നും ആൾത്തിരക്കും കച്ചവടവും ഉണ്ടായിരിക്കും. ക്രമേണ ഒരാഴ്ചകൊണ്ടു് എല്ലാവരും പിരിഞ്ഞുപോകും.

ഈ ഉത്സവത്തിന്റെ ചെലവുകൾക്കു് ആറു കരകളിലുമുള്ള എല്ലാവരും വരിപ്പണം കൊടുക്കും. മുൻനിന്നു് ഉത്സവം നടത്തുന്നതു് നായന്മാരാണെന്നു പറഞ്ഞുവല്ലോ. അവരുടെ ഒരു കരബലപ്രദർശനമായിട്ടുകൂടിയാണു് ഈ ഉത്സവം ഇരിക്കുന്നതു്. കുതിര എടുക്കുന്നതിന്നു് അടുത്ത ചേരി (കര) കളിലുള്ളവരെ ക്ഷണിച്ചുവരുത്തും. ചവറ തെക്കും വടക്കുമുള്ളവർ, ശക്തികുളങ്ങര, കരുപ്പുഴ, കടവൂർ, ഞാറയ്ക്കൽ, പെരുമൺ, പനയം, കിളികൊല്ലൂർ മുതലായ സ്ഥലങ്ങളിൽനിന്നു കരക്കാർ കുതിര എടുക്കുന്നതിന്നു വന്നുചേരും. അതിന്നു പകരം അവിടെയുള്ള ക്ഷേത്രങ്ങളിൽ അവർ കെട്ടുന്ന കുതിരകളെ ഇവിടുത്തെ കരക്കാർ ചെന്നു് എടുത്തുകൊടുക്കണം. ഇങ്ങനെ ഉത്സവദിവസത്തിന്നു നാലഞ്ചു ദിവസം മുമ്പേ കുതിരപ്പന്തിയിൽ കരക്കാർ കൂട്ടംചേരും. തൊഴിലാളികൾ എല്ലാം ആ ദിവസങ്ങളിൽ അവിടെ ഹാജരായി ഭയഭക്തിസഹിതം കല്പന കേൾപ്പാൻ നിൽക്കണമെന്നാണു നിശ്ചയം. അവർ അങ്ങനെ ചെയ്യും. അവരവരുടെ മേൽ നിക്ഷേപിക്കുന്ന ജോലികൾ തൊഴിലാളികൾ ചെയ്യും. എങ്കിലും ചേരിക്കാരിൽ ആൎക്കെങ്കിലും ഇവരിൽ ആരോടെങ്കിലും വല്ല പൂർവ്വവിരോധം ഉണ്ടെങ്കിൽ അവരെ അന്നു് നിർദ്ദയം തല്ലും. കരപ്രമാണികൾക്കു പണിയില്ലാത്ത ദിവസങ്ങളിൽ മാത്രമേ തൊഴിലാളികൾ മറ്റുള്ളവരുടെ ജോലിക്കു പോകാവൂ എന്നു നിർബ്ബന്ധമാണു്. ഉത്സവവരിപ്പണം കരക്കാർ നിശ്ചയിക്കുന്ന തോതിൽ കൊടുക്കാത്തവരുടെ വീട്ടിൽകയറി ഇരട്ടി വില പിടിപ്പുള്ള എന്തെങ്കിലും ജംഗമങ്ങൾ ബലാൽ എടുത്തുകൊണ്ടുപോകും. അക്കാലങ്ങളിൽ ഗവർമ്മെണ്ടുകാർ ഊർജ്ജിതമായ സമാധാനപരിപാലനം നടത്താറില്ല. ഗവർമ്മെണ്ടും ഈ ഉപദ്രവങ്ങൾ ചെയ്യുന്നവരുടേതുതന്നെ. വല്ല ആവലാതിക്കും പോയാൽ വീണ്ടും അവരിൽനിന്നുള്ള ഉപദ്രവങ്ങൾ വർദ്ധിക്കുമെന്നുള്ളതിനാൽ ആരും കോടതി കയറാറില്ല.

ഇവിടെ കരുവായും കടവൂരും ഉള്ള ക്ഷേത്രങ്ങളിലെ ഉത്സവം വളരെ പ്രധാനമാണു. കുംഭമാസത്തിൽ അശ്വതിയും ഭരണിയും കരുവാ ഉത്സവം. മകീരം തിരുവാതിര കടവൂരുത്സവം. ഈ ഉത്സവകാലങ്ങളിൽ ഈ പ്രദേശത്തുള്ള വീടുകളിൽ ഓണത്തേക്കാൾ വിശേഷമായ ഒരുക്കവും സദ്യയും പൊടിപാറും. ഓണത്തിന്നു വിരുന്നുകാർ ഉണ്ടാവുകയില്ലല്ലോ. ഉത്സവദിവസങ്ങളിൽ പ്രദേശത്തുള്ള ബന്ധുക്കളും സ്നേഹിതന്മാരും മറ്റും കുടുംബസഹിതം ഓരോ വീടുകളിൽ വിരുന്നുവരും. എല്ലാവരും ആബാലവൃദ്ധം കുളിച്ചൊരുങ്ങി വെള്ള വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ചു് എന്തോ ഒരു വലിയ കാര്യം എന്ന നിലയിൽ ഉത്സവത്തിന്നു പോകും. സ്ത്രീജനങ്ങൾ സവിശേഷം അണിഞ്ഞൊരുങ്ങി പോകും. എന്നാൽ ഇന്നത്തെയും അന്നത്തെയും ഒരുക്കങ്ങൾക്കു വലിയ അന്തരമുണ്ടു്.

അന്നത്തെ യൗവനയുക്തയായ ഒരു സ്ത്രീയുടെ വേഷം ചുരുക്കത്തിൽ ഇവിടെ വിവരിക്കാം. തലമുടി എണ്ണപുരട്ടി എല്ലാംകൂടി സ

മാഹരിച്ചു നെററിയുടെ മുകളിൽ കൊണ്ടുവന്നു് ഒരു മരോട്ടിക്കായുടെ ആകൃതിയിൽ കെട്ടി ഒരുഭാഗം വെയ്ക്കും. ബി. ടൈംപീസിനേക്കാൾ സ്വല്പംകൂടി വലിപ്പമുള്ളതും ഏകദേശം ആ ആകൃതിയിൽ പണികഴിപ്പിച്ചിട്ടുള്ളതും ഒരു ചെറിയ പർപ്പടത്തോളം മുഖത്തോടുകൂടിയതുമായ കുന്താണിഞെക്ക (അതാണതിൻെറ പേരു്) പാദാവളയം പോലുള്ള കാതിൽ തിരുകിവയ്ക്കും. ആയതു് തോളിൽ തങ്ങിക്കിടക്കും. ഇതിൻെറ മാതൃക തിരുവനന്തപുരത്തു കാഴ്ചബങ്കളാവിൽ സൂക്ഷിച്ചിരുന്നു. 'അരുമ്പുമണി' എന്നൊരു കണ്ഠാഭരണമുണ്ടു്. അതും സ്വർണ്ണംകൊണ്ടുതന്നെ. വിരൽവണ്ണത്തിലുള്ള മുളങ്കുഴലുകൾ ഒരിഞ്ചു നീളത്തിൽ മുറിച്ചു വരിയായി തൂങ്ങിവീഴത്തക്കവിധം ചരട്ടിൽകോർത്തു കെട്ടിയതുപോലിരിക്കും. ഈ കുഴൽ ഉണ്ടാക്കുന്നതു സ്വർണ്ണത്തകിടുകൊണ്ടല്ല. ചെറിയ സ്വർണ്ണമണികൾ പരസ്പരം ചേർത്തു കൂട്ടി കൂട്ടിവിളക്കി എടുക്കുന്നതാണു്. ഇതുകൂടാതെ 'നാലുപന്തി' എന്നും 'താലി' എന്നും പേരുള്ള ചില മെയ്യാഭരണം ഉണ്ടു്. അതിനു ആ പേരുകൊടുത്തതു് കണ്ഠാഭരണങ്ങളല്ലാത്തതിനാലാണു്. അവ മാറു മറച്ചുകൊണ്ടു് അതിൻെറ മുകളിൽ പൊന്തികിടക്കും. അതും കാഴ്ചബങ്കളാവിലുണ്ടായിരുന്നു. ഭുജത്തിലും കരത്തിലും വേറെവേറെ ആഭരണങ്ങൾ ധരിക്കും. ഭുജത്തിൽ 'മുട്ട്' അണിയും. അതിൽ ദശാവതാരം കൊത്തിയിരിക്കും. കങ്കണങ്ങൾ പലവിധം ഉണ്ടു്. ധനശക്തിയുള്ള ഒരു കുടുംബത്തിലെ യുവതിക്കാണെങ്കിൽ മേൽപ്പറഞ്ഞ എല്ലാ ജാതി ആഭരണങ്ങളും ഉണ്ടായിരിക്കും. ഇടത്തരക്കാർക്കു്, തക്കയ്ക്കു ചുരുങ്ങിയതു് അഞ്ചുപവൻ. അരുമ്പുമണിക്കും അപ്രകാരം അഞ്ചുപവൻ. നാലുപന്തിക്കു് ആറുപവൻ. താലിക്കു പതിനാലു പവൻ. മുട്ടുവിന്നു് അഞ്ചുപവൻ. ഇങ്ങനെ മുപ്പത്തഞ്ചു പവൻെറ സ്വർണ്ണം ഉണ്ടെങ്കിൽ ഒരുത്തിക്കു നല്ലമേനി മെയ്യാഭരണങ്ങളാകും. 1056-ാമാണ്ടിടയ്ക്കു് ഒരു പവന്നു പന്ത്രണ്ടു രൂപയെ വിലയുണ്ടായിരുന്നുള്ളു.

ക്ഷേത്രമുടമസ്ഥന്മാരിൽ അന്നത്തെ പ്രമാണി കാമനാട്ടു വലിയച്ഛൻ ആണു്. അദ്ദേഹത്തിൻെറ പേരു് അയ്യൻ മാതേവൻ എന്നായിരുന്നു. അദ്ദേഹത്തിൻെറ ജ്യേഷ്ഠൻ അയ്യൻ അയ്യപ്പൻ എന്ന ദേഹമാണു് വയസ്സു മൂപ്പുള്ള കാരണവർ. അദ്ദേഹം കിളിക്കൊല്ലൂർ മങ്ങാട്ടു തെക്കടത്തും, അയ്യൻ മാതേവൻചാന്നാർ ടി കാമനാട്ടുമാണു താമസം. അക്കാലം കാറിയഴിയത്തു ശാഖയിലെ കാരണവൻ കുഞ്ഞീൻ മാതേവൻ എന്ന ആളാണു്. അദ്ദേഹത്തിൻെറ ഒരു കണ്ണു് ചെറുപ്പത്തിൽതന്നെ നഷ്ടപ്പെട്ടുപോയിരുന്നു. ആകയാൽ ദേവകാര്യങ്ങളിൽ കർമ്മത്തിന്നു് അദ്ദേഹത്തെ സ്വീകരിച്ചിരുന്നില്ല. പകരം ആ ശാഖയിലെ അടുത്ത മൂപ്പുമുറക്കാരനായിരുന്ന കിളിക്കൊല്ലൂർ മങ്ങാട്ടു കണ്ടക്കാട്ടിൽ അയ്യൻ മാതേവൻ എന്ന ആളെ നിയമിക്കാറുണ്ടായിരുന്നു. ഓരോ കൊല്ലത്തിൽ ഓരോ ശാഖയിൽനിന്നു് ഓരോരുവരെ എഴുന്നള്ളിപ്പിന്നു് എടുക്കും. പൊതുപ്പെട്ട മറെറല്ലാ ത

റവാട്ടവകാശികൾക്കും രണ്ടു ശാഖയിലുംകൂടി ഏററവും വയസ്സുള്ള കാരണവരെത്തന്നെ ആ കാര്യത്തിൽ എല്ലാവരുംകൂടി അവരോധിക്കും. കുററിയഴികത്തും കാമനാട്ടുംകൂടി പൊതുവായി നോക്കിയാൽ വയസ്സുമൂപ്പുള്ള കാരണവന്മാർ എന്നും കാമനാട്ടു ശാഖയിലായിരുന്നു. പെണ്ണുകെട്ടു്, പുലകുളി, വിവാഹം മുതലായ കർമ്മങ്ങളിൽ പൊതുപ്പെട്ട കാരണവർതന്നെ മൂപ്പുസ്ഥാനം വഹിച്ചിരുന്നു. 1060-ാമാണ്ടിടയ്ക്കു് എന്റെ അപ്പന്റെയും അപ്പന്റെ അനുജന്മാരുടെയും ധനസ്ഥിതിക്കു് അന്നു കുററിയഴികത്തു ശാഖക്കാരുടെ പ്രധാന സംബന്ധക്കാരായ മുണ്ടയ്ക്കൽ വലിയവീട്ടുകാർ, കമ്മാഞ്ചേരിൽവൈദ്യർ, വേളിക്കാട്ടു അമ്മാവൻ, ഞെവിളഴികം മുതലായവർക്കു് ചില അസൗകര്യങ്ങളാൽ കുററിയഴികത്തു ശാഖക്കാരുടെ അടിയന്തരാദികൾക്കു മൂപ്പുസ്ഥാനം അവരുടെ ശാഖാകാരണവരായിരുന്നാൽ കൊള്ളാമെന്നു തോന്നി. എന്നാൽ വലിയ ഒരു വ്യവഹാരകാര്യസ്ഥനും ധനവാനും സ്വാധീനശക്തിയുള്ള ആളും ആയിരുന്ന കാമനാട്ടു അയ്യൻ മാതേവൻചാന്നാരുടെ സർവസമ്മതമായ പ്രതാപത്തിൽ ഇക്കാര്യം സുകരമല്ലായിരുന്നു മുണ്ടയ്ക്കൽ വലിയവീട്ടുകാർക്കു് അന്നു കാമനാട്ടു ശാഖയുമായി വലിയ ബന്ധുത്വവും അടുപ്പവുമൊന്നുമില്ലായിരുന്നു. അപ്പന്റെ ധനസ്ഥിതികൊണ്ടും ബന്ധുത്വംകൊണ്ടും അപ്പന്റെ സ്വാധീനത്തിൽ മുണ്ടയ്ക്കൽക്കാർ നില്ക്കുന്ന വിധത്തിലായിരുന്നു അന്നത്തെ നില. അന്നു മൂന്നാംകിഴക്കതിൽ (പ്രാക്കുളത്തുള്ള) അമ്മാവന്റെ പ്രതാപകാലവുമായിരുന്നു.

1065-ാമാണ്ടിടയ്ക്കു മുണ്ടയ്ക്കൽ വലിയവീട്ടിൽ ഒരു പെണ്ണുകെട്ടടിയന്തരം ഉണ്ടായിരുന്നു. അന്നു് മുണ്ടയ്ക്കൽകുടുംബക്കാർ അവിടെവെച്ചു് പ്രതാപശാലിയായ കാമനാട്ടെ അയ്യൻ മാതേവൻചാന്നാരുടെ നിർബ്ബന്ധത്തെ വകവയ്ക്കാതെ കുററിയഴികത്തു ശാഖക്കാർക്കു മൂപ്പുസ്ഥാനം വീതിച്ചു ചാർത്തുനൽകി. പന്തലിൽ പെണ്ണിനെ കെട്ടുന്നതിനുള്ള അവകാശം (ചാർത്തു) കുററിയഴികത്തു ശാഖക്കാരുടേതു് കീഴ്നടപ്പനുസരിച്ചുതന്നെ ഏൽപ്പിക്കണമെന്നു് കാമനാട്ടു വലിയപ്പൻ നിർബ്ബന്ധിച്ചിട്ടും മുണ്ടയ്ക്കൽ വലിയവീട്ടിലെ കാരണവർ കൂട്ടാക്കിയില്ല. രണ്ടു ശാഖയ്ക്കും ചാർത്തു വീതിച്ചുതന്നെ നൽകി അന്നുവരെ ഒന്നായി നടന്നുവന്ന മൂപ്പുസ്ഥാനം കുററിയഴികത്തുകാർക്കും കാമനാട്ടുകാർക്കും വീതിച്ചു രണ്ടാക്കിത്തിരിച്ചതു മുണ്ടയ്ക്കൽ വലിയവീട്ടുകാരായിരുന്നു. കുററിയഴികത്തു കുഞ്ഞൻ മാതേവനും എന്റെ അപ്പനും അപ്പന്റെ അനുജന്മാരും അന്നത്തെ സ്ഥിതിക്കു ധനവാന്മാരും ബന്ധുബലമുള്ളവരും ആയിരുന്നതുകൊണ്ടാണു് ഈ വിധത്തിൽ സാധിച്ചതു്. ക്ഷേത്രത്തിലെ എഴുന്നള്ളിപ്പും ഈ വിധം പ്രാബല്യംകൊണ്ടു കുററിയഴികത്തുകാർ കരസ്ഥമാക്കിയതാണു്. എങ്കിലും ദേവസ്വംസ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതു് പൊതുമൂപ്പനായ കാമനാട്ടു കാരണവർതന്നെയായിരുന്നു.

# അദ്ധ്യായം രണ്ടു്

## ദേവസ്വത്തിൽ കൂട്ടുഭരണം ഉണ്ടായതു്

ആയിരത്തി അറുപത്തയ്യാമാണ്ടിടയ്ക്കാണു്. അന്നു കാമനാട്ടെ പ്രതാപശാലിയായ വലിയച്ഛൻ അയ്യൻ മാതേവൻചാന്നാർ ദേവസ്വം ഭരിച്ചുവാഴുന്നു. അദ്ദേഹത്തിന്റെ ജ്യേഷ്ഠനാണു തറവാട്ടുമൂപ്പനെങ്കിലും തറവാട്ടു കാര്യങ്ങളും ദേവസ്വം കാര്യങ്ങളും ഭരിക്കുന്നതു അയ്യൻ മാതേവൻചാന്നാരാണു്. അദ്ദേഹത്തെ മററു ശാഖക്കാർ എല്ലാവരുംകൂടി ബഹിഷ്കരിക്കുന്നതിനു ശ്രമിച്ചു. അദ്ദേഹത്തിന്റെ ഏക പുത്രൻ കേളേത്തു കൊച്ചുകുഞ്ഞുചാന്നാരാണു്. അതായതു് എന്റെ മകൻ ഗോപാലന്റെ അമ്മയുടെ അച്ഛൻ. കൊച്ചുകുഞ്ഞുചാന്നാരുടെ അമ്മ മരിച്ചതിനുശേഷം അച്ഛനായ ടി അയ്യൻ മാതേവൻചാന്നാർ തനിക്കായി വിവാഹം ചെയ്തില്ല. തന്റെ അനുജൻ അയ്യൻ അയ്യപ്പൻചാന്നാക്കു് കല്ലട മുലൂറനിന്നു ഒരു സംബന്ധം കൊണ്ടുവന്നു, ആ സ്ത്രീയിൽകൂടി അയ്യൻ മാതേവൻചാന്നാർ അനുരക്തനായി ചേൎന്നു കഴിയുകയാണു്. അങ്ങനെ കഴിഞ്ഞുവരുമ്പോൾ അദ്ദേഹം ആ സ്ത്രീക്കു പണങ്ങളും ആഭരണങ്ങളും വസ്തുക്കളും കുറേശ്ശെ പലപ്പോഴായി കൊടുത്തു. ഇങ്ങനെ കൊടുക്കുന്നതു തന്റെ ഏകപുത്രനായ കൊച്ചുകുഞ്ഞുചാന്നാർക്കു നീരസമായി പരിണമിച്ചു. ഈ മകന്റെ പ്രേരണമൂലം കാമനാട്ടു കുടുംബത്തിലെ മററു ശാഖക്കാരെ ഒരുമിച്ചു ചേർത്തു തന്റെ അച്ഛനെ കാമനാട്ടുനിന്നും ബഹിഷ്കരിക്കുന്നതിനു ശ്രമിച്ചു. മററു ശാഖക്കാർ ഒരുദിവസം സംഘംചേൎന്നു് കാമനാട്ടു പ്രവേശിച്ചു് ടി അയ്യൻ മാതേവൻചാന്നാരിൽനിന്നു് താക്കോലുകൾ പിടിച്ചുപറിക്കയും അദ്ദേഹത്തെ പിടിച്ചു മറിച്ചിടുകയും അവമാനിക്കയുംചെയ്തു. ഇവരെ തക്കതായ പാഠം പഠിപ്പിക്കുന്നതിനു വേണ്ടുന്ന ബുദ്ധിയും ധനശക്തിയും മറെറല്ലാ സൗകര്യങ്ങളും അദ്ദേഹത്തിനുണ്ടെങ്കിലും വാർദ്ധക്യവും വാതരോഗവുംകൊണ്ടുള്ള അവശത അതിനനുവദിച്ചില്ല. അതിനാൽ കാമനാട്ടു കുടുംബംവകയായി തന്റെ കൈവശത്തിൽ അന്നിരുന്ന വസ്തുക്കൾക്കു് ഒരു നിശ്ചയപത്രം ഉണ്ടാക്കി എല്ലാപേരും രാജിപ്പെട്ടു ആ കാര്യം കലാശിപ്പിച്ചു.

തന്റെ മററു ശാഖക്കാരുമായി ഇങ്ങനെ രാജിപ്പെട്ടു തീൎന്നെങ്കിലും അവരോടു് എന്തെങ്കിലും ഒരു പ്രതികാരം ചെയ്യണമെന്നു കാമനാട്ടു വലിയച്ഛൻ നിശ്ചയിച്ചു. കമ്മാഞ്ചേരിൽ വൈദ്യരവർകളെ വരുത്തി അദ്ദേഹത്തോടിങ്ങനെ പറഞ്ഞു. 'തന്റെ ബന്ധുക്കളായ കുററിയഴികത്തുകാൎക്കു് ദേവസ്വംഭരണം ഇപ്പോൾ ഇല്ലാതിരിക്കുകയാണല്ലോ. അനേകവർഷങ്ങളായി പൊതുമൂപ്പു് കാമനാട്ടു ശാഖക്കാർക്കു തുടർച്ചയായി വന്നുകൊണ്ടിരിക്കുന്നതിനാൽ കുററിയഴിക

ത്തു ശാഖക്കാർക്കു ദേവസ്വം ഭരിക്കുന്നതിനു ഇതുവരെ ഇടയായിട്ടില്ല. അതിനാൽ അവർക്കു ദേവസ്വത്തിലുള്ള അവകാശത്തിനു നിയമപ്രകാരം കാലഹരണം സംഭവിച്ചിട്ടുള്ളതായിതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ വരുത്തുന്നതു ശരിയല്ലല്ലോ. ഇവിടെ എന്റെയും ജ്യേഷ്ഠന്റെയും കാലംകഴിഞ്ഞാൽ പിന്നെ മൂപ്പനായി വരുന്നതു മൂങ്ങോട്ടു കുഞ്ഞാതനാണു. അവൻ പ്രാപ്തനല്ല. കരക്കാരായ നായന്മാർക്കു ദേവസ്വത്തിൽ ചില കൈകാര്യകർത്തവ്യങ്ങളും അധികാരങ്ങളും അവകാശങ്ങളും ഒക്കെ വേണമെന്നും അഥവാ കഴിയുമെങ്കിൽ നമ്മെ ബഹിഷ്കരിക്കണമെന്നും ഒക്കെ തോന്നിത്തുടങ്ങിയിട്ടുണ്ടു. ഈ മൂങ്ങോട്ടു കുഞ്ഞാതൻ മാത്രം ദേവസ്വംഭരണക്കാരനായി വരുന്ന കാലത്തു അവനെ പിടിച്ചു അവർ എന്തെങ്കിലും നമുക്കു ദോഷമായിട്ടുള്ള വല്ല വ്യവസ്ഥകളിലും ഉൾപ്പെടുത്തിയെന്നു വന്നേക്കാം. കുററിയഴികത്തു ശാഖക്കാർ ഇപ്പോൾ ചിലരെല്ലാം ഒരുവിധം നല്ല സ്ഥിതിയിൽ വന്നിട്ടുണ്ടു. വിളയത്തു കവമ്പനും അവന്റെ അന്തർജനമാരും ഒരുവിധം നല്ല നിലയിൽ ഇരിക്കുന്നവരാണു. അതിനാൽ കുററിയഴികത്തു ശാഖക്കാരെക്കൂടി ഈ ദേവസ്വം ഭരണത്തിൽ ഇപ്പോഴേ ചേർത്തു വച്ചിരുന്നാൽ അതു ദേവസ്വത്തിനു ഗുണമായിരിക്കും. വൈദ്യർ ഒരു കാര്യംചെയ്യണം, കുററിയഴികത്തു ശാഖക്കാർക്കു കാലക്രമത്താൽ നശിച്ചു പോയിരിക്കുന്നതായ ദേവസ്വം അവകാശം ഇപ്പോൾ നമ്മൾ വീണ്ടെടുത്തു കൊടുക്കേണ്ടിയിരിക്കുന്നു. വിളയത്തു കവമ്പനും അന്തർജനമാരും പണമുള്ളവരാണല്ലോ. അവരോടു എനിക്കു തക്കതായ ഒരു പ്രതിഫലം വാങ്ങിച്ചു തരാൻ വൈദ്യർക്കു കഴിയുമെങ്കിൽ അവർക്കു നഷ്ടപ്പെട്ടിരിക്കുന്ന ദേവസ്വം അവകാശത്തെ ഞാൻ പുനഃസ്ഥാപിച്ചു കൊടുക്കാം.”

വൈദ്യർ:—ദേവസ്വത്തിന്റെ രക്ഷയ്ക്കായിട്ടും സത്യത്തെ മുൻനിർത്തിയും അവിടെ നിന്നും അപ്രകാരം ചെയ്യണം. ഞാൻ അവരോടു വിവരം പറഞ്ഞു എന്തെങ്കിലും ഒരു പ്രതിഫലം അവിടെ തരുവിക്കാം.

വൈദ്യരവർകൾ ഇങ്ങനെ സമാധാനം പറഞ്ഞു പിരിഞ്ഞു. കരുവാ വന്നു വേളിയ്ക്കാട്ടമ്മാവൻ, അച്ഛൻ, ചിററപ്പൻ മുതൽപേരുമായി ആലോചിച്ചു ഇരുന്നൂറു രൂപാ കാമനാട്ടു വലിയച്ഛനു പ്രതിഫലം കൊടുക്കാമെന്നു നിശ്ചയിച്ചു. അച്ഛന്റെ കൈയ്യിൽ നിന്നു പണവും എടുത്തുകൊണ്ടു അച്ഛനും വൈദ്യരവർകളും മങ്ങാട്ടേയ്ക്കു പോയി കാമനാട്ടു ചെന്നു വലിയച്ഛനെ കണ്ടു പണം കൊടുത്തു കാര്യം സാധിക്കാമെന്നു സമ്മതിപ്പിച്ചുംകൊണ്ടു അച്ഛൻ മടങ്ങിവന്നു കുററിയഴികത്തു കുഞ്ഞീൻ മാതേവനേയും (കുററിയഴികത്തു ശാഖയിലെ അന്നത്തെ കാരണവൻ) കൊണ്ടു കച്ചേരിയിൽ പോയി. വൈദ്യരവർകൾ മങ്ങാട്ടുനിന്നും കാമനാട്ടു വലിയച്ഛനേയും അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ അയ്യൻ അയ്യപ്പൻ ചാന്നാരെയും കൂട്ടിക്കൊണ്ടു കച്ചേരിയിൽ വന്നു. കാമനാട്ടു ശാഖയിലേയും കുററിയഴികത്തു ശാഖയിലേയും

മൂപ്പന്മാർ കൂടിച്ചേർന്ന് ദേവസ്വം വസ്തുക്കളിൽ രണ്ടു മൂന്നു നമ്പർ വസ്തുക്കൾക്കു് കൂട്ടായി പാട്ടച്ചീട്ടുകൾ എഴുതി രജിസ്റ്റരാക്കിച്ചു. വില്ലിയഴികത്തു കിഴക്കേവെയലിന്റെ വടക്കേയറ്റം സ്വല്പഭാഗം കറിയഴികത്തു ശാഖയിലെ അന്നത്തെ അട്ടത്തുമുറക്കാരണവനായ കണ്ടക്കാട്ടിൽ അയ്യൻ മാതേവന്റെ ഭാര്യയുടെ പേർക്കു് പാട്ടമായി ഒരു ആധാരം എഴുതികൊടുത്തു. പ്രാക്കുളത്തു സ്വല്പം നിലത്തിനു വേളിക്കാട്ടെ അമ്മാവന്റെ പേരിൽ ഒരു പാട്ടച്ചീട്ടു രണ്ടു മൂപ്പന്മാരുംകൂടി അന്നുതന്നെ രജിസ്റ്റരാക്കിച്ചു. ഇങ്ങനെയാണു് ദേവസ്വത്തിൽ കൂട്ടുഭരണം ഉണ്ടായതു്.

# അധ്യായം മൂന്നു്

## കരക്കാർ, ദേവസ്വം ചാന്നാന്മാരിൽ നിന്നു ബലാൽ കരസ്ഥപ്പെടുത്തുന്നതിനായി ചെയ്ത ശ്രമങ്ങൾ

ആയിരത്തി അറുപത്തിരണ്ടാമാണ്ടു് അച്ഛൻ വടക്കേക്കമ്മോട്ടഞ്ചേരിൽ പുരയിടം വിലയെഴുതിച്ചു ചിററപ്പൻ അവിടെ താമസം തുടങ്ങി അച്ഛന്റെ അമ്മയും ചിററപ്പനും കൂടിയാണു് അവിടെ താമസം തുടങ്ങിയതു്. കരുവാ ക്ഷേത്രത്തിൽ ഉത്സവകാലംവന്നാൽ എനിക്കു അവിടെ പോയി താമസിക്കുന്നതിനു് ഇങ്ങനെ ഒരു സൗകര്യം കിട്ടിയതിനാൽ ഞാൻ ഉത്സവം ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും ഒക്കെ കരുവാ പോയി താമസിക്കാറുണ്ടു്. അന്നെനിക്കു് പതിമൂന്നു പതിന്നാലു വയസ്സു പ്രായമാണു്. കൂട്ടുകാർ പിള്ളേരോടുകൂടി ക്ഷേത്രക്കുളത്തിലും നടവെളിയിലും കുളിക്കുന്നതിനും കളിക്കുന്നതിനുമാണു് ഞാൻ പോകാറുള്ളതു്. അന്നു് ശ്രീകോവിൽ, വടക്കേഅമ്പലം, അതിനു വടക്കോട്ടൊരു പൂമുഖം, കിഴക്കേഅമ്പലം, അതിനു കിഴക്കോട്ടൊരു പൂമുഖം, പടിഞ്ഞാറേ അമ്പലം അതിനും പടിഞ്ഞാറോട്ടൊരു പൂമുഖം. ശ്രീകോവിലിന്റെ തൊട്ടു കിഴക്കേവശവും പടിഞ്ഞാറേവശവും ഓരോ ചെറിയ ക്ഷേത്രങ്ങൾ. ശ്രീകോവിലിന്റെ വടക്കും കിഴക്കും പടിഞ്ഞാറും ഉള്ള അമ്പലങ്ങളോടും ചേർത്തു ശേഷം ഭാഗങ്ങൾ മതിൽകെട്ടി അടച്ചിട്ടുണ്ടു്. മേൽപറഞ്ഞ നാലുകെട്ടിനു വെളിക്കു കരുതിക്കുളത്തിനു സ്വല്പം പടിഞ്ഞാറുമാറി ഗുരുശാലയും അതിനു വടക്കുവശം ഇപ്പോൾ കാണുന്ന കല്ലുകൊണ്ടുതന്നെ കെട്ടിമേഞ്ഞിട്ടുള്ള ഒരു ചെറിയ മണ്ഡപവും ഉണ്ടു്. എനിക്കു് അന്നു് ഇതൊക്കെ വലിയ സന്തോഷകരമായ കാര്യമാണു്. ശ്രീകോവിലിന്റെ മോളെടുപ്പിനും വടക്കേ അമ്പലത്തിന്റെ വടക്കോട്ടുള്ള പൂമുഖത്തിന്റെ തട്ടിലും അതിന്റെ മോളെടുപ്പിലും മററും സജീവങ്ങളോ എന്നു തോന്നുമാറു

ളള ചിത്രവേലകൾകൊണ്ടു് അലങ്കരിച്ചിരിക്കയാണു്. വടക്കേ അമ്പലത്തിന്റെ വടക്കോട്ടുള്ള പൂമുഖത്തിന്റെ തട്ടിൽ 'നവഖണ്ഡം' എന്നൊരു പണിയുണ്ടു്. അതു കാണുന്നതിനായി അതിദൂരസ്ഥലങ്ങളിൽനിന്നു ശില്പികളും മററു ചിത്രശാസ്ത്രജ്ഞന്മാരും ധാരാളം വന്നുകൊണ്ടിരുന്നു. ശ്രീകോവിലിന്റെ മുൻവശവും അപ്രകാരമുള്ള ചിത്രങ്ങളാൽ അലംകൃതമായിരുന്നു. കെട്ടിടങ്ങൾ എല്ലാം നല്ല മാതിരിയിൽ പണികഴിപ്പിച്ചിട്ടുള്ളതായിരുന്നു. ഉപയോഗിച്ചിരുന്ന തടികൾ എല്ലാം നല്ല ഘനമുള്ളവയും ആയിരുന്നു. അക്കാലത്തു കുശവന്മാർ മണ്ണുകൊണ്ടുണ്ടാക്കി ചുട്ടെടുക്കുന്ന ഒരുതരം ചെറിയ ഓടുകൊണ്ടാണു് മേൽപ്പറഞ്ഞ കെട്ടിടങ്ങൾ മേഞ്ഞിട്ടുള്ളതു്. നല്ല തടികൊണ്ടു വളരെ ബലമായും ഭംഗിയായും പണിതീർത്തിട്ടുള്ള ആ കെട്ടിടങ്ങൾക്കു് യാതൊരു അററകുററങ്ങളും അന്നു് (1066-ാമാണ്ടു്) ഇല്ല. എന്നുമാത്രമല്ല ആ പഴയ ഓടു പൊളിച്ചുകളഞ്ഞിട്ടു് അന്നു നടപ്പായ പുതിയമാതിരി ഓടു മേഞ്ഞിരുന്നെങ്കിൽ പിന്നെയും ഇരുന്നൂറു വർഷത്തിലധികം നിശ്ചയമായും യാതൊരു തരക്കേടുകളും ആ കെട്ടിടങ്ങൾക്കു സംഭവിക്കുകയില്ലായിരുന്നു. പുതിയ ഓടുമേയുന്നതിനു അന്നു യാതൊരു പ്രയാസവും ഇല്ലായിരുന്നു 'ചീസൻ' സായിപ്പു് എന്നൊരു യൂറോപ്യൻ കൊല്ലത്തു കൊച്ചുപിലാംമൂട്ടിൽ പുതിയ ഓടുണ്ടാക്കുന്നതിനായി ഒരു 'ആഫീസു്' സ്ഥാപിച്ചു വളരെ സഹായവിലയ്ക്കു പുതിയ ഓടു വിൽക്കാൻ ആരംഭിച്ചിട്ടുണ്ടു. ആയിരം ഓട്ടിനു് ഇരുപതു രൂപയാണു് വിലവെച്ചിട്ടുള്ളതു്. മൂവായിരം ഓടു മേടിച്ചു് അന്നു ക്ഷേത്രങ്ങളും കളത്തട്ടും മേഞ്ഞിരുന്നെങ്കിൽ ഇന്നും യാതൊരു കേടുപാടുകളുംകൂടാതെ അവ നിലനില്ക്കുമായിരുന്നു.

1067—1068 ഈ വർഷങ്ങളിൽ എനിക്കു പതിനേഴ പതിനെട്ടു വയസ്സു പ്രായമുണ്ടായിരുന്നു. അന്നു സ്വല്പം കാര്യബോധം ജനിച്ചിട്ടുള്ളതിനാൽ എന്റെ അച്ഛന്റെ ക്ഷേത്രമാണെന്നു് ഒരു സന്തോഷംകൂടി എനിക്കുണ്ടായിട്ടുണ്ടു്. അച്ഛനെക്കൊണ്ടു പണം ചെലവുചെയ്യിച്ചു പുതിയമാതിരി ഓടു വരുത്തി ക്ഷേത്രങ്ങൾക്കു് ഓടുമേയണമെന്നു് എനിക്കു പലപ്പോഴും ആഗ്രഹം ജനിക്കയും വിവരം അച്ഛനോടു പറകയും ചെയ്തിട്ടുണ്ടു. എന്തുചെയ്യാം! അപ്പോഴേയ്ക്കു വെള്ളാച്ചേരിൽ കൊച്ചുകുഞ്ഞൻപിള്ളയെന്നൊരു നായർപ്രമാണി ഈ ക്ഷേത്രം ചാന്നാന്മാരുടെ കയ്യിൽനിന്നു് നിശ്ചയമായും ബലമായി തട്ടിയെടുക്കണമെന്നു വിചാരിച്ചു് അതിനുള്ള ശ്രമങ്ങൾ തുടങ്ങിപ്പോയി.

ചാന്നാന്മാരെ ക്ഷേത്രത്തിൽനിന്നു മാത്രമല്ല ക്ഷേത്രത്തിന്റെ പരിസരങ്ങളിൽനിന്നുപോലും ബഹിഷ്കരിച്ചു കഴിഞ്ഞിരിക്കുന്നു. കുററിയഴികത്തുകാരോ കാമനാട്ടുകാരോ ക്ഷേത്രപ്പറമ്പിൽ (നടവെളിയിൽ) വല്ല അവകാശങ്ങളും വിചാരിച്ചു പ്രവേശിച്ചുപോയാൽ ഉടൻ നായന്മാർ അവരെ തല്ലും. തല്ലുഭയന്നു ആരും ഒന്നിനും പ്രവേശിക്കയില്ല. ക്ഷേത്രംവക കൊടിയും ജീവതയും ആനച്ചമയവും മററും സാമാന്യമായിട്ടുള്ളവയല്ല. അവ അതിവിശേഷമായ സ്വർണ്ണംകൊ

ണ്ടു പണികഴിപ്പിച്ചിട്ടുള്ളതും അശേഷം അതിശയോക്തിയില്ലാതെ തന്നെ പറഞ്ഞാൽ പത്തുറാത്തലിൽ (10-റാ) അധികം സ്വർണ്ണം കൊണ്ടു പണികഴിപ്പിച്ചിട്ടുള്ളതാണു്. ഇവയുടെ പണിയും അതിവിശേഷമായിട്ടുണ്ടു് ദൂരദേശങ്ങളിൽനിന്നു പല ശില്പികളും ശില്പശാസ്ത്രവിദഗ്ദ്ധന്മാരും ഇവ കാണുന്നതിനായി വരാറുണ്ടായിരുന്നു ഈ സ്വർണ്ണാഭരണങ്ങളെ സംബന്ധിച്ചുതന്നെ ഒരു പ്രത്യേക അദ്ധ്യായം വേണ്ടിയിരിക്കുന്നതിനാൽ ഈ അദ്ധ്യായത്തിൽ ഈ വിഷയം ഇപ്പോൾ ഉപസംഹരിക്കട്ടെ അക്കാലം ഈ സ്വർണ്ണാഭരണങ്ങൾ കുററിയഴികത്തു കുഞ്ഞീൻ മാതേവൻ ചാന്നാരുടെ മാത്രം കൈവശത്തിൽ ഇരിക്കേണ്ടതായി വന്നുചേന്റു.

തൃക്കരുവാ ഭഗവതീക്ഷേത്രത്തിൽ വൃശ്ചികമാസത്തിൽ തോററൻപാട്ടും തത്സംബന്ധമായ ഉത്സവങ്ങളും തുടങ്ങുമ്പോൾ എല്ലാദിവസവും പാട്ടുപന്തലിൽ ആരാധിച്ചു വയ്ക്കുന്നതിനു ഈ സ്വർണ്ണാഭരണങ്ങൾ ആവശ്യമുണ്ടു്. അവിടം കഴിഞ്ഞാൽ കുംഭം മീനമാസങ്ങളിൽ പരിസരപ്രദേശങ്ങളിലുള്ള ക്ഷേത്രങ്ങളിൽ വാടകയ്ക്കു കൊടുക്കേണ്ടതായും കുംഭമാസത്തെ തനതുത്സവാവശ്യത്തിനു് എടുക്കേണ്ടതായും ഉണ്ടു്. കാമനാട്ടു താമസിക്കുന്ന കാരണവർക്കും കുററിയഴികത്തു താമസിക്കുന്ന കാരണവർക്കുംകൂടി ഈരണ്ടു പൂട്ടുകൾ വച്ചിട്ടുള്ള തട്ടുപുരമുറികളിൽ ഈ ആഭരണങ്ങൾ വെച്ചുപൂട്ടി കൈകാര്യം ചെയ്യുന്നതു് സൗകര്യത്തിനു പോരാ എന്നുള്ളതുകൊണ്ടു മാത്രം ഈവക സ്വർണ്ണാഭരണങ്ങൾ കുററിയഴികത്തു കുഞ്ഞീൻ മാതേവൻചാന്നാരുടെ കൈവശം മാത്രം വെച്ചിരുന്നതാണു്. കുററിയഴികത്തു തട്ടുപുരയിൽ വടക്കേമുറിയിൽവച്ചുപൂട്ടി ടി കുഞ്ഞീൻ മാതേവൻചാന്നാരുടെ കൈവശം വച്ചിരിക്കുകയാണു് ഈ തിരുവാഭരണങ്ങൾ. തെക്കേതട്ടുപുരയിൽ മറവു തിരുമുറ മുതലായ സ്വർണ്ണാഭരണങ്ങളും പലതരത്തിലുള്ള രത്നങ്ങൾ (കല്ലുകൾ) മുതലായവയും വച്ചുപൂട്ടി അതിനുള്ള രണ്ടു താക്കോലുകളിൽ ഒന്നു കാമനാട്ടു കാരണവരും ഒന്നു കുററിയഴികം കാരണവരും കൈവശം വച്ചിരുന്നു.

1066-ാമാണ്ടു കുംഭമാസത്തിൽ ഉത്സവത്തിനു സാധാരണ പതിവനുസരിച്ചു് നട്ടുവിലെച്ചേരിയിലെ കുതിരയെ അലങ്കരിക്കുന്നതിനു കൊടിയും ജീവതയും ചേരിക്കാരെ ഏല്പിച്ചാൽ പിന്നെ കിട്ടുന്നതല്ലെന്നും അവ ചേരിക്കാർതന്നെ കൈവശം വച്ചുകൊണ്ടിരിക്കുന്നതിനാണു നിശ്ചയിച്ചിരിക്കുന്നതെന്നും ഒരു കിംവദന്തി ഉത്സവത്തിനു കുറേദിവസങ്ങൾക്കു മുമ്പായി നാട്ടിൽ പരന്നു. കരുവാദേവസ്വത്തിൽ ഉൾപ്പെട്ടു നടക്കുന്ന ആറു ചേരിക്കാർ ഉണ്ടെന്നുള്ളതു മുമ്പു പ്രസ്താവിച്ചല്ലോ. ഈ ആറുചേരിയിലും പ്രധാന വീട്ടുകാർ പലരും ഉണ്ടു്. എങ്കിലും ഈ സംഭവം നടക്കുന്ന കാലത്തു് നട്ടുവിലച്ചേരിയിൽ, വെള്ളാശ്ശേരിൽ കൊച്ചുകണ്ണൻപിള്ള എന്നയാളാണു് ഈ ദേവസ്വത്തിന്റെ ഉടമസ്ഥന്മാരുടെ പ്രതാപിയായ പരമശത്രു. അദ്ദേഹം ഒരു വ്യവഹാരകാര്യസ്ഥനും ആണു്. രാജസേവകനായിരുന്ന ശ്രീ ശങ്കരൻ

തമ്പി ഇദ്ദേഹത്തിന്റെ സ്നേഹിതനാണു്. ആ വഴിക്കു തിരുവിതാംകൂറിലുള്ള മിക്കവാറും എല്ലാ ന്യായാധിപന്മാരും ഇദ്ദേഹത്തിന്റെ സ്വാധീനത്തിലാണു്. പ്രാക്കുളം പത്മനാഭപിള്ളയെന്നു പ്രസിദ്ധനായ പ്രമാണി അന്നു് ഒരു തഹസീൽ മജിസ്ട്രേട്ടുമാണു്. കരുവാ ആവച്ചേരിയിൽപെട്ട പ്രാക്കുളത്തെ പ്രധാനപ്പെട്ട കുടുംബത്തിലെ ഒരംഗവുമാണു് അദ്ദേഹം മേൽപ്പറഞ്ഞ വെള്ളാശ്ശേരിൽ കൊച്ചുകുഞ്ഞൻപിള്ള അവർകളുടെ ഒരു പ്രധാന ബന്ധുവും സ്നേഹിതനും കൂടിയാണു്. വെള്ളാശ്ശേരിൽ ശ്രീ കൊച്ചുകുഞ്ഞൻപിള്ളയ്ക്കു് തൃക്കരുവാക്ഷേത്രത്തിലെ ക[illegible]പ്പുകൾ ഒന്നും അനുഹിതമായില്ല. ചാന്നാന്മാരായ ഈഴവർ ക്ഷേത്രത്തിന്റെ ഉടമസ്ഥന്മാരായിരിക്കുന്നതും അപ്രകാരമുള്ള ക്ഷേത്രത്തിൽ നായന്മാർ ഇങ്ങനെ കരക്കെട്ടുനടത്തി ചാന്നാന്മാരെ എഴുന്നെള്ളിക്കുന്നതും ഉത്സവങ്ങൾ നടത്തുന്നതും മററും അദ്ദേഹത്തിനു് അഹിതമായിത്തീർന്നു.

ദേവസ്വം വസ്തുക്കളുടെ പാട്ടക്കാരെല്ലാം അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ചു നടക്കണമെന്നായി. ശാന്തിയും അടിച്ചുതളിക്കാരും കൊമ്പുവിളിക്കുന്നവരും വണ്ണാനും മററു തൊഴിലാളികളും അദ്ദേഹത്തിന്റെ ആജ്ഞയെ ധിക്കരിച്ചു നടക്കുവാൻ പ്രാപ്തിയുള്ളവരല്ല. കമ്പപ്പുരയിൽ കൃഷ്ണപിള്ള എന്നൊരു കണക്കപിള്ളയാണു് അന്നു പാട്ടക്കാർക്കു പററുചീട്ടുകൊടുത്തു പണം പററിക്കൊണ്ടിരിക്കുന്നതു്. ദേവസ്വംവക പററുചിട്ടിയിൽ അയാൾ അല്ലാതെ ചാന്നാന്മാർ ആരും ഒപ്പിടുന്ന പതിവില്ലായിരുന്നു. അയാൾ കുറെ അധികപ്രസംഗിയും ധിക്കാരിയും വ്യവഹാരകാര്യസ്ഥനും ഒക്കെയാണു്. അയാളുടെ ഭാവം, താൻ ദേവസ്വത്തിലെ ഒരു പ്രത്യേകഅധികാരിയാണെന്നും ദേവസ്വംപണംപിരിച്ചു തന്നിഷ്ടംപോലെ ദേവസ്വത്തിൽ ചെലവുചെയ്യുന്നതിനും സ്വന്തം ആവശ്യത്തിനും ഉള്ളതാണെന്നും ആയിരുന്നു. ഇയ്യാൾ വെള്ളാശ്ശേരിൽ ശ്രീ. കൊച്ചുകുഞ്ഞൻപിള്ളയുടെ പ്രാബല്യത്തിൻകീഴിൽ ഒതുങ്ങിനിൽക്കുമെന്നു് അദ്ദേഹത്തിനു വിശ്വാസമില്ലായിരുന്നു. ചില ദേവസ്വംകാര്യങ്ങൾ വെള്ളാശ്ശേരി പറഞ്ഞുനോക്കിയതിൽ കമ്പപ്പുര കണക്കപ്പിള്ള ആയതു കൂട്ടാക്കിയില്ല. ഈ കമ്പപ്പുര കൃഷ്ണപിള്ള കരുവാ ഒററവീട്ടുകാരനാണു്. വെള്ളാശ്ശേരി കമ്പപ്പുരയെ ഉപദ്രവിച്ചേക്കുമെന്നു കരുതി കൊല്ലം കച്ചേരിക്കടുത്തുള്ള ഓലയിൽ പരാക്രമികളുടെ ഒരു കുടുംബത്തിൽനിന്നു് അയാൾ വിവാഹംചെയ്തു. ഈ സ്ഥിതിക്കു് വെള്ളാശ്ശേരി കമ്പപ്പുരയെ ഉപദ്രവിച്ചാൽ പിന്നെ വെള്ളാശ്ശേരിക്കു കച്ചേരിയിൽ പോകാൻ സാധിക്കാതെ വരും. അതിനാൽ വെള്ളാശ്ശേരി കമ്പപ്പുരയോടുള്ള വിരോധം മനസ്സിൽ ഒതുക്കി പുറമേ കപടമായി അയാളോടു സ്നേഹം നടിച്ചു നടന്നു. ദേവസ്വംവസ്തുക്കളും ക്ഷേത്രം മുതലായവയും ചാന്നാന്മാരിൽനിന്നപഹരിക്കണമെന്നുള്ള വെള്ളാശ്ശേരിയുടെ ആലോചനയിൽ കമ്പപ്പുരയെ ഉൾപ്പെടുത്തുന്നതിനു ശ്രീ കൊച്ചുകുഞ്ഞൻപിള്ളയ്ക്കു് അത്ര സന്തോഷമില്ല. പാവപ്പെട്ട ചാന്നാന്മാരിൽനിന്നു

ക്ഷേത്രം പിടിച്ചെടുക്കുന്നതിനു് ശ്രീ കൊച്ചുകണ്ണൻപിള്ളയ്ക്കു കമ്പപ്പുരയുടെ സഹായസഹകരണങ്ങളൊന്നും അത്ര ആവശ്യവുമില്ല.

1066-ാമാണ്ടു കുംഭമാസത്തിലെ ഭരണിനാളിൽ കുതിരയെ അലങ്കരിക്കുന്നതിനെന്ന വ്യാജേന കൊടി, ജീവത മുതലായവ കരസ്ഥമാക്കാം ശേഷം കാര്യങ്ങൾ പിന്നീടു സാധിക്കുന്നതേയുള്ളു എന്നു് വെള്ളാശ്ശേരിൽ ശ്രീ കൊച്ചുകണ്ണൻപിള്ള മനസ്സിൽനിശ്ചയിച്ചുറച്ചു. കുംഭം ഭരണി ഉത്സവത്തിനു പതിവുപോലെ നായന്മാർവട്ടംകൂട്ടി. അശ്വതിനാളിൽ സ്വർണ്ണാഭരണങ്ങൾ അവർ ആവശ്യപ്പെട്ടു. കുററിയഴികത്തു കുഞ്ഞീൻ മാതേവൻചാന്നാർ കൊടുത്തില്ല. ഉടനെ ഉത്സവം നടത്തുന്നവരായ നായന്മാർ, ഇരുപത്തിനാലു കരക്കാർകൂടി നെടുങ്കുതിരകളെ എടുത്തു ശ്രീ ഭദ്രകാളിക്ഷേത്രത്തിന്റെ നടവെളിയിൽ കൊണ്ടുവന്നു നിറുത്തിവെച്ചു പ്രമാണികൾ എല്ലാം കളത്തട്ടിൽ ഇരുന്നു മററു കരക്കാരും കാണികളും ക്ഷേത്രപ്പറമ്പുകളിൽ തിങ്ങിക്കൂടിനിന്നു. കുററിയഴികത്തു കുഞ്ഞീൻ മാതേവൻചാന്നാരെ വിളിച്ചുകൊണ്ടുവരുവാൻ ആളയച്ചു. കുററിയഴികത്തു ശാഖയിലും കാമനാട്ടു ശാഖയിലുമുള്ള ചെറുപ്പക്കാർ ഒത്തുചേർന്നു കുററിയഴികം കൊട്ടാരത്തെ സംരക്ഷിക്കുന്നതിനു് ജീവനെ തൃണവൽഗണിച്ചുകൊണ്ടു് ആയുധപാണികളായി അറപ്പുരയുടെ അകത്തും പുറത്തും നിന്നിരുന്നു. കുററിയഴികത്തു കൊട്ടാരത്തിൽ കരക്കാർ ബലാൽ പ്രവേശിച്ചു് ഈടുവെപ്പുകൾ എടുക്കുമെന്നു പ്രസ്താവം ഉണ്ടായിരുന്നു. ഏതായാലും വരുന്നതു വരട്ടെ എന്നു ധൈര്യശാലിയായ കുററിയഴികത്തുമൂത്തചാന്നാർ ഉറച്ചു. നായർപ്രമാണികളുടെ വാറണ്ടുപ്രകാരം കുഞ്ഞീൻ മാതേവൻചാന്നാർ യാതൊരു കൂസലുംകൂടാതെ കളത്തട്ടിന്റെ അടുക്കൽ കരപ്രമാണികളുടെ സന്നിധിയിൽ ഹാജരായി. മേൽ പറയപ്പെട്ട സ്വർണ്ണാഭരണങ്ങളോ അല്ലാത്തപക്ഷം കുററിയഴികത്തെകൊട്ടാരത്തിന്റെ താക്കോലുകളോ നായന്മാരെ ഏൽപ്പിക്കണമെന്നു അവരുടെ പ്രമാണികൾ ആവശ്യപ്പെട്ടു. ഏതെല്ലാം പ്രകാരത്തിൽ അവർ ഭീഷണിപ്പെടുത്തിയിട്ടും കുററിയഴികത്തു കുഞ്ഞീൻ മാധവൻചാന്നാർ അതിനെയൊക്കെ തൃണവൽഗണിച്ചു സമാധനം പറഞ്ഞതല്ലാതെ വഴങ്ങിയില്ല. സാവധാനം നടന്നു ചാന്നാർ കൊട്ടാരത്തിൽ മടങ്ങിപ്പോയി. നായന്മാരിൽ പ്രധാനികൾ കാര്യസ്ഥന്മാരായിരുന്നതിനാൽ ജനസംഘം പിരിഞ്ഞുപോകുന്നതിനാജ്ഞാപിച്ചിട്ടു് അവർ അവരുടെ ഗൃഹങ്ങളിലേക്കുംപോയി. പിന്നീടു ചില ആഭാസന്മാർ പതിവുപ്രകാരം എഴുന്നള്ളത്തിനു ചമഞ്ഞുനിന്ന ചാന്നാരേയും മേളക്കാരേയും സഹായിപ്പാൻനിന്ന ഈഴവരെയും തല്ലിയോടിച്ചു ഉത്സവം മുടക്കിപ്പിരിഞ്ഞുപോയി. ലഹള ചെയ്തു ഉത്സവം മുടക്കിയതിനു് ചാന്നാന്മാർ വാദികളായി നായന്മാരുടെ പേരിൽ ക്രിമിനൽ കേസു കൊടുത്തു. വെള്ളാശ്ശേരിൽ ശ്രീ കണ്ണൻപിള്ള 1-ാം പ്രതിയായിരുന്നു. അദ്ദേഹത്തിന്റെ പ്രാബല്യത്താൽ കേസുതെളിഞ്ഞില്ല. ടി കൊച്ചുകണ്ണൻപിള്ളയ്ക്കു ദേവസ്വംകൈക്കലാക്കണമെന്നുള്ള ആഗ്രഹവും ചാന്നാന്മാരോ

ടുള്ള രോഷവും വൎദ്ധിച്ചു. അതിനായി തീവ്രശ്രമം തുടങ്ങി. കരക്കാരെയെല്ലാംചേൎത്തു ദേവസ്വത്തിനു വേറൊരു കണക്കപ്പിള്ളയേയും മുതൽപിടിക്കാരനെയും നിയമിച്ചു. ഇഞ്ചവിള പനയ്ക്കൽ ശ്രീരാമൻപിള്ളയെ ആയിരുന്നു കണക്കപ്പിള്ളയായി നിശ്ചയിച്ചതു്. ഇദ്ദേഹം എത്ര വലിയ ശത്രുക്കളോടും യാതൊരു വിദ്വേഷഭാവവും വെളിയിൽകാണിക്കാതെ കൗശലത്തിൽ പ്രതികാരം ചെയ്യുന്ന ഒരു ദീൎഘസൂത്രിയാണു്. ശ്രീ കൊച്ചുകണ്ണൻപിള്ളയുടെ സാരഥിയുമാണു്. കരുവാ-വടക്കേച്ചേരിയിൽ പൊരുന്നൽ വേലുപ്പിള്ള എന്നൊരാളെ മുതൽപിടിക്കാരനായിട്ടും നിയമിച്ചു. പണപ്പിരിവുകളും ദേവസ്വം ഭരണവും ചേരിക്കാർതന്നെ നടത്താൻ തുടങ്ങി. ശാന്തി, അടിച്ചുതളി മുതലായ ഊഴിയക്കാർ ചേരിക്കാരുടെ വരുതിയിൽ നടന്നുകൊള്ളാമെന്നു കച്ചീട്ടുകൾ എഴുതിവെച്ചു അവർ ദേവകാൎയ്യത്തിനും പ്രതിഫലമായും പററുന്നതിനു രസീതെഴുതിക്കൊടുക്കും. ദേവസ്വത്തിലെ പാട്ടക്കാർ ശ്രീ കൊച്ചുകണ്ണൻപിള്ളയുടെ കിങ്കരന്മാരായിരുന്നു. കാററിയഴികത്തു ചാന്നാന്മാരുടെ ബന്ധുക്കളിൽ ചില പാട്ടക്കാരുണ്ടു്. അവർപോലും ടി കൊച്ചുകണ്ണൻപിള്ളയെ ഭയന്നു കരക്കാരന്റെ മുതൽപിടിക്കാരുടെ കൈവശം മാത്രമേ പാട്ടപ്പണം കൊടുക്കുകയുള്ളു

കമ്പപ്പുര ഈ പ്രസ്ഥാനത്തിൽ ചേരിക്കാരോടു ചേരുകയില്ല. ക്ഷേത്രവും തത്സംബന്ധമായ വസ്തുക്കളും ചാന്നാന്മാരുടെയും കമ്പപ്പുരയുടെയും വകയായിട്ടാണു് കമ്പപ്പുര കണക്കാക്കുന്നതു്. ചാന്നാന്മാരുടെ ഭരണമാണെങ്കിൽ അതു കമ്പപ്പുരയുടെ ഭരണമാണു്. നെല്ലും പണവും തന്റെ കൈവശംവെച്ചു തന്റെ ആവശ്യത്തിനു് എടുക്കും. കരക്കാർ ദേവസ്വം കൈവശപ്പെടുത്തിയാൽപിന്നെ കമ്പപ്പുരയുടെ സ്വാതന്ത്ര്യം നടക്കുകയില്ലെന്നു കമ്പപ്പുരയ്ക്കറിയാം. അതുകൊണ്ടും നായന്മാരുടെ നയത്തിൽ കൂട്ടുചേരുന്നതിനു കമ്പപ്പുര തയ്യാറായില്ല. കമ്പപ്പുരയും ചാന്നാന്മാരും കൂടിച്ചേൎന്നു നെല്ലും പണവും പിരിക്കാൻ ശ്രമിച്ചാൽതന്നെയും അവരുടെ പക്കൽ പാട്ടക്കാർ കൊടുക്കുകയില്ല എന്ന നില സംജാതമായി. ചാന്നാന്മാരും കമ്പപ്പുരയും എന്തുചെയ്യും?

ദേവസ്വത്തിന്റെ ഈ പ്രതിസന്ധിഘട്ടം തിരുവിതാംകൂറിൽ കണ്ടെഴുത്തു കാലമായിരുന്നു. 1042-ാമാണ്ടു രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറുണ്ടായതിൽപിന്നെ ആദ്യമായി ഉണ്ടായ കണ്ടെഴുത്താണു്. അതിനു മുമ്പിലത്തെ കണ്ടെഴുത്തും വസ്തുക്കളുടെ വിളക്കവും 1012-ാമാണ്ടായിരുന്നു. വസ്തുക്കളുടെ വിളക്കക്കാരുടെ കുടുംബത്തിൽനിന്നും 1042-ാമാണ്ടു രജിസ്ട്രേഷൻവരുന്നതിനുമുമ്പു് വെള്ളോലയിലും അച്ചടി ഓലയിലും വിലയാധാരം സിദ്ധിച്ചിരിക്കുന്നതായി കളവായി പല വിലയാധാരങ്ങളും കൊച്ചുകണ്ണൻപിള്ള നിൎമ്മിച്ചു കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറിൽ കാണിച്ചു വളരെ സാധുക്കളുടെ വസ്തുക്കളും കരസ്ഥപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാലമാണിതു്. കണ്ടെ

ഴുത്തുദ്യോഗസ്ഥന്മാരെല്ലാം ശിപാർശ കേൾക്കുന്നവരും കൈക്കൂലിവാങ്ങുന്നവരും ആയിരുന്നു. തൃക്കരുവാ ദേവസ്വംവക വസ്തുക്കൾക്കു് കരക്കാരായ നായന്മാർക്കു പട്ടയം കിട്ടണമെന്നു അവർ അപേക്ഷകൾ കൊടുത്തു. കാണിച്ച കാരണം:—ദേവസ്വവും ദേവസ്വം സംബന്ധമായ വസ്തുക്കളും കരക്കാരുടെ വകയാണെന്നും ആറുകരക്കാർകൂടി എഴുത്തുകുത്തുകൾ നടത്തുന്നതും നമ്പർ പതിക്കുന്നതും മററും ദുഷ്കരമാകയാൽ അതിനായിമാത്രം ചാന്നാന്മാരെ ചേരിക്കാർ അധികാരപ്പെടുത്തിയതാണെന്നും ദേവസ്വം ഉടമസ്ഥരായ ചേരിക്കാരുടെ വരുതിപ്രകാരം അവർ നടന്നുകൊള്ളാമെന്നും വിപരീതമായിവല്ലതും പ്രവർത്തിച്ചാൽ അവരെ നീക്കിക്കളയുവാൻ സമ്മതമാണെന്നും സമ്മതിച്ചു് അവർ അച്ചടിഓലയിൽ ഉടമ്പടി എഴുതിഒപ്പിട്ടു കരക്കാർക്കു കൊടുത്തിട്ടുണ്ടെന്നും ആ ഉടമ്പടി അനുസരിച്ചു നടക്കാഞ്ഞതിനാൽ കരക്കാർകൂടി ചാന്നാരെ നീക്കി ദേവസ്വം കൈവശപ്പെടുത്തി സർവ്വസ്വാതന്ത്ര്യമായി ഭരിച്ചുവരികയാണെന്നും ചാന്നാന്മാർക്കു ദേവസ്വത്തിൽ ഇപ്പോൾ യാതൊരവകാശവും ഇല്ലെന്നും മററുമായിരുന്നു.

ചാന്നാർ അച്ചടിഓലയിൽ എഴുതിക്കൊടുത്തതായി കൃത്രിമമായി കരക്കാർ നിർമ്മിച്ച ഉടമ്പടിയും ദേവസ്വത്തിലെ ശാന്തി മുതലായ ഊഴിയപ്രവൃത്തിക്കാർ കരക്കാരാൽ നിയമിക്കപ്പെട്ടവരാണെന്നും അവരൊക്കെ കരക്കാരുടെ വരുതിപ്രകാരം നടക്കുന്നവരാണെന്നും അവർ ഓരോരുത്തരും എഴുതിവച്ചിട്ടുള്ള കച്ചീട്ടുകളും ഊഴിയക്കാർ ഉടമപററിയ വിവരത്തിനു കരക്കാർക്കു എഴുതിക്കൊടുത്തിട്ടുള്ള അറിവുചീട്ടികളും അവർ ഹാജരാക്കി ദേവസ്വം വസ്തുക്കളുടെ പട്ടയം അവർക്കു കിട്ടണമെന്നു വാദിച്ചു. ദേവസ്വത്തിൽനിന്നും വെറും പാട്ടമായി ഓരോരുത്തരുടെ കൈവശത്തിൽ ഇരുന്ന വസ്തുക്കൾ കാണപ്പാട്ടമാണെന്നു കള്ളപ്രമാണം വെള്ളാപ്പേരിൽ ശ്രീ. കണ്ണൻപിള്ളയുടെ സഹായത്തോടുകൂടി നിർമ്മിച്ചു ഒട്ടുപകുതി വസ്തുക്കളുടെ പട്ടയം കാണപ്പാട്ടം എന്ന നിലയിൽ ആ കാരണത്താൽ ആ നിലയിൽ അവയുടെ വെറും പാട്ടക്കാർക്കു കിട്ടി.

പിന്നെ കരം'ഒഴിവായി കുറേ വസ്തുക്കൾ കിടന്നു. അവയ്ക്കു പട്ടയം കൊടുക്കേണ്ടതായ വലിയ ബദ്ധപ്പാടൊന്നുമില്ലാത്തതിനാൽ കണ്ടെഴുത്തിലെ തർക്കക്കേസുകളുടെ കൂട്ടത്തിൽ കുറെക്കാലം അങ്ങനെ കുഴഞ്ഞുകിടന്നു. എങ്കിലും "കരക്കാർ നായന്മാരുടെയും എതിർകക്ഷികളായ ചാന്നാന്മാരുടേയും വാദങ്ങളും തെളിവുകളും കേട്ടു. കരം ഒഴിവു വസ്തുക്കൾക്കു പട്ടയം കൊടുക്കേണ്ട ആവശ്യമില്ലാത്തതിനാൽ തനതു ചിററായിൽ ചേർത്തിരിക്കുന്നു." ഇങ്ങനെ ഒരു തീർച്ചയാണു് ആ കേസിലേക്കെഴുതിയിട്ടുള്ളതു്.

പൊതുജനങ്ങളുടെ ഉപയോഗത്തിനായി സർക്കാരിന്റെ കൈവശത്തിൽ ഇരിക്കുന്ന സ്ഥലങ്ങളാണു്, സാധാരണ തനതു ചിററാ

യിൽ ചേർക്കുന്നതു്. ആ സ്ഥിതിക്കു് ഈ തീച്ച ചാന്നാന്മാർക്കന്നെ കുലമാണെന്നു പറയുവാൻ പ്രയാസം.

പിന്നെയും മിച്ചവാരം പിരിച്ചു അവ ചെലവുചെയ്തു ദേവസ്വം ഭരിയ്ക്കുന്നതു് ചേരിക്കാരായി. ചാന്ദാന്മാർ സിവിൽകോട്ടിൽപോയി ദേവസ്വംവസ്തുക്കളുടെ കമ്പോളവിലയ്ക്കു ഫീസുവെച്ചു ആദ്യവ്യവഹാരംകൊടുക്കണം. അതിനും കരക്കാരോടു മത്സരിക്കുന്നതിനും ഒന്നിനും ചാന്നാന്മാർക്കു ശേഷിയില്ല. കിളികൊല്ലൂർ താമസിക്കുന്ന ചാന്നാന്മാർ മുമ്പു് ഉത്സവത്തിനു എഴുന്നെള്ളിക്കാൻ വന്നു. കരക്കാർ ലഹളയുണ്ടാക്കി ഉത്സവംമുടക്കിയതിനാൽ ഭഗ്നാശന്മാരായിപോയതിൽ പിന്നെ ഈ പ്രദേശത്തു് അവരിൽ ആരും വരുന്ന പതിവില്ലാതായി. ഇവിടെ ക്ഷേത്രഭരണവും ഉത്സവവുമൊക്കെ കരക്കാർ മോടിപിടിപ്പിച്ചു നടത്തുന്നുണ്ടു്. ചാന്നാന്മാരിൽ യാതൊരുത്തരേയും ക്ഷേത്രവളപ്പിൽ കണ്ടുകൂടാ. അങ്ങനെ നടന്നുവരുന്ന കാലത്തു് ഒരു ദിവസം കമ്മാഞ്ചേരിൽ ചിററപ്പൻ നടവെളിയിൽ യദൃച്ഛയാ നിൽക്കുമ്പോൾ പത്തു ചക്രം (ഒരു രാശി) ആരോ ഒരീഴവൻ നേർച്ചകൊണ്ടു വന്നതു് അപ്പോൾ അവിടെ നായന്മാരാരും ഇല്ലാഞ്ഞതിനാൽ ചിററപ്പൻ എടുത്തു. ചേരിക്കാർ നിയമിച്ച മുതൽപിടിക്കാരനായ പൊരുന്നൽ വേലുപ്പിള്ള വിവരം അറിഞ്ഞു് ഓടിഎത്തി ചിററപ്പനെ അടിച്ചു. ആ ചക്രം പിടിച്ചുപറിച്ചുകൊണ്ടുപോയി. ഇതിനു യാതൊരു പ്രതികാരവും ചെയ്യുന്നതിനു ശക്തിയില്ലാതെ ചാന്നാന്മാർ അടങ്ങിപ്പാർത്തു.

1066-ാമാണ്ടുമുതൽ 1076-ാമാണ്ടുവരെ ഇപ്രകാരം നടന്നുവന്നു. 1075-ാമാണ്ടു വെള്ളാശ്ശേരിൽ കൊച്ചുകണ്ണൻപിള്ള പ്രമേഹരോഗത്താൽ വളരെ കഷ്ടത അനുഭവിച്ചു മരിച്ചു. അന്നു് അദ്ദേഹത്തിനു് 45 വയസ്സു കാണും. മരിച്ചശേഷം ഉടൻതന്നെ അദ്ദേഹത്തിന്റെ അനുജന്മാരായ കൃഷ്ണപിള്ളയും ശങ്കരപ്പിള്ളയും തമ്മിൽ വസ്തുക്കളേയും പണങ്ങളേയും സംബന്ധിച്ചു വലുതായ മത്സരം തുടങ്ങി. വെള്ളാശ്ശേരിൽ കൊച്ചുകണ്ണൻപിള്ള ജീവിച്ചിരുന്നപ്പോൾ സ്ഥലവാസികളായ മററു നായന്മാരെ അടക്കിബ്ഭരിച്ചിരുന്നതു സ്നേഹംകൊണ്ടല്ലായിരുന്നു. ബലംകൊണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ അനുജന്മാർ തമ്മിലടിച്ചും മത്സരിച്ചും അവരുടെ കുടുംബം ക്ഷീണിക്കുന്നതു മററു നായന്മാർക്കു് സന്തോഷാവഹമായിരുന്നു. 1066-ാമാണ്ടു ലഹളയുണ്ടാക്കി ചേരിക്കാർ ഉത്സവം മുടക്കിയെങ്കിലും പിന്നീടു രണ്ടുവർഷം കഴിയുന്നതിനുമുമ്പായി കരക്കാർ മുൻപറഞ്ഞപ്രകാരം ദേവസ്വം കരസ്ഥപ്പെടുത്തി ഉത്സവങ്ങളും മററും പഴയപോലെ നടത്തി. 1076-ാമാണ്ടു കൊച്ചുകണ്ണൻപിള്ള മരിച്ചശേഷം അദ്ദേഹത്തിന്റെ അനുജന്മാർതമ്മിലും ചേരിപ്പുറത്തുള്ള മററു നായന്മാർ തമ്മിലും നല്ല സ്വരച്ചേർച്ചയില്ലാതായതിനാൽ ഉത്സവങ്ങളും ദേവസ്വം ഭരണങ്ങളും ഒന്നു മന്ദീഭവിച്ചു എന്നുമാത്രം. ഇന്തരുണത്തിലാണു് കൊല്ലം താലൂക്കിൽ

കണ്ടെഴുത്തിൽനിന്നും വസ്തുക്കൾക്കു പട്ടയം തയ്യാറാക്കിയതു്. ദേവസ്വംവക തനതുകൈവശത്തിൽ ഇരിക്കുന്ന വസ്തുക്കൾ എല്ലാം കരം ഒഴിവാണെങ്കിലും രണ്ടുമൂന്നു നമ്പർ വസ്തുക്കൾക്കു കരം ഉള്ളതുകൊണ്ടു് അവ തനതു ചിററായിൽ ചേർത്താൽ പോരായല്ലോ. ദേവസ്വത്തിന്റെ പരമശത്രു മരിച്ചു. ചേരിക്കാരും ചാന്നാന്മാരുംകൂടി തക്കിച്ചു. കണ്ടെഴുത്തുകേസു നടന്ന കാലത്തുണ്ടായിരുന്ന കൈക്കൂലിക്കാരായ കണ്ടെഴുത്തുദ്യോഗസ്ഥന്മാരും മാറി. 1077-ാമാണ്ടായപ്പോഴേക്കു കാലമൊക്കെ ഒന്നു മറിഞ്ഞു. എന്നാൽ ചാന്നാന്മാരിൽ ആരും കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറിൽ തിരിഞ്ഞുനോക്കാൻപോലും പോയിരുന്നില്ല എങ്കിലും ദേവസ്വംവക കരം ഉള്ള ഒന്നുരണ്ടുമൂന്നു നമ്പർ വസ്തുക്കൾക്കു പട്ടയം കൊടുക്കേണ്ടതായി വന്നപ്പോൾ അന്നത്തെ കണ്ടെഴുത്തുദ്യോഗസ്ഥന്മാർ വസ്തുക്കളുടെ പഴയ തണ്ടപ്പേരുകൾനോക്കി തണ്ടപ്പേരുകാരുടെ അവകാശികളായ ചാന്നാന്മാക്കു പട്ടയം കൊടുത്തു എന്നു പറഞ്ഞാൽ കഴിഞ്ഞു.

# അധ്യായം നാലു്

## ദേവസ്വത്തിലേക്കുണ്ടായിരുന്ന ഒററിനിലങ്ങൾ ഇല്ലാതായതും കൊടി, ജീവത മുതലായ സ്വർണ്ണാഭരണങ്ങൾ നഷ്ടപ്പെട്ടതും

തൃക്കരുവാ ദേവസ്വത്തിലേക്കു് അൻപതു പറയോളം നിലം ഇഞ്ചവിള, പാവൂരു്, മുളയ്ക്കൽ, കീഴ്പ്പാട്ടു മുതലായ ഏലാകളിൽ ഒററിതട്ടും ഉണ്ടായിരുന്നു. മിക്കവാറും ഒരുപറ നിലത്തിനു 40 രാശി അതായതു് 150 പണം ഒററിയർത്ഥം ഉണ്ടായിരിക്കും. രാശി ഒന്നുക്കു് ഇടങ്കഴി നെല്ലുവീതം നാലുപറനെല്ലു മിച്ചവാരം നിശ്ചയിച്ചു നിലങ്ങളുടെ ജന്മികൾക്കുതന്നെ പാട്ടംകൊടുത്തിട്ടുള്ളവയും ആണു്. ദേവസ്വം അഭിവൃദ്ധിയിൽ ഇരുന്നിട്ടുള്ളതു് ആയിരത്തിനാല്പത്തിരണ്ടാമാണ്ടു് രജിസ്ട്രേഷൻ വരുന്നതിനുമുമ്പായിരുന്നതിനാൽ മേൽപ്പറഞ്ഞ ഒററിയാധാരങ്ങളും പാട്ടച്ചീട്ടുകളും രജിസ്ട്രരാക്കിട്ടുള്ളവയല്ല. അന്നത്തെ നടപ്പനുസരിച്ചു വെള്ളോലയിലും അച്ചുടിയോലയിലും ആണു് ആ പ്രമാണങ്ങൾ എഴുതീട്ടുള്ളതു്. ആകെകയുള്ള കണക്കുനോക്കിയാൽ ഉദ്ദേശം ആയിരത്തിൽശിഷ്ടം രൂപാ മാത്രമേ ഈ വിഷയത്തിൽ കിടന്നിരുന്നുള്ളു. എങ്കിലും ആണ്ടിൽ ഇരുനൂറുപറ നെല്ലിൽ കൂടുതൽ ഇതിൽനിന്നു മിച്ചവാരം വന്നുകൊണ്ടിരുന്നു. 1068-ാമാണ്ടു വരെ ദേവസ്വംവക സകല പാട്ടമിച്ചവാരങ്ങളും കമ്പപ്പുര കൃഷ്ണപി

ള്ള പിരിച്ചെടുത്തു. അവിടംമുതൽ വെള്ളാശ്ശേരിൽ കൊച്ചുകണ്ണൻ പിള്ള മരിക്കുന്നതുവരെ കരക്കാർ നിയമിച്ച കണക്കപ്പിള്ളയും മുതൽപിടിക്കാരനുംകൂടി നെല്ലും പണവും പിരിച്ചെടുത്തു. എനിക്കു റിവായ നാൾമുതൽ ഈവിധം നടന്നിട്ടുള്ളതല്ലാതെ ചാന്നാന്മാർ നെല്ലും പണവും പിരിച്ചു ഞാൻ കണ്ടിട്ടില്ല. 1075-ാമാണ്ടു വെള്ളാശ്ശേരിൽ കൊച്ചുകണ്ണൻപിള്ള മരിക്കയും കരക്കാരും അവരുടെ ഭരണവും തേഞ്ഞുമാഞ്ഞുപോവുകയും ചെയ്തതിനുശേഷം വീണ്ടും കമ്പപ്പുര കൃഷ്ണപിള്ള നെല്ലും പണവും പിരിച്ചുതുടങ്ങി. 1075-ാമാണ്ടു മുതൽ വീണ്ടും ഇങ്ങനെ കമ്പപ്പുരയുടെ സർവസ്വാതന്ത്ര്യമായ നെല്ലും പണവും പിരിവും ഭരണവുമായി. ചാന്നാന്മാർ കമ്പപ്പുര പിരിക്കുന്ന പണം ആവശ്യപ്പെടുകയോ കണക്കുകേൾക്കണമെന്നു പറകയോ ഒന്നും ചെയ്കയില്ല. അഥവാ അങ്ങനെ വല്ലവരും ചോദിച്ചാൽ അപ്പോൾ കമ്പപ്പുര കരക്കാരുടെ കണക്കപ്പിള്ളയായിത്തീരും. തമ്മിൽ പിണങ്ങിക്കിടക്കുന്ന കരക്കാരെ പറഞ്ഞിളക്കി യോജിപ്പിച്ച് വീണ്ടും ചാന്നാന്മാരോടു മത്സരം തുടങ്ങും. അതുപേടിച്ച ചാന്നാന്മാർ കമ്പപ്പുരയോടു യാതൊന്നും ചോദിക്കയില്ല ഇങ്ങനെ 1075-ാമാണ്ടുമുതൽ ദേവസ്വം വീണ്ടും കമ്പപ്പുരയുടേതായി പരിണമിച്ചു.

ഈ അദ്ധ്യായത്തിൽ ആദ്യം പറഞ്ഞതായ ഒററിയാധാരങ്ങൾ കണ്ടെഴുത്തു വിചാരണയിൽ ഹാജരാക്കി തെളിയിച്ച രേഖപ്പെടുത്താത്തപക്ഷം ഒററിയർത്ഥം നഷ്ടപ്പെട്ടുപോകുന്നതാണ്. കുററിയഴികത്തുകാരുടെ കൂട്ടത്തിൽ വ്യവഹാരകാര്യസ്ഥന്മാർ ആരുമില്ലാത്തതിനാൽ 1068-ാമാണ്ടുമുതൽ കരക്കാരുമായി മത്സരം നടക്കുമ്പോൾ ഉണ്ടായിട്ടുള്ള കേസുകളിൽ കാമനാട്ടുകാരുടെ ഭാഗം കേസു നടത്തുന്നതു് അവരിൽത്തന്നെയുള്ളവർ ആരെങ്കിലും ആയിക്കും. കുററിയഴികത്തുകാരുടെ ഭാഗത്തേയ്ക്കു് അക്കാലങ്ങളിൽ കേസു നടത്താറുള്ളതു് ചായിപ്പുറത്തു ശ്രീ നീലകണ്ഠപ്പിള്ളയാണ്. ഇദ്ദേഹം ഈ ചേരിയിലുള്ള നായർസമുദായത്തിൽപ്പെട്ട ആളാണെങ്കിലും വെള്ളാശ്ശേരിൽ കൊച്ചുകണ്ണൻപിള്ളയുടെ ബദ്ധശത്രുവാണ്. കൊച്ചുകണ്ണൻപിള്ളയോടു നീലകണ്ഠപ്പിള്ളയ്ക്കുള്ള വിരോധംകൊണ്ടും കുററിയഴിത്തുകാരിൽനിന്നും കിട്ടുന്ന പ്രതിഫലംകൊണ്ടും ഇങ്ങനെ സ്വസമുദായത്തെ വിട്ടു് ചാന്നാന്മാരെ സഹായിക്കുന്നതാണ്. 1075-ാമാണ്ടു കൊച്ചുകണ്ണൻപിള്ള മരിച്ചതിനുശേഷം മുൻപറഞ്ഞ ഒററിയാധാരങ്ങൾ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറിൽ തെളിയിക്കുന്നതിനായി ചാന്നാന്മാർ നിശ്ചയിച്ചു് ആ പ്രമാണങ്ങൾ എല്ലാം നോക്കിയെടുത്തു് അന്നു കാമനാട്ടു ശാഖയിൽ കുറെ വ്യവഹാരകാര്യസ്ഥനായ കായമ്മടത്തു കൃഷ്ണനാശാനെ ഏല്പിച്ചു. കാമനാട്ടു ശാഖയിൽ തെക്കെടത്തു ഗോവിന്ദൻചാന്നാർ എന്ന ഒരാളുംകൂടി അന്നു വ്യവഹാരിയായിട്ടുണ്ട്. കാമനാട്ടു 106[illegible]-ാമാണ്ടിടയ്ക്കു മരിച്ചുപോയ ഗംഭീരനായ അയ്യൻ മാതേവൻചാന്നാരവർകളുടെ സ്വന്തം അനന്തരവനാണ് തെക്കെടത്തു ഗോവിന്ദൻചാന്നാർ. ടിയാൻ ടി അയ്യൻ മാതേവൻചാന്നാരുടെ സ്വന്തം ശാഖയായ കു

ന്നേൽ ശാഖയിലെ കാരണവനും ആണു്. കുന്നേൽശാഖ ധാരാളം സ്വത്തുള്ള ഒരു ശാഖയായതിനാൽ അതിലെ കാരണവനായ തെക്കടത്തു ഗോവിന്ദൻചാന്നാർ കുറെ ധനവാനും സ്വാതന്ത്ര്യമായി സ്വല്പം പണം കൈവശം ഉള്ള ആളും ആണു്. കായമ്മഠത്തു കൃഷ്ണനാശാൻ പണമുള്ള ആളല്ല. 1070-ാമാണ്ടിടയ്ക്കു കരക്കാരുമായി ചില വ്യവഹാരം നടന്നുകൊണ്ടിരിക്കുമ്പോൾ അതിന്റെ ചെലവിനായി അന്നു ദേവസ്വം ഭരണക്കാരായ കുററിയഴികത്തു കുഞ്ഞീൻ മാതേവൻചാന്നാരും കാമനാട്ടു കണ്ണൻ മാതേവൻചാന്നാരുംകൂടി ദേവസ്വവ്യവഹാരങ്ങൾക്കു പണം ചെലവുചെയ്യുന്നതായി ടി തെക്കടത്തു ഗോവിന്ദൻചാന്നാരുടെ പേർക്കു രജിസ്റ്റർചെയ്തു ഒരു കടപ്പത്രം എഴുതിക്കൊടുത്തിട്ടുണ്ടായിരുന്നു. നൂറു (100) സർക്കാർരൂപയ്ക്കായിരുന്നു ആ കടപ്പത്രം എഴുതിയതു്. അതുപ്രകാരമുള്ള പണത്തിൽ പകുതി രൂപയേ ചെലവായുള്ളു. അൻപതോളം രൂപാ ടി ഗോവിന്ദൻചാന്നാരുടെ കൈവശം നില്പുണ്ടു്. മേൽപ്പറഞ്ഞ ഒററിയാധാരങ്ങൾ (പാട്ട) കണ്ടെഴുത്തിൽ തെളിയിച്ചു സ്ഥാപിക്കുന്നതിനായി വേണ്ടുന്ന പണം അതിൽനിന്നു ചെലവുചെയ്യണമെന്നും മററും വ്യവസ്ഥചെയ്തു കായമ്മഠത്തു കൃഷ്ണനാശാനേയും ടി ഗോവിന്ദൻചാന്നാരെയും ഏല്പിച്ചു. ഒററിപ്രമാണങ്ങൾ എല്ലാം നോക്കിയെടുത്തു കയമ്മടത്തു കൃഷ്ണനാശാനെ ഏല്പിച്ചിരുന്നു. പ്രമാണങ്ങൾ കണ്ടെഴുത്തിൽ തെളിയിച്ചു നമ്മുടെ അവകാശം സ്ഥാപിക്കുന്നതിനു് അന്നത്തെ സ്ഥിതിക്കു കുറെപ്പണച്ചെലവുണ്ടു്. അതു ചെലവുചെയ്യുന്നതിനു തെക്കടത്തു ഗോവിന്ദൻചാന്നാരെയും ഏല്പിച്ചു എന്നാൽ ടി കായമ്മഠത്തു കൃഷ്ണനാശാനും ഗോവിന്ദൻചാന്നാരുംതമ്മിൽ സ്വകാര്യവശാൽ ചില സൗന്ദര്യപ്പിണക്കങ്ങൾ ആയിടയ്ക്കുണ്ടായതിനാൽ ഒററിയാധാരങ്ങൾ കണ്ടെഴുത്തിൽതെളിയിച്ചു സ്ഥാപിക്കുവാൻ പോയില്ല. പണം ഒരാളിന്റെ പക്കലും ആധാരങ്ങൾ മറേറ ആളിന്റെ കൈവശവും ആയതിനാൽ അവരുടെ സ്വൈരക്കേടുമൂലം ദേവസ്വത്തിനു് ആ നിലങ്ങൾ നഷ്ടപ്പെട്ടു. 1077-ൽ കൊല്ലം താലൂക്കിലെ കണ്ടെഴുത്തു് അവസാനിക്കുകയുംചെയ്തു. മേൽപ്രകാരം ഒററിയാധാരങ്ങൾ നഷ്ടപ്പെട്ട വിവരം ജന്മികൾക്കുമനസ്സിലായി. കമ്പപ്പുര കൃഷ്ണപിള്ള ഈ വസ്തുത മനസ്സിലാക്കാതെ പിന്നെയും പതിവനുസരിച്ചു മിച്ചവാരം പിരിക്കുവാൻ അവരെ സമീപിച്ചു. അവർ അയാളെയും ദേവസ്വത്തെയും പരിഹസിച്ചു മടക്കിയയച്ചു.

1068-ാമാണ്ടു മുതൽ കരക്കാരും ചാന്നാന്മാരും ദേവസ്വം സംബന്ധമായി വ്യവഹാരങ്ങളുണ്ടെന്നു പറഞ്ഞുവല്ലോ. 1075-ാമാണ്ടായപ്പോൾ കുററിയഴികത്തു ശാഖക്കാരിൽ എന്റെ അച്ഛന്റെ സ്വന്തം അനുജനായ കമ്മാഞ്ചേരിൽ പത്മനാഭൻചാന്നാർക്കു വ്യവഹാരവിഷയത്തിൽ കുറെ അറിവുണ്ടായി. മുൻപറഞ്ഞ ചായിപ്പുറത്തു നീലകണ്ഠപ്പിള്ള പണസംബന്ധമായി കുററിയഴികത്തുകാരോടു ചില വിശ്വാസവഞ്ചനകൾ ചെയ്തതിനാൽ അദ്ദേഹത്തെ കാര്യസ്ഥനായി കു

റിയഴികത്തുകാർ പിന്നീട്ട ക്ഷണിച്ചില്ല. കുററിയഴികത്തെ അന്നത്തെ കാരണവൻ കുഞ്ഞീൻ മാതേവൻചാന്നാരാണെന്നു മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. അയാൾ ദേവസ്വം കാര്യങ്ങൾക്കു പണച്ചെലവുകൾ ഒന്നും ചെയ്തില്ല. ദേവസ്വംകാര്യം തറവാട്ടു കാര്യമാകയാൽ തറവാട്ടിൽ ആർക്കെങ്കിലും ദേവസ്വം വേണമെങ്കിൽ അവർ പണം ചെലവുചെയ്യണം എന്നൊക്കെയാണയാളുടെ അഭിപ്രായം. അച്ഛനും അനുജന്മാരും അക്കാലത്തു ഒരുവിധം ധനപുഷ്ടിയിൽ ഇരിക്കുന്നതിനാൽ അവർ ചെലവു ചെയ്യട്ടെ എന്നു വിചാരിച്ചാണു് കുററിയഴികത്തു കുഞ്ഞീൻ മാതേവൻചാന്നാർ ഈ വിധത്തിൽ നിൽക്കുന്നതു്. കൂട്ടഭരണം ഉണ്ടാക്കുന്നതിനു് കാമനാട്ടു അയ്യൻ മാതേവൻചാന്നാർക്കു ഇരുനൂറു രൂപാ കൈക്കൂലി കൊടുത്തതു് അച്ഛനായിരുന്നു. ഇപ്പോൾ വ്യവഹാരച്ചെലവുകൾക്കു വേണ്ടിവരുന്ന പണം അച്ഛൻ ചെലവു ചെയ്യാമെന്നുതന്നെ നിശ്ചയിച്ചു. എങ്കിലും അതു കുടുംബത്തിനു വേണ്ടിയാകയാൽ കുടുംബത്തിൽനിന്നും ആ പണം ഒരു കാലത്തു കിട്ടത്തക്കവിധത്തിൽ ചെലവുചെയ്യാമെന്നാണു നിശ്ചയിച്ചതു്. അതിലേക്കു് അടിയിൽ വിവരിക്കുംപ്രകാരം ഒരു മാർഗ്ഗം നിശ്ചയിച്ചു. കുററിയഴികത്തു കാരണവനായ കുഞ്ഞീൻ മാതേവൻചാന്നാർ നൂറു (100) രൂപയ്ക്കു ഒരു വെൺ കടപ്പത്രം ചായിപ്പുറത്തു നീലകണ്ഠപ്പിള്ളയുടെ പേർക്കു് എഴുതിക്കൊടുത്തു. ചായിപ്പുറത്തു നീലകണ്ഠപ്പിള്ള എന്റെ അച്ഛന്റെ പേർക്കു നൂറു (100) രൂപയ്ക്കു ഒരു വെൺ കടപ്പത്രം എഴുതിക്കൊടുത്തു. ഒരു കുടുംബക്കാർ തമ്മിൽ പണം ഇടപെട്ടുപ്രമാണങ്ങൾ എഴുതുന്നതു ശരിയല്ലെന്നാണു് അന്നത്തെ കുടിഞ്ഞായം. അതുകൊണ്ടാണിങ്ങനെയൊക്കെ ചെയ്തതു്. അച്ഛൻ ദേവസ്വം കേസു വകയ്ക്കു് പണം ഇതിൽനിന്നു കൊടുത്തുകൊണ്ടിരുന്നു. 1071-ാമാണ്ടാണു് ഇങ്ങനെ കടപ്പത്രങ്ങൾ എഴുതിയതു്. ആ കൊല്ലം ഇടവമാസത്തിൽ അച്ഛനും ഞാനുമായി പിണങ്ങുന്നതിനും ഭാഗപത്രം എഴുതുന്നതിനും ഇടയായി. ആ അവസരത്തിൽ ചായിപ്പുറം അച്ഛന്റെ പേർക്കു് എഴുതിക്കൊടുത്ത കടപ്പത്രം ഭാഗത്തിൽ ചേർക്കാതെ അച്ഛന്റെ സ്വന്തത്തിലേക്കു മാററിവെച്ചിരുന്നു. 1075-ാമാണ്ടിടയ്ക്കു് ആ കച്ചീട്ടു കാലഹരണമാവുന്ന അവധി അടുത്തു. ചായിപ്പുറത്തു നീലകണ്ഠപ്പിള്ളയോടു അച്ഛൻ പണം അടിക്കടി ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അദ്ദേഹം പണം കൊടുത്തില്ല. കച്ചീട്ടു മാറി എഴുതിക്കൊടുത്തതുമില്ല ആ കച്ചീട്ടു കാലഹരണപ്പെടുന്നതോടുകൂടി കുററിയഴികത്തു കുഞ്ഞീൻ മാതേവൻചാന്നാർ ടി നീലകണ്ഠപ്പിള്ളയുടെ പേർക്കു് എഴുതിക്കൊടുത്തിട്ടുള്ള കച്ചീട്ടും കാലഹരണപ്പെടുന്നതാകയാൽ, അച്ഛന്റെ പേരിൽ നീലകണ്ഠപ്പിള്ള കൊടുത്ത കച്ചീട്ടിനു നമ്പർ പതിക്കാൻ അച്ഛൻ പോയില്ല. എന്നാൽ നീലകണ്ഠപ്പിള്ള രഹസ്യമായി മറേറകച്ചീട്ടുംപ്രകാരമുള്ള പണത്തിനു നമ്പർ പതിച്ചു വിധിയാക്കിയിരുന്നു. കുറേനാൾ കഴിഞ്ഞപ്പോൾ ആ വിധിയനുസരിച്ചു ചായിപ്പുറം കുററിയഴികത്തിനെ വാറണ്ടിൽ പിടി

ച്ചു. ഇതു് അച്ഛൻ ചായില്യത്തിനെക്കൊണ്ടു ചെയ്യിക്കുന്നതായിട്ടാണു് കുററിയഴികം വിചാരിച്ചിരിക്കുന്നതു. ഇങ്ങനെ ചായില്യത്തിൻെറ വാറണ്ടു കുററിയഴികത്തിനെ പിടിച്ചപ്പോൾ കുററിയഴികത്തിനു് അച്ഛൻ മുതൽപേരോടുണ്ടായിരുന്ന രോഷം വർദ്ധിച്ചു. കുററിയഴികം എവിടുന്നോ പണം കടംവാങ്ങിക്കൊടുത്തു് ആ ഇടപാടു തീർത്തു, ആയിരത്തിൽശിഷ്ടം പണമാണു് ആ വിധിപ്രകാരം കുററിയഴികം കൊടുത്തുതീർത്തതു. ചായില്യം ചില വിശ്വാസവഞ്ചന ചെയ്തു എന്നു പറഞ്ഞതിൽ കുന്നിതായിരുന്നു

ദേവസ്വംവക സ്വർണ്ണാഭരണങ്ങളും കുറേ രത്നങ്ങളുംകൂടി വളരെ വിലപിടിപ്പുള്ള വകകൾ കുററിയഴികത്തുകൊട്ടാരത്തിൽ തട്ടുപുരകളിൽവച്ചു പൂട്ടിയിരിക്കയാണല്ലോ. അതിൽ തെക്കേ തട്ടുപുരയിലാണു് ദേവിയെ എഴുന്നള്ളിക്കുമ്പോൾ ചാന്നാന്മാർ തലയിൽ ധരിക്കുന്ന തിരുമുറ എന്നു പേരുള്ള കിരീടംപോലെയുള്ള ആഭരണവും രത്നങ്ങളും വച്ചുപൂട്ടിയിട്ടുള്ളതു്. ആ മുറിയുടെ താക്കോലുകൾ (അതിനും രണ്ടു പൂട്ടും രണ്ടു താക്കോലും ഉണ്ടു ) ഒരു സെററു് കാമനാട്ടു കാരണവരുടെ കൈയ്യിലാണിരിക്കുന്നതു്. കൊടിയും ജീവതയും ആനച്ചമയവും വടക്കേ തട്ടുപുരയിൽ വച്ചുപൂട്ടി അതിൻെറ താക്കോലുകൾ കുററിയഴികത്തു കാരണവരുടെ കൈവശവും അതുപോലെ ഇരിക്കുന്നു, കരക്കാർ ലഹളയുണ്ടാക്കിയ കാലത്തു് കാമനാട്ടുകാർ അവരെ ഭയന്നോടി രക്ഷപ്പെട്ടതിനെ പിന്നീടു് കരുവാ എങ്ങും വരാറില്ലെന്നുള്ള വിവരം മുമ്പു പ്രസ്താവിച്ചുവല്ലോ. കുററിയഴികത്തുകാരും അവരുടെ സംബന്ധക്കാരായ വേളിക്കാട്ടമ്മാവൻ, ഞെവിളഴികം മുതൽപേരും കൂടിച്ചേർന്നു തട്ടുപുരയ്ക്കുള്ള പൂട്ടുകൾക്കു താക്കോലുകൾ സ്വന്തമായി ഉണ്ടാക്കി അതു് തുറന്നു പരിശോധിച്ചു് അതിലുള്ളതെല്ലാം മനസ്സിലാക്കി ആ താക്കോലുകൾകൂടി അന്നു കുററിയഴികത്തു മൂപ്പനായ കുഞ്ഞിൻ മാതവനെ ഏൽപ്പിച്ചു തട്ടുപുരയുടെ തെക്കേമുറിയിൽ തിരുമുറ മുതലായ ദേവിയുടെ ആഭരണങ്ങളും പഴയകാലത്തു കാരണവന്മാർ ഈശ്വരവെപ്പയും അഭിമാനകരമായും വച്ചുസൂക്ഷിച്ചിരുന്ന രത്നങ്ങളുംമററും ഭദ്രമായി വച്ചുസൂക്ഷിച്ചിരിക്കയായിരുന്നു. ആറുവർഷത്തിൽ ഒരിക്കൽമാത്രമേ അന്നു തിരുമുറ വെളിയിലെടുത്തു് എഴുന്നള്ളിക്കാറുള്ളു. പതിനൊന്നുദിവസം നൊയമ്പുനിന്നു (വ്രതംദീക്ഷിച്ചു) മാത്രമേ തട്ടുപുരതുറന്നു് അകത്തു പ്രവേശിക്കയുള്ളു. ദേവിയെ എഴുന്നള്ളിക്കുന്ന കാരണവർ മാത്രമേ ആ മുറിയിൽ പ്രവേശിക്കൂ. അതും ഭയഭക്തിപുരസ്സരം ഒരു ശാന്തിക്കാരൻ ശ്രീകോവിലിൽ എന്നപോലെയാണു പ്രവേശിക്കുന്നതു്. തിരുമുറയും മററും എടുത്തു എഴുന്നള്ളത്തു കഴിഞ്ഞാൽ ഉടൻ അപ്രകാരംതന്നെ ഭയഭക്തിവിശ്വാസപുരസ്സരം തട്ടുപുര തുറന്നു അകത്തുവെച്ചു ഭദ്രമായി പൂട്ടും. ഇങ്ങനെ ഉള്ളിൽ എന്തെല്ലാമുണ്ടെന്നു മററാർക്കും അറിവാൻ കഴിയാതിരുന്ന തട്ടുപുരയ്ക്കു മറുതാക്കോൽ ഉണ്ടാക്കിത്തുറന്നു് എല്ലാവരും പ്രവേശിച്ചു പരിശോധിച്ചു. ആ താക്കോലുകളും കുററിയഴികത്തു

കുഞ്ഞൻ മാതേവൻെറ കയ്യിൽ ഏൽപ്പിച്ചു് ഒരു കട്ടംകയ്യായിപ്പോയി!

കുററിയഴികത്തു ഭവനം പൊതുപ്പെട്ട തറവാട്ടം ദേവസ്വവും ആണെങ്കിലും ആ വിചാരം കുഞ്ഞീൻ മാതേവനും കൂട്ടർക്കും അശേഷം ഇല്ല. അവരുടെ സ്വന്തസമ്പാദ്യംപോലുള്ള നിലയാണു് അതിനെപ്പററി വിചാരിച്ചിട്ടുള്ളതു്. ദേവസ്വംകൊട്ടാരത്തിൻെറയും സകല തട്ടുപുരകളുടെയും താക്കോലുകൾ കുററിയഴികത്തു കുഞ്ഞീൻ മാതേവനു കിട്ടിക്കഴിഞ്ഞു. ടിയാൻ ഒരു കൃത്രിമിയും ദുഷ്ടനും മററു ശാഖക്കാർക്കെല്ലാം ഒരു ഭയങ്കരനും ആയിരുന്നു. 1062-ാമാണ്ടിടയ്ക്കാണു് അച്ഛൻ വടക്കേക്കമ്മാഞ്ചേരിൽ പുരയിടം വിലവാങ്ങി ചിററപ്പനെ അവിടെ താമസിപ്പിച്ചതെന്നു പറഞ്ഞുവല്ലോ. ചിററപ്പൻ കരുവാ ചെന്ന നാൾമുതൽ കുററിയഴികവുമായി നല്ല സൈ്വരമില്ല. അവർതമ്മിൽ പോലീസുകളും സിവിൽ വ്യവഹാരങ്ങളും ഒക്കെ ഉണ്ടായിട്ടുണ്ടു്. അതു് ഇവിടെ വിവരിക്കുന്നില്ല. കുററിയഴികത്തിന്നു ആരോടും ഒരു ദയയോ സ്നേഹമോ ഇല്ല കുററിയഴികവും അയാളുടെ മക്കളും ശേഷക്കാരിൽ ചിലരുംകൂടിയാണു് കുററിയഴികത്തു സർവസ്വാതന്ത്ര്യമായി സ്വന്തംനിലയിൽ താമസിക്കുന്നതു്.

1076-ാമാണ്ടു മുതൽ കുററിയഴികത്തു കുഞ്ഞീൻ മാതേവൻ, തിരുവാഭരണങ്ങൾ കുറേശ്ശെ എടുത്തു ഉരുക്കിത്തൂക്കിവിററുതുടങ്ങി. സ്വർണ്ണം അധികവുമുള്ളതിനാൽ എടുത്തു പല സ്ഥലങ്ങളിലും കൊണ്ടുപോയി ഉരുക്കിവിററുകൊണ്ടിരിക്കയായിരുന്നു. വർഷംതോറും മീനബ്ഭരണിക്കു കുഞ്ഞീൻ മാതേവൻ കൊടുങ്ങല്ലൂർ പോകുതുടങ്ങി. കൊച്ചിയിൽ പൊന്നുവിൽക്കുന്നതിനാണു് ഇങ്ങനെ കൊടുങ്ങല്ലൂർ പോകുതുടങ്ങിയതു്. കുഞ്ഞീൻ മാതേവൻെറ അച്ഛൻ പ്രാക്കുളത്തു കാവുങ്ങൽ കുഞ്ഞീൻചാന്നാരായിരുന്നു. അയാൾ ഒരു പുരയിടം കുഞ്ഞീൻ മാതേവനു സമ്പാദിച്ചുകൊടുത്തിട്ടുണ്ടായിരുന്നു. ആ പുരയിടം പ്രാക്കുളത്തു മൂന്നാംകിഴക്കതിൽ തെക്കേതായ മണ്ണാശ്ശേരിൽ പുരയിടമാണു്. കുററിയഴികം അതു് അയാളുടെ സഹോദരിമാരെ ദ്രോഹിച്ചു മക്കൾക്കു കൊടുത്തു. ദേവസ്വംവക സ്വർണ്ണാഭരണങ്ങൾ മോഷ്ടിച്ചു വിററുകൊണ്ടുവരുന്ന പണംകൊണ്ടു് ആ പുരയിടത്തിൽ ഒരു പുര പണികഴിപ്പിച്ചു കൊടുത്തു. സ്വർണ്ണവിൽപ്പന തുടങ്ങിയ നാൾമുതൽ കുഞ്ഞീൻ മാതേവനു പണത്തിനു ബുദ്ധിമുട്ടില്ലാതായി. കുററിയഴികം ഇങ്ങനെ സ്വർണ്ണം അപഹരിച്ചു കൈകര്യം ചെയ്യുന്ന വിവരം ക്രമേണ മററുള്ളവർ അറിഞ്ഞു. തറവാട്ടിലെ ജംഗമങ്ങൾ കാരണവന്റെ സ്വാതന്ത്ര്യമാണെന്നാണു് അന്നത്തെ ജനബോദ്ധ്യം. നിയമത്തിൻെറ മൂലതത്വവും ഏകദേശം അന്നു് അങ്ങനെതന്നെയാണു്. കുററിയഴികം ആരെയും ഭയപ്പെടുന്ന ആളല്ല. കാമനാട്ടുശാഖക്കാരും ഇതൊക്കെ അറിയുന്നുണ്ടു്. അവരെക്കൊണ്ടും ഇതിനൊക്കെ പരിഹാരം ഒന്നുമില്ല. എന്നുതന്നെയല്ല അവർക്കിങ്ങനെയൊരു ദേവസ്വമുണ്ടെന്നുള്ള വിചാരംകൂടി പൊയ്പ്പോയിരിക്കുന്നു. ഉപേക്ഷകൊണ്ടു് അങ്ങനെ

വരാവുന്നതാണല്ലൊ. കററിയഴികത്തു ശാഖക്കാരെല്ലാം കററിയഴികത്തു കുഞ്ഞീൻ മാതേവനെ ഭയപ്പെട്ടു ജീവിക്കുന്നവരുമാണ്. കററിയഴികം ദുഷ്ടനും ക്രൂരമിയും എന്നുമാത്രമല്ല അല്പംപോലും ദൈവവിശ്വാസവും മതവിശ്വാസവും ഇല്ലാത്ത ഒരു നിരീശ്വരൻകൂടിയാണെന്നും ഈ പ്രവൃത്തികൾമൂലം ആൎക്കും തീരുമാനിക്കാവുന്നതാണ്.

# അധ്യായം അഞ്ച്

## കററിയഴികത്തു കുഞ്ഞീൻ മാതേവൻ ദേവസ്വം വക സ്വൎണ്ണങ്ങൾ അപഹരിച്ചതിനു കേസ്സൽഭവിച്ചതും അയാൾ സെൻട്രൽ ജയിലിൽക്കിടന്നു മരിച്ചതും.

ഈ അധ്യായം വായിച്ചാൽ ഏതു മനുഷ്യനും തൃക്കരുവാ ഭഗവതിയുടെ ദിവ്യശക്തിയെപ്പററി അത്ഭുതം ജനിക്കാതിരിക്കയില്ല.

നാലാം അധ്യായത്തിൽ വിവരിച്ചപ്രകാരം കററിയഴികത്ത് കുഞ്ഞീൻ മാതേവൻ തൃക്കരുവാ ദേവസ്വംവക സ്വൎണ്ണം അപഹരിച്ചു കരസ്ഥപ്പെടുത്തുന്നതിൽ ചോദിക്കാൻ ആരുമില്ലെന്നുള്ളതുനാൽ നിൎഭയമായി ആ വ്യാപാരം പുരോഗമിപ്പിച്ചു. സൌകൎയ്യംപോലെ പൊന്നും പണവും കയ്യിലുള്ളതിനാലും ഈ വ്യാപാരത്തിൽ എതിരില്ലാതിരുന്നതിനാലും കുഞ്ഞീൻ മാതേവനു സഹജമായുണ്ടായിരുന്ന അഹങ്കാരത്തിനും അധികപ്രസംഗത്തിനും കൂട്ടുകുടുംബക്കാരെക്കുറിച്ചുള്ള നിസ്സാരബുദ്ധിക്കും മാററം വന്നില്ല.

1082-ാമാണ്ടു കററിയഴികത്തു ഒരു താലികെട്ടടിയന്തിരം നടത്തണമെന്ന് മററുള്ളവർ വിചാരിച്ചു. (മററുള്ളവർ എന്നു പറഞ്ഞതു് ഇളമുറക്കാരെ ഉദ്ദേശിച്ചാണ്.) ആയിരത്തി എൺപത്തിരണ്ടാമാണ്ടു തുലാമാസം ആദ്യം ഒരുദിവസം അനന്തരവരിൽ പ്രധാനപ്പെട്ടവർ എല്ലാവരും കററിയഴികത്തുചെന്നു കാരണവരോടു ആ സംഗതി ആലോചിച്ചു. എല്ലാവരും വീതപ്രകാരം പണം എടുത്തുകൂട്ടി കററിയഴികത്തുവെച്ചു താലികെട്ട് നടത്തണമെന്നാണാലോചന. കുഞ്ഞീൻ മാതേവൻെറ ശാഖക്കാർ എടുക്കാനുള്ള വീതം അയാളുടെ അനന്തരവർ എടുക്കും. അല്ലാതെ കററിയഴികം എടുക്കണമെന്ന് ആരും പറകയില്ല പറഞ്ഞാൽ ആയതു അയാൾ സ്വീകരിക്കയുമില്ല. ആലോചനകൾ എല്ലാം അവസാനിച്ചു പിരിയാറായപ്പോൾ അച്ഛൻെറ ഇളയസഹോദരൻ (കമ്മാഞ്ചേരിൽ ചിററപ്പൻ) എല്ലാവരും കേൾക്കുമാറു ഇങ്ങനെ ഉച്ചത്തിൽ പറഞ്ഞു.

"ജ്യേഷ്ഠാ! നമ്മുടെ ക്ഷേത്രംവക സ്വൎണ്ണാഭരണങ്ങൾ വെളിയിൽ എടുത്തിട്ടു് ഇപ്പോൾ എത്ര സംവത്സരം കഴിഞ്ഞിരിക്കുന്നു? ഇത്ര ദീൎഘകാലം അതു നോക്കാതെയും കാണാതെയും അങ്ങനെ വെച്ചിരുന്നാൽകൊള്ളാമോ? അവയിൽ ചിലതു് ചകലാസുകളിൽ തച്ചു പിടിപ്പിച്ചു തട്ടുപുരയിൽ കെട്ടിത്തൂക്കിയിരിക്കയാണല്ലോ? പത്തുപതിനാറുവൎഷമായി അങ്ങനെനിന്നാൽ പൊടിഞ്ഞു താഴെ വീഴുകില്ലേ? നമുക്കു് തട്ടുപുര തുറന്നു് ഒന്നു നോക്കാം."

കുററിയഴികത്തു കുഞ്ഞീൻ മാതേവൻ പറയുന്നു:—

"അതെല്ലാം കള്ളന്മാർ കൊണ്ടുപോയ വിവരം നിങ്ങളാരും അറിയാത്തതുപോലെ സംസാരിക്കുന്നതെന്തെടോ? 1080-ാമാണ്ടു് നായരീഴവ ലഹള നടന്നകാലത്തു ഒരുദിവസം അൎദ്ധരാത്രിസമയം ഇവിടെ പത്തിരുപതാളുകൾ വടി, വടിവാളു്, തോക്കു് മുതലായ ആയുധങ്ങളോടുകൂടി വന്നുകയറി. അവരാരും ഇവിടെയെങ്ങും ഉള്ളവരല്ലായിരുന്നു. ശബ്ദം ഉണ്ടാക്കിയാൽ കൊല്ലും എന്നുപറഞ്ഞു് എന്നെ പിടിച്ചു തൂണിൽകെട്ടി. സകല താക്കോലുകളും കൊടുത്തില്ലെങ്കിൽ ഉടൻ കഴുത്തുവെട്ടും എന്നുംപറഞ്ഞു അതിലൊരുവൻ എന്റെ നേരേ വാളും ഓങ്ങി അടുത്തു. ഉടൻ ഞാൻ ഭയപ്പെട്ടുവിറച്ചു് താക്കോലുകൾ ഇരിക്കുന്ന സ്ഥലം പറഞ്ഞുകൊടുത്തു. അവർ അതെടുത്തു അറപ്പുര തുറന്നു സ്വൎണ്ണാഭരണങ്ങളെല്ലാം കൊണ്ടുപോയി. തന്നെയുമല്ല, എനിക്കു തലയിൽ തേയ്ക്കുന്നതിനായി ചാവടിപ്പുരയിൽ കാച്ചിവച്ചിരുന്ന രണ്ടിടങ്ങഴി ധാന്വന്തരം എണ്ണയുംകൂടി ഭരണിയോടെ എടുത്തുകൊണ്ടു പൊയ്ക്കളഞ്ഞു. പിറേറദിവസം വെളുത്തപ്പോൾ ഞാൻ കച്ചേരിയിൽപോയി ഉണ്ടായ സംഭവത്തിനു പോലീസിലേക്കും പേഷ്ക്കാർക്കും ഹർജ്ജി എഴുതി അടിയന്തിരത്തിൽ അയച്ചിട്ടുണ്ടു്. എന്നിട്ടും ഇതുവരെ അതിനെപ്പററി യാതൊരന്വേഷണങ്ങളും നടത്തിയിട്ടില്ല. അന്നു നിങ്ങളെല്ലാം എവിടെയായിരുന്നു? അന്നു നിങ്ങൾകൂടി ഉത്സാഹിച്ചെങ്കിൽ തെളിക്കാമായിരുന്നല്ലോ?"

കുററിയഴികം ഏതു സംഗതിയും പരിഹാസ്യമായിട്ടും നേരംപോക്കായിട്ടും സംസാരിക്കുന്നതിനു് സമൎത്ഥനാണു്. എന്റെ അച്ഛൻ മാതേവൻ കറുമ്പൻചാന്നാർ അപ്പോൾ കുററിയഴികത്തിനോടിങ്ങനെ പറഞ്ഞു.—"ജ്യേഷ്ഠൻ എന്തിനാണിങ്ങനെയൊക്കെ പറയുന്നതു്. ജ്യേഷ്ഠൻ അതിൽനിന്നും വല്ലതുമൊക്കെ എടുത്തിട്ടുണ്ടെങ്കിൽ അതുപോകട്ടെ. നമ്മുടെ കാരണവന്മാർ ഉണ്ടാക്കിയതാണല്ലൊ. കുറെ നമ്മൾ വിററു തിന്നുപോയി. അത്രേ ഉള്ളല്ലോ. അതിനു നമ്മൾ ഇന്നാരോടും ഉത്തരം പറയേണ്ടതായിട്ടില്ല. ശേഷം ഇരുപ്പുള്ളതെല്ലാം എടുത്തു ശരിപ്പെടുത്തിവെച്ചാൽമതി."

കുററിയഴികത്തു കുഞ്ഞീൻ മാതേവൻ:—"എടുത്തുകൊണ്ടുപോയവരുടെ അടുക്കൽചെന്നു പറഞ്ഞോട്ടെ. അവർ എടുത്തു ചെലവാക്കി

യതിൻെറശേഷം ഒക്കെ ശരിപ്പെടുത്തിവെയ്ക്കണമെന്നു്. അല്ലാതെ എന്നോടു പറഞ്ഞാൽ നടപ്പൊന്നുമില്ല ”

ഈവിധം കുററിയഴികം പരിഹാസമായി മറുപടി പറഞ്ഞതിനാൽ ഇനി ഇതിനെപ്പററി ഒന്നും സംസാരിച്ചിട്ടു് പ്രയോജനമില്ലെന്നുമാത്രമല്ല കുററിയ്ഴികത്തിൻെറ പരിഭവം വരുമെന്നും വിചാരിച്ചു എല്ലാവരുംമടങ്ങിപ്പോയി. കുററിയഴികത്തുനിന്നു അവരെല്ലാവരും കൂടിവന്നതു് ഇവിടെ (വിളയത്തു്)ആയിരുന്നു. കുററിയഴികംപറഞ്ഞ മറുപടികേട്ടു് എല്ലാവരും മൗനം ദീക്ഷിച്ചതേയുള്ളു. കമ്മാഞ്ചേരിൽ ചിററപ്പനു മറുപടി തീരേ സഹിച്ചില്ല. ഏതെങ്കിലും പ്രതികാരം ചെയ്യണമെന്നുതന്നെ അഭിപ്രായം. “പത്തുപതിനയ്യായിരത്തിലധികം ക. വിലപിടിപ്പുള്ളതും ഇക്കാലത്തു ആരെക്കൊണ്ടും ഉണ്ടാക്കുന്നതിനു സാധ്യമല്ലാത്തതും ആയ ഈ ആഭരണങ്ങൾ അപഹരിച്ചുകൊണ്ടു് ഇപ്രകാരം നമ്മെ പരിഹസിക്കക്കൂടി ചെയ്യുന്ന ഈ കള്ളനെ ഉടൻ തല്ലിക്കൊല്ലേണ്ടതാണു്.” എന്നും മററും വളരെ കോപഭാവത്തിലും ഉടൻ കുററിയഴികത്തിനെ എന്തെങ്കിലും ഉപദ്രവിച്ചേ കഴിയൂ എന്നുള്ള സിദ്ധാന്തത്തിലും പരുഷസ്വരത്തിലും കുറെ സാഹസമായി ചിററപ്പൻ സംസാരിച്ചു. എന്തെങ്കിലും അക്രമപ്രവൃത്തികളുണ്ടായാൽ കേസുണ്ടാകുമെന്നും അപ്പോൾ പണം ചെലവാക്കേണ്ടതു് അച്ഛനാണെന്നും എനിക്കറിയാം. അതുകൊണ്ടു് ഞാൻ ചിററപ്പൻെറ അഭിപ്രായത്തെ എതിർത്തു സംസാരിച്ചു. ഉടൻതന്നെ അച്ഛൻ ഒഴിച്ചുള്ളവരെല്ലാം ഇവിടെനിന്നു് ഇറങ്ങിപ്പോയി കമ്മാഞ്ചേരിൽ ചിററപ്പൻ, വയലുവീടൻ (കുററിയഴികത്തിൻെറ സ്വന്തം മൂത്ത അനന്തരവൻ) ചക്കമെല്ലി, തയ്യിൽ കൊച്ചുകുഞ്ഞു്, വേളിക്കാടൻ, മുതൽപേരാണു് ഈ സംഘത്തിൽ ഉൾപ്പെട്ടിരുന്നതു്. ഇവർ ഇവിടെനിന്നുപോയതു് വിളയത്തുവീട്ടിനടുത്തുതന്നെയുള്ള കുററിയഴികത്തിൻെറ സ്വന്തം അനന്തരവൻ പാർക്കുന്ന വീടായ മാതച്ചൻവിളയിലായിരുന്നു. *കുററിയഴികത്തിനോടൊത്തു അവിടെ അക്കാലങ്ങളിൽ താമസിച്ച മറെറാരനന്തരവനാണു് മാതച്ചൻവിളയിൽ പപ്പു ചാന്നാർ.

കരുവാ ദേവസ്വംവക കരമൊഴിവു പന്ത്രണ്ടുപറനിലം കുററിയഴികത്തു കുടുംബത്തോടു ചേർത്തു പുരാതനകാലംമുതൽ കുററിയഴികം ശാഖ അനുഭവിച്ചുവരുന്നു. ദേവസ്വംവകയായി കുററിയഴികത്തിൻെറ കൈവശം ഇരിക്കുന്നതു് ഈ നിലത്തിനും പുറമേ 1. കുററിയഴികംപുരയിടം, 2. ടി പടിഞ്ഞാറേ പുരയിടത്തിൽ പകുതി, 3. കുളത്തിൻെറ മീനത്തെപുരയിടം. ഇത്രയും വസ്തുക്കളൊണു്.

ദേവസ്വത്തിലേയ്ക്കു ഒന്നരാടൻ ആണ്ടിൽ ഒരുക്കകൊടുക്കേണ്ടതായ ചുമതലയും കുററിയഴികത്തേക്കുണ്ടു്. ചൊവ്വാ, വെള്ളി എന്നീ ദിവസങ്ങളിൽ കുറേശ്ശെ മലരും ഈരണ്ടു കരിക്കും ക്ഷേത്രത്തിൽ കൊടുക്കണം. ആ ദിവസങ്ങളിൽ നേർച്ചക്കാരുണ്ടെങ്കിൽ അതും വേണ്ട. കുഞ്ഞീൻ മാതേവൻ കുററിയഴികത്തു കുടുംബത്തിൽ കാരണവരായ

വരുന്ന അവസരത്തിൽതന്നെ ഈ നിലത്തെ സംബന്ധിച്ചു് അയാളുടെ ശാഖയ്ക്കു ലഭിക്കത്തക്ക വിധത്തിൽ എന്തെങ്കിലും പ്രത്യേക ബാദ്ധ്യത ഉണ്ടാക്കണമെന്നു വിചാരിച്ചിരുന്നു.

1051-ാമാണ്ടു് കരുവാ നടുവിലച്ചേരിയിൽ മുളയക്കുന്നത്തു് എന്നൊരു ഗൃഹസ്ഥന്മാരുടെ വീടു തീപിടിച്ചുവെന്തുപോയി. അതിൽ വെന്തുപോയ പ്രമാണങ്ങൾക്കു മജിസ്ട്രേട്ടുകോർട്ടിൽ പട്ടിക കൊടുത്തപ്പോൾ കുററിയഴികം, ആ വീട്ടുകാരെ സ്വാധീനപ്പെടുത്തി പന്ത്രണ്ടു പറ നിലത്തിനു കുററിയഴികത്തു മുമ്പുണ്ടായിരുന്ന ഒരു കാരണവൻ 2500 പണത്തിനു അവക്കു് എഴുതിക്കൊടുത്തിട്ടുണ്ടായിരുന്ന ഒരു ഒററിയാധാരം കൂടി നശിച്ചുപോയി എന്നു് അവരെക്കൊണ്ടു പട്ടികകൊടുപ്പിച്ചു. ആയിടയ്ക്കുതന്നെ അവരെക്കൊണ്ടു് ഒരു ഒഴുകുറി കുററിയഴികത്തിന്റെ തള്ളയുടെ പേർക്കു് എഴുതിച്ചുവയ്ക്കുകയും ചെയ്തു. ഇങ്ങനെ കുററിയഴികത്തു കുഞ്ഞീൻ മാതേവൻ മേൽപ്പറഞ്ഞ ദേവസ്വം വക നിലത്തിനു രണ്ടായിരത്തിഅഞ്ഞൂറു പണത്തിന്റെ ഒരു പ്രത്യേക ബാദ്ധ്യത ഉണ്ടാക്കി ആ നിലം തന്റെ സ്വന്തംപോലെ കൈവശം വെച്ചു് അനുഭവിച്ചുവരികയായിരുന്നു. കുററിയഴികത്തിന്റെ സ്വന്തം അനന്തരവനായ മേൽപ്പറഞ്ഞ പൽപ്പുവിന്റെ സഹോദരി കൊച്ചാളിയ്ക്കായിട്ടു കുററിയഴികം മേൽപ്പറഞ്ഞ ഒററിബാദ്ധ്യത 1075-ാമാണ്ടു വായോല കൊടുത്തിരുന്നു. കുററിയഴികം മരിക്കുമ്പോൾ ആ നിലം അവൾക്കു സിദ്ധിക്കണമെന്നാണു് അയാളുടെ ഉദ്ദേശം. അതുകൊണ്ടു് ഇങ്ങനെ നിലം അവൾക്കു വായോല എഴുതിവെച്ചുവെങ്കിലും അനുഭവത്തിനു വിട്ടുകൊടുത്തില്ല നിലം കുററിയഴികംതന്നെ കൃഷിചെയ്തു് അനുഭവിച്ചുവരികയാണു്. ഈ നിലത്തിനു കുററിയഴികം മുതൽപേർ ജനിപ്പിച്ചിരിക്കുന്ന ആധാരം കളവാണെങ്കിലും ആ ആധാരത്തിന്റെ പ്രത്യേകാവകാശത്തിന്റെ ഓഹരി, ചിററപ്പൻ, വയലുവീടൻ, ചക്കമെല്ലി എന്നിവർക്കുകൂടി വേണമെന്നും അവരുടെപേരിൽ അതിനെ ആക്കിവെച്ചില്ലെങ്കിൻ മാതച്ചൻ വിളയിൽ പല്പുവിനെ കൊല്ലുമെന്നും പറഞ്ഞു ചിററപ്പൻ മുതൽപേർ അവനെ പിടികൂടി. അവൻ ഭയപ്പെട്ടു വിറച്ചു് അവർ പറയുംപ്രകാരം ചെയ്തുകൊടുക്കാമെന്നു സമ്മതിച്ചു. പല്പു ഇപ്രകാരം സമ്മതിച്ചിരിക്കുന്ന വിവരം ചിററപ്പൻ മുതൽപേർ ഇവിടെ (വിളയത്തു്) വന്നു് അച്ഛനോടു പറഞ്ഞു. അച്ഛനും പുത്തൻവീട്ടിൽ ചിററപ്പനും (അച്ഛന്റെ നേരേ അനുജൻ) കൂടി അന്നു് അഞ്ചൽ നെട്ടേത്തു് ഒരു അടിയന്തിരത്തിനു പോകുന്നു. പുത്തൻവീട്ടിൽ ചിററപ്പന്റെ സംബന്ധം അഞ്ചൽ നെട്ടേത്തു വലിയച്ഛന്റെ മകളാണു്. കമ്മാഞ്ചേരിൽ ചിററപ്പൻ മുതൽപേരാണു് പല്പുവിനെ ഭയപ്പെടുത്തി നിലത്തിന്റെ ഒററിയവകാശം ഒഴിഞ്ഞെഴുതിതരുന്നതിനു് അവരെ സമ്മതിപ്പിച്ചിരിക്കുന്നതു്.

ഈ സന്ദർഭത്തിൽ അച്ഛൻ എന്നോടു് ഇപ്രകാരം പറഞ്ഞു:—

“നീ കൂടെ അടുത്തദിവസം കച്ചേരിയിൽപോയി ആ പ്രമാണ

മെഴുത്തു നടത്തണം. എന്റെയും ചക്കമെല്ലിയുടേയും വയല്വവീടന്റെയും പേക്ക് നിലത്തിന്റെ ഒററി വായോല എഴുതിവാങ്ങണം. ഒററി വായോലയിൽ പ്രതിഫലം പററുവിവരം പറയുമ്പോൾ വായോല വാങ്ങുന്ന കക്ഷികൾ മൂന്നുപേരുടേയും ശാഖാകുടുംബംവക അൎത്ഥമാണെന്നു പറയണം.”

ഇപ്രകാരം വ്യവസ്ഥചെയ്തിട്ട് അച്ഛനും മററും അഞ്ചലേക്കുപോയി. പിറേറന്നു രാവിലെ കമ്മാഞ്ചേരിൽ ചിററപ്പനും ചക്കമെല്ലിയും വയല്വവീടനും വീട്ടിൽ വന്നു. മാതച്ചൻവിളയിൽ പപ്പു അയാളുടെ സഹോദരി കൊച്ചാളി എന്നവരോടുകൂടി ഹാജരായി. എല്ലാവരെയും എന്റെ സ്വന്തം വള്ളത്തിൽ കയററി ഞാൻ കച്ചേരിക്കുപോയി. പപ്പുവിന്റെ സഹോദരിയെക്കൊണ്ടു ഒററി വായോല ആധാരം എഴുതി രജിസ്റ്റ്രാക്കിച്ചു. അച്ഛൻ പറഞ്ഞപ്രകാരമാണെഴുതിയതു്. കുററിയഴികത്തു കുഞ്ഞീൻമാതേവൻ അറിയാതെയാണ് ഈ കാര്യം നടത്തിയതു്. അയാൾ ഇതറിയുമ്പോൾ അയാൾക്കു് രോഷം ജനിക്കാതിരിക്കയില്ല. പപ്പു ഇപ്രകാരം ചെയ്തതിനു് അവനെയും സഹോദരിയേയും കുററിയഴികം എന്തെല്ലാം ചെയ്യുമെന്നു് ആൎക്കും നിശ്ചയമില്ല. ഞങ്ങൾ കച്ചേരിയിൽ നിന്നു മടങ്ങിവരുമ്പോൾ ‘കുററിയഴികത്തിന്റെ കൈവശമിരിക്കുന്ന തറവാട്ടു വസ്തുക്കളിൽനിന്നു അടുത്ത ദിവസംതന്നെ തേങ്ങാ വെട്ടിക്കണം. അതുകൂടി സാധിച്ചിട്ടുമാത്രമേ നമ്മുടെ സങ്ഘം പിരിയാവൂ’ എന്നും മററും ചിററപ്പൻ വള്ളത്തിൽ ഇരുന്നു് ഒരു ആലോചന തുടങ്ങി. അതിനു പോലീസു കേസുണ്ടാകുമെന്നും അപ്പോൾ അച്ഛന്റെ കൈയിൽനിന്നു പണം ചെലവാക്കേണ്ടിവരുമെന്നും വിചാരിച്ചു ഞാൻ ഈ ആലോചനയെ തടഞ്ഞു. അഞ്ചൽനിന്നു് അച്ഛനും ചിററപ്പനും വന്നിട്ടുവേണം ഇങ്ങനെയുള്ള കാര്യങ്ങൾ ആലോചിക്കേണ്ടതു്. അല്ലാതെ വല്ലതും പ്രവൎത്തിച്ചാൽ തത്സംബന്ധമായി പണച്ചെലവു വല്ലതും വരുമ്പോൾ അതിനു് ആളില്ലാതെ വരും’ എന്നു് ഞാൻ പറഞ്ഞു. എന്റെ വാക്കിനെ എതിർത്തു ആരും പറഞ്ഞില്ല ഞങ്ങളെല്ലാം മടങ്ങിവന്നു. ഞാൻ വീട്ടിലേക്കു പോന്നു. മററുള്ളവരും പിരിഞ്ഞു പോയി. പിറേറന്നാൾ നേരം ഉച്ചയായപ്പോൾ അടിയിൽ വിവരിക്കുന്ന പ്രകാരം ഒരു ജനശ്രുതി ഞാൻ കേട്ടറിഞ്ഞു.

„ഇന്നു രാവിലെ കരുവാനിന്നു ചിററപ്പൻ വന്നു് ആളയച്ചു വിളിപ്പിച്ചു്, ചക്കമെല്ലി, തയ്യിൽ കെച്ചുകുഞ്ഞു്, വേളിയ്ക്കാട്ടു കൊജ്ഞാതൻ, ടി യിൽ കൊച്ചുകൃഷ്ണൻ, ടി യിൽ പദ്മനാഭൻ, ടി യിൽ കൃഷ്ണൻ, തയ്യിൽ ശേഖരൻ, കിഴക്കേ പുത്തൻപുരയിൽ കൊജ്ഞാതൻ, മുതലായ ആളുകളെ ചേൎത്തു്; കുററിയഴികത്തു ചെന്നു ദേവസ്വം സ്വൎണ്ണാഭരണങ്ങൾ പരിശോധിക്കുന്നതിനായി കുററിയഴികത്തിനോടു പുരകളുടെ താക്കോലുകൾ ആവശ്യപ്പെട്ടതിൽ കൊടുക്കാഞ്ഞതിനാൽ കുററിയഴികത്തിനോടു അവർ താക്കോലുകൾ ബലമായി പിടിച്ചുപറിച്ചു് തട്ടുപുരകൾ തുറന്നു പരിശോധിച്ചിരിക്കുന്നു എന്നും തിരുമുറയ

ല്ലാതെ മറെറാരു ആഭരണങ്ങളും കാണുന്നില്ലെന്നും കുററിയഴികത്തിനെ വിട്ടാൽ വല്ല കള്ളക്കേസുകളും ഉണ്ടാക്കുമെന്നു ഭയന്നു് അവർ കുററിയഴികത്തിനെ തടഞ്ഞുവച്ചിരിയ്ക്കുയാണെന്നും താക്കോലുകൾ പിടിച്ചുപറിച്ചപ്പോൾ കുററിയഴികത്തിനെ അല്പംചില ഉപദ്രവങ്ങൾ ചെയ്തു എന്നും ചിററപ്പൻ മുതൽപ്പേർ കുററിയഴികത്തിനെ അന്യായമായി തടങ്കലിൽ വച്ചിരിക്കുന്നു എന്നും' മററുമുള്ള ജനശ്രുതിയാണു ഞാൻ കേട്ടതു്.

“ഏതായാലും ഞാൻ ഇന്നലെ പറഞ്ഞതിനു വിപരീതമായിട്ടാണല്ലോ ഇവർ ഈവിധമൊക്കെ പ്രവത്തിച്ചതു്.” എന്നൊരതൃപ്തിയാണിവരോടെനിക്കുണ്ടായതു്. ഞാൻ ഒരുദാസീനനിലയെ അവലംബിച്ചതല്ലാതെ ഒന്നിനും പോയില്ല. എങ്കിലും ഈ പ്രവൃത്തിയിൽ ചേന്നവരെ കാണുമ്പോൾ ഇതു ശരിയായില്ല എന്നു ഞാൻ പറയുമായിരുന്നു. ഇങ്ങനെ നാലഞ്ചുദിവസം കഴിഞ്ഞു എന്നിട്ടും കുററിയഴികത്തിനെ ഇവർ സ്വതന്ത്രനായി വിട്ടില്ല. അവരുടെ ബന്ധവസ്സിൽതന്നെ വച്ചിരിക്കയാണു്. ആഹാരം അവർ കൊടുപ്പിക്കും. അതുമാത്രം. മലമൂത്ര വിസർജ്ജനത്തിനു പോകുമ്പോൾ തടവുപുള്ളികളെ പോലീസുകാർ സൂക്ഷിച്ചു കൊണ്ടുപോയി തിരിയെ കൊണ്ടുവന്നു സ്വസ്ഥാനത്തു് എത്തിക്കുന്നതുപോലെ ഇവർ കുററിയഴികത്തിനെ സൂക്ഷിച്ചു് ഇവരുടെ ബന്തവസ്സിൽതന്നെ വച്ചിരുന്നു. ഇങ്ങനെ നാലഞ്ചുദിവസം കഴിഞ്ഞപ്പോൾ ഒരുദിവസം ഒരു ഹെഡ്കാൺസ്റ്റബിളും രണ്ടു കാൺസ്റ്റബിൾമാരും ഇവിടുത്തെ (വിളയത്തെ) ഇടവഴിയിൽകൂടി വളരെവേഗത്തിൽ പോകുമ്പോൾ വെററില മുറുക്കുന്നതിനായി കയറിവന്നു.

‘കുററിയഴികത്തെന്നൊരു വീട്ടിൽ ഒരു വയസ്സനെ അനന്തരവർകൂടി പിടിച്ചുകെട്ടി നിരാഹാരനാക്കി ബന്തവസ്സിൽ വച്ചിരിക്കുന്നു എന്നും അയാൾ മരിക്കാറായികിടക്കുന്നതിനാൽ ഉടൻ മരണമൊഴി വാങ്ങിക്കണമെന്നും മററും ആ വയസ്സന്റെ മകൻ ഡിസ്ത്രിക്ടു മജിസ്ത്രേട്ടിൽ ഹരജി കൊടുത്തുണ്ടായ ഉത്തരവനുസരിച്ചു് അതിനായി വന്നിരിയ്ക്കുയാണെന്നും ഉടൻ സ്ഥലത്തെത്തി മൊഴി വാങ്ങിയ്ക്കേണ്ടിയിരിക്കുന്നതിനാൽ ഞങ്ങൾക്കു് ഉടൻതന്നെ അവിടെ എത്തണം എന്നും മററും അവർ പറഞ്ഞു. ഹരജി എന്നെ കാണിച്ചു.’

‘കാര്യം കുറച്ചൊക്കെ പരമാത്ഥമാണെന്നു് എനിക്കറിയാം. എങ്കിലും ആ വയസ്സൻ മരണമൊഴി വാങ്ങിക്കത്തക്ക വിധത്തിൽ അപകടത്തിലായിട്ടില്ലെന്നു് എനിക്കു നല്ലപോലെ അറിയാം. അതുകൊണ്ടു് നിങ്ങൾ സാവകാശമായി പോയാൽ മതിയാവും. അത്ര ബദ്ധപ്പെടണമെന്നില്ല.’ എന്നും മററുമുള്ള പരമാത്ഥം ഞാൻ അവരോടു പറഞ്ഞു.

ഹെഡ്കാൺസ്റ്റബിൾ തിരുവനന്തപുരത്തുകാരൻ ഒരു നായരാണു്. കൊല്ലത്തു വന്നിട്ടു നാലുദിവസംപോലും തികഞ്ഞില്ല. കൂടെ

യുണ്ടായിരുന്ന കാൺസ്റ്റബിൾമാർ എന്നെ അദ്ദേഹത്തിനു പരിചയപ്പെടുത്തി. ഈ സംഗതിയും ഇതിൽപ്പെട്ട കക്ഷികളും ഞാനുമായിട്ടുള്ള ബന്ധങ്ങളൊന്നും ഈ പോലീസുദ്യോഗസ്ഥന്മാർക്കറിഞ്ഞുകൂടാ. ഞങ്ങൾ കൊല്ലത്തുനിന്നു മടങ്ങിവന്നപ്പോൾ ഞാൻ പറഞ്ഞതിനു വിരോധമായിട്ടാണ് ഇവർ കുററിയഴികത്തു പ്രവേശിച്ച് ഇപ്രകാരമൊക്കെ പ്രവർത്തിച്ചതു്. അതിനുശേഷം ഇവരിൽ ചിലരെ ഞാൻ കണ്ടപ്പോൾ ഈ പ്രവൃത്തി തെററാണെന്നു പറഞ്ഞിട്ടും അവർ ആരും തന്നെ അതിനെ വകവച്ചില്ല. കുററിയഴികത്തിൻെറ മക്കൾ എൻെറ കുടുംബത്തിൽപ്പെട്ട ആളുകളാണ്. അവരുടെ അച്ഛനു് ഇപ്രകാരം ആപത്തു പററിയതു കേട്ടറിഞ്ഞു് അവർ കുററിയഴികത്തു ചെന്നു. അവരുടെ അച്ഛനെ തടഞ്ഞുവച്ചിരിക്കുന്ന ആളുകളോടു് അച്ഛനെ കാണുന്നതിനായി അപേക്ഷിച്ചതിൽ അവർ അനുവദിച്ചില്ലെന്നും മദ്ധ്യസ്ഥന്മാർമൂലം അപേക്ഷിച്ചിട്ടും അനുവദിക്കാഞ്ഞതിനാൽ അവർ വളരെ മനസ്താപത്തോടുകൂടിയാണ് പോയതെന്നും അതുകൊണ്ടാണ് അവർ ഇങ്ങനെ പ്രവർത്തിച്ചതെന്നും ഞാൻ പോലീസുകാരെ മനസ്സിലാക്കി. ഇത്രയും കാരണങ്ങളാൽ കുററിയഴികത്തിനോടിപ്രകാരം പ്രവർത്തിച്ചവരോടു ശരിയായ പ്രതിക്രിയ ചെയ്യുന്നവരെ സഹായിക്കണമെന്നു് എനിക്കു വിചാരമുണ്ടായി. എൻെറ ഇഷ്ടം ഈ കാര്യത്തിൽ എങ്ങനെയാണോ അപ്രകാരം ഈ പോലീസുകാർ നിന്നു കൊള്ളാമെന്നു് അവർ എന്നോടു വാഗ്ദാനം ചെയ്തിട്ടുണ്ട്. എങ്കിലും എൻെറ ആശയം എന്താണെന്നും ഞാൻ ഏതു കക്ഷിയിലാണെന്നും അറിയുന്നതിനു് അവർ ആവശ്യപ്പെട്ടുമില്ല ഞാൻ പറഞ്ഞുമില്ല. പോലീസുകാരുടെ ഉദ്ദേശം വേറൊന്നായിരുന്നു. ഞാൻ ഇതിൽ ഒരു ഭാഗത്തിലും ഉൾപ്പെട്ടവനല്ലെന്നും സ്ഥലത്തു ചെല്ലുമ്പോൾ കൂടുതൽ പണം പോലീസുകാർക്കു കൊടുക്കാൻ തയ്യാറുള്ള കക്ഷിയെ പിടിച്ചു് അവർക്കു കൂടുതൽ പണം മേടിച്ചുകൊടുക്കാൻ ഞാൻ അവരെ സഹായിക്കുമെന്നുമായിരുന്നു. ഏതായാലും എൻെറ അന്തർഗ്ഗതം കുററിയഴികത്തിനെ തടുത്തുവെച്ചിരിക്കുന്നവർക്കു വിപരീതമായിട്ടും അവരെ ഇതിൽ ഒരു നല്ല പാഠം പഠിപ്പിക്കണമെന്നുമായിരുന്നു.

ഞങ്ങൾ (പോലീസുകാരും ഞാനും) ഒരുമിച്ചു കുററിയഴികത്തെത്തി. അപ്പോൾ ഉച്ചതിരിഞ്ഞു മൂന്നുമണി സമയമാണ്. കുററിയഴികത്തിൻെറ മക്കളുടെ ഹറാജിപ്രകാരം പോലീസുകാർ വരുമെന്നും വന്നിട്ടുണ്ടെന്നും കുററിയഴികത്തിനു മനസ്സിലായിട്ടുണ്ട്. കുററിയഴികത്തിനെ തടഞ്ഞിരിക്കുന്നതിൽ പ്രധാനിയായ കമ്മാഞ്ചേരിൽ ചീറപ്പൻെറ ഒരു പ്രധാന ശത്രുവും നടുവിലച്ചേരിയിൽ കുറേ സ്വാധീനശക്തിയുള്ളവനും ആയ മാവഴികത്തു നാരായണൻ കുററിയഴികത്തിൻെറ മക്കളെ സഹായിക്കുന്നതിനു ഒരുങ്ങിഇറങ്ങിയിട്ടുണ്ട്. കുററിയഴികത്തിൻെറ മക്കൾ അന്നു് താമസിക്കുന്നതു് കുററിയഴികം അവർക്കു കൊടുത്തതായി മുൻപറഞ്ഞിട്ടുള്ള പ്രാക്കുളത്തുള്ള മണ്ണാശ്ശേരിൽ എന്ന വീട്ടിലാണ്. അവർ അന്നു് ഒരുവിധം നല്ലനിലയിൽ

ഇരിക്കുകയാണു്. കുററിയഴികത്തിന്റെ സഹായത്തോടുകൂടി (പൊന്നുവിററ പണത്തിന്റെ സഹായംകൊണ്ടു്) അവർക്കു് തൊണ്ടുമുതലും കയററുകച്ചവടവുമൊക്കെയുണ്ടു്. ഏകദേശം മൂവ്വായിരം രൂപയുടെ കച്ചവടം അന്നവക്കുണ്ടു്. അവരും മേൽപ്പറഞ്ഞ മാവഴികത്തു നാരായണനുംകൂടി അവക്കു കക്ഷിയായിനിന്നു സഹായിക്കുന്നതിനു് അവിടുത്തെ പ്രധാനിയായ ഈഴവരഴികത്തു ശങ്കരപ്പിള്ളയേയും സ്വാധീനപ്പെടുത്തിവച്ചിട്ടുണ്ടു്. ഇതെല്ലാം കുററിയഴികത്തിന്റെ ആലോചനയോടും അറിവോടും കൂടിയാണു്. കുററിയഴികത്തിനെ തടഞ്ഞുവച്ചിരിക്കുന്നവരുടെ കക്ഷിയിൽ ചേർന്നുനിന്നുംകൊണ്ടു് ചിലർ കുററിയഴികത്തിനെ സഹായിക്കുന്നുണ്ടു്. കുററിയഴികം അവരെ ദൂതന്മാരാക്കിയാണു് ഇങ്ങനെ ഒരു സംഘം രൂപീകരിച്ചതു്. ഈ സംഘത്തിന്റെ ഉത്സാഹംകൊണ്ടു പോലീസുകാർ ഇന്നുവരുമെന്നും വന്നിട്ടുണ്ടെന്നും കുററിയഴികം അറിഞ്ഞുകഴിഞ്ഞു. പോലീസുകാരും ഞാനും കുററിയഴികത്തുചെന്നപ്പോൾ, കുററിയഴികം ചാവടിയിൽ അവശതനടിച്ചു കിടക്കുകയാണു്. അപ്പോൾ അവിടെ കുററിയഴികത്തിനെ തടഞ്ഞു കാത്തുവെച്ചുകൊണ്ടിരിക്കുന്നതു് വയല്യവീട്ടിൽ രാമൻ, (കുററിയഴികത്തിന്റെ സ്വന്തം ശേഷക്കാരിൽ മൂത്തയാൾ) തയ്യിൽ കൊച്ചുകുഞ്ഞു് (കുററിയഴികത്തിന്റെ മറെറാരു സ്വന്തം അനന്തരവൻ, വേളികൊട്ടു കൊഞ്ഞാതൻ, ടിയിൽ കൊച്ചുകണ്ണൻ, ടിയിൽ കൃഷ്ണൻ) (ഇവർ മൂവരും അച്ഛന്റെ സ്വന്തം അനന്തരവരാണു്) പുത്തൻപുരയിൽ മാധവൻ (കൊഞ്ഞാതൻ) എന്നിവരായിരുന്നു.

കുററിയഴികത്തിനെ ഹെഡ്കാൺസ്റ്റബിൾ വിളിച്ചു. അപ്പോൾ കണ്ണുതുറന്നു മരണഗോഷ്ടികൾ അഭിനയിച്ചുതുടങ്ങി. വെള്ളം കുടിക്കണമെന്നു ആംഗ്യംകാണിച്ചു കുറെ കഞ്ഞിവെള്ളം വരുത്തികൊടുത്തു. അതു കുടിച്ചു മിണ്ടാതെ കിടന്നു. കുറേനേരം കഴിഞ്ഞപ്പോൾ വീണ്ടും കഞ്ഞിവേണമെന്നാംഗ്യംകാണിച്ചു. വീണ്ടും കഞ്ഞിവരുത്തിക്കൊടുത്തു അപ്പോഴേക്കു ഈഴവരഴികത്തു ശങ്കരപ്പിള്ള, മാവഴികത്തു നാരായണൻ, മുതൽപേർ അവിടെ വന്നുചേർന്നു. കുററിയഴികത്തിനോടു ഹെഡ്കാൺസ്റ്റബിൽ മൊഴി ആവശ്യപ്പെട്ടു. കുററിയഴികം സംസാരിക്കാൻ ശക്തിയില്ലെന്നു വീണ്ടും ആംഗ്യം കാണിക്കുന്നു. സാവകാശമായും ശക്തിപോലെയും പറഞ്ഞാൽ മതിയാവുമെന്നു ശങ്കരപ്പിള്ള മുതൽപേർ പറഞ്ഞു സമ്മതിപ്പിച്ചു. അപ്പോഴേക്കു് അവിടെ ഉണ്ടായിരുന്നവരെയെല്ലാം (കുററിയഴികത്തിനെ തടഞ്ഞിരുന്നവരെ) പോലീസുകാർ ഒരററത്തു മാററിനിർത്തി കാത്തുസൂക്ഷിച്ചിട്ടുണ്ടു്. കുററിയഴികം ഒരുമണിക്കൂർ സമയംകൊണ്ടു മരണമൊഴിയെന്നുള്ള ഭാവത്തോടുകൂടി ഇപ്രകാരം പറഞ്ഞു:—

"ഇവിടെ ഒരു പഴയ തറവാടാണു്. ഇതിന്റെ അവകാശികൾ പല സ്ഥലങ്ങളിലായി താമസിക്കുകയാണു്. കിളികൊല്ലൂർ കാവനാട്ടുകാരാണു് ഇതിന്റെ പ്രധാനപ്പെട്ട അവകാശികൾ. അവക്കും ഞങ്ങൾക്കുംകൂടിപൊതുവായിട്ടുള്ളതാണു കരുവാദേവസ്വം. ആദേവസ്വം

വകയായി കൊടി, ജീവത, ആനച്ചമയം മുതലായ സ്വർണ്ണാഭരണങ്ങൾ ഇവിടെയാണുവെച്ചു സൂക്ഷിച്ചിരിക്കുന്നതു്. ദേവസ്വം ഭരിക്കുന്നതു് ഞങ്ങളുടെ പൊതുപ്പെട്ട കാരണവനായ കാവനാട്ടു മൂത്തചാന്നാരാണു്. ദേവസ്വം സ്വർണ്ണാഭരണങ്ങൾ അവർ എന്നെ ഏൽപ്പിച്ചും വിശ്വസിച്ചും വച്ചിരിക്കയായിരുന്നു. വിളയത്തു കറമ്പൻ (എന്റെ അച്ഛൻ) എന്നവനും അവന്റെ അനുജന്മാരും കൂടി അവരുടെ സ്വന്തം ശേഷക്കാർക്കു് ഒരു പ്രത്യേകക്ഷേത്രം ഉണ്ടാക്കിയിട്ടുണ്ടു്. ആ ക്ഷേത്രം കുറെ തെക്കുപടിഞ്ഞാറാണു്, വേളിക്കാട്ടു എന്നാണവിടുത്തെ പേർ. ഇവിടെയിരുന്ന കൊടി, ജീവതമുതലായ സ്വർണ്ണാഭരണങ്ങൾ ഇവിടെ ഇരിക്കുന്ന പക്ഷം ഒട്ടുവളരെ അവകാശികളുടെ വകയായിട്ടിരിക്കുന്നതല്ലാതെ വിളയത്തു കറമ്പന്റെ ശാഖയ്ക്കു സ്വന്തമായി ഇരിക്കുന്നതല്ലാത്തതുകൊണ്ടു് എനിക്കു വല്ലതും ഒരു പ്രതിഫലം തരാമെന്നും സ്വർണ്ണാഭരണങ്ങൾഎല്ലാം എടുത്തു ടി കറമ്പന്റെ സ്വന്തം ശാഖയിലെ ക്ഷേത്രത്തിൽ കൊണ്ടുവയ്ക്കുന്നതിനു ഞാൻ സമ്മതിക്കണമെന്നും കുറേനാളായി അവർ എന്നെ നിർബന്ധിച്ചുകൊണ്ടിരിക്കയായിരുന്നു. കറമ്പനും അവന്റെ അനുജൻ കൊച്ചോതനും ഇളയ അനുജൻ പത്മനാഭനും കൂടിയാണു് എന്നെ ഇങ്ങനെ നിർബന്ധിച്ചതു്. ഞങ്ങളുടെ ഇടയിലുള്ള മററു ശാഖക്കാരെക്കൂടി ഈ കറമ്പൻ സ്വാധീനപ്പെടുത്തിയിട്ടുണ്ടു്. ഇവിടെ ഇരുന്നാൽ ഈ ആഭരണങ്ങൾ കിളികൊല്ലൂർ കാവനാട്ടുകാരുടെതു കൂടി ആയിരിക്കുന്നതല്ലാതെ നമ്മുടെ സ്വന്തമാവുകയില്ലെന്നും അതുകൊണ്ടു് ഉടൻതന്നെ ഇവിടെനിന്നും അവ എടുത്തു കറമ്പന്റെ ശാഖയുടെ വകയായ വേളിക്കാട്ടുക്ഷേത്രത്തിൽ കൊണ്ടുപോയി വൈയ്ക്കണമെന്നും പറഞ്ഞു കറമ്പൻ മുതൽപേർ ഇന്നേക്കു ഒരു ആറുദിവസത്തിനുമുമ്പു് ഒരു ദിവസം ഇവിടെവന്നു് എന്നെ നിർബന്ധിച്ചു. അതു് സാധിക്കയില്ലെന്നു് ഞാൻ ഉറപ്പായി പറഞ്ഞപ്പോൾ കറമ്പനും അവന്റെ അനുജന്മാരും ശേഷക്കാരും കൂടി വന്നു് എന്നെ പിടിച്ചുകെട്ടി താക്കോലുകൾ കരസ്ഥപ്പെടുത്തി തട്ടുപുരകൾതുറന്നു കൊടി, ജീവതമുതലായവ എടുത്തു കൊണ്ടുപോയി. എന്നെ വിട്ടാൽ ഞാൻ ആവലാതി ബോധിപ്പിക്കുമെന്നു വിചാരിച്ചു. എനിക്കു അന്നുമുതൽ യാതൊരു ഭക്ഷണങ്ങളും തരാതെ കൊല്ലുന്നതിനായി ബന്തവസ്സിൽ വച്ചു സൂക്ഷിച്ചിരിക്കുകയാണു്. ഇന്നു് ആറുദിവസമായിട്ടു് ഇന്നാണു് ഞാൻ കഞ്ഞിവെള്ളം കുടിച്ചതു്. എനിക്കു നിവൃത്തിയില്ലാത്ത അവശതകളും തളർച്ചകളുംഉണ്ടു്. ഞാൻ ഇനി ജീവിക്കുന്ന കാര്യം എനിക്കു സംശയമാണു്."

കുററിയഴികം ഇത്രയും പറഞ്ഞിട്ടു് കണ്ണുമടച്ചു അവശതഭാവത്തിൽ കിടപ്പായി. കുററിയഴികവും മക്കളും ഈഴവരഴികത്തു ശങ്കരപ്പിള്ളയും മാവഴികത്തു നാരായണനും കൂടി അച്ഛൻ മുതൽ പേരെ അപകടത്തിൽ ചാടിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനമാണു് കുററിയഴികത്തിന്റെ മൊഴിയിൽകാണുന്നതു് കുററിയഴികത്തിനെ സഹായിക്കുന്നതിനായി ചെന്ന എന്റെ ഹൃദയം, കുററിയഴികത്തിന്റെ അടിസ്ഥാനംകണ്ടപ്പോൾ മറിഞ്ഞു. കുററിയ

ഴികത്തിനെ തടഞ്ഞുവയ്ക്കുന്നതിനു രണ്ടുദിവസം മുമ്പെയാണ് അച്ഛൻ മുതൽപേർ അഞ്ചൽ അടിയന്തരത്തിനു പോയതു്. (ഈ വിവരം മുമ്പെ പ്രസ്താവിച്ചിട്ടുണ്ടല്ലോ) ദേവസ്വംവക സ്വർണ്ണാഭരണങ്ങൾ ധൈര്യസമേതം അപഹരിച്ചു കൈവശപ്പെടുത്തിയവനായ കുററിയഴികം ആ കേസ്സ് അച്ഛൻ മുതൽപേരുടെ മേൽ ആരോപിക്കുന്നതിനാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു്. വെളിക്കോട്ടു ഒരു ക്ഷേത്രം ഉള്ളതും ആ ക്ഷേത്രത്തിലേക്ക് നേർച്ചകളായി സിദ്ധിച്ചിട്ടുള്ള സ്വർണ്ണങ്ങളോടുകൂടി അതിന്റെ ഉടമസ്ഥനായ വെളിയ്ക്കോട്ടു മാധവൻ അയ്യൻ ചാന്നാർ സ്വന്തമായി കുറേസ്വർണ്ണം ചേർത്തു ആയിരത്തിൽപരം പണമിട സ്വർണ്ണംകൊണ്ടു ഒരു ആനച്ചമയം ഉണ്ടാക്കിച്ചിട്ടുള്ളതും ആ ക്ഷേത്രവും അതോടുകൂടി മേൽപ്പറഞ്ഞ ആനച്ചമയവും മററു സ്വത്തുക്കളുംകൂടി അദ്ദേഹത്തിന്റെ പെൺമക്കൾക്കായി അദ്ദേഹം കൊടുത്തിട്ടുള്ളതുമാണ്. അവർ അച്ഛന്റെ ശേഷക്കാരികളുമാണ്. കമ്മാഞ്ചേരിൽ ചിററപ്പൻ കുററിയഴികത്തിന്റെ നേർക്ക പല ഉപദ്രവങ്ങളും പ്രവർത്തിച്ചിട്ടുള്ളതിന് പണച്ചെലവു ചെയ്യുന്നതു് അച്ഛനാകയാൽ അച്ഛൻ മുതൽപേരുടെ പേരിൽ ഇങ്ങനെ ഒരു കേസുണ്ടാക്കി പണവും സ്വാധീനശക്തിയും കൊണ്ടു സ്ഥാപിച്ചുകളയാമെന്നും വെളിക്കോട്ടു ക്ഷേത്രത്തിൽ ഇരിക്കുന്ന ആനച്ചമയം കുററിയഴികത്തിരുന്നതാണെന്നു വരുത്തി കേസു ബലപ്പെടുത്തിക്കൊള്ളാമെന്നും വിചാരിച്ചുറച്ചും കൊണ്ടാണ് കുററിയഴികം മുതൽപേർ ആരംഭിച്ചിരിക്കുന്നതു്. മേൽപ്രകാരം കുററിയഴികത്തിന്റെ മരണമൊഴി വാങ്ങിത്തീർന്നുടൻതന്നെ ഈഴവരഴികത്തു ശങ്കരപ്പിള്ള ഹെഡ് കാൺസ്റ്റബിളിനെയും വിളിച്ചുകൊണ്ടു ഈഴവരഴികത്തേക്കുപോയി. കുററിയഴികത്തിനെ തടഞ്ഞുവച്ചുംകൊണ്ടിരുന്നവരിൽ പ്രധാനപ്പെട്ടവരായ കമ്മാഞ്ചേരിയിൽ ചിററപ്പനേയും ചക്കമെല്ലിയേയും അവിടെ കണ്ടില്ല. കുററിയഴികത്തിന്റെ മക്കൾ കൊടുത്തിട്ടുള്ള ഹരജിയിൽ അവരും പ്രതികളാണ്. അവരെ രണ്ടുപേരേയും ഞാൻ സ്വകാര്യമായി അന്വേഷിച്ചതിൽ ഇന്നു പോല്ലീസുകാർ പക്ഷേ വന്നേക്കുമെന്നറിഞ്ഞു മാറിനില്ക്കുകയാണെന്നറിഞ്ഞു. അഞ്ചരമണിയോടുകൂടി ഹെഡ്കാൺസ്റ്റബിൾ ഈഴവരഴികത്തുനിന്നു വന്നു. 'കുററിയഴികം പറഞ്ഞിട്ടുള്ളതൊക്കെ പരമാർത്ഥമാണെന്നും അതുപ്രകാരം കേസെടുക്കേണ്ടതാണെന്നും ഊർജ്ജിതമായി കേസു നടത്തിച്ചുകൊള്ളാമെന്നും, മററും ശങ്കരപ്പിള്ളയവർകൾ ഹെഡ്കാൺസ്റ്റബിളിനോടു പറഞ്ഞിരിക്കുന്നു എന്നും മററും അയാൾ എന്നോടുപറഞ്ഞു. ഇനിയെന്താണു വേണ്ടതെന്നു എന്നോടു അവർ ആലോചിച്ചപ്പോൾ നടന്ന പരമാർത്ഥമൊക്കെ അവരെ ഞാൻ ധരിപ്പിച്ചു. അതു് അവർ വിശ്വസിക്കയും ചെയ്തു. ഏതായാലും ഹർജിയിൽ പറയുന്ന പ്രതികളിൽ അവിടെ ഉണ്ടായിരുന്നവരെ അറസ്റ്റു ചെയ്തു് ഒന്നു ഭയപ്പെടുത്തി ഇവിടെ (വിളയത്തു) കൊണ്ടുവന്നു അപ്പോൾ രാത്രി ഒൻപതു് (9) മണിയാവും. ഞാൻ പിറേറദിവസം അവരെ കച്ചേരിയിൽ ഹാജരാക്കാമെന്നു പോലീസുകാരോടു നിർബ്ബന്ധിച്ചുപറഞ്ഞു. അവർ അപ്ര

കാരം സമ്മതിച്ചു പോകയുംചെയ്തു. സ്ഥലത്തുവന്ന പോലീസുകാൎക്ക് എന്തെങ്കിലും വല്ലതും കൊടുത്തു കേസെടുക്കത്തക്ക കാൎയ്യമൊന്നുമില്ലെന്നു ഹരജിക്കു റിപ്പോൎട്ടു എഴുതിക്കൊടുപ്പിക്കണം. അതിനു പ്രതികൾ എല്ലാപേരുംകൂടി കുറേപണം എടുത്തുകൂട്ടണമെന്നു ഞാൻ പ്രതികളെ ശട്ടംകെട്ടി അയച്ചു. പിറേറദിവസം അവർ പണം അന്വേഷിച്ചുണ്ടാക്കി അന്നു കച്ചേരിയിൽ ചെല്ലുമെന്നുള്ള വഗ്ദാനം നിറവേററാൻ സാധിക്കയില്ലെന്നുള്ള വിവരം ഞാൻ ആളയച്ചു പോലിസുകാരെ അറിയിച്ചു. പിറേറദിവസം രാവിലെ എന്റെ സ്വന്തം വള്ളത്തിൽ കക്ഷികളുമായി കച്ചേരിയിൽപോയി. ഹെഡ്കാൺസ്റ്റബിളിന്റെ വസതിയിൽചെന്നു് അയാളെ കണ്ടു് ഇരുപത്തഞ്ചുരുപാ കക്ഷികളെക്കൊണ്ടു് അയാൾക്കു കൊടുപ്പിച്ചു. ഡിസ്ത്രിക്ടു മജിസ്ത്രേട്ടുകോൎട്ടിൽനിന്നത്തരവുചെയ്തുവന്ന ഹരജിക്കു് ഒരു റിപ്പോൎട്ടെഴുതികൊടുപ്പിച്ചു റിപ്പോൎട്ടിന്റെ താൽപ്പൎയ്യം ഇങ്ങനെയാണു്. 'ഹരജിയിൽ പറയുന്ന സ്ഥലത്തുപോയി അന്വേഷിച്ചു. അതിൽപറയുന്ന സംഗതികൾ ഒന്നും വാസ്തവമല്ല. തറവാട്ടുമൂപ്പുകാരനായ കുററിയഴികത്തു കുഞ്ഞീൻമാതേവൻ തറവാട്ടിലുള്ള വിലപിടിപ്പുള്ള ജംഗമസാമാനങ്ങൾ മുക്കാൽ പങ്കും മക്കൾക്കു കരസ്ഥപ്പെടുത്തി കൊടുത്തു കളഞ്ഞതിനാൽ ഇനി ബാക്കിയുള്ള സ്വല്പ സാധനങ്ങൾ കൂടി അവൎക്കു കരസ്ഥപ്പെടുത്തി കൊടുത്തു കളയുമെന്നു വിചാരിച്ചു് അനന്തരവരിൽ ചിലർ കൂടിച്ചേൎന്നു തറവാട്ടു വീടായ കുററിയഴികത്തു താമസം തുടങ്ങിയതു് കാരണവൎക്കും മക്കൾക്കും വിരോധമായിത്തീൎന്നതിനാൽ ഇങ്ങനെ ഒരു ഹരജി ബോധിപ്പിച്ചിരിക്കയാണു്. കുഞ്ഞീൻമാതേവനെ ആരും അന്യായമായി തടങ്കൽ ചെയ്തിട്ടില്ല.,,

ഹരജിപ്പുറത്തു് ഇങ്ങനെ റിപ്പോൎട്ടു് എഴുതീട്ടു് ഹെഡ് കാൺസ്റ്റബിൾ എന്നോടു് ഇങ്ങനെ പറഞ്ഞു "ആശാൻ പറഞ്ഞതനുസരിച്ചു ഞാൻ പ്രവൎത്തിക്കുകയാണു്. ഇതിനെ സംബന്ധിച്ചു് ഇനി മേൽ പരാതിഉണ്ടായിട്ടു് എന്റെ റിപ്പോൎട്ടു കളവാണെന്നു വരരുതു്.,,

"ഇന്നലെ കിളിക്കൊല്ലൂൎക്കാരൻ ഒരു വ്യവഹാരിയും ചില കൂട്ടുകാരുംകൂടി കച്ചേരിയിൽവന്നു. ഞങ്ങൾ മിനിയാന്നു ഹരജിവിചാരണയ്ക്കു പോയതിനെപ്പററിയൊക്കെ അവർ അന്വേഷിക്കുകയും ദേവസ്വം വകയായി ഉണ്ടായിരുന്ന സ്വൎണ്ണാഭരണങ്ങൾ അവൎക്കുകൂടി ഉള്ളതാണെന്നു പറകയും കേസുകൾ നടത്തേണ്ടി വരുമെന്നും മററും പറഞ്ഞിട്ടു് പോകയും ചെയ്തതായി ചില കാൺസ്റ്റബിൾമാർ എന്നോടു പറഞ്ഞു. കറുത്ത നിറത്തിൽ സ്വല്പം തടിച്ചു ഒരു കുടവയറുകാരനാണു് വ്യവഹാരിയെന്നു പറയുന്നയാൾ അതുകൊണ്ടു ഇതിനെപ്പററി മേൽ പരാതി ഒന്നും ഉണ്ടാവാതെ ആശാൻ തടുത്തു കൊള്ളണം. അത്രേ ഞാൻ പറയുന്നുള്ളൂ.,,

അതൊക്കെ ഞാൻ നോക്കിക്കൊള്ളാമെന്നും മററും സമാധാനംപറഞ്ഞു. കച്ചേരിയിൽ വന്നു നമ്മുടെ കക്ഷികളുമായി വിവരങ്ങൾ സംസാരിച്ചു കൊണ്ടു നിൽക്കുമ്പോൾ വേളിക്കാട്ടെ തിരുമ്മുകാരൻ കേശ

വൻ (വെളിക്കാട്ടുകാരുടെ മൂത്ത അനന്തരവൻ) കുററിയഴികത്തിൻെറ മകൻ മണ്ണാശ്ശേരിൽ രാമൻ, ചുക്കച്ചേഴികത്തു കിട്ടുപിള്ള വക്കീൽ ഇവർ വളരെ ധൃതിയിൽ ഡിസ്ത്രിക്ററു മജിസ്ത്രേട്ടുകോർട്ടിലേക്കുപോകുന്നതു കണ്ടു. തിരുമുകാരൻ കേശവനെ ഞാൻ വിളിച്ചു എന്താണു വിശേഷമെന്നു സ്വകാര്യമായി ചോദിച്ചു. "കുററിയഴികത്തു വലിയമ്മാവനെ അന്യായ തടങ്കലിൽവെച്ചു കൊല്ലാൻ ശ്രമിച്ചു വരുന്നതിനെപ്പററി ഞങ്ങൾ മിനിയാന്നു അഞ്ചൽ വഴി അടിയന്തിരത്തിൽ ഡി: മജിസ്ത്രേട്ടിൽ ഹരജി ബോധിപ്പിച്ചതനുസരിച്ചു മിനയാന്നു പോലീസുകാർ സ്ഥലത്തു വന്നു അന്വേഷിച്ചു ശേഷം ഊർജ്ജിതമായി യാതൊരു നടപടികളും നടത്തുന്നില്ല. അതിനെപ്പററി വീണ്ടും വക്കാലത്തോടുകൂടി ഹരജി കൊടുക്കുന്നതിനായി പോകയാണു", ഇങ്ങനെ കേശവൻ പറഞ്ഞതു കേട്ടു ഞാൻ അവനോടിപ്രകാരം പറഞ്ഞു. "കേശവാ, സ്വല്പം ക്ഷമിക്കണം. നിങ്ങൾ ഒരു കുടുംബക്കാരല്ലയോ,? തമ്മിലടിച്ചും വഴക്കുപറഞ്ഞും മുടിയുന്നതിനേക്കാൾ എല്ലാം തമ്മിൽ പറഞ്ഞു രാജിപ്പെട്ടു കൃത്രിമവും വഴക്കും ഇല്ലാതിരിക്കുന്നതല്ലേ നല്ലതു", ഇതിനുത്തരമായി കേശവൻ ഇങ്ങനെ പറഞ്ഞു. "വെളിക്കാട്ടു എൻെറ വലിയച്ഛൻെറ സ്വത്തിൽ എനിക്കു വരാനുള്ള വീതം സ്വത്തും വിളയത്തു വലിയമ്മാവൻെറ ഭാഗ ഉടമ്പടിപ്രകാരം എനിക്കു വരുവാനുള്ള സ്വത്തും എനിക്കുതന്നു അവരെല്ലാപേരും എന്നോടു ക്ഷമയാചനം ചെയ്താൽ ഈ കേസു രാജിയാവും അല്ലാത്തപക്ഷം ഇതിൽവച്ചു അവരെയെല്ലാം തക്കതായ പാഠം പഠിപ്പിക്കും. കുററിയഴികത്തു വച്ചിരുന്ന ആനച്ചമയം മുതലായ സ്വർണ്ണാഭരണങ്ങളാണ് വെളിക്കാട്ടെടുത്തുകൊണ്ടുവന്നു വച്ചിരിക്കുന്നതു് എന്നു ഞാൻ സാക്ഷിമൊഴികൊടുക്കും. അളിയൻ ഈ കാര്യങ്ങൾക്കൊന്നിനും വിപരീതമായി എന്നോടു നിർബ്ബന്ധിക്കരുതു് ഇതു് ഞങ്ങൾ വളരെ കക്ഷികൾ കൂടി നടത്താൻ നിശ്ചയിച്ചിരിക്കുന്ന സംഗതികളാണ്. പണം എത്ര വേണമെങ്കിലും മണ്ണാശ്ശേരിൽ അളിയൻ ചെലവുചെയ്യാമെന്നേററിട്ടുണ്ട്. ഇന്നും പണവും കൊണ്ടാണു ഞങ്ങൾ വന്നിരിക്കുന്നതു്. വെളിക്കാട്ടുകാരുടേയുംകമ്മാഞ്ചേരിൽ അമ്മാവൻേറയും വിരോധികൾ അധികംപേർ ഞങ്ങൾക്കു സഹായിച്ചു തരാമെന്ന് ഏററിട്ടുണ്ട്.", ഇപ്രകാരമൊക്കെപ്പറഞ്ഞുകൊണ്ടു കേശവൻ ഡിവിഷൻ കച്ചേരിയിലേക്കു പോയി ഞാൻ വിഷണ്ണനായിട്ടു കുറേനേരം അവിടെ നിന്നു പലതും ചിന്തിച്ചു. ഇങ്ങനെയൊക്കെയായാൽ ഹെഡ് കാൺസ്റ്റബിൾ എന്നെക്കുറിച്ചു എന്തു വിചാരിക്കും. പോല്ലീസ്സ് ഇൻസ്പെക്ററർ വലിയ കൈക്കൂലിക്കാരനായ മാവേലിക്കരക്കാരൻ ഒരു നാരായണപിള്ളയാണ്. അച്ഛൻ മുതൽപേർ പ്രതികളായി ഇപ്രകാരം ഒരു കേസു കൈയ്യിൽ കിട്ടിയാൽ കൈയ്യിലുള്ളതെല്ലാം വിററു പാക്കി അയാൾക്കു കൊടുത്താൽ പക്ഷേ രക്ഷപ്പെടാം. അത്യുഗ്രു് അക്രമിയും കൊള്ളക്കാരനുമാണ് ആ നാരായണപിള്ള ഇൻസ്പെക്ററർ! ഇനിയെന്താണു നിവൃത്തി?

തൃക്കരുവാ ദേവസ്വം വക സ്വർണ്ണാഭരണങ്ങളെല്ലാം കുററിയഴികം അപഹരിച്ചു കരസ്ഥപ്പെടുത്തീട്ടു് ഇങ്ങനെ അച്ഛൻ മുതൽ പേരുടെ പേരിൽ കേസുകൊടുത്തു അവമാനിക്കുകയും നഷ്ടപ്പെടുത്തുകയും ചെയ്യാൻ ഇടവരുന്നതു് വലുതായ ഒരു സങ്കടമാണെന്നും ഇതിലേക്കു് ഇനി എന്താണു പരിഹാരമാർഗ്ഗമെന്നും മററും ഞാൻ അവിടെ നിന്നു വിചാരിക്കുകയായിരുന്നു ഏതായാലും കിളികൊല്ലൂർക്കാർക്കു (കാവനാട്ടുകാർക്കു്) സ്വർണ്ണാപഹരണത്തിന്റെ പരമാർത്ഥം നല്ലപോലെ അറിയാവുന്നതാകയാൽ അവരെക്കൂടെ ആളയച്ചു വരുത്തി കുററിയഴികത്തിനോടു ഒരു രാജി പറഞ്ഞു് സമാധാനപ്പെടുത്താമെന്നും മററും ഒരു വിചാരം എനിക്കുണ്ടായി. അപ്പോൾ സമയം പകൽ പതിനൊന്നു മണിയാകും. സ്വല്പം കടലാസു വാങ്ങി കായമ്മടത്തു കിഴക്കതിൽ ചിററപ്പനു (വൃദ്ധത്താൻ എന്ന പേരിനാൽ അറിയപ്പെടുന്നയാൾക്കു്) ഒരു എഴുത്തെഴുതിവെളിക്കൊട്ടു കൊഞ്ഞാതല്ലാരുടെ കൈവശം കൊടുത്തു തയ്യിൽ കൊച്ചുകത്തിനേയും കൂട്ടി മങ്ങാട്ടേക്കു് അയച്ചിട്ടു് ഞങ്ങൾ അവരേയും പ്രതീക്ഷിച്ചു കച്ചേരിയിൽ താമസിച്ചു. എഴുത്തിലെ താല്പര്യം:—

"ഈ എഴുത്തു കിട്ടിയാൽ ഉടൻ കച്ചേരിയിൽ വന്നു തമ്മിൽ കാണണം." എന്നു മാത്രമായിരുന്നു. ഇതിനിടയ്ക്കു കുററിയഴികത്തിന്റെ മകൻ മണ്ണാശ്ശേരിൽ രാമൻ ഡിസ്ത്രിക്ററു മജിസ്ട്രേട്ടിൽ അന്യായം കൊടുക്കുകയും അതനുസരിച്ചു മൊഴി കൊടുക്കുകയും അന്വേഷണത്തിനായി പോല്ലീസു ഇൻസ്പെക്ററർക്കു അയപ്പിക്കയും ചെയ്തുകഴിഞ്ഞു.

രണ്ടു മണിയായപ്പോൾ മങ്ങാട്ടേക്കു എഴുത്തും കൊണ്ടു പോയവർ വന്നു. കായമ്മടവും പൂട്ടറ വടക്കതിയും കൂടി എന്റെ എഴുത്തും പ്രകാരം വന്നിട്ടുണ്ടു് അവർ വന്ന ഉടൻതന്നെ കായമ്മടത്തു കിഴക്കതിൽ ചിററപ്പൻ ഒരു എഴുത്തെടുത്തു് എന്റെ കൈവശം തന്നു. ഈ എഴുത്തനുസരിച്ചു ഞങ്ങൾ കരുവാ പോകുന്നതിനായി ഭാവിച്ചപ്പോഴാണു് തന്റെ എഴുത്തുംകൊണ്ടു് ഇവർ അവിടെ വന്നതു്. എഴുത്തു ഞാൻ വായിച്ചു നോക്കി മാവഴികത്തു നാരായണന്റെ എഴുത്താണു് അതിൽ എഴുതിയിരിക്കുന്നതിപ്രകാരമാണു്.

"കായമ്മടത്തു കിഴക്കതിൽ ജ്യേഷ്ഠൻ അവർകൾ അറിവാൻ. ഈ എഴുത്തു കണ്ടാൽ ഒട്ടും താമസിയാതെ ഈ എഴുത്തുംകൊണ്ടു വരുന്ന കിഴക്കരുവാ ജ്യേഷ്ഠനോടുകൂടി ഇങ്ങോട്ടു വരണമെന്നപേക്ഷ. ഇങ്ങോട്ടുവന്നാൽ കുററിയഴികത്തിനെക്കൊണ്ടു് ഈ അവസരത്തിൽ നമുക്കു ഗുണമായിട്ടു എന്തെല്ലാം സാധിക്കണമോ അതെല്ലാം സാധിക്കാം. ഈ അവസരം വിട്ടു കളയരുതെന്നു പ്രത്യേകം അപേക്ഷ. ഈ എഴുത്തു കൊണ്ടുവരുന്ന കിഴക്കരുവാ ജ്യേഷ്ഠൻ എല്ലാസംഗതികളും വിവരമായി അവിടെ പറയും. ശേഷം മുഖതാവിൽ.,,

എന്നു സ്വന്തം മാവഴികത്തു നാരായണൻ (ഒപ്പ്) ഈ എഴുത്തു എന്റെ കൈവശം തന്നിട്ടു് കായമ്മടത്തു ചിററപ്പൻ ഇങ്ങനെ പറഞ്ഞു.

"കുററിയഴികത്തു ജ്യേഷ്ഠനോടു കൂടിയാൽ ഈ അവസരത്തിൽ ഞങ്ങൾക്കു പല കാര്യങ്ങളും സാധിക്കാം. കുററിയഴികത്തു കൊട്ടാരത്തിന്റെ കൈവശം കൂട്ടായിട്ടോ അല്ലാത്തപക്ഷം ഞങ്ങൾക്കു തനിച്ചോ കൈവശമാണെന്നു വരുത്താം. മററും പല സംഗതികൾ കുററിയഴികത്തു ജ്യേഷ്ഠനോടു ചേൎന്നു നിന്നാൽ സാധിക്കാം. സ്വൎണ്ണാഭരണങ്ങൾ എടുത്തു നശിപ്പിച്ചതു കുററിയഴികത്തെ ജ്യേഷ്ഠനാണെന്നുള്ള പരമാൎത്ഥം ഞങ്ങൾക്കറിയാം. എങ്കിലും തട്ടുപുരയുടെ പൂട്ടുകൾ ഭേദപ്പെടുത്തി വേറെ താക്കോലുകളുണ്ടാക്കി ആ മുറി കൂടി പൂട്ടി കെട്ടി കുററിയഴികത്തെ ജ്യേഷ്ഠനെ ഏല്പിച്ചതു വിളയത്തെ ജ്യേഷ്ഠനും കമ്മാഞ്ചേരിയിലെ ജ്യേഷ്ഠനും അവരുടെ ബന്ധുക്കളായ വേളിക്കാടനും ഞെവിളഴികവും കൂടിയാണ്. അവർ അങ്ങനെ ചെയ്തതു് 1069-ാമാണ്ടിടയ്ക്കാണ്. അന്നു് അവർ ഞങ്ങളെ കൂടി വരുത്തി തട്ടുപുരകളിലുള്ള തിരുവാഭരണങ്ങൾ തിട്ടപ്പെടുത്തി ഒരു ലിസ്റ്റും തയ്യാറാക്കി കൂട്ടു കൈവശത്തിൽ വച്ചിരുന്നെങ്കിൽ കുററിയഴികം ഇങ്ങനെ ചെയ്യുന്നതിനു് സംഗതി വരുമായിരുന്നോ? കുററിയഴികമാണു ദേവസ്വം സ്വൎണ്ണാഭരണങ്ങൾ മോഷ്ടിച്ചതെങ്കിലും അതിനു സംഗതിവരുത്തിയതു് വിളയത്തെ ജ്യേഷ്ഠൻ മുതൽ പേരാണ്. ചേരിക്കാരുമായി പിണക്കമുണ്ടായി സ്വൎണ്ണാഭരണങ്ങൾ എടുക്കാത്ത സ്ഥിതിയിൽ ഇരിക്കുന്നതിനിടയായപ്പോൾ കൂട്ടു കൈവശത്തിലിരുന്ന പൂട്ടു ഭേദിച്ചു മറുതാക്കോലുണ്ടാക്കി കുററിയഴികത്തിനെ ഏല്പിച്ചതു വിളയത്തെ ജ്യേഷ്ഠൻ മുതൽപേരുകൂടിയായിരുന്നല്ലോ. അങ്ങനെ ചെയ്യാതെ ഞങ്ങളെക്കൂടി വരുത്തി തിരുവാഭരണങ്ങൾ ഇരുകൂട്ടരുംകൂടി തിട്ടപ്പെടുത്തി സത്യത്തിനും ന്യായത്തിനും അനുസരണമായി രണ്ടുകൂട്ടരുടേയും കൂട്ടായ പൂട്ടിൽ ആക്കിവെച്ചിരുന്നെങ്കിൽ ഈ വിധം സംഭവിക്കുമായിരുന്നോ? കരക്കാരെ ഭയന്നു കിളികൊല്ലൂർക്കാർ ആരും കരുവാ വരാതെ ആയപ്പോൾ കിളികൊല്ലൂർക്കാരുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്യണമെന്നു് വിചാരിച്ചുകൊണ്ടാണു് ഇത്ര വിലപിടിച്ചതായ ആഭരണാദികൾ കുററിയഴികം അപഹരിക്കുന്നതിനു് ഇടയായതു്.

ഈ വാക്കുകൾ കേട്ടിട്ടു് മറുപടിയായി ഞാൻ ഇപ്രകാരം പറഞ്ഞു. "കുററിയഴികമാണു് സ്വൎണ്ണാഭരണങ്ങൾ അപഹരിച്ചതെന്നു് നമുക്കൊക്കെ ബോദ്ധ്യമുള്ള സ്ഥിതിയ്ക്കും ആഭരണങ്ങൾ അത്രവളരെ ഉണ്ടായിരുന്ന സ്ഥിതിയ്ക്കും എല്ലാം വിററുപോയോ അല്ലാ ബാക്കി കുറെയൊക്കെ ഉണ്ടോ എന്നുള്ള വാസ്തവങ്ങളെല്ലാം കുററിയഴികത്തിനോടു സ്നേഹപൂൎവം ചോദിച്ചു മനസ്സിലാക്കി വല്ലതും ശേഷിച്ചിട്ടുണ്ടെങ്കിൽ കുററിയഴികത്തിനോടപേക്ഷിച്ചു ഏതു വിധത്തിലെങ്കിലും അതുകൂടി ഏല്പിച്ചു അതും തെക്കേതട്ടുപുരയിൽ ഇപ്പോൾ ഇരിക്കുന്നതായി കണ്ടുകിട്ടിയ തിരുമുറയും ശീനബ്ഭരണികൾ വാൎപ്പു മുതലായവകൾ എല്ലാം കൂടി അറപ്പുരകളിൽവെച്ചു രണ്ടുകൂട്ടരും കൂടി പൂട്ടി കൈവശം വയ്ക്കുന്നതിനു ശ്രമിക്കണം. പോയതൊക്കെപ്പോകട്ടെ.

കഴിഞ്ഞതൊക്കെ കഴിഞ്ഞല്ലോ. ഇനി ബാക്കികിട്ടിയിട്ടുള്ളതു ഇരുകൂട്ടരും കൂടി തിട്ടപ്പെടുത്തി കൂട്ടുബന്തവസ്സിൽ വച്ചു സൂക്ഷിക്കാം. അതിനു ഞാൻ ശ്രമിക്കാം. കുററിയഴികം അങ്ങനെ ചെയ്യുന്നതിനു് വഴിപ്പെടാത്തപക്ഷം ദേവസ്വം വക സകല സ്വർണ്ണാഭരണങ്ങളും തട്ടപൂരകളിൽ വെച്ചു് പൂട്ടി രണ്ടു പൂരകൾക്കും ഈ രണ്ടു പൂട്ടുകൾ ഉള്ളതു ഓരോന്നും ഓരോ ശാഖക്കാരുടെ കൈവശം ഇരിക്കയാണെന്നും അതുപ്രകാരം കുററിയഴികത്തിൻെറ കൈവശമുള്ള പൂട്ടു് അയാൾ തുറന്നും കാവനാട്ടു കാരണവരുടെ കൈവശം പൂട്ടിവച്ചിരുന്ന പൂട്ടു് തല്ലിപ്പറിച്ചു് ദേവസ്വം വക തിരുവാഭരണങ്ങൾ മോഷ്ടിച്ചിരിക്കുന്നതായി ഒരു കേസ് രണ്ടുകൂട്ടരും കൂടി കൊടുക്കാമെന്നും അപ്രകാരം പ്രവൎത്തിച്ചാൽ പിന്നെവരുന്നതുപോലെയൊക്കെവരട്ടെ എന്നുംമററും ഞാൻഅവരോടുപറഞ്ഞു" കുററിയഴികത്തിൻെറ മക്കൾ കൊടുത്തിരിക്കുന്നതും അതിനെ തുടർന്നു കുററിയഴികം കൊടുക്കുന്നതിനു തയ്യാറാക്കിവരുന്നതുമായ കേസുകളിൽ നിന്നും അച്ഛൻ മുതൽ പേൎക്കു് ഏതെങ്കിലും വിധത്തിൽ രക്ഷയുണ്ടാകണമെന്നാണെൻെറ മനോഗതം. ആ അന്തർഗ്ഗതം എനിക്കുമാത്രമേ അറിയാവു അതു ഞാൻ ആൎക്കും വിട്ടുകൊടുത്തിട്ടില്ല. എൻെറ പ്രധാനമായ ഉദ്ദേശം കുററിയഴികത്തിനെ പറഞ്ഞു സ്വാധീനപ്പെടുത്തി രാജിയായിക്കളയണമെന്നാണു്. അതു ഞങ്ങൾ പറഞ്ഞാൽ കുററിയഴികം കേൾക്കയില്ല. കായമ്മടത്തു കിഴക്കതിൽ ചിററപ്പൻ മുതൽപ്പേരും ഞങ്ങളും കൂടി ചേൎന്നു് പറഞ്ഞാൽ പക്ഷേ സഫലമാകുമെന്നും ഞാൻ വിചാരിച്ചു. അതിനായി ഞാൻ അവരെ ആകർഷിക്കയാണു്.

"ഏതായാലും നമുക്കു കരുവാ പോകാം. അച്ഛൻ മുതൽപേർ അഞ്ചൽ നിന്നു് ഇന്നു വന്നിട്ടുണ്ടു്. എല്ലാവരും കൂടി കുററിയഴികത്തിനെകണ്ടു ഒരു സന്ധിപറഞ്ഞു നോക്കാം. ഫലിക്കുമെങ്കിൽ ഫലിക്കട്ടെ അല്ലെങ്കിൽ വേറെ മാർഗ്ഗം വല്ലതും നോക്കാം".

ഇങ്ങനെയൊക്കെപ്പറഞ്ഞു അവരെ സ്വാധീനപ്പെടുത്തി ഞങ്ങൾ എൻെറ വള്ളത്തിൽ കയറി വീട്ടിൽവന്നു. അപ്പോൾ അച്ഛൻ വ്യസനാക്രാന്തനായി കിടക്കുകയാണു്. പുത്തൻവീട്ടിൽ ചിററപ്പനും അപ്രകാരം തന്നെ കുററിയഴികത്തിനെ കണ്ടു സന്ധി സംസാരിക്കുന്നതിനായി അവരെ കൂടി ഞങ്ങൾ ക്ഷണിച്ചെങ്കിലും വ്യസനംകൊണ്ടു് അവർ അതിനു പ്രാപ്തരല്ലെന്നു മാത്രമല്ല അവരെ കണ്ടാൽ കുററിയഴികത്തിനു കോപം വർദ്ധിക്കാനും രാജിക്കു വിസമ്മതിക്കാനും ഇടയാകുമെന്നു വിചാരിച്ചും അവരെ കുററിയഴികത്തേക്കു ഞാൻ നിർബന്ധിച്ചില്ല.

ഞങ്ങൾ എല്ലാവരും കൂടി കരുവാ പോയി. കുററിയഴികത്തിനോടു് എങ്ങനെയെങ്കിലും നല്ല വാക്കുകൾ പറഞ്ഞു രാജിപ്പെടുത്താനാണു് പോയതു്. കായമ്മടത്തു കിഴക്കതിൽ ചിററപ്പൻ, മൂട്ടറവടക്കതി, വയലുവീടൻ, ചക്കമെല്ലി, കമ്മാഞ്ചേരിൽ ചിററപ്പൻ, തയ്യിൽ

കൊച്ചുകുഞ്ഞു്, വേളിയ്ക്കാട്ടു കൊജ്ഞാതൻ എന്നിവരാണു് കുററിയഴികത്തു വന്നതു്. ഞങ്ങൾ അവിടെ ചെല്ലുമ്പോൾ കുററിയഴികത്തിന്റെ സ്വന്തം അനന്തരവളുടെ ഭർത്താവായ മങ്ങാട്ടു ചിറായിൽ കുഞ്ചെൻചാന്നാർ എന്ന ആളും അവിടെയുണ്ടു്. ഞങ്ങളുടെ സംഘത്തിൽ നിന്നു കായമ്മടത്തു ചിററപ്പൻ കുററിയഴികത്തിനോടു് ഇങ്ങനെ സംസാരിച്ചു.

ജേഷ്ഠാ! ഇവിടെ നമ്മുടെ ദേവസ്വംവകതിരുവാഭരണങ്ങൾ ഇരുന്നതെല്ലാം നമ്മൾ എടുക്കുകയും കാണുകയുംചെയ്തിട്ടു വളരെക്കാലമായല്ലോ അവയെല്ലാംജ്യേഷ്ഠന്റെകൈവശംഇരുന്നതാണല്ലോ. വല്ലബുദ്ധിമുട്ടും ജ്യേഷ്ഠനു നേരിട്ടപ്പോൾഅതിൽനിന്നും വല്ലതും ജ്യേഷ്ഠൻ എടുത്തുപോയിട്ടുണ്ടെങ്കിൽ അതുപോകട്ടെ. ഇപ്പോൾ "തിരുമുറ" തട്ടുപുരയിൽ ഇരിക്കുന്നതായിഞങ്ങൾ അറിഞ്ഞു. മററുള്ള തിരുവാഭരണങ്ങൾ ജ്യേഷ്ഠന്റെ കൈയ്യിൽനിന്നു പോയവ പോകട്ടെ. ബാക്കിവല്ലതുമുണ്ടെങ്കിൽ അവകൂടി എടുത്തു സ്വരൂപിച്ചു തിട്ടപ്പെടുത്തി ഒരു ലിസ്റ്റു് തയ്യാറാക്കി തട്ടുപുരയിൽ വച്ചു പൂട്ടി ഓരോ താക്കോലുമുൻനടപ്പനുസരിച്ചു് നമ്മുടെ ഓരോ ശാഖക്കാരുടെ കൈവശം വയ്ക്കാം."

ഞങ്ങൾ അവിടെ ചെന്നു് ഈ സംഭാഷണം നടത്തുന്നതു് രാത്രി എട്ടുമണിയ്ക്കാണു്. 1082-ാമാണ്ടു് തുലാമാസം ഒടുവിലാണു് ഈ സംഭവം നടക്കുന്നതു്. കായമ്മടത്തു ചിററപ്പൻ പറഞ്ഞ വാക്കുകൾ കുററിയഴികം വളരെ ഹാസ്യഭാവത്തിലാണു് കേട്ടതു്. കുററിയഴികം ഒടുവിൽ ഇങ്ങനെ പറഞ്ഞു.

"എടോ കായമ്മടം. നീ എന്തിനെടൊ ഇവരുടെ കൂടെവന്നതു്? നിന്റെഹൃദയത്തിൽ വല്ലതും കാര്യം കാണുമെന്നാണല്ലോ ഞാൻ വിചാരിച്ചിരുന്നതു. വിളയത്തു കുറുമ്പൻ മുതൽപേർനിന്നെ അപേക്ഷിച്ചു നീ വന്നിരിക്കയാണൊ? എടോ നീയല്ലഇനി ആരുവന്നാലും കുറുമ്പൻ മുതൽപേരെ ഞാൻ ഇതിൽ വച്ചു് ഒരു പാഠം പഠിപ്പിക്കാതെ വിടുകയില്ല. കുറുമ്പനും കൂട്ടുകാരും കൂടി എന്നെ പിടിച്ചുകെട്ടി ജലപാനം തരാതെ കൊല്ലുന്നതിനു ഒരുങ്ങിയ വർത്തമാനം സർക്കാരിൽ അറിവുകിട്ടി അവിടെ നിന്നും ഉദ്യോഗസ്ഥന്മാർ വന്നു എന്റെ മൊഴി വാങ്ങി കൊണ്ടു് പോയിട്ടുണ്ടല്ലോ. അതു ഏതു വിധത്തിൽ വരുമെന്നും മററും നോക്കാതെ ഞാൻ എന്തുവേണമെന്നാണു് നീ പറയുന്നതു്. എടോ, വിളയത്തു കുറുമ്പന്റെ പണശക്തി കൊണ്ടാണു് അവന്റെ അനുജൻ പപ്പനാവൻ ഇവിടെ ഇതെല്ലാം നടത്തിയതു്. ആ പണത്തിന്റെ ശക്തിഒക്കെ ഒന്നു പരീക്ഷിക്കാതെ ഇക്കാര്യം ഞാൻ കളകയില്ല. എടോ! കായമ്മടത്തു കൃഷ്ണാ! നിനക്കു വല്ലതും ആലോചനയുള്ളവനാണെങ്കിൽ എന്നോടുകൂടി നിൽക്കുക. അതു നിനക്കു കഴികയില്ലെങ്കിൽ നിന്റെ പാട്ടിനുപൊയ്ക്കൊ! അവതാളത്തിൽ ചാടിക്കിടക്കുന്ന വിളയത്തു കുറുമ്പനേയും അവന്റെ അനുജന്മാരെയും ശേഷക്കാരെയും ഇതിൽവച്ചു ഞാൻ നല്ലപാഠം പഠിപ്പാക്കാതെഅടങ്ങുകയില്ല അവർ

ഇപ്പോഠം നിന്നെ ആശ്രയിച്ചു നിന്റെ കാലുപിടിച്ചു നിന്നെക്കൊണ്ടു വന്നിരിക്കയാണു്. നിനക്കൊന്നിന്റെ ശാഖസ്ക്യോ എന്തെങ്കിലും ഉണം ഈ സന്ദർഭത്തിൽ വേണമെങ്കിൽ നീ എന്നോടുകൂടി നില്ക്കുക'

ഇങ്ങനെ കുററിയഴികം കായമ്മടത്തിനോടു പറഞ്ഞപ്പോഠം എനിക്കു കോപം വന്നുപോയി. ഞാൻ ഇപ്രകാരം പറഞ്ഞു

"ഏതായാലും തന്നെ അന്യായമായി തടഞ്ഞുവച്ചു എന്നെ രു കുററമാണല്ലോ ഇവിടെ ചിലർ ചെയ്തിട്ടുള്ളതു്. അതിനു എന്തെങ്കിലും വരട്ടെ. അവർ അനുഭവിച്ചുകൊള്ളും".

ഉടനെ കുററിയഴികം എന്നോടിപ്രകാരം പറഞ്ഞു:—

"താൻ കുറെയൊക്കെ അനുഭവിച്ചു കോഴതീന്ന ആളാണെന്നറിയാം. തന്നോടു ഞാനൊന്നും പറയുന്നില്ല".

കുററിയഴികം ഇങ്ങനെ പറഞ്ഞതു ഞാൻ കൊലക്കേസിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളതിനെ സൂചിപ്പിച്ചായിരുന്നു. അവിടെ കൂടിയിരുന്നവർ പലരും കുററിയഴികത്തിനോടു എന്തെല്ലാം സമാധാനം പറഞ്ഞിട്ടും കുററിയഴികം അടങ്ങുകയോ തിരുവാഭരണങ്ങളിൽ ശേഷിപ്പു വല്ലതുമുണ്ടെങ്കിൽ അതു ശരിപ്പെടുത്താമെന്നു് സമ്മതിക്കുകയോ ചെയ്തില്ല. അതുമല്ല, മക്കളെക്കൊണ്ടു കൊടുപ്പിച്ചിരിക്കുന്ന കേസു് കളയുന്നതിനും കുററിയഴികത്തിനു ലവലേശം സമ്മതമില്ല. ആ കേസിലും അതിനെ തുടർന്നു കുററിയഴികം കൊടുക്കാൻ ഒരുങ്ങിയിരിക്കുന്ന കേസിലും അച്ഛൻ മുതൽപേക്കു് യാതൊരു രക്ഷയുമില്ലെന്നും അതുകൊണ്ടു് ഞങ്ങഠം പരിഭ്രമിച്ചു രാജിയാലോചിക്കയാണെന്നും ആണു് കുററിയഴികത്തിന്റെ ധാരണ.

ഇങ്ങനെ കുററിയഴികവും ഞങ്ങളും വിരോധമായിട്ടുതന്നെ പിരിയേണ്ടിവന്നു. ഞങ്ങഠം അവിടെ നിന്നും രാത്രി പന്ത്രണ്ടു മണിക്കു് നടവെളിയിൽ വന്നു. ക്ഷേത്രത്തിൽ ചെന്നു് ദേവിയുടെ സന്നിധിയിൽ നമസ്കരിച്ചു. 'കുററിയഴികം തിരുവാഭരണം മോഷ്ടിച്ചതിനു് ഞങ്ങഠം കേസു കൊടുക്കുന്നതിനായി പോകയാണെന്നും ദേവിയുടെ അനുഗ്രഹം അതിലേക്കുണ്ടാവണമെന്നും അപേക്ഷിച്ചു".

ഞങ്ങഠം എല്ലാവരും കൂടി വിളയത്തു വന്നു താമസിച്ചു. പിറേറ ദിവസം ആലോചനകഠം ചെയ്തു എല്ലാവരും കൂടി കൊല്ലത്തേക്കുപോയി. ഞങ്ങഠം ഇങ്ങനെ പോയെങ്കിലും അച്ഛൻ മുതൽപേക്കു് ഒരു സമാധാനം ഉണ്ടായിരുന്നില്ല. കാരണം സപ്തമാഷണം കഴിഞ്ഞിട്ടു വർഷം എത്ര കഴിഞ്ഞു. അതുകൊണ്ടു കേസു് ബലപ്പെടുത്തി തെളിവു വരുത്തുവാൻ പ്രയാസമായിരിക്കും എന്നുള്ളതുകൊണ്ടു. ഏതായാലും ഞങ്ങഠം കൊല്ലത്തു എത്തി. കായമ്മടത്തു കിഴക്കതിൽ ചിററപ്പനും ഞാനും ആണു് ഈ ആലോചനകളിൽ സധൈര്യം മുൻനില്ക്കുന്നതു്. കുററിയഴികത്തിന്റെ പേരിൽ ഒരു മോഷ

ന്നക്കേസു കൊടുക്കാമെന്നാണു് ഞങ്ങൾ ഉറച്ചതു്. കുററിയഴികത്തിനെമാത്രം പ്രതിയാക്കിയാൽപോരാ. അയാളുടെ മക്കളും അനന്തരവരിൽ പല്പുവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടു്. അവരെക്കൂടി പ്രതിസ്ഥാനത്തു ചേൎക്കണം. തട്ടുപുരകൾക്കു രണ്ടിനും ഈരണ്ടു താക്കോലുകൾ പണ്ടേയുള്ളതാണു്. സത്യത്തിൽ തെക്കേതട്ടുപുരയുടെ രണ്ടു താക്കോലും കാമനാട്ടു കാരണവൻെറയും വടക്കേതട്ടുപുരയുടെ രണ്ടു താക്കോലുകളും കുററിയഴികത്തു കാരണവൻെറയും കൈയിൽ ഇരിക്കയായിരുന്നു. യഥാൎത്ഥം ഇപ്രകാരമായിരുന്നെങ്കിലും രണ്ടു തട്ടുപുരകളുടേയും ഓരോ താക്കോലുകൾ ഓരോ കാരണവന്മാരുടെ കൈവശം ഇരിക്കയായിരുന്നു എന്നും ഇപ്രകാരം കൂട്ടായ പൂട്ടിൽ ഇരുന്ന തിരുവാഭരണങ്ങൾ മോഷ്ടിക്കുന്നതിനായി എതിരവകാശികളുടെ പൂട്ടു് കുററിയഴികം കുത്തിത്തുറന്നു മോഷ്ടിച്ചിരിക്കുന്നതായി കേസു കൊടുക്കണമെന്നുമാണു് ഞങ്ങൾ നിശ്ചയിച്ചതു്. കാമനാട്ടു കാരണവനും കുററിയഴികത്തെ അടുത്ത ഇളമുറക്കാരനും ഒന്നും രണ്ടും വാദികളായി കേസു കൊടുക്കണമെന്നും നിശ്ചയിച്ചു. കുററിയഴികത്തെ താക്കോലുകൾ കുററിയഴികത്തിൻെറ കയ്യിൽനിന്നു ബലമായി പിടിച്ചുപറിച്ചെടുത്തതു് ചാററപ്പൻ മുതൽപേരുടെ കൈവശം ഉള്ളതിൽ ഓരോ തട്ടുപുരകളുടെ ഓരോ താക്കോലുകൾ കാമനാട്ടു കാരണവൻെറ കൈവശമാണിരിക്കുന്നതെന്നു അന്യായത്തിൽ വിവരിച്ചു ആ താക്കോലുകൾ അന്യായത്തോടുകൂടി കാമനാട്ടു കാരണവനെക്കൊണ്ടു ഹാജരാക്കിക്കാമെന്നും നിശ്ചയിച്ചു. അപ്രകാരം ഒക്കെ അന്യായം തയ്യാറാക്കി. പോലീസ് ഇൻസ്പെക്ടർ അവർകളുടെ അടുക്കൽ കൊടുത്തു. പിറേറന്നാൾ വയ്കിട്ടു പോലീസ് ഇൻസ്പെക്ടർ ഏതാനും പോലീസുകാരോടുകൂടി സ്ഥലത്തുവരാമെന്നുപറഞ്ഞു.

കേസിൽ പ്രവൎത്തിക്കണമെങ്കിൽ ഇൻസ്പെക്ടൎക്കു നൂറു (100) ക. ആദ്യമേ കൊടുക്കണമെന്നും അതിൽ പകുതി അപ്പോൾ കൊടുക്കണമെന്നും ബാക്കി സ്ഥലത്തുവന്നാൽ ഉടനെ കൊടുക്കണമെന്നും അദ്ദേഹം പറഞ്ഞു. ഞങ്ങൾ അപ്രകാരം സമ്മതിച്ചു രൂപാ കൊടുത്തു. പിറേറദിവസം ഞങ്ങൾ കൊല്ലത്തു തുയ്യത്തുചെന്നു ഒരു ക്യാബിൻ ബോട്ടുപിടിച്ചു. പോലീസുകാൎക്കു വരുന്നതിനായി ഏല്പിച്ചിട്ടു മടങ്ങി കരുവാപോയി പ്രതീക്ഷിച്ചുനിന്നു. ഉച്ചതിരിഞ്ഞു മണി നാലായപ്പോഴേക്കു പോലീസ്സ് ഇൻസ്പെക്ടരും ഒരു ഹെഡ്കാൺസ്റ്റബിളും എട്ടു പോലീസ്സ് കാൺസ്റ്റബിൾമാരും ബോട്ടിൽ കീഴ്പ്പാട്ടു കടവിൽ വന്നുചേൎന്നു. അവർ കുററിയഴികത്തു എത്തി.

കുററിയഴികത്തിൻെറ മകൻ മണ്ണാശ്ശേരിൽ രാമൻ വക്കാലത്തു സഹിതം ഡിസ്ത്രിക്ട്കോൎട്ടിൽ കൊടുത്തിട്ടുള്ളതും ഡി: മജിസ്ത്രേട്ടു ഊൎജ്ജിതമായി പോലീസിൽ ഉത്തരവു കൊടുത്തിട്ടുള്ളതുമായ കേസന്വേഷിക്കുന്നതിനായിട്ടും അതിലെ പ്രതികളെ (എൻെറ അച്ഛൻ മുതൽപേരെ) പിടിക്കുന്നതിനായിട്ടും മററുമാണു് ഈ പോലീസുകാർ വന്നിരിക്കുന്നതെന്നായിരുന്നു കുററിയഴികത്തിൻെറയും മക്കളുടെയും

അവരുടെ സഹായികളായ് മാവഴികത്തു നാരായണന്റെയും ഈഴവരഴികത്തു ശങ്കരപ്പിള്ളയുടെയും വിശ്വാസം. എന്നുമാത്രമല്ല, ഞങ്ങൾ കൊല്ലത്തു ഫുററിനടന്നതു് അവർ കൊടുത്ത കേസ്സിൽനിന്നു രക്ഷനേടുന്നതിനും പോലീസുകാർ അതന്വേഷിക്കാൻ വരാതിരിക്കുന്നതിനു ശ്രമിക്കാനും മാറുമായിരുന്നു എന്നാണു് അവരുടെയും സഹായികളുടെയും വിചാരം.

കുററിയഴികത്തിനെയും മക്കളെയും സഹായിപ്പാൻ ഈഴവരഴികത്തു ശങ്കരപ്പിള്ളയ്ക്കു് കുററിയഴികത്തിന്റെ മക്കൾ നൂറു (100) ക. തൽക്കാലം കൊടുത്തിട്ടുണ്ടു്. ശങ്കരപ്പിള്ള കേസുനടത്തി അച്ഛൻ മുതൽപ്പേരെ ശിക്ഷിപ്പിക്കാമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ടു്. പോലീസുകാർക്കു സദ്യ ഈഴവരഴികത്തു ഒരുക്കുന്നുണ്ടു്.

പോ: ഇൻസ്പെക്ടർ ഒരു ഈസിചെയറിൽ, കുററിയഴികത്തു മുററത്തിരുന്നു. കുററിയഴികം അവശതഭാവിച്ചു് കുററിയഴികത്തു ചാവടിയിൽ കിടക്കുന്നു. കുററിയഴികത്തിന്റെ മകൻ രാമൻ പോലീസുകാർ വരുന്നതു കണ്ടു് അവരുടെ പിന്നാലെ മാവഴികത്തു നിന്നിറങ്ങി മൊഴികൊടുക്കാൻ എന്ന നിലയിൽ സങ്കടക്കാരന്റെ ഭാവത്തിൽ സന്തോഷിച്ചുനില്ക്കുന്നു.

ഇൻസ്പെക്ടർ കുററിയഴികത്തിനോടു്:—

“എന്താ കിഴവൻ! ഇവിടെ നടന്നിട്ടുള്ള സംഗതികളുടെ പരമാർത്ഥമൊക്കെ പറയണം. കേട്ടോ!”

കുററിയഴികം രണ്ടുദിവസത്തിനുമുമ്പു അവിടെ വന്നിട്ടുണ്ടായിരുന്ന ഹെഡ്കാൺസ്റ്റബിളിന്റെ അടുക്കൽ കൊടുത്ത മൊഴി അതേഭാവത്തിൽ പറഞ്ഞുതുടങ്ങി. ഈഴവരിഴകത്തു ശങ്കരപ്പിള്ളയും മാവഴികത്തു നാരായണനും പ്രസന്നന്മാരായിനിന്നു കേൾക്കുന്നു. അപ്പോൾ ഇൻസ്പെക്ടർ തന്റെ മുമ്പിൽ, തന്നെ അഭിമുഖീകരിച്ചു നില്ക്കുന്ന ആളിനെ നോക്കിക്കൊണ്ടു് ഇയ്യാൾ ആരാണെന്നു ചോദിച്ചു. വാദിയാണെന്നയ്യാളും പ്രതിയാണെന്നു ഞങ്ങളും പറഞ്ഞു. ഇതിനിടയ്ക്കു ഒരു കാൺസ്റ്റബിൾ ചാടിവന്നു അവന്റെ ചെള്ളയ്ക്കു ഭയങ്കരമായ ഒരടി കൊടുത്തിട്ടു അവന്റെ കക്ഷത്തു വച്ചിരുന്ന തോർത്തുമുണ്ടെടുത്തു അവന്റെ കൈരണ്ടും കൂട്ടികെട്ടി അറസ്റ്റ് ചെയ്തു ചാവിടിപ്പുരയുടെ പടിഞ്ഞാറുവശത്തെ തിണ്ണയ്ക്കിരുത്തി.

ഇൻസ്പെക്ടർ:—എടോ കിഴവൻ! ഇവിടെ ദേവസ്വം വകയായി കുറെ തിരുവാഭരണങ്ങൾ ഉണ്ടായിരുന്നതു് കിഴവനും മക്കളും കൂടി മോഷ്ടിച്ചതു തെളിയിയ്ക്കാനാണു് ഞാൻ വന്നിരിക്കുന്നതു്. എന്റെകൂടെ വന്നിരിക്കുന്ന പോലീസുകാരെ ബുദ്ധിമുട്ടിക്കാതെ അതിന്റെ പരമാർത്ഥമൊക്കെ അവരോടു പറയണം കേട്ടോ.

ഇത്രയുമായപ്പോൾ ഈഴവരഴികത്തു ശങ്കരപ്പിള്ളയും മാവഴികത്തു നാരായണനും ഇളിഭ്യന്മാരായി വെളിക്കിറങ്ങി ഉടനെ ഇൻസ്പെക്ടർ ശങ്കരപ്പിള്ളയെ വിളിച്ചു ഇങ്ങനെ പറഞ്ഞു.

എന്താ ശങ്കരപ്പിള്ളേ സുഖമാണോ; വിശേഷമൊന്നുമില്ലല്ലോ. എനിക്കു കുറെ വെള്ളം അനത്തി ഒന്നു കുളിയ്ക്കണം. സൗകര്യമുണ്ടോ?

ശങ്കരപ്പിള്ള:—ഉണ്ടു. സൗകര്യമുണ്ടു്.

ഇൻ:—എന്നാൽ ശങ്കരപ്പിള്ള നടക്കണം ഞാൻ പിന്നാലെ അങ്ങു വന്നേക്കാം.

ഇതു കേട്ടുകൊണ്ടു ശങ്കരപ്പിള്ള സ്വന്തം വീട്ടിലേക്കു നടന്നു. മാവഴികത്തു നാരായണനും അനുഗമിച്ചു.

ഞങ്ങളുടെ എതിർകക്ഷികളുടെ കൂടിയാലോചനയും ആഫീസും മാവഴികത്താകയാൽ അവിടെ നടക്കുന്ന സകല രഹസ്യങ്ങളും അറിയുന്നതിനായി ഞാൻ പ്രത്യേകം ഒരു ദൂതനെ വച്ചിട്ടുണ്ടു്.

കുററിയഴികത്തിൻെറ സ്വന്ത അനന്തരവൻ ഒരു പപ്പുവും കൂടി പ്രതിയാണെന്നു മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. അവൻെറ സഹോദരി കൊച്ചാളിയുടെ ഭർത്താവു് ചിറയ്ക്കൽക്കാരനായ കണ്ണൻ എന്നൊരുവനും പ്രതിയാണു്. കുററിയഴികത്തിനെ ചിററപ്പൻ മുതൽപേർ തടഞ്ഞു വച്ചിരുന്നപ്പോൾ കുററിയഴികത്തിൻെറ മക്കളുമായി കുററിയഴികത്തിൻെറ ആലോചനകളെ പകത്തുന്നതിനു ദൂത്യംവഹിച്ചതും കുററിയഴികത്തിൻെറ മക്കളെക്കൊണ്ടു് കേസു കൊടുപ്പിക്കുന്നതിനു സഹായിയായി നിന്നതും ഈ കണ്ണനായിരുന്നതിനാൽ അവനെ കൂടി കേസിൽ പ്രതിയാക്കിയിരിക്കയാണു. ഈ സംഗതി മനസ്സിലാക്കാതെ അവനും അവരുടെ ഭാഗത്തേക്കാണു് പോലീസുകാർ വന്നതെന്നു വിചാരിച്ചു അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവനെയും അറസ്റ്റു് ചെയ്തു അവിടെ ഇരുത്തി. കിട്ടിയ പ്രതികളെക്കൊണ്ടു് കേസിൽ തെളിവുണ്ടാക്കുന്നതിനു ഹെഡ്കാൺസ്റ്റബിളിൻെറ അടുക്കൽ പറഞ്ഞിട്ടു ഇൻസ്പെക്ടർ കുളിക്കുന്നതിനും മററുമായി ഈഴവരഴികത്തേക്കുപോയി. നേരം ഇരുട്ടിത്തുടങ്ങിയപ്പോഴേക്കും പോലീസുകാർ അടുത്തുകൂടി കുററിയഴികത്തിനേയും മകൻ രാമനേയും അനന്തരവളുടെ ഭർത്താവായ കണ്ണനേയും ദേഹോപദ്രവം ചെയ്യാൻ തുടങ്ങി. അപ്പോഴേക്കു എതിർ കക്ഷികളുടെ ആലോചനകൾ അറിയുന്നതിനായി ഞാൻ ഏർപ്പെടുത്തിയിട്ടുള്ള ദൂതൻ വന്നു എന്നോടു സ്വകാര്യം ഇപ്രകാരം പറഞ്ഞു.

'ആശാനേ, കാര്യങ്ങളെല്ലാം കുററിയഴികവും മക്കളും കരുതിയിരുന്നതുപോലെയൊന്നുമല്ല വന്നിരിക്കുന്നതു് എന്നവൎക്കു് ഇപ്പോൾ മനസ്സിലായി. അവർ ഇനിയെന്താണു് ചെയ്യേണ്ടതെന്നു് പരിഭ്രമിച്ചു തുടങ്ങിയിരിക്കുന്നു. രാമൻെറ ജ്യേഷ്ഠൻ കൊച്ചുകുഞ്ഞും അവരുടെ അന്യായപ്രകാരം പോലീസുകാർ വന്നുവെന്നു വിചാരിച്ചു സന്തോഷത്തോടുകൂടി വന്നു. അപ്പോഴാണു കാര്യം മനസ്സിലായതു്. മാവഴികത്തു നാരായണൻ അവനോടു കൊച്ചുകുഞ്ഞേ. കാര്യം കുഴപ്പത്തിലാണു് ഉടനെ മാറിക്കളയണം. കണ്ടുകിട്ടിയാൽ പോലീസുകാർ നിന്നെ ഉപദ്രവിച്ചു തൊണ്ടിയെടുപ്പിക്കും. എന്നു പറഞ്ഞു മടക്കി അയച്ചു.

അവൻ വീട്ടിൽ ചെന്നു അത്താഴം ഉണ്ടു് ചക്രവും എടുത്തു ഭാര്യയോടു കാര്യങ്ങൾ പറഞ്ഞേൽപ്പിക്കാതെ പോകയില്ലെന്നു ഞങ്ങൾ വിചാരിച്ചു രണ്ടു കാൺസ്റ്റബിൾമാരെ വിളിക്കട്ടു കൊച്ചുകുഞ്ഞനേയും കൂട്ടി പ്രാക്കുളത്തയച്ചു. അവർ വേഗം അവിടെ എത്തി. രാത്രി എട്ടുമണി കഴിഞ്ഞു. പോലീസുകാരും കൊച്ചുകുഞ്ഞനും വാഴക്കൂട്ടത്തിൽ മറഞ്ഞിരുന്നു. രാത്രി മണി പത്തു കഴിഞ്ഞപ്പോൾ കൊച്ചുകുഞ്ഞു് അവിടെ വന്നു. ഉടൻ പോലീസുകാർ അവനെ അറസ്റ്റു ചെയ്തു കുറ്റിയഴികത്തു കൊണ്ടുവന്നു. അപ്പോൾ നാലു പ്രതികളെ കിട്ടിയിട്ടുണ്ടു്. രാത്രി പതിനൊന്നു മണിയായപ്പോൾ ഇവരെ പോലീസുകാർ ഉപദ്രവിക്കാൻ തുടങ്ങി. തൊണ്ടിയെടുത്താൽ വലിയ ശിക്ഷ വരുമെന്നു കുറ്റിയഴികം കരുതി രണ്ടു മണിക്കൂർനേരം ഉപദ്രവിച്ചിട്ടും സത്യം പറഞ്ഞില്ല. പിന്നീടു പോലീസുകാർ പ്രസ്താവയോഗ്യമല്ലാത്തതും ഹൃദയമുള്ളവർക്കു കണ്ടു സഹിക്കാൻ വയ്യാത്തതുമായ കഠിനോപദ്രവം തുടങ്ങി. കേട്ടും കണ്ടും സഹിക്കരുതാഞ്ഞു ഞാനും മാറിക്കളഞ്ഞു.

ഞങ്ങൾ രാജി പറയുന്നതിനും പരസ്പരം യാതൊരു കേസുകളും കൂടാതെ കഴിക്കുന്നതിനും ആയി മൂന്നു ദിവസത്തിനു മുമ്പു് കുറ്റിയഴികത്തിന്റെ അടുക്കൽ ചെന്നപ്പോൾ കുറ്റിയഴികം പറഞ്ഞ മറുപടികളും കുറ്റിയഴികത്തിന്റെ ഇന്നത്തെ സ്ഥിതികളും കണ്ടു ഞാൻ ഭഗവതിയുടെ തിരുമുമ്പിൽ ചെന്നു സാഷ്ടാംഗ നമസ്കാരം ചെയ്തു.

ഞങ്ങൾ രാജിയാലോചനയ്ക്കായി ചെന്നപ്പോൾ കുറ്റിയഴികം ഞങ്ങളെ പരിഹസിച്ചു പറഞ്ഞ വാക്കുകൾ കുറച്ചെങ്കിലും ഈ പുസ്തകത്തിൽ, ആ സംഭവം വിവരിച്ച ഘട്ടത്തിൽ എഴുതുന്നതിനു വിസ്തരഭയത്താൽ ഇടയായിട്ടില്ല. ഈ ഘട്ടം വന്നപ്പോൾ ആ സംഗതി അനുസ്മരിച്ചു പോയി എന്നല്ലാതെ ഇവിടെ അതു രേഖപ്പെടുത്തുവാൻ വിചാരിക്കുന്നില്ല

ഈ സംഗതികൾ എല്ലാം ഇങ്ങനെ മറിഞ്ഞു തിരിഞ്ഞു വരാനുള്ളതിനു കാരണഭൂതൻ ഞാനാണെന്നും അച്ചുനു വേണ്ടി ഞാൻ മുൻനിന്നു ചെയ്യുന്നതാണെന്നും കുറ്റിയഴികത്തിനു നല്ലപോലെ അറിയാമായിരുന്നതുകൊണ്ടു് കുറ്റിയഴികവും മക്കളും പോലീസുകാരുടെ ഉപദ്രവം സഹിക്കാൻ നിവൃത്തിയില്ലാത്ത ഘട്ടത്തിലെത്തിയപ്പോൾ കുറ്റിയഴികത്തിനു് അച്ചുനെ കാണണമെന്നഭിപ്രായമുണ്ടായി. കുറ്റിയഴികം പറഞ്ഞു:— "എനിക്കു വിളയത്തു കറുമ്പനെ ഒന്നു കാണണം. തിരുവാഭരണങ്ങൾ ഞാൻ എടുത്തു ചെലവാക്കിയതിന്റെ ശേഷം എന്റെ കൈവശമുണ്ടു്. അതു ഞാൻ എടുത്തു തരാം. വിളയത്തു കറുമ്പനെ കൂടി ഇവിടെ വരുത്തി എല്ലാ കാര്യങ്ങളും പറഞ്ഞു തീർത്തു ഞങ്ങൾ തമ്മിൽ രാജിയായി നിങ്ങളെ (പോല്ലീസുകാരെ) എല്ലാം ശരിപ്പെടുത്തി അയച്ചു കൊള്ളാം."

കുറ്റിയഴികം ഇങ്ങനെ വ്യസനാക്രാന്തനായി വാ വിട്ടു കരഞ്ഞു കൊണ്ടു പറഞ്ഞതു കേട്ടു ഞാൻ വിളയത്തു വന്നു അച്ചുനെ വിളിച്ചു കുറ്റിയഴികത്തു കൊണ്ടുപോയി. അച്ചുനെ കണ്ടപ്പോൾ കുറ്റിയ

ഴികം തൊഴുതു നിലവിളിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു:— "അയ്യോ എൻെറ പൊന്നെ! എന്നെയും എൻെറ മക്കളേയും തല്ലി കൊല്ലിക്കല്ലേ! തിരുവാഭരണങ്ങൾ ഞാൻ കുറെ ഒക്കെ ചെലവാക്കിപ്പോയി. ശേഷം എൻെറ കൈവശമുണ്ടു്. അതു ഞാൻ ഇപ്പോൾ എടുത്തു നിൻെറ കൈവശം തരാം. നീ എല്ലാ കാര്യങ്ങളും പൊഞ്ഞുതീത്തു നമ്മൾ തമ്മിൽ രാജിപ്പെട്ടു പോലീസുകാരെ നേരം വെളുക്കുന്നതിനുമുമ്പു മടക്കി അയയ്ക്കണം. ഞാൻ മേലാൽ നിൻെറ വരുതിപ്രകാരം ഇരുന്നുകൊള്ളാം. ഇതിനു എൻെറ ജീവനുള്ളകാലംവരെ യാതൊരു ഭേദഗതിയും ഇല്ല! എൻെറ മക്കളേയും എന്നേയും രക്ഷിക്കണമേ! ഞങ്ങൾക്കു നീയല്ലാതെ വേറെയാതൊരാശ്രയവുമില്ലേ!"

കുററിയഴികം ഇങ്ങനെ നിലവിളിച്ചു പറഞ്ഞുകൊണ്ടു് സപണ്ടം കുഴിച്ചു വച്ചിരിക്കയാണെന്നും അതു് ഇപ്പോൾതന്നെ എടുത്തുതരാമെന്നുംപറഞ്ഞു പോല്ലീസുകാരെയും അപ്പനേയും സപണ്ടം ഇരിക്കുന്ന സ്ഥലത്തേക്കു വിളിച്ചു കുററിയഴികത്തു കൊട്ടാരത്തിൻെറ വടക്കെച്ചുവരടിയിൽ കുഴിച്ചുവച്ചിരിക്കയാണെന്നും ഒരു ഭരണിയിൽ വെച്ചു് അടച്ചുവെച്ചിരിക്കുന്നെന്നും പറഞ്ഞു ആ സ്ഥലം ഞങ്ങൾക്കു ചൂണ്ടിക്കാണിച്ചുതന്നു.

രാത്രിസമയം ഇൻസ്പെക്ടരെയും മദ്ധ്യസ്ഥന്മാരെയും കൂട്ടാതെ എടുക്കാൻ പാടില്ലാത്തതിനാൽ സ്ഥലം മനസ്സിലാക്കിയിട്ടു് ഇനിയെല്ലാം അടുത്തദിവസം ആകട്ടെ എന്നുപറഞ്ഞു കുററിയഴികത്തിനെയും മക്കളെയും വീണ്ടും ഉപദ്രവിക്കാതെ പോല്ലീസുകാർ കാത്തുസൂക്ഷിച്ചു നേരം വെളുപ്പിച്ചു

അടുത്തദിവസം രാവിലേ ഏഴുമണിയായപ്പോൾ ഇൗഴവരഴികത്തുനിന്നു ഇൻസ്പെക്ടർവന്നു കുററിയഴികം വരച്ചുകാണിച്ച സ്ഥലം വെട്ടിത്തോണ്ടി ഒരു കോൽവരെ കുഴിച്ചിട്ടും ഒന്നും കാണാത്തതിനാൽ പോല്ലീസുകാർ വീണ്ടും കുററിയഴികത്തിനെ ഉപദ്രവിച്ചു അപ്പോൾ കുററിയഴികം നിലവിളിച്ചുകൊണ്ടു കൊട്ടാരത്തിൻെറ വടക്കേ തൊമ്പിൻെറ നടുക്കുനിൽക്കുന്ന തൂണിൻെറ ചൊവ്വുംനോക്കി കീഴോട്ടുവരച്ചു. ആ ചൊവ്വിനു ചുവരിൻെറ അടിസ്ഥാനക്കല്ലിനു കീഴിൽ ഇരുപ്പുണ്ടെന്നുപറഞ്ഞു. ഇതുപ്രകാരം കൊണ്ടുവന്നു കല്ലിൻെറ കീഴ ഭാഗം മണ്ണു് കുത്തിയിളക്കിയപ്പോൾ ഒരു ഭരണി കണ്ടു. അതു തോണ്ടി എടുത്തു. അതിൻെറ അടപ്പു് ദ്രവിച്ചുപോയിരുന്നു. അതു് അവിടെ സ്ഥാപിച്ചിട്ടു വളരെക്കാലം (അഞ്ചാറുവർഷത്തിലധികം) ആകുമെന്നു ആ ഭരണിയുടെ അടപ്പു കണ്ടാൽ ആക്കും ഊഹിക്കാം. അതു് തുറന്നു പരിശോധിച്ചപ്പോൾ ഏതാനും തിരുവാഭരണങ്ങൾ ഒടിച്ചുമടക്കി നിറച്ചുവച്ചിരിക്കുന്നതായി കണ്ടു. അവ തൂക്കി തിട്ടപ്പെടുത്തിയതിൽ മൂന്നു റാത്തലിൽ കൂടുതൽ ഉണ്ടായിരുന്നു. അതായതു് നൂററിനാല്പതു (140) രൂപാ തൂക്കത്തോളം ഉണ്ടായിരുന്നു.

മഹസ്സർ മുതലായവ തയ്യാറാക്കിതീന്നപ്പോൾ മണി 12 കഴിഞ്ഞു. പിന്നീടു് ഇൻസ്പെക്ടർ മുതൽപേർ പോയി ഊണു കഴി

ച്ചുവന്നു. വാദികളുടെ അന്യായം പരമാർത്ഥമാണെന്നും നിശ്ചയമായിട്ടും പതിനഞ്ചു റാത്തലിൽ കവിഞ്ഞ സ്വർണ്ണാഭരണങ്ങൾ ഉണ്ടായിരുന്നു എന്നും ഇൻസ്പെക്ടർക്കു ബോദ്ധ്യം വന്നു. മോഷണം നടന്നിട്ടു ഏഴുവർഷത്തിലധികം കാലമായി എന്നും അതിനാൽ സ്വർണ്ണം മുഴുവനും പല കൈവഴി ചെലവായിപ്പോയി എന്നും ഏകദേശമൊക്കെ പോല്ലീസുകാർക്കു മനസ്സിലായി. പ്രതികളെ ഒന്നുകൂടി ഉപദ്രവിച്ചുനോക്കിയാൽ കുറെ സ്വർണ്ണംകൂടി കിട്ടുന്നതിനിടയുണ്ടെന്നു വിചാരിച്ചു വീണ്ടും പ്രതികളെ ഉപദ്രവിക്കാൻ തുടങ്ങി. ഒരു പ്രതിയായ പപ്പു (കുററിയഴികത്തിന്റെ സ്വന്തം ശേഷക്കാരൻ) താമസിച്ചിരുന്നതും ഇപ്പോൾ അവന്റെ സഹോദരി താമസിക്കുന്നതും ആയ കിഴക്കനഴികത്തു വീട്ടിൽനിന്നും ചെറിയ രണ്ടുമൂന്നുകൂട്ടം ഉരുക്കിയ സ്വർണ്ണക്കട്ടകൾ കിട്ടി. അതിനുശേഷം കുറേപ്പകലുള്ളപ്പോൾ, കുററിയഴികത്തു മുററത്തുവച്ചു പ്രതികളെ ഉപദ്രവിച്ചാൽ വീണ്ടും സ്വർണ്ണം കിട്ടുമെന്നുള്ള വിശ്വാസത്താൽ പ്രതികളെ വലുതായ ഉപദ്രവങ്ങൾ വളരെ പരസ്യമായി ചെയ്തു.

അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ല. പ്രതികളെയും തൊണ്ടിയായിക്കിട്ടിയ സ്വർണ്ണങ്ങളെയും മാറും എടുപ്പിച്ചുകൊണ്ടും പോലീസുകാർ അന്നു വയ്യിട്ടു പോയി.

കുററിയഴികം സ്വർണ്ണം എടുത്തു വില്ക്കാൻ തുടങ്ങിയിട്ടു ആറേഴു സംവത്സരമായെന്നു പറഞ്ഞുവല്ലോ. സ്വർണ്ണം അപഹരിച്ചുതുടങ്ങിയ നാൾ മുതൽ ആണ്ടുതോറും പതിവായി കുററിയഴികം കൊടുങ്ങല്ലൂരിൽ പോകുമായിരുന്നു അപ്പോഴൊക്കെ ആലപ്പുഴയിലും കൊച്ചിയിലുമുള്ള സ്വർണ്ണവ്യാപാരികൾക്കാണു് അധികം സ്വർണ്ണവും കൊടുത്തിട്ടുള്ളതു്. സ്വദേശത്തു സ്വർണ്ണമായിട്ടു വിററിട്ടില്ല പല ആഭരണങ്ങൾ പണികഴിപ്പിച്ചു മക്കളും അനന്തരവരും കുറേനാൾ ഉപയോഗിക്കും. പിന്നീടു് ആയതു പണയം വയ്ക്കുകയും ചിലപ്പോൾ വില്ക്കുകയും ചെയ്യും. ഇങ്ങനെ സ്വദേശികളിൽ ചിലർ ചിലതൊക്കെ 1076-77-78-ഈ സംവത്സരങ്ങളിൽ പണയം വാങ്ങുകയും വില വാങ്ങുകയുമൊക്കെ ചെയ്തിട്ടുണ്ടു്. പണയം വാങ്ങിയിരുന്നവരിൽ പലരും ഇവിടത്തെ പണക്കാരായിരുന്നതിനാൽ പോല്ലീസുകാർക്കു അവരിൽനിന്നൊക്കെ വളരെപണം കിട്ടി. കുററിയഴികത്തിനെയും മക്കളെയും വീണ്ടും ഉപദ്രവിക്കാതിരിക്കുന്നതിനായി അവരും പണം കൊടുത്തു. ഏതായാലുംപോല്ലീസുകാർക്കു ഈ സ്വർണ്ണമോഷണക്കേസ്സിൽ നിന്നു ധാരാളം കൈക്കൂലി കിട്ടിക്കൊണ്ടിരുന്നു. ഒന്നരാടൻ ദിവസങ്ങളിൽ പോ: ഇൻസ്പക്ടരുടെ വസതിയിൽ ഞങ്ങൾകൂടുന്ന പതിവുണ്ടായിരുന്നു. പല കൈവഴികളിൽ പോല്ലീസുകാരെ അയച്ചു പലരെ പിടിപ്പിച്ചു വന്നു. വലിയ ഒരു മോഷണ കേസു തെളിവിൽ വന്നതുകൊണ്ടു് പോല്ലീസുകാർക്കു ധൈര്യമായി ഇപ്രകാരം ചെയ്യാമായിരുന്നു.

ഇതിനിടയ്ക്കു കുററിയഴികത്തിൻെറ അനന്തരവൻ അഞ്ചാം പ്രതി പപ്പുവിനെ പിടിക്കാൻ രണ്ടു കാൺസ്റ്റബിൾമാരെ നിയോഗിച്ചു. അവർ പോകുന്ന വഴി പേത്രൂർ പുത്തൻ പുരയിൽ കയറി അവിടെ (ഭാര്യവീട്ടു്) താമസിക്കുന്ന വേളിക്കാട്ടു തിരുമ്മുകാരൻ കേശവനെ പിടിച്ചു അവനു രണ്ടു അടി കൊടുത്തു മരുതമ്പള്ളിൽ കൂടി പോയി വരുന്നതിനുള്ള വഴിച്ചെലവു വാങ്ങി കൊള്ളണമെന്നു ഞങ്ങൾ ഏർപ്പാടു ചെയ്തു. അവർ ആപ്രകാരം ചെയ്തു.

ഈ കേസു സംബന്ധിച്ചുകാരോ ഉദ്യോഗസ്ഥന്മാരോടു പോലീസുകാർ ഇരുന്നൂറു മുതൽ അഞ്ഞൂറുവരെ ക. കൈക്കൂലി മേടിച്ചതൊന്നും പറയാതെ വെറും അഗണ്യനായ തിരുമ്മുകാരൻ കേശവനെ പിടിച്ചു കഥ എടുത്തു പറഞ്ഞതിനു പ്രത്യേകം കാരണം ഉണ്ടു്. അവൻ മണ്ണാശ്ശേരിൽ രാമനുമൊത്തു ഡി: മജിസ്ട്രേട്ടുകോർട്ടിൽ കേസ്സിനുപോകുമ്പോൾ ഞാൻ അവനെവിളിച്ചു രാജിപറഞ്ഞ സമയം അവൻ എന്നോടുപറഞ്ഞ ഒരുപടിയുടെ ഒരററത്തു് "എൻെറ അപ്പൂൻ അവനോടു പറയണം" എന്നതായിരുന്നു അതുകൊണ്ടാണു് അവനോടിത്രയും പ്രവൃത്തിക്കണമെന്നു ഞാൻ ചട്ടംകെട്ടിഅയച്ചതു്. പണം സംബന്ധിച്ചു അവർ (പേത്രൂക്കാർ) വളരെ ദരിദ്രന്മാരായിരുന്നതിനാൽ ഏതോ ഉരുപ്പടികൾ പണയംവച്ചാണു് പോലീസുകാർക്കു് പണം കൊടുത്തു തൃപ്തിപ്പെടുത്തിയതു്. ഈ സംഗതി പോലീസുകാരുടെകൂടെ പോയ അവൻെറ (കേശവൻെറ) സ്വന്തം കാരണവൻ കൊഞ്ഞൊതശ്ശാർതന്നെ എന്നോടു പറഞ്ഞു.

മരുതമ്പള്ളിയിൽനിന്നു പപ്പുവിനെ പിടിച്ചുകൊണ്ടുവന്നു പോലീസ്സു് കേസു ചാർജ്ജുകൊടുത്തു. കുററിയഴികവും മക്കളും ചെങ്കോട്ടരാമയ്യൻെറ മകൻ ഈശ്വരയ്യനു വക്കാലത്തു കൊടുത്തു. ജാമ്യത്തിൽ ഇറങ്ങി. വളരെ വാശിയിൽ കേസു നടത്തി. കുററിയഴികത്തിൻെറ മകൻ രാമൻെറ ഹറജിപ്രകാരം ആദ്യം പോലീസ്സുകാർ വന്നപ്പോൾ കുററിയഴികം കൊടുത്ത മൊഴി അനുസരിച്ചായിരുന്നു അവരുടെ വാദം. കാമനാട്ടുകാർക്കു കുററിയഴികത്തു തട്ടുപുരയിൽ കൂട്ടുകൂട്ടുണ്ടായിരുന്നു എന്നു വാദിഭാഗത്തുനിന്നു വാദിക്കുന്നതു കളവാണെന്നുകൂടി പ്രതികൾ വാദിച്ചിരുന്നു. വാദിഭാഗത്തേക്കു ചങ്ങനാശേരി പരമേശ്വരൻപിള്ളയായിരുന്നു വക്കീൽ. വാദികളുടെയും പ്രതികളുടെയും വക്കീലന്മാർ അന്നു കൊല്ലം കോർട്ടിലെ ഏററവും പ്രധാനപ്പെട്ട വക്കീലന്മാരായിരുന്നു.

കുററിയഴികത്തിനെമാത്രം ആ കേസ്സിൽ ശിക്ഷിച്ചു. വയസ്സനാകയാൽ എഴുനൂറുരൂപാ പിഴയാണു ശിക്ഷിച്ചതു്. അതടയ്ക്കാത്തപക്ഷം ആറുമാസത്തെ തടവുശിക്ഷ. കേസുപറഞ്ഞു തീർന്നപ്പോഴേക്കു മക്കളുടെ കൈവശമുണ്ടായിരുന്ന പണം തീർന്നുപോയി. അവർ പിഴയടുക്കിയില്ല ആകയാൽ കുററിയഴികം കൊട്ടാരത്തിൽനിന്നു് കുഞ്ഞീൻ മാതേവൻ ജയിലിലേക്കു പോകേണ്ടിവന്നു. അഞ്ചുമാസവും ഇരുപത്തേഴുദിവസവും കുററിയഴികത്തു കാരണവർ ജയി

ലിൽ കിടന്നു. മോചനത്തിനു ആറു ദിവസമുള്ളപ്പോൾ ചാന്നാക്ക് ഏതോ ഒരു രോഗം പിടിപെട്ടു ജയിലിൽക്കിടന്നു മരണപ്പെട്ടു.

ഈ സംഭവങ്ങൾ ഓർത്താൽ നിശ്ചയമായും അയാളുടെ പേരിൽ ഭഗവതിക്ക അതൃപ്തിയുണ്ടായിരുന്നു എന്നു തീർച്ചപ്പെടുത്താവുന്നതാണു്. ഞാൻ ഈ കേസു നടത്തിയ കക്ഷിയിൽ ഒരു ആദ്യവസാനക്കാരനായതിനാൽ കുററിയഴികത്തിനും പ്രതികൾക്കും ഈ വിധത്തിലൊക്കെ ആപത്തു നേരിട്ടതു ഭഗവതിയുടെ അതൃപ്തികൊണ്ടാണെന്നു് എനിക്ക നല്ലപോലെ മനസ്സിലായിട്ടുണ്ടായിരുന്നു. കുററിയഴികവും മക്കളും അനന്തരവൻ പപ്പുവും കൂടിയാണു് ഈ പ്രവൃത്തികൾ ഒക്കെ ചെയ്തതെങ്കിലും സ്വർണ്ണം കൈകാര്യം ചെയ്തതു കുററിയഴികം തനിച്ചായിരുന്നു. ഒരു ഭരണിയിൽ ഒരു മടിശ്ശീലയിൽ കെട്ടി വച്ചിരുന്നതും പല നിറത്തിലുമുള്ളതുമായ രത്നങ്ങൾ (കല്ലുകൾ) ഭരണിയോടുകൂടി ഒരു രാത്രി ടി പുരയിടത്തിന്റെ ഒരു ഭാഗത്തു കുഴിച്ചുവച്ചിട്ടുണ്ടായിരുന്നതു് പിന്നീടു സ്ഥലം നിശ്ചയമില്ലാതെ വന്നതിനാൽ കിട്ടിയില്ലെന്നും മററും കേസവസാനിച്ചതിനുശേഷം മക്കളും അനന്തരവൻ പപ്പുവും പറഞ്ഞു എല്ലാവരും ധരിച്ചിട്ടുണ്ടു്.

ഈ കേസു പോലീസുകാർ ചാർജ്ജുചെയ്യുന്നതിനുമുമ്പായി കരക്കാർ നായന്മാരിൽ ചിലർ കരുവാക്ഷേത്രവും മോഷണംപോയ തിരുവാഭരണങ്ങളും അവരുടെ വകയാണെന്നും മററും ഡി: മജി: കോർട്ടിൽ ഹറജികൊടുത്തിട്ടുണ്ടായിരുന്നു. തെളിയിക്കുവാൻ തരമില്ലാത്തതിനാൽ അവരുടെ ഹറജി തള്ളികളഞ്ഞു. ഇങ്ങനെ ചേരിക്കാരുടെ അവകാശവാദം നഷ്ടപ്പെട്ടു. തിരുവാഭരണങ്ങൾ മുക്കാലേ അരയ്ക്കാലും പോയി.

# അധ്യായം ആറു്

## കുററയഴികത്തു കുഞ്ഞീൻ മാതേവന്റെ തറവാട്ടുഭരണം.

ആയിരത്തിഎൺപത്തിരണ്ടാമാണ്ടാണു് (1082) സ്വർണ്ണമോഷണക്കേസുണ്ടായതു്. ടി കുഞ്ഞീൻ മാതേവനു മുൻപായി കുററിയഴികത്തു ശാഖയിൽ കാരണവനായിരുന്നതു് കണ്ടക്കാട്ടിൽ ശാഖയിലുള്ള കാരണവനായിരുന്നു. അദ്ദേഹം കുററിയഴികത്താണു് താമസിച്ചിരുന്നതു്. കുഞ്ഞീൻ മാതേവന്റെ അച്ഛൻ പ്രാക്കുളത്തു കാവുങ്ങലെ കാരണവനും ഒരു പരാക്രമിയും ആയിരുന്നതിനാൽ ആയിരത്തി അൻപതാമാണ്ടിടയ്ക്കു കുഞ്ഞീൻ മാതേവൻ കുററിയഴികത്തു പ്രവേശിച്ചു കാരണവനെ ബലാൽ പുറത്തിറക്കി കുററിയഴികത്തു താമസം

തുടങ്ങി. മുപ്പത്തിരണ്ടുവർഷം കുഞ്ഞീൻ മാതേവൻ കുററിയഴികത്തു താമസിച്ചു. ഇയാൾ താമസിച്ച കാലം മുഴുവനും തറവാട്ടു ദ്രോഹിയായിട്ടാണു് താമസിച്ചതു്. ഇയാൾ തറവാട്ടിൽ പ്രവേശിച്ചു താമസം തുടങ്ങിയ കാലത്തുതന്നെ തറവാട്ടുവക കീഴ്പ്പാട്ടു വയലിന്റെ അടിവശം പടിഞ്ഞാറേ അററം വള്ളക്കടവു് മാഴിയത്തു നായന്മാർ പുതുവൽ പതിപ്പിച്ചു എടുത്തു. ഇതു കുഞ്ഞീൻ മാതേവന്റെ ആദ്യത്തെ ദ്രോഹഘട്ടത്തിൽ സംഭവിച്ചതാണു്. കുററിയഴികം ദേവസ്വം കൊട്ടാരം മേയുന്നതിനു ഓല കുതുക്കുന്നതിനും വള്ളക്കടവിനും ഉണ്ടായിരുന്ന സ്ഥലമായിരുന്നു അതു്. 1051-ൽ (ആയിരത്തി അൻപത്തൊന്നാമാണ്ടു്) ദേവസ്വം വകയായി അവിടെയുള്ള പന്ത്രണ്ടു പറ കരമൊഴിവു നിലത്തിനു കള്ളയാധാരം ചമച്ചു സ്വന്തമാക്കാൻ ശ്രമിച്ചുതുടങ്ങി. കുററിയഴികത്തിന്റെ തള്ളയുടെ പേർക്കാണു കള്ളയാധാരമുണ്ടാക്കിയതെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതുപിന്നെ അയാളുടെ സ്വന്തം അനന്തരവളുടെ പേർക്കു വായോല കൊടുപ്പിച്ചു. പിന്നീടു കമ്മാരഞ്ചേരിൽ ചിററപ്പൻ മുതൽപേർ അവളേയും അവളുടെ സഹോദരനേയും ഭയപ്പെടുത്തി 1032-തുലാത്തിൽ അപ്പുന്റെയും ചക്കമെല്ലിയുടേയും വയലുവീടകന്റെയും പേർക്കു മടക്കി എഴുതി. 1070-ാമാണ്ടിടയ്ക്കു കണ്ടെഴുത്തു നടന്നുകൊണ്ടിരിക്കുമ്പോൾ വൻവിള (തെക്കേച്ചേരിയിൽ)യുള്ള ഏതാനും തറവാട്ടു പുരയിടങ്ങൾകൂടി കുഞ്ഞീൻ മാതേവൻ അയാളുടെ തള്ളയുടെ പേർക്കു കള്ളപ്രമാണങ്ങൾ ഉണ്ടാക്കി കണ്ടെഴുത്തിൽ കാണിച്ചു പട്ടയം പിടിക്കുന്നതിനു ശ്രമിച്ചു. അതിനു അപ്പുൻ മുതൽപേർ തക്കം കൊടുത്തു. അപ്പോൾ പടിഞ്ഞാറേവീട്ടിൽ കിഴക്കുവശത്തുള്ള നിലത്തിനും ടി തൊടിപ്പുരയിടത്തിനും അപ്പുന്റെ അമ്മയുടെ പേർക്കു പ്രമാണം ചമച്ചു അപ്പുൻ പട്ടയം പിടിച്ചുകൊള്ളുന്നതിനും പനയക്കൽ തെക്കതിൽ പനയ്ക്കൽ കിഴക്കതിൽ മുതലായ കുറേ വസ്തുക്കളും കുററിയഴികത്തിന്റെ തള്ളയുടെ പേർക്കു് പ്രമാണം ജനിപ്പിച്ചു കുററിയഴികത്തിന്റെ പേരിൽ പട്ടയം പിടിക്കുന്നതിനും പരസ്പരം സമ്മതിച്ചു. കണ്ടക്കാട്ടിൽ ശാഖയിലുള്ള ഒരു പാവപ്പെട്ട കാരണവനെ കുററിയഴികത്തുനിന്നും ബലാൽ ബഹിഷ്കരിച്ചിട്ടാണു് കുററിയഴികം ആയിരത്തി അൻപതാമാണ്ടിടയ്ക്കു കുററിയഴികത്തു കേറിത്താമസമായതെന്നുള്ള വിവരം മുമ്പേ പറഞ്ഞുവല്ലോ. തറവാട്ടിൽ ശേഷിയും ശേമുഷിയുമുള്ളവരാരും അന്നില്ലായിരുന്നു. കുഞ്ഞീൻ മാതേവൻ സ്വന്തസമ്പാദ്യം പോലെയാണു് തറവാട്ടുവകകൾ കൈകാര്യം ചെയ്യുന്നതു. കണ്ടക്കാട്ടിൽ ശാഖക്കാരെക്കൂടാതെ വേറെ നാലു ശാഖക്കാരാണു് കുററിയഴികത്തുള്ളതു്. അതിൽ ഒന്നു് ഈയാളുടെ ശാഖതന്നെ. കുററിയഴികത്തിന്റെ സ്വന്തം അനുജൻ കുഞ്ഞുമാർത്തരു് എന്നൊരാൾ ഉണ്ടായിരുന്നു. അയാൾക്കുപോലും കുഞ്ഞീൻ മാതേവൻ ജലപാനം ചെയ്യുന്നതിനുള്ള വക കൊടുക്കുകില്ല. അയാൾ തെണ്ടിനടന്നു നിത്യവൃത്തികഴിച്ചു് ആയിരത്തി എഴുപതാമാണ്ടിടയ്ക്കു വഴിയാധാരമായിക്കി

ടന്നു മരിച്ചു അച്ചുൻെറ ശാഖയിൽ അച്ചുനും രണ്ടനുജന്മാരും മാത്രമായിരുന്നു പുരുഷന്മാരായിട്ടുണ്ടായിരുന്നതു. അച്ചുനും ഇളയ അനുജനും പരവൂരിൽ ഉള്ള പിതാവിൻെറ വീട്ടിൽനിന്നു അവരുടെ അമ്മയുമായി വന്നു പുത്തൻവീട്ടിൽ താമസിച്ചു വേലചെയ്തു നിത്യവൃത്തി കഴിക്കുകയാണു്. പുത്തൻവീട്ടിലെ വസ്തുവിൻെറ അനുഭവം ടി കുഞ്ഞീൻ മാതേവൻ എടുക്കുകയാണു്. കുററിയഴികത്തിനോടു എതിരിടുന്നതിനു അവർ ശക്തരല്ല. അയാൾ കുററിയഴികത്തുനിന്നു പുത്തൻവീട്ടിൽ വരുമ്പോൾ തേങ്ങാ പിരിവുണ്ടെന്നു (തേങ്ങാഅരത്തു) പറഞ്ഞു അച്ചുനേയും ചിററപ്പനേയും തല്ലും കിണ്ടിയോ പാത്രമോ എന്തെങ്കിലും ബലാൽ എടുത്തുകൊണ്ടു പോവുകയും ചെയ്യും. കണ്ടക്കാട്ടിൽകാരുടേയും കുററിയഴികത്തിൻേറയും അച്ചുൻേറയും ശാഖകൾ കഴിഞ്ഞ നാലാമത്തെ ശാഖ ചക്കമെല്ലിയുടേതാണു്. ആ ശാഖയിൽ മൂത്തപുരുഷൻ ചക്കമെല്ലിൽ കൊച്ചേര എന്നയാളാണു്. അയാൾക്കു് അന്നു് നാലോ അഞ്ചോ വയസ്സു പ്രായംകാണും. അഞ്ചാമത്തൊരു ശാഖയുള്ളതു കിഴക്കേ പുത്തൻപുരയിലാണു്. അവിടെ ഒരു തള്ളയും ഒരു മകളും മാത്രമേ അന്നുണ്ടായിരുന്നുള്ളു. കണ്ടെഴുത്തു വിചാരണയിൽ അവരെ തള്ളി ചതിവായി ശേഷംപേരുടെ പേർക്കു പട്ടയം പിടിക്കണമെന്നു കുററിയഴികത്തു കുഞ്ഞീൻ മാതേവൻ അച്ചുനെ നിർബ്ബന്ധിച്ചു. കിഴക്കേ പുത്തൻപുരയിൽ ശാഖയിൽ അന്നുള്ള കൊച്ചാളി എന്ന സ്ത്രീയും അവരുടെ മകളും അച്ചുനെ ആശ്രയിച്ചു നിൽക്കുന്നവരാകയാൽ കുററിയഴികത്തു കുടുംബത്തിൽനിന്നു് എന്നെന്നേയ്ക്കുമായി അവരെ ബഹിഷ്ക്കരിക്കുന്നതായ ആ പാപകർമ്മത്തിൽ അച്ചുൻ കൂട്ടുനിന്നില്ല ഇങ്ങനെ ഇക്കഥ വിസ്തരിച്ചെഴുതിയാൽ അവസാനിക്കയില്ല ഈ പുസ്തകത്തിൽ ഇനി അവിടവിടെ വരുന്ന സൂചനകളും കഥകളുംകൊണ്ടു് ഊഹിച്ചറിഞ്ഞുകൊള്ളുക. ഇപ്പോൾ ഇങ്ങനെ നിൽക്കട്ടെ.

## അദ്ധ്യായം ഏഴ്

### ദേവസ്വം സംബന്ധിച്ച് കാമനാട്ടുകാരും കുററിയഴികത്തുകാരും തമ്മിൽ 1084-ാമാണ്ടു തുടങ്ങിയ വ്യവഹാരങ്ങൾ

കുററിയഴികത്തു കുഞ്ഞീൻ മാതേവൻ ജയിലിൽകിടന്നു മരിച്ചു ശേഷം കുററിയഴികത്തു കുടുംബത്തിൽ കണ്ടക്കാട്ടിൽ ശാഖയിലെ അയ്യൻ മാതേവൻ എന്ന ദേഹമായിരുന്നു. അദ്ദേഹവും ഒരു അപ്രാപ്തനായിരുന്നു. ദേവസ്വം വകയായി വില്ലിയഴികത്തു കിഴക്കുവശ

ത്തുള്ള നിലത്തിന്റെ വടക്കേയററം പതിനഞ്ചിടങ്ങഴി നിലം മേൽപ്പ
റഞ്ഞ അയ്യൻ മാതേവന്റെ ഭാര്യയുടെ പേർക്കു് ദേവസ്വത്തിൽനി
ന്നു പാട്ടം എഴുതിക്കൊടുത്തിട്ടുള്ളതു മുൻപ്രസ്താവിച്ചിട്ടുണ്ടു്. ആ
നിലം ടിയാൻ നികത്തി അവിടെ തെങ്ങുവച്ചു് ഒരു ചെറിയ പുര
യും ഉണ്ടാക്കി അദ്ദേഹം ഭാര്യയും മക്കളും കൂടി അവിടെ താമസിക്കു
കയാണു്. രണ്ടായിരത്തി അഞ്ഞൂറു പണത്തിനു പ്രത്യേകബാദ്ധ്യത
യുണ്ടാക്കിയിരിക്കുന്ന 12 പറ നിലം കമ്മാഞ്ചേരിൽ ചിററപ്പനും
വയലുവീടനുംകൂടി കൃഷി നടത്തിക്കൊണ്ടിരിക്കയാണു്. കണ്ടക്കാ
ട്ടിൽ അയ്യൻ മാതേവൻ 1082-ൽ കുടുംബത്തിൽ കാരണവനായി
വന്നെങ്കിലും കുടുംബവസ്തുക്കൾ എല്ലാം ഓരോ ശാഖവഴിക്കു് ഇരിക്കു
ന്നതുകൊണ്ടു് കാരണവനു് ആസ്ഥാനത്തു് അനുഭവത്തിനു വസ്തുക്കൾ
ഒന്നും ആരും നൽകിയില്ല. എങ്കിലും നിയമപ്രകാരം കാരണവസ്ഥാ
നം ടിയാനു് ആകയാൽ കുടുംബചരിത്രം ഉണ്ടാക്കി കാര്യലാഭം എടു
ക്കാൻ നടക്കുന്ന വല്ലവരും ആയാളെ സ്വാധീനപ്പെടുത്തി വല്ല പ്രമാ
ണങ്ങളും എഴുതിക്കുമെന്നു വിചാരിച്ചു് ഞാൻ അദ്ദേഹത്തെ സ്വാധീ
നപ്പെടുത്തി വെച്ചിരുന്നു. കമ്മാഞ്ചേരിൽ ചിററപ്പനോടും വയലു
വീടനോടും പറഞ്ഞു കാരണവർക്കു കുറേശ്ശെ നെല്ലുകൊടുപ്പിക്കും.
ഇങ്ങനെ ഒരു സൂത്രത്തിൽ അദ്ദേഹം അന്യകൈവഴികളിൽ തിരി
ഞ്ഞുപിരിഞ്ഞു കുടുംബദോഷങ്ങൾ ഒന്നുംചെയ്യാൻ ഇടവരാതെ
ഞാൻ പ്രത്യേകം ശ്രദ്ധിക്കയും സൂക്ഷിക്കയുംചെയ്തു കഴിച്ചുകൂട്ടിവരി
കയാണു്. ഞങ്ങൾ തമ്മിലുള്ള സ്നേഹപൂർവ്വമായ പെരുമാററംകൊ
ണ്ടു് ആ കാരണവൻ അന്യകൈവഴികളിൽ പോകാതെ ഞങ്ങളോ
ടുകൂടിത്തന്നെ ഇങ്ങനെ ദിനവൃത്തി കഴിച്ചുവരുന്നു.

തിരുവിതാംകൂർ ഹൈക്കോർട്ടു വിധികളുടെ ഏതാനും വാള്യ
ങ്ങൾ (പുസ്തകം) മലയാളത്തിൽ തർജ്ജമചെയ്തു് ഒരു വക്കീൽ പ്രസി
ദ്ധപ്പെടുത്തിയിരുന്നു. 1078-ാമാണ്ടിടയ്ക്കു് ആ പുസ്തകങ്ങൾ ഞാൻ
വിലയ്ക്കുവാങ്ങി വായിച്ചുകൊണ്ടിരുന്നു. കാലിക്കററിൽ (കോഴിക്കോ
ട്ടു്) നിന്നു് 'വ്യവഹാരചിന്താമണി' എന്നൊരു മാസിക പ്രസി
ദ്ധംചെയ്തിരുന്നതും ഞാൻ പതിവായി വരുത്തി വായിച്ചു. അതിലും
തിരുവിതാംകൂർ ഹൈക്കോർട്ടു വിധികൾ പ്രസിദ്ധംചെയ്തിരുന്നു.

'അബ്രാഹ്മണജന്മികൾ എഴുതിക്കൊടുക്കുന്ന കാണപ്പാട്ടയാധാരം
സാധാരണ ഒററിയെന്നല്ലാതെ അതിൽ പാട്ടക്കാരനു യാതൊരു
ശാശ്വതാവകാശങ്ങളും ജനിക്കുന്നതല്ലെന്നും ഒരു ദേവസ്വത്തിന്റെ
ഉടമസ്ഥനോ ട്രസ്റ്റിയോ അബ്രാഹ്മണനായിരുന്നാൽ അവർ എഴുതുന്ന
കാണയാധാരത്തിനു് ഒററിയുടെ നിലയല്ലാതെ പാട്ടക്കാരനു യാ
തൊരു ശാശ്വതാവകാശവും ഉണ്ടായിരിക്കുന്നതല്ലെന്നും' മററും പല
വിധത്തിൽ വായിക്കുന്നതിനിടയായി. തിരുവിതാംകൂർ ജനങ്ങളുടെ
ഇടയിൽ സ്വകാര്യദേവസ്വം എന്നു ഊരാൺമദേവസ്വം എന്നും
രണ്ടുവിധം ദേവസ്വങ്ങൾ ഉണ്ടു്. അവയിൽ ഊരാൺമ ദേവസ്വം

ഊരുകാരായ ജനങ്ങൾക്ക പൊതുവിൽ ഉള്ളതും എങ്കിലും അവയുടെ ഭരണാധികാരം ഊരാളന്മാരുടെ കുടുംബത്തിലേക്ക ശാശ്വതമായി ഇരിക്കുന്നതും അവ ഊരാളന്മാർ ദുർഭരണം നടത്തുന്നതായാൽ തിരുവിതാംകൂർ ധർമ്മസ്വത്തു റെഗുലേഷൻപ്രകാരം അവ സർക്കാരിലേക്ക് എടുക്കാവുന്നതാണെന്നും എന്നാൽ സ്വകാര്യദേവസ്വങ്ങൾ അങ്ങനെ എടുക്കാവുന്നതല്ലെന്നും മററുമുള്ള പല നിയമസിദ്ധാന്തങ്ങളും ഞാൻ വായിച്ചു ഗ്രഹിക്കുന്നതിനും ഇടയായി.

തൃക്കരുവാ ദേവസ്വംവക വസ്തുക്കളെ സംബന്ധിച്ചുള്ള എഴുത്തുകുത്തുകളിലും പതിവ്, പട്ടയം മുതലായ പല പ്രമാണങ്ങളിലും ചാന്നാന്മാരെ സംബന്ധിച്ചു 'ദേവസ്വം കൈസ്ഥാനം' 'ദേവസ്വം മനുഷ്യം' 'ദേവസ്വം ആളാന' എന്നും മററും പറഞ്ഞിട്ടുള്ളതിനെ കരക്കാരായ നായന്മാർ വ്യാഖ്യാനിച്ചിട്ടുള്ളതും മനസ്സിലാക്കിയിട്ടുള്ളതും അവർ കണ്ടെഴുത്തിൽ വാദിച്ചിട്ടുള്ളതും ഒരു പബ്ലിക് ദേവസ്വത്തിന്റെ ഭരണാധികാരം എന്നാണ്. എന്നാൽ മേൽപറഞ്ഞ മൂന്നുപദങ്ങളും സ്വകാര്യദേവസ്വത്തിന്റെ ഉടമസ്ഥതയെ സൂചിപ്പിക്കുന്നവയാണെന്നു തിരുവിതാംകൂർ ഹൈക്കോടതി പല കേസുകളിലും തീർച്ചപ്പെടുത്തിയിട്ടുള്ളതും ആയതു് ഞാൻ മേൽപ്പറഞ്ഞ നിയമപുസ്തകങ്ങളിൽ വായിച്ചിട്ടുള്ളവയുമാകുന്നു.

മേൽപ്പറഞ്ഞ സംഗതികൾ വായിച്ചറിഞ്ഞതിനു ശേഷം അനേകം തവണ ഞാൻ ചാന്നാന്മാരോടു് ഈ സംഗതി പറയുകയും പാട്ടക്കാരിൽനിന്നു വസ്തുക്കൾ ഒഴിപ്പിക്കുന്നതിനു് ഒന്നുരണ്ടു വ്യവഹാരങ്ങളെങ്കിലും കൊടുക്കണമെന്നു നിർബ്ബന്ധിക്കയും ചെയ്തുകൊണ്ടിരുന്നു.

'അങ്ങനെ നമ്മൾ വ്യവഹാരം കൊടുത്താൽ ദേവസ്വം ഇപ്പോൾ ഭരിക്കുന്നതു് ചാന്നാന്മാരല്ലെന്നും മററും പാട്ടക്കാർ പത്രിക കൊടുത്താൽ ദേവസ്വം വസ്തുക്കളുടെ കമ്പോളവിലയ്ക്കു ചാന്നാന്മാർ കോർട്ടുഫീസൊടുക്കേണ്ടിവരുമെന്നും' മററും ചാന്നാന്മാരിൽ കാമനാട്ടുശാഖയിലെ അന്നത്തെ ഒരു കാര്യസ്ഥനായ കായമ്മടം മുതൽപേർ എന്നോടു സമാധാനം പറകയും പതിവായിരുന്നു.

ചാന്നാന്മാരോടു പാട്ടം പിടിച്ചു നടന്നുവരുന്ന യാതൊരു പാട്ടക്കാരനും അങ്ങനെ വാദംപുറപ്പെടുവിക്കുന്നതിനു വാദതടസ്സമുണ്ടെന്നുള്ളതിനും പല ഹൈക്കോർട്ടു വിധികൾ ഞാൻ അവരെ ബോധ്യപ്പെടുത്തിക്കൊണ്ടും വീണ്ടും നിർബ്ബന്ധിച്ചുകൊണ്ടും ഇരുന്നിട്ടും ചാന്നാന്മാർ വിശ്വസിക്കയോ ഒരു വ്യവഹാരം കൊടുക്കുന്നതിനു ഭാവിക്കുകയോ യാതൊന്നും ചെയ്തില്ല. ഇവരുടെ അടുക്കൽ ഞാൻ പലപ്പോഴും മേൽപ്പറഞ്ഞ പുസ്തകങ്ങൾ കൊണ്ടുചെന്നു അവയെല്ലാം വിശദമായി അവരെ വായിച്ചു കേൾപ്പിക്കുകയും ചെയ്തിട്ടുണ്ടു്. "അപ്പോൾ ചാന്നാന്മാർ വല്ല വ്യവഹാരത്തിനും പുറപ്പെട്ടാൽ ചേരിക്കാരായ നായന്മാരാണ് ഇപ്പോൾ ദേവസ്വം ഭരണക്കാർ എന്നു പറയുന്നപക്ഷം

ദേവസ്വത്തിന്റെ കമ്പോളവിലയ്ക്കു ചാന്നാന്മാർ കോർട്ടുഫീസു വയ്ക്കണമെന്നു വന്നാൽ നിവൃത്തിയില്ലാതെ വന്നുപോകുമെന്നു ഭയപ്പെട്ട് അതിനൊന്നിനും അവർ പ്രവേശിക്കുന്നില്ല.”

ചാന്നാന്മാരെ ഞാൻ ഇക്കാര്യത്തിനു നിർബന്ധിക്കുമ്പോഴൊക്കെയും അവർ ‘കോർട്ടുഫീസൊടുക്കേണ്ടിവരും’ എന്നൊരു ഭയമാണു വെളിയിൽ പ്രസ്താവിക്കുന്നതെങ്കിലും പരമാർത്ഥത്തിൽ അതിനേക്കാൾ ഭയം അവർക്കു കരക്കാർ നായന്മാരെയാണെന്നു നിരാക്ഷേപമായി എനിക്കറിയാവുന്നതാണ്. ന്യായങ്ങൾ എത്രതന്നെ നമുക്കുണ്ടായാലും കരക്കാരോടു മത്സരിച്ചാൽ അവർ അക്രമംകൊണ്ടും കരബലം കൊണ്ടും നമ്മെ തോല്പിക്കുമെന്നും മററുമുള്ള മഹാഭയമാണ് ചാന്നാന്മാർക്ക് ഈ വിഷയത്തിൽ സ്ഥായിയായി നിന്നിരുന്നത്. അതുകൊണ്ട് അവരാൽ സാധ്യമല്ലാത്ത കാര്യത്തിൽ അവരെ ഇനിയും നിർബന്ധിക്കേണ്ടാ എന്നു ഞാൻ മടുത്തുവശായി. 1804-ാമാണ്ടുവരെ എന്റെ ശ്രമംകൊണ്ടു ഒരു ഫലവുമുണ്ടായില്ല. 1082-ാമാണ്ടു നടന്ന സ്വർണ്ണമോഷണക്കേസിൽ നായന്മാർ വാദിസ്ഥാനത്തു ചേരാൻ വന്നതും അതു തള്ളിപ്പോയതും ഞാൻ മുമ്പ് എഴുതിയിട്ടുണ്ടല്ലോ

കാറിയഴികത്തു ശാഖക്കാർക്കു എങ്ങനെയെങ്കിലും കേസു കൊടുക്കണമെന്നുണ്ടെങ്കിലും കാമനാട്ടുകാർ അതിനു അശേഷം വഴിപ്പെടുകയില്ല. കാമനാട്ടു ശാഖയിൽ അയ്യൻ അയ്യപ്പൻ ചാന്നാർ 1072-ാമാണ്ടിടയ്ക്കു മരിച്ചുപോയതിനുശേഷം കാരണവനായി വന്നത് കായമ്മത്തു ശാഖയിൽപ്പെട്ട മൂങ്ങോട്ടു കണ്ണൻമാതേവൻ ചാന്നാരായിരുന്നു. അദ്ദേഹം തന്റെ സ്വന്തം അനന്തരവനായ കായമ്മത്തു കൃഷ്ണനാശാൻ (പുത്തേത്താൻ) പറയുന്നതുപോലെയല്ലാതെ സ്വതന്ത്രമായി നടക്കത്തക്ക യാതൊരു പ്രാപ്തിയും ഇല്ലാത്ത ഒരു മനുഷ്യനായിരുന്നു.

തൃക്കരുവാ ദേവസ്വംവക അഷ്ടമുടിയിൽ വീരഭദ്രസ്വാമിക്ഷേത്രത്തിൽ ആണ്ടുതോറും കന്നിമാസത്തിൽ ഇരുപത്തിയെട്ടാവോണദിവസം ‘ഓടിവള്ളംകളി’ ‘ഉരുള്’ മുതലായവ ജനങ്ങൾ സ്വയം നടത്തിവരുന്നുണ്ട്. ഈ രാജ്യത്തു വീരഭദ്രക്ഷേത്രം വേറെ അടുത്തെങ്ങും ഇല്ലാത്തതിനാൽ അനവധി ജനങ്ങൾ അന്ന് അവിടെ നേർച്ചകൾ നടത്തിപ്പോക പതിവാണ്. നെയ്യ് വിളക്കുകൊളുത്തുന്നതിനായി പരിശുദ്ധമായ പശുവിൻനെയ്യ് രണ്ടുമൂന്നു പറയോളം അന്നു അവിടെ നേർച്ചവരും. എന്നാൽ അത്ര നെയ്യല്ലവരുന്നത്. നേർച്ചക്കാർ നൈ കൊണ്ടുവന്നു ക്ഷേത്രത്തിന്റെ മുമ്പിൽ നിൽക്കുന്ന വലിയ വിളക്കിൽ വയ്ക്കും. വിളക്കിന്റെ അടുക്കൽ നിൽക്കുന്ന പ്രബലന്മാരായ നായന്മാർ ആരെങ്കിലും അതു് ബലാൽ എടുത്തുകൊണ്ടുപോകും. കൂടാതെ നൂറു നൂററി അൻപതു രൂപയുടെ ഒററച്ചക്രത്തുട്ടു കാശു നേർച്ചവരും. ഈഴവരഴികത്തു കണ്ണൻപിള്ള മരിക്കുന്നതുവരെ ആ നേർച്ചപ്പണം കരക്കാർ നിശ്ചയിച്ച മുതൽപിടിക്കാരനും പിള്ളയുംകൂടി എടുത്തുവന്നിരുന്നു. കണ്ണൻപിള്ളയുടെ മരണാനന്തരം അവരുടെ ഗൃഹത്തിലും കരകളിലും ഛിദ്രങ്ങളുണ്ടായി. അതു നിമിത്തം കമ്പല്ലൂര കൃഷ്ണപിള്ളയാണ് ഈ

പണം എടുത്തു സ്വതന്ത്രമായി ചെലവഴിക്കാറുള്ളതു്. ആരോടും യാതൊരുത്തരവാദിത്വവും അയാൾക്കില്ല. ചാന്നാന്മാർ കമ്പപ്പുരയോടു എന്തെങ്കിലും കണക്കു ചോദിച്ചാൽ അയാൾ അപ്പോൾ കരക്കാരുടെ പിള്ളയാവും. ഇങ്ങനെ അയ്യാളോടു ആരും ഒന്നും ചോദിക്കാൻ വയ്യാത്ത നിലയിലും, ചോദിക്കാത്ത നിലയിലും കാര്യം കലാശിച്ചു വന്നു.

കമ്പപ്പുരയുടെ അഹങ്കാരവും അധികാരവും വർദ്ധിച്ചു. കമ്പപ്പുര പറ്റു ചീട്ടികൾ കൊടുക്കുന്നതു അയാളുടെമാത്രം ഒപ്പോടുകൂടിയാണു്. ചാന്നാന്മാർ പറ്റു ചീട്ടിയിൽ ഒപ്പു വയ്ക്കുന്നതുമില്ല. തിരുവിതാംകൂറിലും ഇതര ഡിസ്ട്രിക്ടുകളിലുമുള്ള പല ദേവസ്വങ്ങൾ ഉടമസ്ഥന്മാരുടെ ഇപ്രകാരമുള്ള ദീർഘകാലത്തെ ഉപേക്ഷയാലും സമീപസ്ഥരായ പ്രബലന്മാരുടെ പ്രതാപശക്തിയാലും അവയുടെ ഉടമസ്ഥന്മാൎക്കു ഇതുപോലെ ക്ഷേത്രങ്ങളിൽ യാതൊരവകാശങ്ങളും ഇല്ലാതെ അവയുടെ ഭരണം കോർട്ടു വിധിപ്രകാരം തന്നെ നശിച്ചുപോയിട്ടുണ്ടു്. കോർട്ടു വിധിപ്രകാരം ഇപ്രകാരം കൈകാര്യം ചെയ്യുന്നവർ ഉടമസ്ഥരായി തീൎന്നിട്ടുണ്ടു്. തിരുവിതാംകൂറിലേയും ബ്രിട്ടീഷിൻഡ്യയിലേയും ലാ റിപ്പോർട്ടുകൾ ഇതിന്നു സാക്ഷ്യം വഹിക്കുന്നു.

ഇങ്ങനെ കരുവാ ദേവസ്വത്തിൽ കമ്പപ്പുര കൃഷ്ണപിള്ള കാലക്രമംകൊണ്ടു ആരാലും ആക്ഷേപിക്കുവാൻ സാധിക്കാത്ത ഒരു ഭരണകർത്താവായി തീൎന്നുവെന്നുവരാവുന്നതാണു്. ചാന്നാന്മാരുടെ കൈവശം ദേവസ്വംവക കണക്കുകൾ യാതൊന്നും ഇല്ല. എന്നുമാത്രമല്ല ദേവസ്വംവക വസ്തുക്കളെ സംബന്ധിച്ചും പറയത്തക്ക യാതൊരു വിവരങ്ങളും ചാന്നാന്മാരിൽ ആൎക്കും തന്നെയില്ലാതെവന്നു, ഇങ്ങനെ അവൎക്കു ഒരു ദേവസ്വം ഉണ്ടെന്നുള്ള ഓർമ്മതന്നെ അവരിൽനിന്നും നശിച്ചുപോയിരിക്കുന്നു. പ്രായക്കുറവുള്ളവൎക്കും കരുവാനിന്നും അകലെ താമസിക്കുന്നവൎക്കും ഇങ്ങനെ ഒരു ദേവസ്വം അജ്ഞാതമായിച്ചമഞ്ഞു.

1084 (ആയിരത്തിഎൺപത്തിനാലാമാണ്ടു്) കന്നിമാസത്തിൽ ഇരുപത്തിയെട്ടാം ഓണം സംബന്ധിച്ചു അഷ്ടമുടിയിൽ വീരഭദ്രസ്വാമി ക്ഷേത്രത്തിൽ ഉത്സവം കാണുന്നതിനായി കേവലം ഒരു കാഴ്ചക്കാരൻ എന്ന നിലയിൽ എന്റെ അച്ഛൻ (വിളയത്തു കറമ്പൻ ചാന്നാർ) പോയിരുന്നു. ഉത്സവം അവസാനിച്ചു. കമ്പപ്പുര കൃഷ്ണപിള്ള അയാളുടെ മക്കളെക്കൊണ്ടു രണ്ടുമൂടു പണം സഞ്ചികളിൽകെട്ടി എടുപ്പിച്ചു പോരുമ്പോൾ വഴിമദ്ധ്യേവച്ചു് എന്റെ അച്ഛനും അയാളും തമ്മിൽ താഴെ എഴുതുന്ന സംഭാഷണം നടന്നു.

അച്ഛൻ:—പണം എവിടെയാണു കൊണ്ടുപോകുന്നതു്? ക്ഷേത്രം എല്ലാം പൊളിഞ്ഞു തറപറ്റാറായല്ലോ! അതിനെപ്പറ്റി യാതൊന്നും അന്വേഷിക്കാതെ എന്നും ഇങ്ങനെ പണം എടുത്തുകൊണ്ടുപോയാൽ മതിയോ?

കമ്പപ്പുര കൃഷ്ണപിള്ള:—ഇപ്പോൾ ഏതു തെങ്ങിൽനിന്നാണിറങ്ങിവന്നതു? ഇതുവരെ എവിടെയായിരുന്നു? ഈ രാജ്യത്തെങ്ങുമില്ലായിരുന്നോ?

എന്റെ അച്ഛൻ ഇതിനു യാതൊരു സമാധാനവും പറയാതെ വീട്ടിൽ വന്നു് എന്നെവിളിച്ചു് ഈ സംഭാഷണം ഉണ്ടായപോലെ പറഞ്ഞു. ഉടൻ ഞങ്ങൾ തമ്മിൽ താഴെപറയുന്ന സംഭാഷണം നടന്നു.

അച്ഛൻ:—ആ ക്ഷേത്രവും ദേവസ്വത്തിന്റെ ഉടമസ്ഥന്മാർ ആരാണെന്നു അറിഞ്ഞതേതീരൂ. അതു് ചാന്നാന്മാരുടേതാണോ അല്ല കരക്കാരുടേതാണോ അതുമല്ല കമ്പപ്പുര കൃഷ്ണപിള്ളയുടെ വകയാണോ? ആരാണതിന്റെ ഉടമസ്ഥന്മാരെന്നു് അറിയുന്നതിനെന്താണു മാർഗ്ഗം?

ഞാൻ:—എത്രയോ നാളുകളായി ഞാൻ ഈ സംഗതിയെപ്പററി നിങ്ങളോടൊക്കെ പറയാറുണ്ടു്. അപ്പോഴൊന്നും നിങ്ങളാരും അതിനെപ്പററി ശ്രദ്ധിക്കാതിരുന്നതുകൊണ്ടു് ഇയ്യിടെ ഞാൻ ഒന്നും പറയാത്തതാണു്. ഈ പതനത്തിൽ നമ്മൾ വല്ല വ്യവഹാരത്തിനും പുറപ്പെട്ടാൽ പ്രതികൾ അവരുടെ പത്രികയിൽ നമുക്കു ദേവസ്വത്തിന്റെ കൈവശവും ഭരണവും ഒന്നും ഇല്ലെന്നു പത്രികകൊടുക്കുമെന്നും അപ്പോൾ നമ്മൾ ദേവസ്വംവക സകല വസ്തുക്കളുടേയും കമ്പോളവിലയ്ക്കു കോർട്ടുഫീസൊടുക്കേണ്ടിവരുമെന്നും മററും പറഞ്ഞു. വൃഥാ കാലംകളഞ്ഞതിനാൽ ഞാൻ ഇപ്പോൾ ഈ സംഗതിയിൽ അത്ര ശ്രദ്ധിയ്ക്കാറില്ല

അച്ഛൻ:—ഇനി ഇങ്ങനെ കാലം കളയാൻ ഞാൻ വിചാരിക്കുന്നില്ല. ഒരുവേള നമ്മൾ വ്യവഹാരപ്പെടുമ്പോൾ ദേവസ്വം വസ്തുക്കളുടെ കമ്പോളവിലയ്ക്കു ഫീസൊടുക്കണമെന്നു വന്നാൽ എത്ര രൂപാ വേണ്ടിവരും?

ഞാൻ:—ദേവസ്വം വസ്തുക്കളെപ്പററി യാതൊരു വിവരവുമില്ലാതെ എങ്ങനെയാണതു നിശ്ചയിക്കുന്നതു്?

അച്ഛൻ:—ഉദ്ദേശം അൻപതുമുറി പുരയിടവും എൺപതിശ്ശിഷ്ടം പറ നിലവും ഇപ്പോൾ വരും.

ഞാൻ:—അങ്ങനെയാണെങ്കിൽ ഒരുലക്ഷം രൂപയിൽ കൂടുതൽ വിലപിടിപ്പുള്ള സ്വത്തുക്കൾ ഉണ്ടല്ലോ!

അച്ഛൻ:—ഓരോ പുരയിടവും രണ്ടായിരം രൂപയിലധികം വിലപിടിപ്പുള്ളതാകയാൽ നിലങ്ങളുടെ വിലകൂടി കണക്കാക്കിയാൽ തീർച്ചയായിട്ടും ഒന്നരലക്ഷത്തോളം രൂപാ വിലപിടിപ്പുള്ള സ്വത്തുണ്ടു്.

ഞാൻ:—കോർട്ടിന്റെ അവസാനസല മൂവായിരം രൂപയാണു്. എത്രലക്ഷം രൂപയുടെ വ്യവഹാരമായിരുന്നാലും മൂവായിരം രൂപാ

യിൽ കൂടുതൽ കോർട്ടുഫീസ് യാതൊരു കേസിനും ഒടുക്കേണ്ട ആവശ്യമില്ല.

അപ്പൂൻ:—നമുക്കു വ്യവഹാരം കൊടുക്കണം. ഏതുവിധത്തിലെങ്കിലും നമുക്കു കോർട്ടുഫീസു വെയ്ക്കാം. എന്നാലും ദേവസ്വത്തിൽ നമുക്കു വല്ലതും അവകാശമുണ്ടോ എന്നുള്ളതറിഞ്ഞേ കഴിയൂ.

ഇവിടെ അപ്പോഴും പലിശയ്ക്കു കൊടുത്തിട്ടുള്ളതും തൊണ്ടു (മടൽ) താഴ്ത്തിയിട്ടുള്ളതും എല്ലാംകൂടി അരിച്ചുപറക്കിയാൽ അയ്യായിരം രൂപയിൽ കവിഞ്ഞുകാണും. അതു് ചെലവുചെയ്തു വ്യവഹാരം നടത്താമെന്നാണ് അപ്പൂൻ ധൈര്യപ്പെടുന്നതു്. അതു് ചെലവായിപ്പോയാലും ഇവിടെ ബുദ്ധിമുട്ടൊന്നും വരാനില്ല. വസ്തുക്കളുടെ അനുഭവം കൊണ്ടു് നിത്യവൃത്തിക്കു് മുട്ടൊന്നും ഉണ്ടാവില്ലെന്നു മാത്രമല്ല ആണ്ടുതോറും ചെലവുകഴിച്ചു മിച്ചംവരുന്ന സംഖ്യകൂടി വ്യവഹാരത്തിനെടുക്കാവുന്നതാണ്. അതുകൊണ്ടു് ദേവസ്വത്തിൽ വ്യവഹാരം ആരംഭിക്കണമെന്നുതന്നെ അപ്പൂൻ നിർബ്ബന്ധിക്കുന്നു.

ഈ സംഗതി അപ്പൂൻ പറയുംപ്രകാരം സമ്മതിച്ചാൽ കാര്യദോഷം എനിക്കാണു്. എനിക്കു് അപ്പൂൻ ഭാഗത്താൽ തന്നതിൽ നല്ലതായ ഒരു പുതുവൽ എന്റെമേൽ ഉണ്ടായ കൊലക്കേസിന്റെ കടത്തിനായി ഞാൻ വിലകൊടുത്തു. കൂടാതെ എനിക്കു നാലഞ്ചു മുറിപുരയിടമേ ഉള്ളൂ. അപ്പൂൻ അനന്തരവരുടെ വീതത്തിൽ കൊടുത്തിട്ടുള്ള സ്വത്തുക്കളും പുത്തൻവീട്ടിൽ ചിററപ്പൻ മരിച്ചപ്പോൾ വന്നുചേർന്ന സ്വത്തുക്കളും കൂടി ഇവിടെ അപ്പൂന്റെ കൈവശം ഇരിക്കുന്നതുകൊണ്ടാണു ചെലവുകഴിഞ്ഞു മിച്ചംവരുത്തുന്നതു്. അങ്ങനെ മിച്ചംവന്നും തൊണ്ടുതാഴ്ത്തി വിററുംമററുമാണു് അയ്യായിരത്തിലധികം രൂപാ കൈമുതലുണ്ടായതു്. വേറെ മൂവ്വായിരത്തിഅഞ്ഞൂറുരൂപാ മുതലുള്ള ഒരു ചിട്ടിപൊലിഞ്ഞ രൂപാ വരാനുമുണ്ടു്. ഇടയ്ക്കു പണത്തിനു ഞെരുക്കംവന്നാൽ ചിട്ടിപ്പണം എടുക്കാം. അന്നത്തെ സ്ഥിതി സൂക്ഷിച്ചുനോക്കിയാൽ കാമനാട്ടുകുടുംബത്തിൽ തെക്കടത്തുശാഖയും കീരിക്കാട്ടു കോട്ടൂർശാഖയും അപ്പൂനെക്കാൾ സ്വത്തുള്ള ശാഖയാണെങ്കിലും പതിനായിരം രൂപാ വേണ്ടിവന്നാൽ കടപ്പെടുത്താതെയും വസ്തുക്കൾ വിൽക്കാതെയും ചെലവു ചെയ്യുന്നതിനു് അപ്പൂനെപ്പോലെ സൗകര്യമുള്ളവർ കാമനാട്ടും കുററിയഴികത്തുംകൂടി മററാരുമില്ല. എന്നാൽ അപ്പൂന്റെ കൈവശമുള്ള പണവും മേലാൽ ഉണ്ടായിവരുന്ന പണവും ഇങ്ങനെ രണ്ടു കുടുംബത്തിലെയും പൊതുകാര്യത്തിനായി ചെലവുചെയ്യിച്ചാൽ വരുന്ന കാര്യനഷ്ടം എനിക്കാണു്. എങ്കിലും ഇത്രവലുതായ ഒരു കാര്യത്തിനു വേണ്ടി അതു സന്തോഷത്തോടുകൂടി സഹിക്കുന്നതിനു ഞാൻ സന്നദ്ധനായി.

അടുത്ത ദിവസംതന്നെ ഞങ്ങൾ വക്കീൽ പി. കരുണാകരമേനോൻ അവർകളെ കാണുന്നതിനു കൊല്ലത്തുപോയി. വ്യവഹാരകാര്യം ആലോചിച്ചു. രണ്ടു കുടുംബത്തിലെയും കാരണവന്മാരെ സ്ഥാ

നത്തുനിന്നു നീക്കുന്നതിനായി ഒരു വ്യവഹാരം കൊടുക്കണമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ഞങ്ങൾ സമ്മതിച്ചു അപ്രകാരം ചെയ്തു.

"പ്രതികൾ ദേവസ്വംവക നിലം പുരയിടങ്ങളുടെ മിച്ചവാരം പിരിച്ചു ദേവസ്വം കാര്യങ്ങൾ ശരിയായി നടത്തുന്നില്ല. ക്ഷേത്രങ്ങൾ എല്ലാം ജീർണ്ണപ്പെട്ടു പോയിരിക്കുന്നു. ഇത്യാദി പല കാരണങ്ങളാൽ 1-ാം പ്രതി കണ്ണന്മാതേവനെയും (കാമനാട്ടുകാരണവൻ) 2-ാം പ്രതി അയ്യൻമാതേവനേയും (കുററിയഴികംകാരണവൻ) ഭരണത്തിൽനിന്നു നീക്കുന്നതിനായിട്ടായിരുന്നു വ്യവഹാരം ബോധിപ്പിച്ചതെങ്കിലും വ്യവഹാരത്തിൻെറ അടിസ്ഥാനമായ ഉദ്ദേശം അതായിരുന്നില്ലെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

കൊല്ലം മുൻസിഫ്കോർട്ടിൽ 1084-ൽ സി. 336-ാം നമ്പരായിട്ടാണു് വ്യവഹാരം ബോധിപ്പിച്ചതു്.

ഈ കേസിൽവെച്ചു് ദേവസ്വത്തിൻെറ ഉടമസ്ഥതയെ സംബന്ധിച്ചു ഒരു കോർട്ടുവിധി സമ്പാദിക്കണമെന്നല്ലാതെ രണ്ടു ശാഖയിലേയും മൂപ്പന്മാരെ സ്ഥാനത്തുനിന്നു നീക്കണമെന്നുദ്ദേശമില്ലായിരുന്നു. എങ്കിലും ഇങ്ങനെ ഒരു കേസുകൊടുത്തതു് കായമ്മടത്തുകിഴക്കതിലെ ചിററപ്പന (പുരത്തുകൃഷ്ണനാശാൻ) അശേഷം രസിച്ചില്ല. അതുകൊണ്ടു കുററിയഴികത്തു ശാഖയിലെ അന്നത്തെ കാരണവൻ കണ്ടക്കാട്ടിൽ അയ്യൻമാതേവൻ എന്നയാളിനെ ദുർഗ്ഗുണദോഷം പറഞ്ഞു കൈവശപ്പെടുത്തി കുററിയഴികത്തു കുടുംബത്തിലേക്കു വരുത്താവുന്ന ദോഷങ്ങൾ ഒക്കെവരുത്തണമെന്നു ടിയാൻ നിശ്ചയിച്ചു. അതിലേക്കു ശ്രമംതുടങ്ങി. ഒരു സാധു പ്രകൃതക്കാരനായ ആ കാരണവനേയും അദ്ദേഹത്തിൻെറ ശാഖയിലുള്ള അനന്തരവരേയും പറഞ്ഞു പരിഭ്രമിപ്പിക്കുന്നതിനും അച്ചൂൻ മുതൽപേരിൽനിന്നു് അകററുന്നതിനും ശ്രമിച്ചു.

പന്ത്രണ്ടുപറ നിലത്തിനു കുററിയഴികത്തു കുഞ്ഞിൻമാതേവൻ 2500 പണത്തിനു ജനിപ്പിച്ചുവച്ചിരിക്കുന്ന കള്ളപ്രമാണം കുററിയഴികത്തിൻെറ അനന്തരവരോടു ശണ്ഠയിട്ടു കൂട്ടായി എഴുതിച്ചപ്പോൾ ആ പ്രമാണത്തിൽ കണ്ടക്കാട്ടിൽ ശാഖയേയും പുത്തൻപുരയിൽശാഖയേയും ചേർത്തിരുന്നില്ല ആ ഒററി അവകാശം വായോലവാങ്ങിയതു 1. അച്ചൂൻെറശാഖ, 2. തൈയ്യിൽശാഖ, 3. ചക്കമല്ലിൽശാഖ, എന്ന മൂന്നുശാഖക്കാർ മാത്രമായിരുന്നു. കുററിയഴികത്തെ കാരണവനായ അയ്യൻമാതേവനേയും അയാളുടെ അനന്തരവരേയും അച്ചൂൻ മുതൽപേരുടെ വിരോധികളാക്കി വേർതിരിച്ചെടുത്തു അദ്ദേഹത്തെകൊണ്ടു കുററിയഴികം കുടുംബവസ്തുക്കളിൽ കൃത്രിമങ്ങളുണ്ടാക്കുവാൻ കായമ്മടത്തുകിഴക്കതി ഉററ ശ്രമിച്ചുതുടങ്ങി കായമ്മടത്തു കിഴക്കതി (പുരത്തൻ) ടി അയ്യൻമാതേവനോടും അയാളുടെ സ്വന്തം അനന്തരവരോടും പറയുന്ന ചില വാചകങ്ങൾ അപ്രകാരം ഇവിടെ ഉദ്ധരിക്കാം.

“നിങ്ങളുടെ കാരണവനെ സ്ഥാനത്തുനിന്നു നീക്കുന്നതിനു് അവർ കേസുകൊടുത്തില്ലേ? പന്ത്രണ്ടുപറ നിലത്തിനു വായോല എഴുതിച്ചതിൽ നിങ്ങളെ ചേർത്തിട്ടുണ്ടോ? എന്താജ്യേഷ്ഠാ! ജ്യേഷ്ഠനെ സ്ഥാനത്തുനിന്നു് നീക്കുന്നതിനല്ലേ വിളയത്തേ ജ്യേഷ്ഠൻ കേസുകൊടുത്തിരിരിക്കുന്നതു്. ജ്യേഷ്ഠൻ വല്ലതറവാട്ടുദോഷങ്ങളും ചെയ്തിട്ടുണ്ടോ? ഈ ദ്രോഹങ്ങളൊക്കെ അവർ നിങ്ങളുടെ നേൎക്കുപ്രവൎത്തിച്ചുകൊണ്ടിരുന്നിട്ടും ജ്യേഷ്ഠൻ വീണ്ടും വിളയത്താന്റെയും അയാളുടെ മകന്റെയും വാക്കുകൾ കേട്ടുനടക്കുന്നതു് കഷ്ടമാണു്?”

ഇങ്ങനെ പലപ്പോഴും ആ സാധുക്കളെ പിടിച്ചു പുത്തേത്താൻ ദുർഗ്ഗുണദോഷങ്ങൾ പറയാറുണ്ടു്, ഇതു് ഞാൻ അപ്പഴപ്പോൾ അറിയുന്നുമുണ്ടു്.

ഇതിനിടക്കു് കായമ്മടത്തുകിഴക്കേതിയും കൊല്ലം ജില്ലാകോർട്ടിൽ 1084-ൽ അസൽ 72-ാം നമ്പരായി ഒരു കേസു് ഫയൽചെയ്തു. ആ കേസിന്റെ ഒരു ചുരുക്കം ഇവിടെ ചേർക്കാം, (വിശദവിവരങ്ങൾ ഈ പുസ്തകത്തിന്റെ ഒടുവിൽ ചേൎക്കുന്നതായിരിക്കും) പുത്തേത്താൻ കുററിയഴികത്തു ശാഖക്കാരെ ദേവസ്വംഭരണത്തിൽനിന്നകററണമെന്ന ഏക ഉദ്ദേശ്യത്തോടു കൂടിയാണു് 84-ൽ 72-ാം നമ്പർ കേസുകൊടുത്തതു്. ആ അന്യായം വായിച്ചാൽ ആൎക്കും ആ സംഗതി മനസ്സിലാകും.

ആ അന്യായത്തിലെ പ്രധാന അപേക്ഷകൾ.

1. കുററിയഴികത്തു ശാഖക്കാരെ ദേവസ്വം ഭരണത്തിൽനിന്നൊഴിച്ചു് 1066-ാമാണ്ടേക്കു മുമ്പു നടന്നുവന്നതുപോലെ കാമനാട്ടു കാരണവൻമാത്രം ദേവസ്വം ഭരിക്കുന്നതിനും.

2. കുററിയഴികത്തുകൊട്ടാരവും മററും കുററിയഴികത്തുശാഖക്കാരിൽനിന്നു കാമനാട്ടുകാർക്കുമാത്രം ഒഴിപ്പിച്ചുകിട്ടുന്നതിനും.

3. ദേവസ്വം വകയായ 12 പറ നിലത്തിനു് കുററിയഴികത്തുകാർ കളവായി ജനിപ്പിച്ചിരിക്കുന്ന പ്രത്യേക ബാധ്യതകൾ അസ്ഥിരപ്പെടുത്തി അതു് ദേവസ്വത്തിലേക്കുവേണ്ടി കാമനാട്ടുകാരണവനു് ഒഴിപ്പിച്ചുകിട്ടുന്നതിനും.

4 ദേവസ്വത്തിലെ ഒരു വസ്തുവിന്റെ പാട്ടക്കാരനായ മണപ്പുറത്തു സെയ്തുമുഹമ്മദു് മൈതീൻകുഞ്ഞിന്റെ (29-ാം പ്രതി) കൈവശത്തുനിന്നും അഷ്ടമുടിക്ഷേത്രത്തിന്റെ തെക്കേചുരയിടം ഒഴിപ്പിച്ചുകിട്ടുന്നതിനും ആയിരുന്നു 72-ാംനമ്പർ വ്യവഹാരം.

ഇതിൽ അന്യായത്തിലെ ഒന്നാമത്തെ അപേക്ഷയെപ്പററി കേസു നിലനിർത്തണമെങ്കിൽ ദേവസ്വം വസ്തുക്കളുടെ കമ്പോളവിലയ്ക്കു് വാദികൾ കോർട്ടുഫീസ് വയ്ക്കണമെന്നു പ്രതികളായ കുററിയഴികത്തു ശാഖക്കാർ വാദിച്ചതനുസരിച്ചു് കോർട്ടുഫീസടയ്ക്കുവാൻ കോടതി ഉത്തരവുചെയ്തു. ഉടനെ വാദികൾ ആ അപേക്ഷ പിൻവലിച്ചു

ശേഷം വിഷയങ്ങളിൽ മാത്രം അന്യായം നിലനിൎത്തിയാൽ മതിയെന്നപേക്ഷിച്ചു ആ അപേക്ഷ അനുവദിച്ചു.

ഈ പന്ത്രണ്ടുപറനിലം തൃക്കരുവാ ദേവസ്വംവക കരം ഒഴിവു തന്നതാണു്. ആ നിലം കുററിയഴികത്തെ കെട്ടിടങ്ങൾ കെട്ടിമേയിക്കുന്നതിനുള്ള ചെലവിലേക്കായി കുററിയഴികത്തു കുത്തിൻ മാതേവനെ ഏല്പിച്ചിരുന്നതാണെന്നാണു് വാദികൾ അന്യായത്തിൽ പറയുന്നതു. അതുപ്രകാരംതന്നെയാണു് നിലം കുററിയഴികത്തുകാരുടെ കൈവശം ഇരിക്കുന്നതെന്നു പ്രതികൾ സമ്മതിച്ചാൽതന്നെയും പ്രതികളിൽനിന്നു് നിലം ഒഴിപ്പിക്കുവാൻ വാദികൾക്കു സാധിക്കുന്നതല്ല. കാരണം:

“വാദികളെപ്പോലെതന്നെ ദേവസ്വത്തിലെ സമാവകാശികളുടെ കൈവശം ദേവസ്വം ആവശ്യത്തിലേക്കു് ഇരിക്കുന്ന സ്വത്തുക്കൾ ആ ആവശ്യം ആ വസ്തു കൈവശക്കാർ മുടക്കുന്നതുവരെ ഒഴിപ്പിച്ചെടുക്കുവാൻ ന്യായമില്ല.” എന്നതാകുന്നു. ദേവസ്വത്തിൽ യാതൊരു മുതലവകാശവുമില്ലാത്ത ഒരു അന്യ കുടിയാനവന്റെ കൈവശത്തിൽ ദേവസ്വാവശ്യത്തിനായി ഒരു വസ്തു ഇരുന്നാൽ ആ ആവശ്യം അവൻ മുടക്കാത്തപക്ഷം ആ വസ്തു അവനിൽനിന്നു് ഒഴിപ്പിക്കുവാൻ ന്യായമില്ലാത്തതാകുന്നു. പിന്നെയാണോ അവകാശികളുടെ കൈവശം ഇരിക്കുന്ന ദേവസ്വം ഒഴിപ്പിക്കുതു്?

ഇപ്രകാരം ഉള്ള കേസുകളിൽ ഹൈക്കോർട്ടിൽനിന്നുണ്ടായിട്ടുള്ള പല വിധികളും ഞാൻ, കമ്മാഞ്ചേരിൽ ചിററപ്പൻ മുതൽപേരെ എടുത്തുകാണിച്ചു വായിച്ചുകേൾപ്പിച്ചു ബോദ്ധ്യപ്പെടുത്തിയിട്ടും അതൊന്നും വകവയ്ക്കാതെ, കുററിയഴികം പുരയിടവും 12 പറ നിലവും കരുവാ ദേവസ്വംവകയല്ലെന്നും ആ വസ്തുക്കളിൽ വാദികൾക്കു് യാതൊരവകാശവും ഇല്ലെന്നും പത്രികയിൽ വാദിച്ചതിനാൽ ആ ഭാഗം വാദം പ്രതികൾ തോൽക്കുന്നതിനിടയായി.

കുററിയഴികവും കൊട്ടാരവും 12 പറ നിലവും കരുവാദേവസ്വം വകയെന്നും അവ ജായൻറ്ട്രസ്റ്റിയുടെ നിലയിൽ ഒന്നാംവാദി ദേവസ്വത്തിലേക്കുവേണ്ടി ഒഴിപ്പിച്ചെടുത്തുകൊള്ളണമെന്നും കോടതി വിധിച്ചു. പന്ത്രണ്ടുപറ നിലത്തിനു ആണ്ടിൽ 36 പറ നെല്ലു് ആദായവും വിധിച്ചു.

അച്ഛൻ വാദിയായി കൊടുത്തിരുന്നതായ കൊല്ലം അഡീഷനൽ മുൻസിഫ് കോർട്ടിൽ 1084-ൽ സി. 336-ാംനമ്പർ കേസുകൂടി ജില്ലാ കോർട്ടിൽ 1084 അസൽ 72-ാം നമ്പർ കേസോടു ചേർത്തു കേൾക്കുകയും ആ കേസിൽ സ്ഥാനത്തുനിന്നും നീക്കണമെന്നപേക്ഷിക്കപ്പെട്ടിരുന്ന ട്രസ്റ്റികൾ രണ്ടുപേരും കേസു വിധിപറയുന്നതിനു മുമ്പു് മരിച്ച കാരണത്താൽ ആയതു തള്ളുകയുംചെയ്തു.

കൊല്ലം ജില്ലയിൽ 1084 അസൽ 72-ാം നമ്പരിൽ എന്റെ അച്ഛൻ 8-ാം പ്രതിയായിരുന്നു. 8-ാംപ്രതിയും 1-ാംവാദിയും കൂടി

കൂട്ടട്രസ്റ്റികളായി ദേവസ്വം ഭരിക്കണമെന്നു് ആ കേസിൽ വിധിച്ചു.

ഈ വ്യവഹാരം ഇരുകക്ഷികൾക്കും വളരെ വാശിയിൽ നടത്തിയതായിരുന്നു. അന്നു കൊല്ലം കോടതിയിലെ പ്രമാണപ്പെട്ട എല്ലാ വക്കീലന്മാരും ഈ കേസിൽ ഇരുഭാഗങ്ങളിലായി അണിനിരന്നിരുന്നു.

കുററിയഴികത്തു ശാഖയ്ക്കുവേണ്ടിയുള്ള വ്യവഹാരച്ചെലവുകൾ മുഴുവനും അച്ഛനാണു ചെയ്തതു്. വിധിപ്രസ്താവിച്ചു നാലഞ്ചുവർഷം കഴിഞ്ഞതിനുശേഷമാണു് വാദികൾ വിധി നടത്താൻ തുടങ്ങിയതു്. കാമനാട്ടു പ്രധാനപ്പെട്ട അഞ്ചു ശാഖക്കാരുള്ളതിൽ കുന്നേൽ ശാഖക്കാരെ തള്ളി (മുൻപ്രസ്താവിച്ച സ്വകാര്യ വൈരത്താൽ കായംകുളം) ശേഷം നാലു ശാഖയിലെയും ഓരോരുത്തർ വാദികളായിട്ടാണു് അന്യായം ബോധിപ്പിച്ചിട്ടുള്ളതു്. അതിൽ ഒന്നാംവാദിക്കു മാത്രമേ വിധി നടത്തുന്നതിനുള്ള അധികാരം ജഡ്ജിമെൻറിൽ നൽകിയിട്ടുള്ളു. 1-ാംവാദി വിധിക്കുശേഷം മരിച്ചുപോയതിനാൽ കാമനാട്ടു കുടുംബത്തിലെ അടുത്ത മുറക്കാരനായ കൃഷ്ണൻ ഗോവിന്ദൻ വാദിസ്ഥാനത്തു ചേർന്നാണു് വിധി നടത്താൻ തുടങ്ങിയതു്. വിധിപ്രകാരം ഒഴിപ്പിച്ചെടുക്കാൻ ഉള്ളതു്. 1. കുററിയഴികത്തു കൊട്ടാരം, 2. പന്ത്രണ്ടുപറ നിലം, 3. ഇരുപത്തൊൻപതാംപ്രതി മണപ്പുറത്തു മഹമ്മദീയൻെറ കയ്യിൽ ഇരിക്കുന്ന ഒരു പുരയിടവും അതിലുള്ള ഒരു കടയുമാണു്. വിധിനടത്തു നോട്ടീസു് വന്നപ്പോൾ അച്ഛൻ (8-ാംപ്രതി) കുററിയഴികത്തു കാരണവനും വിധിപ്രകാരം ദേവസ്വം കൂട്ടഭരണാധികാരിയും ആണു്. അച്ഛനെക്കൊണ്ടു ഞാനൊരു തക്സ്ഹരജി കൊടുപ്പിച്ചു. അതിൻെറ ചുരുക്കം:—"വിധിപ്രകാരം കിട്ടാനുള്ള നിവൃത്തികൾ എല്ലാം വിധിയനുസരിച്ചു കൂട്ടഭരണാധികാരിയുടെ നിലയിൽ എനിക്കുകൂടി കിട്ടേണ്ടതാകയാൽ ഒന്നാംവാദിയോടുകൂടി എന്നെക്കൂടി വാദിസ്ഥാനത്തുചേർത്തു് ഞങ്ങൾ രണ്ടുപേരുംകൂടി കൂട്ടായി വിധി നടത്തുന്നതിനു് ഉത്തരവുണ്ടാകണം" എന്നായിരുന്നു. ഈ വിധിനടത്തുകാലത്തെ ജഡ്ജി ടി. പൽപുപിള്ള അവർകളായിരുന്നു. അദ്ദേഹം ഈ ഹരജി തള്ളിക്കളഞ്ഞു. അപ്പോൾ കുററിയഴികം കൊട്ടാരം വാദിക്കു തനിച്ചു് ഒഴിപ്പിച്ചു കൈവശപ്പെടുത്താമെന്നു വിചാരിച്ചുകൊണ്ടു കാമനാട്ടു ശാഖക്കാർ കുററിയഴികത്തു ശാഖക്കാരെ പരിഹസിച്ചുതുടങ്ങി.

ടി കേസിൽ കുററിയഴികത്തുള്ള വടക്കേതായ പുരയും ചാവടിയും കുററിയഴികത്തു ശാഖക്കാരുടെ കൈവശംതന്നെ ഇരിക്കേണ്ടതാണെന്നു വിധിച്ചിട്ടുണ്ടു്. 'കുററിയഴികത്തെ പ്രധാന കെട്ടിടമായ കൊട്ടാരം ഞങ്ങൾ ഒഴിപ്പിച്ചെടുത്താൽപിന്നെ അതിൻെറ കാവൽക്കാരായിട്ടു കുററിയഴികത്തു ശാഖക്കാർ വടക്കേതിലും ചാവടിയിലും കിടന്നുകൊള്ളട്ടെ! അതുകൊണ്ടു ഞങ്ങൾക്കൊരു ഖേദവുമില്ല 12 പറ നിലവും കുററിയഴികത്തു കൊട്ടാരവും ഞങ്ങളുടെ കൈവശത്തിലാകുമല്ലോ.' എന്നും മററും വീരവാദങ്ങൾ കാമനാട്ടു ശാഖക്കാർക്കുവേണ്ടി

കായമ്മടം പറഞ്ഞുകൊണ്ടിരുന്നു. വാദികൾ വിധിനടത്തുത്തരവു മേടിച്ചു. ഞാനും കമ്മാഞ്ചേരിൽ ചിററപ്പനുംകൂടി പോയി ശ്രീ കരുണാകരമേനോൻ അവർകളെ കണ്ടു് ആലോചിച്ചു അദ്ദേഹത്തിൻെറ അഭിപ്രായം—'കുററിയഴികത്തു കൊട്ടാരത്തിൻെറ ഉള്ളിൽ രണ്ടു തട്ടുപുരകളാണുള്ളതു്. തട്ടുപുരകളുടെ നാലുപുറവും മുറികൾ ഉണ്ടു്. തട്ടുപുരകളുടെ ഓരോ താക്കോലുകൾ സ്വർണ്ണമോഷണക്കേസുമുതൽ വീണ്ടും കാമനാട്ടേയ്ക്കു സിദ്ധിച്ചിട്ടുണ്ടു്. അതിനു രേഖകളും ഉണ്ടു്. തട്ടുപുരകളുടെ ഓരോ താക്കോലുകൾ പ്രതികളുടെ കൈവശത്തിലുമാണു്. അതിനും രേഖയുണ്ടു്. ഇതിനു പുറമേ നാലുവശമുള്ള മുറികളുടേയും വെളിയിൽ ഇരിക്കുന്ന പത്തായത്തിൻെറയും താക്കോലുകൾ കുററിയഴികത്തുകാരുടെ കൈവശം മാത്രമാണു്. അതിൻെറ താക്കോലുകൾ ഒക്കെ ഒററയുമാണു്. ആ സ്ഥിതിക്കു് ഒററിയിൽ ഇരിക്കുന്ന വസ്തുവിൻെറ ജന്മാവകാശം വിധിനടത്തി എടുക്കുംപോലെ ഒരു അവകാശസ്ഥാപനയുടെ നടത്തിപ്പുമാത്രം വാദികൾക്കു് കുററിയഴികത്തു കൊട്ടാരത്തിൽ നടത്തി എടുക്കാനുണ്ടു്. വിധിയനുസരിച്ചു കൂട്ടുകൈവശം മാത്രമേ വാദികൾക്കു് കിട്ടേണ്ടതുള്ളൂ പ്രധാനപ്പെട്ട തട്ടുപുരകളുടെ കൂട്ടുകൈവശം വാദികൾക്കു് അന്യായകാലത്തുതന്നെ ഉണ്ടെന്നു് അന്യായത്തിൽ പറഞ്ഞിട്ടുണ്ടു്. പ്രതികൾ പത്രികയിൽ അതിനെ എതിർത്തിട്ടും ഇല്ല. ആ സ്ഥിതിക്കു് വാദികൾ വിധിപ്രകാരം കൊട്ടാരം നടത്താൻ വരുമ്പോൾ കൊട്ടാരത്തിൽ വാദികൾക്കുള്ള ഒരു അവകാശസ്ഥാപന നടത്തുന്നതിനല്ലാതെ കൊട്ടാരത്തിൽ കുററിയഴികത്തുകാരുടെ പ്രത്യേക കൈവശത്തിലിരിക്കുന്ന മുറികളുടെ താക്കോലുകൾ ഒന്നും വാദികൾക്കു് കൊടുത്തിട്ടാവശ്യമില്ല എന്നും 'പന്ത്രണ്ടുപറ നിലം വിധിപ്രകാരം വാദികൾ നടത്തി എടുത്താലും വിധിപ്രകാരം അവർക്കു സിദ്ധിക്കാനുള്ള കൂട്ടവകാശം നടത്തി എടുക്കുന്നതായിട്ടു മാത്രമേ അതിനർത്ഥമുള്ളൂ എന്നും അതു് വാദികൾ നടത്തി എടുത്തതിനുശേഷം പാട്ടം കൊടുക്കുന്നപക്ഷം രണ്ടു ഭരണക്കാരും ചേർന്നുകൊടുക്കണം എന്നും തന്നതു കൈവശത്തിൽ വയ്ക്കുകയാണെങ്കിൽ രണ്ടു ഭരണക്കാരുടേയും കൈവശത്തിൽ ഇരിക്കണം അത്രേയുള്ളൂ' എന്നുമൊക്കെയായിരുന്നു ശ്രീ കരുണാകരമേനോൻെറ അഭിപ്രായം.

നിലത്തെ സംബന്ധിച്ചേടത്തോളം അതു ശരിയെന്നു എനിക്കും തോന്നി. കുററിയഴികത്തു കൊട്ടാരത്തെ സംബന്ധിച്ചു് അദ്ദേഹം പറഞ്ഞ അഭിപ്രായത്തിൽ എനിക്കു പൂർണ്ണവിശ്വാസം വന്നില്ല. കൊട്ടാരത്തിൽ എല്ലാമുറികൾക്കും കൂട്ടവകാശം പ്രതികൾ സമ്മതിക്കാഞ്ഞാൽ അതു് അന്നുശരിയായിരിക്കുമെന്നു് എനിക്കു തോന്നിയില്ല. ജഡ്ജിമെൻറിലെ 24-ാമത്തെ പാരാവിൽ പ്രസ്താവിച്ചിരിക്കുന്ന വിധിന്യായം, 'വിവാദനിലത്തിനും കുററിയഴികം കൊട്ടാരത്തിനും ഒരുപോലെ സംബന്ധിക്കുന്നതാകയാൽ, വാദികൾ വിധിനടത്തു് അപേക്ഷ കൊടുത്തിരിക്കുന്നതു് കൊട്ടാരം മുഴുവൻ ഏകാധിപത്യമാ

യി വാദികൾക്കു് ഒഴിഞ്ഞു കിട്ടണമെന്നാണു്. വിധിയുണ്ടായിട്ടുള്ളതു് കൂട്ടഭരണത്തിനാകയാൽ വിധിയനുസരിച്ചു് എട്ടാംപ്രതിയെ കൂടിച്ചേർത്തുവേണം വിധി നടത്തേണ്ടതു്. എന്നു് ഞങ്ങൾ ആദ്യം (വിധിനടത്തിന്റെ പ്രാരംഭഘട്ടത്തിൽ) ബോധിപ്പിച്ചു ഹരജി തള്ളിപ്പോയതിനാൽ പിന്നീടു് ഞങ്ങൾ ഒന്നിനും പോയതുമില്ലായിരുന്നു. എന്നാൽ കൊട്ടാരം മുഴുവനും പരിപൂർണ്ണമായി വാദികൾ ഒഴിപ്പിച്ചു കൈവശപ്പെടുത്തുന്നതിനായി വിധി നടത്തുത്തരവും വാങ്ങി വരാറായിരിക്കുന്നു.

1090-വൃശ്ചികം 21-ാംനു- കമ്മീഷണരെയുംകൊണ്ടു് വിധി നടത്തുന്നതിനു വരുന്നതായി നോട്ടീസു് വക്കീലന്മാർക്കു കിട്ടിയതായി ഞങ്ങൾ അറിഞ്ഞു. ടി വൃശ്ചികം 20-ാംനു- ആണറിഞ്ഞതു്. അന്നു് എന്റെ മനസ്സിൽ പല വിചാരങ്ങൾ ഉണ്ടായി. അതിപ്രകാരമായിരുന്നു:— ശ്രീ പപ്പുപിള്ള ജഡ്ജിയുടെ ഉത്തരവുമായാണു് കമ്മീഷണർ വരുന്നതു്. കോർട്ടുത്തരവുകളെ വല്ലതും അനാവശ്യമായി ഒരു കക്ഷി നിഷേധിച്ചാൽ അദ്ദേഹം ആ കക്ഷിയുടെമേൽ വളരെ ഗൗരവമായ നടപടികളെടുക്കുന്നതാണു്. അതാണദ്ദേഹത്തിന്റെ സ്വഭാവം. ഇതു് എനിക്കൊരു ഭീതിയായിത്തീർന്നു. കുററിയഴികത്തു കൊട്ടാരത്തിനെ സംബന്ധിച്ചുള്ള ഉത്തരവു് തീരെ നിഷേധിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

കമ്മാഞ്ചേരിൽ ചിററപ്പന്റെ ഉദ്ദേശം കൊട്ടാരം തീരെവിട്ടുകൊടുത്തുകൂടാ എന്നും ആ ഉത്തരവു നിഷേധിക്കണമെന്നും തന്നെയാണു്. ഉത്തരവു നിഷേധിച്ചാലുള്ള ഭവിഷ്യത്തിനെപ്പററിയൊന്നും ചിററപ്പൻ ചിന്തിക്കുന്നതുമില്ല. അച്ഛനു വാർദ്ധക്യവും രോഗവും വർദ്ധിച്ചുവരുന്ന സ്ഥിതിക്കു് ക്രിമിനൽ വിഷയങ്ങളിൽകൊണ്ടു ചാടിക്കുന്നതു് വ്യസനകരമായ ഒരു സംഗതിയാണു്. ഉത്തരവുനിഷേധിക്കുന്ന സ്ഥാനത്തു് വേറേ പ്രതി മതിയാവും എങ്കിലും ആ പതനത്തിൽ കമ്മീഷണർ വാദികളുടെ കക്ഷിയിൽ നിന്നാണു് റിപ്പോർട്ടു എഴുതുന്നതിനിടവരുന്നതു്. അപ്പോൾ അച്ഛൻ ആ രംഗത്തിലില്ലെങ്കിലും അച്ഛനെക്കൂടി അതിൽ ഉൾപ്പെടുത്തിയേ വാദികൾ റിപ്പോർട്ടു കൊടുപ്പിക്കുകയുള്ളു. എന്നുമാത്രമല്ല കൊട്ടാരത്തിന്റെ ന്യായമായ കൈവശക്കാരൻ തർക്കിക്കുന്നെങ്കിൽമാത്രമേ അവകാശ സംരക്ഷണം വരികയുള്ളു. കൊട്ടാരത്തിന്റെ ശരിയായ കൈവശക്കാരനും ദേവസ്വം കൂട്ടഭരണക്കാരനും അച്ഛനാണു്. മററു പ്രതികൾക്കു് അച്ഛനോളം അവകാശമില്ല. ആ സ്ഥിതിക്കും അച്ഛൻ മാറിനിന്നു മററു പ്രതികളെക്കൊണ്ടു തർക്കം പുറപ്പെടുവിച്ചാലും ഫലം ഇല്ല. ഏതായാലും വിധി നടത്തുത്തരവു നിഷേധിച്ചാൽ അതിനുള്ള മേൽ നടപടികൾ എന്തെല്ലാമെന്നു സിവിൽ പ്രോസിഡിയർകോഡു എടുത്തുനോക്കി അറിയണമെന്നു് തീർച്ചപ്പെടുത്തി പുസ്തകംഎടുത്തുവായിച്ചു.

വിധി നടത്തുത്തരവുകളെ നിഷേധിച്ചാൽ നിഷേധിക്കുന്ന പ്രതികൾക്കു് വാറണ്ടോടുകൂടി ഉടൻതന്നെ വീണ്ടും വിധിനടത്തുത്തരവു

കൊടുക്കും. തർക്കിക്കുന്ന പ്രതികളെ അറസ്റ്റുചെയ്യുന്നതിനു വാറണ്ടും വിധിനടത്തുന്നതിനു കമ്മീഷണരും വാദികളുംകൂടിവരും. അപ്പോൾ പ്രതികൾ എങ്ങനെ പരസ്യമായി നിന്നു തർക്കിക്കും? പ്രതികളെ കണ്ടാൽ അവരെ വാറണ്ടിൽ പിടിച്ചു കോടതിയിൽ ഹാജരാക്കി അവരുടെ മേൽ വിധി നടത്തുത്തരവു നിഷേധിച്ചതിനു ക്രിമിനലായി വിസ്താരം നടത്തി ശിക്ഷിക്കും. വാറണ്ടോടുകൂടി വിധി നടത്താൻ വരുമ്പോൾ തർക്കക്ഷികൾ മാറിക്കളഞ്ഞാൽ കൊല്ലനെക്കൊണ്ടു കെട്ടിടം തുറപ്പിച്ചു പുതിയ പൂട്ടുകൾ വെച്ചു കൈവശപ്പെടുത്തി വാദികളെ ഏൽപ്പിക്കുന്നതിനു് കമ്മീഷണർക്കു് അധികാരമുണ്ടു്. തർക്കിച്ചതിലേക്കു പ്രതികളുടെ മേൽ ക്രിമിനലായി കേസുനടത്തി ശിക്ഷിപ്പിക്കുന്നതിനു വാദികൾ തയ്യാറാണു്. കുറിയഴികത്തുകാരും കാമനാട്ടുകാരുംകൂടി വ്യവഹാരം പറഞ്ഞു. വ്യവഹാരത്തിൽ കാമനാട്ടുകാർ ജയിച്ചു വീണ്ടും അവർക്കു ചില വിജയങ്ങൾ കൂടി ഉണ്ടാകുവാൻ ഇടവരുത്തുന്നതും കുറിയഴികത്തുകാർ തന്മൂലം ക്രിമിനൽശിക്ഷ അനുഭവിക്കേണ്ടിവരുന്നതും വലിയ ഒരു കുറവായി ഭവിക്കുമെന്നു വിചാരിച്ചു ഞാൻ വളരെ വിഷമിച്ചു.

20 ാംനു- കമ്മീഷണർ വരുന്നതിന്റെ തലേനാൾ ഞാൻ ആളയച്ചു കമ്മാരഞ്ചേരിയിൽ ചിററപ്പനെയുംമററും ഇവിടെ (വിളയത്തു) വരുത്തി. അച്ഛനും ഉണ്ടു്. ',കമ്മീഷണർ വിധിനടത്തുന്നതിനായി വരുമ്പോൾ അനാവശ്യമായി തർക്കിച്ചു കോടതിയുടെ ഉത്തരവിനെ നിഷേധിച്ചാൽ വരുന്ന ഭവിഷ്യത്തിനെപ്പററിപ്പറഞ്ഞുകേൾപ്പിച്ചു.

കൊട്ടാരം മുഴുവനും ഏകാധിപത്യമായി ഒഴിപ്പിച്ചു കൈവശപ്പെടുത്തുവാനാണു വാദികൾ വരുന്നതു്. വാദികൾക്കു് ആ വിഷയത്തിൽ വല്ലതായ ഒരു വാശിയും വന്നുവശായിട്ടുണ്ടു്, കൊട്ടാരം രണ്ടു കക്ഷികളുടേയും കൂട്ടുകൈവശത്തിലിരുന്നാൽ അതുകൊണ്ടു് ആർക്കും സങ്കടത്തിനവകാശമില്ല. കുറിയഴികത്തുകാർക്കു കൊട്ടാരത്തിൽ കൂട്ടുസമാവകാശവും വീട്ടിൽ പ്രത്യേകാവകാശവും ഉണ്ടു്. ആകയാൽ കൊട്ടാരത്തിനു് എല്ലാ മുറികൾക്കും ഈ രണ്ടു പൂട്ടുവെപ്പിച്ചു പൂട്ടി വിധിനടത്താൻ വരുമ്പോൾ ഓരോ താക്കോലുകൾ കൊടുക്കാം എന്നു സമ്മതിക്കണം, ഇങ്ങനെ ഒരു മാർഗ്ഗമേ ഞാൻ കാണുന്നുള്ളു എന്നുപറഞ്ഞു എല്ലാവരുടെയും അഭിപ്രായം ചോദിച്ചു. എല്ലാവരും ഭവിഷ്യത്തു മനസ്സിലാക്കി മനസ്സില്ലാമനസ്സോടെ സമ്മതംമൂളി.

ഇങ്ങനെ ഓരോ താക്കോലുകൾ കൊടുക്കാമെന്നു സമ്മതിച്ചു വാദിക്കണമെങ്കിൽ എല്ലാമുറികൾക്കും ഈരണ്ടു പൂട്ടുവേണമല്ലോ. തട്ടുപുരകൾക്കു് രണ്ടു പൂട്ടുണ്ടു്. അതിൽ ഓരോന്നു വാദികളുടെ കൈവശം ഉണ്ടു്. ഓരോന്നു കുറിയഴികത്തുകാരുടെ കൈവശവും ഉണ്ടു്. അതിനാൽ തട്ടുപുരകളുടെ താക്കോലുകൾ വാദികൾക്കു ചെല്ലുന്നതിനില്ല-തട്ടുപുരകൾക്കു പുറമുള്ള പുരകൾക്കു മൂന്നുപൂട്ടും വെളിയിലിരിക്കുന്ന പത്തായത്തിനു ഒരു പൂട്ടും ഇങ്ങനെ നാലുപൂട്ടു കുറിയ

ഴികത്തുകാരുടെ പ്രത്യേക കൈവശമുണ്ടു്. ആ നാലുപൂട്ടുകൾക്കും ഇരട്ടിപ്പായി ഇനി ഓരോ പൂട്ടുകൾ കൂടി വെപ്പിക്കണം. അങ്ങനെ ചെയ്തുകൊണ്ടു് അവയിൽ ഓരോന്നു വാദികൾക്കു കൊടുക്കുന്നതു പ്രതികൾക്കു സമ്മതമാണെന്നും കൊട്ടാരം മുഴുവൻ ഏകാധിപത്യമായി വാദികൾക്കു വിട്ടുകൊടുക്കുന്നതു സമ്മതമല്ലെന്നും തൎക്കിക്കാമെന്നു നിശ്ചയിച്ചു. ആ തൎക്കം വിധി നടത്തുത്തരവിനെ നിഷേധിച്ചു എന്നാരോപിച്ചു പ്രതികളോടു കോപിച്ചു പപ്പുപിള്ള ജഡ്ജി മേൽനടപടി നടത്തുന്ന പക്ഷം അതിന്മേൽ ഹൈക്കോടതിൽ ചെന്നു രക്ഷനേടാമെന്നു എനിക്കു ബലമായ ധൈര്യം ഉണ്ടു്, കാരണം ജഡ്ജിമെന്റിലെ 28-ാമത്തെ വകുപ്പു് വിധിയുടെ രത്നച്ചുരുക്കമാകയാൽ അതിൽ വാദിക്കു വാദിച്ചിട്ടുള്ള എല്ലാ നിവൃത്തികളും ഒരു കൂട്ടുഭരണാധികാരിയുടെ നിലയിലുള്ളതായതാകുന്നു. ഇംഗ്ലീഷറിയാവുന്നവൎക്കതു വായിച്ചാൽ സ്പഷ്ടമായി മനസ്സിലാവും. അതിനാൽ ഓരോ താക്കോലുകൾ വീതമേ (മാത്രമേ) വാദികൾക്കു കൊടുക്കയുള്ളു എന്നു തൎക്കിക്കുന്നതിൽ ജഡ്ജി എത്ര കോപിച്ചാലും കൂട്ടാക്കേണ്ടതില്ല.

ഈ നിശ്ചയപ്രകാരം ചെയ്യുന്നതിനു കുറെ പ്രയാസമുണ്ടു്. ഈ ആലോചന പൂൎത്തിയായപ്പോൾ നേരം ഉച്ചയായി. പിറേറന്നു വെളുക്കുമ്പോൾ കമ്മീഷണരും വാദികളും വാദികളുടെ സ്തുതിപാഠകന്മാരും പരിവാരങ്ങളും സ്ഥലത്തുവന്നു ചേരും. അധികപ്പററായി നാലു പൂട്ടുകൾ തറച്ചു ശരിപ്പെടുത്തികൊണ്ടുവേണം ഓരോ താക്കോലുകൾ കൊടുക്കാമെന്നു സമ്മതിക്കേണ്ടതു്. ഇതിനു ഇന്നു കൊല്ലനെക്കണ്ടു പറയുമ്പോഴേക്കു നേരം സന്ധ്യയാകും. നാലുപൂട്ടും താക്കോലും തീൎത്തു വെച്ചു തറയ്ക്കുവാൻ പിന്നെ ഇന്നു സാധ്യമാകുമോ? ഇതായി പിന്നത്തെ ആലോചന.

കൊല്ലത്തുപോയി മില്ലർ (ഉണ്ട) പൂട്ടുകളും പോളകളും മേടിച്ചുകൊണ്ടുവന്നു തറച്ചാൽ മതിയെന്നു ഞാൻ നിശ്ചയിച്ചു. അതിനും സമയം മുഴുക്കുകയില്ല. എങ്കിലും ഉടനെ ഒരാളിനെ പണവും കൊടുത്തു കൊല്ലത്തയച്ചു. നാലഞ്ചുനാഴിക ഇരുട്ടിയപ്പോൾ കൊല്ലത്തുനിന്നു് പൂട്ടും താക്കോലും പോളകളും കൊണ്ടുവന്നു.

കുററിയഴികത്തു കൊട്ടാരം രണ്ടുതായ്വഴിക്കാരുടെകൂട്ടു കൈവശത്തിലാണെന്നു ലോകപ്രസിദ്ധമാകയാലും 1082-ാമാണ്ടത്തെ സ്വൎണ്ണമോഷണക്കേസു സംബന്ധിച്ചുണ്ടായ വിപ്ലവങ്ങളാലും രാത്രിയിൽ കുററിയഴികത്തു ചെന്നു പണികൾ നടത്തുന്നതിനായി കൊല്ലന്മാരോ ആശാരിമാരോ ആരും മുതിരുകയില്ല. ആയതിനാൽ ഞാൻ തന്നെ എന്റെ കൈവശം തയ്യാറുണ്ടായിരുന്ന ആയുധങ്ങളും എടുത്തു കുററിയഴികത്തുപോയി നിശ്ചയപ്രകാരം ഉള്ള പൂട്ടുകൾ ഒക്കെയും തച്ചു് ശരിപ്പെടുത്തി മടങ്ങിപ്പോന്നു.

പിറേറന്നാൾ പുലർകാലേ കിളികൊല്ലൂരിൽ നിന്നും വേണ്ടുന്ന പരിവാരങ്ങളോടും ബന്ധുജനങ്ങളോടും സ്തുതിപാഠകന്മാരോടും

കൂടി വാദികൾ കമ്മിഷണരുമൊത്തു വിധി നടത്തുന്നതിനായി കുററിയഴികത്തു കൊട്ടാരത്തിൽ ആഗതരായി. അവിടെ നിന്നു് ആദ്യം അഷ്ടമുടിയിൽ പോയി. 29-ാ പ്രതി ചെയ്യുമഹമ്മതുമൈതീൻകുഞ്ഞിന്റെ പക്കൽനിന്നും അഷ്ടമുടി ക്ഷേത്രത്തിന്റെ തെക്കേപ്പുരയിടവും അതിൽ ഉള്ള കടയും മററും ഒഴിപ്പിച്ചുവാങ്ങി. ഞാനും കൂടി പോയിട്ടുണ്ടായിരുന്നു. അവിടെ നിന്നു കിഴ പ്ലാട്ടറയലിൽവന്നു നിലങ്ങൾ കമ്മഷണരെ കാണിച്ചു. വൃശ്ചികമാസമായിരുന്നതിനാൽ നിലം കൃഷിയോടുകൂടി കിടക്കുകയായിരുന്നു. നിലം ഒഴിയുന്നതിനു തടസ്സങ്ങളൊന്നുമില്ലെന്നു ഞാൻ പറഞ്ഞു. ഏതായാലും കുററിയഴികത്തു പോയി അവിടെയിരുന്നു കച്ചീട്ടുകൾ ഒക്കെ തയ്യാറാക്കാമെന്നു് എല്ലാ പേരും കൂടി നിശ്ചയിച്ചു കുററിയഴികത്തേക്കു തിരിച്ചു. അവിടെ ചെന്നു കുററിയഴികത്തു കൊട്ടാരം തന്നെ ആദ്യമായി ഒഴിപ്പിക്കണമെന്നു അവർ നിശ്ചയിച്ചു കൊട്ടാരത്തിന്റെ താക്കോലുകൾ വേണമെന്നാവശ്യപ്പെട്ടു. അതിനു ഞാൻ സമാധാനം പറഞ്ഞു:—

കൊട്ടാരം മുഴുവനും വാദികൾക്കു കൈവശം കൊടുക്കുകയില്ല. കൊട്ടാരത്തിന്റെ സകല മുറികൾക്കും ഈ രണ്ടു പൂട്ടുണ്ടു്. അതിൽ തട്ടുപുരകൾ രണ്ടിന്റെയും ഓരോ താക്കോലുകൾ വാദികളുടെ കൈവശത്തിൽ മുമ്പിനാലെ ഇരുപ്പുണ്ടു്. ശേഷമുള്ള മുറികൾക്കു് എല്ലാററിനും ഈരണ്ടു പൂട്ടുകൾ ഉള്ളതിൽ ഓരോ പൂട്ടുകളുടെ താക്കോലുകൾ വാദികൾക്കു കൊടുക്കാൻ തയ്യാറാണു്.

ഞാൻ ഇത്രയും പറഞ്ഞപ്പോഴേക്കു കായമ്മടത്തു കിഴക്കതിൽ ചിററപ്പന്റെ ഭാവം മാറി വളരെ കോപരസത്തോടുകൂടി പരുഷസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:— നിങ്ങളെക്കൂടി ചേത്തു വിധി നടത്തണമെന്നും നിങ്ങൾക്കു ഇതിലൊക്കെയും കൂട്ടുഭരണവും കൂട്ടുകൈവശവും മററും വേണമെന്നും ഒക്കെ നിങ്ങൾ വിധിനടത്തു കോടതിയിൽ അപേക്ഷ ഹാജി കൊടുത്തു തോററതിനുശേഷവും നാണവും ബോധവുമില്ലാതെ ഇങ്ങനെ അസംബന്ധമായ തക്കങ്ങൾ ഇനിയും പുറപ്പെടുവിച്ചാൽ അതൊക്കെ കേട്ടുകൊണ്ടുപോകുന്നതിനല്ല ഞങ്ങൾ വന്നിരിക്കുന്നതു്. നിങ്ങളുടെ ധിക്കാരങ്ങളൊന്നും ഇനിയും ശമിച്ചിട്ടില്ലെങ്കിൽ ഇത നോടേ ശമിപ്പിച്ചേക്കാം.

ഇങ്ങനെ കുറേ ഏറെ പരുഷങ്ങൾ ഉച്ചത്തിൽ പ്രലപിച്ചു. കുററിയഴികം കൊട്ടാരം കുററിയഴികത്തുകാരിൽ നിന്നു് ഒഴിപ്പിച്ചു എടുക്കുന്നതു കാണുന്നതിനായി അനവധി സ്ഥലവാസികളും കിളികൊല്ലൂർ മങ്ങാട്ടു മുതലായ സ്ഥലങ്ങളിലെ ജനങ്ങളും ഹാജരായിട്ടുണ്ടു. മൂന്നാം കിഴക്കതിലെ അമ്മാവൻ തുടങ്ങിയ പ്രമാണികളും മററു സ്വജനങ്ങളും വന്നിട്ടുണ്ടു്. ഇവരെല്ലാം കേൾക്കുമാറു് വാദിഭാഗക്കാർ അവരവരുടെ പക്കിനു വളരെ അധിക്ഷേപങ്ങൾ ഉച്ചത്തിൽ പറഞ്ഞുപരിഹസിക്കുന്നു.

ഇതിനിടയ്ക്കു ഈ കേസിന്റെ ഇംഗ്ലീഷു് ജഡ്ജിമെന്റു് എന്റെ കൈവശത്തിൽ ഇരുന്നതു് ഞാൻ കമ്മിഷണരെ കാണിച്ചു് അ

തിന്റെ ഒടുവിൽ 28 ാമത്തെ വകുപ്പായ വിധി സംഗ്രഹം ഞാൻ തന്നെ പ്രത്യേകം വായിച്ചുകേൾപ്പിച്ചിട്ടു് ഇങ്ങനെ പറഞ്ഞു:—

ഈ വിധി ഞാൻ വായിച്ചു മനസ്സിലാക്കിയേടത്തോളം കുററിയഴികത്തു കൊട്ടാരം മുതലായ സകലദേവസ്വവും ഒരു കൂട്ടഭരണക്കാരന്റെ നിലയിൽ മാത്രമേ 1-ാം വാദിക്കു കൈവശം അനുവദിച്ചിട്ടുള്ളു എന്നാണു്.

പുത്തേത്താൻ:—കൂട്ടു കൈവശം വേണമെന്നു് നിങ്ങൾ വിധിനടത്തിൽ ഹറജി കൊടുത്തിട്ടുതള്ളിപ്പോയില്ലേ?

ഞാൻ:—അതു വേറെ വിഷയം.

പു:—ഏതു വിഷയമായാലും കൊട്ടാരം ഞങ്ങൾ കൈവശപ്പെടുത്തി വാങ്ങാതിരിക്കയില്ല.

ഞാ:—ജഡ്ജിമെൻറിൽ എന്താണെഴുതിയിരിക്കുന്നതെന്നു വായിച്ചറിവാൻ നിങ്ങൾക്കു കഴിയാത്തതുകൊണ്ടു് ഇങ്ങനെ പറയുന്നതാണു്.

പു:—ഏതായാലും നിങ്ങളുടെ ഈ ദുസ്തൎക്കം പരിഹരിച്ചുകൊട്ടാരം കൈവശപ്പെടുത്താമോ എന്നു ഞങ്ങൾ നോക്കട്ടെ.

ഞാ:—എന്നാൽ നമ്മൾ ഇനി ഇവിടെ കൂടിനിന്നു പരസ്പരം മത്സരവാക്കുകൾ പറഞ്ഞിട്ടാവശ്യമില്ലല്ലോ കൊട്ടാരം പ്രതികൾ വിട്ടുതരുന്നില്ലെന്നു ബലമായി തൎക്കിച്ചിരിക്കുന്നു എന്നു റിപ്പോർട്ടു് എഴുതി മടങ്ങിപ്പോകണം അതിന്റെ സമാധാനം ഞങ്ങൾ പറഞ്ഞുകൊള്ളാം.

ഞങ്ങൾ ഇങ്ങനെ സംസാരിക്കുന്നതു മൂന്നാംകിഴക്കതിലെ അമ്മാവൻ കേട്ടിട്ടു് പറയുന്നു.

നിങ്ങൾ ഇങ്ങനെ തമ്മിൽ തൎക്കിച്ചു പിരിയേണ്ട. കൊട്ടാരത്തിന്റെ താക്കോലുകൾ എല്ലാം കൊടുക്കാതെ സാധിക്കയില്ല. അതു് ഇപ്പോൾ തന്നെ കൊടുക്കുന്നതാണു നല്ലതു്. അങ്ങനെ കൊടുത്തു കൊട്ടാരം ഇപ്പോൾതന്നെ വാദികൾ നടത്തി എടുത്തു കൊള്ളട്ടെ. പുറത്തേ മുറികളിൽ ഒന്നുരണ്ടു മുറികളുടെ താക്കോലുകൾ വാദികളോടു് ഞാൻ സ്വകാര്യനിലയിൽ വാങ്ങിച്ചു നിങ്ങളുടെ കൈകാര്യത്തിനായി തന്നേക്കാം. അല്ലാതെ യാതൊരു പരിഹാരമാൎഗ്ഗവും കാണുന്നില്ല നിങ്ങളുടെ ദുസ്തൎക്കങ്ങളൊന്നും ജയിക്കയില്ല. കൊട്ടാരം ഇപ്പോൾ തന്നെ വിട്ടുകൊടുക്കുന്നതാണു് നല്ലതു്.

ഞാൻ:—വിധിന്യായം അനുസരിച്ചു കൊട്ടാരത്തിനും മററും ഞങ്ങൾക്കു കൂട്ടുകൈവശം കിട്ടുന്നതിനിടയുണ്ടെങ്കിൽ അങ്ങനെ വേണമെന്നല്ലാതെ മധ്യസ്ഥന്മാരുടെ വാക്കുമൂലം സൌജന്യനിലയിൽ ഒന്നോ രണ്ടോ മുറികളുടെ താക്കോലുകൾ ഞങ്ങൾക്കാവശ്യമില്ല. ഞങ്ങൾ കൊട്ടാരം വിട്ടുതരുന്നില്ലെന്നു തൎക്കിച്ചിരിക്കുന്നതായി റിപ്പോർട്ടെഴുതി വിധിനടത്തു മടങ്ങിക്കൊള്ളട്ടെ.

പുത്തനത്താൻ:—(കമ്മീഷണരോടു്) മടങ്ങി റിപ്പോർട്ടെഴുതുന്ന പക്ഷം ഇവിടെ കണ്ടതുപോലെയും സംഭവിച്ചതുപോലെയും ഒക്കെ റിപ്പോർട്ടെഴുതണം.

ഞാൻ:—അതു് എങ്ങനെയൊക്കെയാണു്?

പു:—എല്ലാ മുറികൾക്കും പഴയതായിട്ടുള്ള പൂട്ടുകൾ കൂടാതെ ഈയിടെ പുത്തനായി ഓരോ പൂട്ടുകൾകൂടി ഇരട്ടിപ്പായി വെച്ചുകൊണ്ടു് കൊട്ടാരം ഒഴിഞ്ഞുതരികയില്ലെന്നു് പ്രതികൾ ബലമായി തർക്കിച്ചിരിക്കുന്നതായി എഴുതണം

ഞാ:—അതിനു വിരോധമില്ല. ബലമായിട്ടുതന്നെയാണു ഞങ്ങൾ തർക്കിച്ചതു് ദുർബ്ബലമായിട്ടല്ല ഓരോ പൂട്ടുകൾ ഇരട്ടിപ്പായി വച്ചതു് ഇയ്യിടെയാണെന്നും അവ വളരെ പുതിയതായിരിക്കുന്നു എന്നും എഴുതണം എന്നല്ലേ നിങ്ങൾ പറയുന്നതു്. അതിനും വിരോധമില്ല. വേണമെങ്കിൽ കമ്മീഷണരും വാദികളും സ്ഥലത്തുവന്നതിനുശേഷം പ്രതികൾ എല്ലാ മുറികൾക്കും ഓരോ പൂട്ടുകൾ ഇരട്ടിപ്പായി തറച്ചു എന്നും അങ്ങനെ ചെയ്യരുതെന്നു കമ്മീഷണർ (വാദികൾ) വിരോധിച്ചിട്ടും പ്രതികൾ കേട്ടില്ലെന്നുംകൂടി റിപ്പോർട്ടിൽ എഴുതിയാൽ അതിൽ ഞങ്ങൾ ഒപ്പുവച്ചുതരാം. ഇരട്ടിപ്പുള്ള പൂട്ടുകൾ ഇയ്യിടെ തറച്ചിരിക്കുന്നതായി കാണുന്നു എന്നു് എഴുതുന്നതിനെക്കാൾ വാദികൾക്കു് കുറേക്കൂടി നല്ലതാണല്ലോ ഇതു്. അതുകൊണ്ടു് ആ വിധത്തിൽ എഴുതിയാലും ഞങ്ങൾ സമ്മതിച്ചുതരാം. ഇരട്ടിപ്പു പൂട്ടുകൾ കമ്മീഷണരും വാദികളും സ്ഥലത്തു വന്നതിനുശേഷം തറപ്പിക്കുന്നതിനു് ഞങ്ങൾക്കധികാരമുണ്ടെന്നു ഞങ്ങൾക്കറിയാം.'

തദനന്തരം കമ്മീഷണർ റിപ്പോർട്ടു തയ്യാറാക്കി വിധി നടത്തു മടങ്ങി. ഇരട്ടിപ്പുപൂട്ടുകൾ ഇയ്യിടെ പുത്തനായി വച്ചതാണെന്നും ബലമായി തർക്കിച്ചു എന്നും മററും റിപ്പോർട്ടിൽ എഴുതിയിട്ടുണ്ടു്. ആ റിപ്പോർട്ടിന്റെ പകർപ്പു് അടയാളസഹിതം എടുത്തു സൂക്ഷിച്ചിരിക്കുന്നതിന്റെ പകർപ്പു് ഇതിൽ ആവശ്യമെങ്കിൽ ഒടുവിൽ പകത്തെഴുതും.

കമ്മീഷണരും വാദികളും വിധിനടത്തു ഈവിധം മടക്കി വളരെ ഗൗരവത്തിൽ പോയി. ഞങ്ങൾക്കു് അസാരം വിഷമവും പരിഭ്രമവും ഇല്ലാതില്ല. കാരണം ശ്രീ പപ്പുപിള്ള ജഡ്ജിയുടെ സ്വാധികാര പ്രമത്തതയാണു്. അന്നു രാത്രിയിലും ഞാൻ ഉറങ്ങിയില്ല. ഞങ്ങളുടെ ഭാഗത്തു ന്യായമുണ്ടെന്നു് എനിക്കു ദൃഢവിശ്വാസമുണ്ടു്. എങ്കിലും ജഡ്ജിയെ ഭയപ്പെടുന്നു. ഞങ്ങൾക്കു വിപരീതമായി അദ്ദേഹം ഈ വിഷയത്തിൽ എന്തുത്തരവു ചെയ്താലും ഹൈക്കോടതിയിൽ അതു ഭേദപ്പെടുമെന്നു നിശ്ചയമാണു്.

വിധിനടത്തിനെപ്പററി ഞങ്ങളുടെ തർക്കത്തെ സാധൂകരിക്കുന്നതിനായി ഒരു ഹരജി ഞാൻതന്നെ എഴുതിയുണ്ടാക്കി, പിറേറദിവസം അച്ഛനും ഞങ്ങളെല്ലാവരുംകൂടി വള്ളത്തിൽ കച്ചേരിക്കുപോക

മ്പോൾ വള്ളത്തിലിരുന്നാണതെഴുതിയതു്. ജില്ലാക്കോടതിയിൽനിന്നു് ഹരജിക്കു വിപരീതമായി ഉത്തരവുചെയ്താൽ ഹൈക്കോടതിയിൽപോയി രക്ഷനേടേണ്ടതാകയാൽ ഈ തൎക്കഹരജി പ്രത്യേകം ശ്രദ്ധവെച്ചു് എഴുതി.

കൊട്ടാരംമുഴുവനും വാദികൾ പ്രതികളിൽനിന്നു് ഒഴിപ്പിച്ചെടുക്കുമെന്നു വാദികളും അവരുടെ സ്തുതിപാഠകന്മാരും ഒന്നുചേർന്നു വളരെ വാശിയിൽ ഘോഷിക്കുന്നു. അസ്സൽ കേസു നടന്നുകൊണ്ടിരുന്ന അവസരത്തിൽപോലും ഈ വാശിയില്ലായിരുന്നു. ഞങ്ങളുടെ തൎക്കത്തെ സാധൂകരിക്കുന്നതിനായി ഞാൻ വള്ളത്തിൽ ഇരുന്നു തയ്യാറാക്കിയ ഹരജിയുടെ ഒരു ശരിപ്പകർപ്പുതന്നെ ഇവിടെ പകർത്തുന്നു.

കൊല്ലം ജില്ലാക്കോടതി മുമ്പാകെ ടി കോർട്ടിൽ 1084-ാമാണ്ടു അസ്സൽ 72-ാംനമ്പരിൽ 8-ാംപ്രതി മാതേവൻ കറുമ്പൻ ചാന്നാർ (ജായൻറ ട്രസ്റ്റി) ബോധിപ്പിക്കുന്ന ഹരജി.

കോർട്ടിലെ ഉത്തരവനുസരിച്ചു വിവാദ ബി. പട്ടിക നിലങ്ങളിലും കുററിയഴികത്തു നിൽക്കുന്ന കൊട്ടാരത്തിലും വിധിപ്രകാരം വാദികൾക്കുള്ള അവകാശത്തെ നടത്തികൈവശപ്പെടുത്തിക്കൊടുക്കുന്നതിനായി ആമീൻ സ്ഥലത്തു വന്നതിൽ ബി. പട്ടികനിലങ്ങൾ നടത്തി വിധിയനുസരിച്ചു കൂട്ടട്രസ്റ്റിയുടെ നിലയിൽ 1-ാംവാദിക്കു കൈവശം കൊടുക്കുന്നതിനു 8-ം 20-ം പ്രതികൾ സമ്മതിക്കയും 14-ാം പ്രതി സ്ഥലത്തു് ഹാജരില്ലാത്ത കാരണം പറഞ്ഞു് അപ്രകാരം നടത്തി എടുക്കുന്നതിനു വാദികൾക്കു സമ്മതമില്ലാതെ മടങ്ങിയിട്ടുള്ളതുമാകുന്നു.

കുററിയഴികത്തു കൊട്ടാരത്തിൻെറ തട്ടുപുരയുടെ വടക്കേമുറിയിൽ മൂവായിരം രൂപയിൽകൂടുതൽ വിലപിടിപ്പുള്ള ദേവസ്വം സ്വൎണ്ണാഭരണങ്ങൾ വച്ചുപൂട്ടി ആ മുറിക്കുള്ള രണ്ടു താക്കോലുകളിൽ ഒന്നു് വാദിയുടെ കൈവശവും ഒന്നു് എട്ടാംപ്രതിയുടെ കൈവശവും ഇരിക്കുന്ന വിവരം ഈ കേസിൽ ഇരുകക്ഷികളും സമ്മതിച്ചിട്ടുള്ളതും ആവക സ്വൎണ്ണാഭരണങ്ങളും മററും വാദികൾക്കു് തിരിച്ചുകിട്ടണമെന്നു് ഈ കേസിൽ ആദ്യം വാദികൾ അപേക്ഷിക്കയും അതിലേക്കു വാദികൾ കോർട്ടുഫീസു വയ്ക്കണമെന്നു് ഈ കോടതി ഉത്തരവുചെയ്തപ്പോൾ വാദികൾ അവരുടെ ആ അപേക്ഷ പിൻവലിച്ചു ശേഷം വിഷയങ്ങളിൽ മാത്രം അന്യായം നിലനിത്തീട്ടുള്ളതും ആകുന്നു.

ഇപ്പോൾ ആവക സ്വൎണ്ണാഭരണങ്ങൾ മുഴുവനും ഈ കേസിലെ വിധിക്കു വിപരീതമായി വാദികൾക്കു തനിച്ചു കൈവശപ്പെടുത്തുന്നതിനുവേണ്ടി എട്ടാംപ്രതിക്കുള്ള കൂട്ടുപൂട്ടിൻെറ താക്കോൽ വാദി ആവശ്യപ്പെട്ടതിൽ എട്ടാംപ്രതി കൊടുത്തിട്ടില്ലാത്തതാകുന്നു.

കൊട്ടാരത്തിൻെറ മററു മുറികളിൽ എല്ലാററിലും ദേവസ്വംവക പെട്ടിപ്രമാണങ്ങൾ, വഞ്ചികൾ, തീവെട്ടികൾ, കുടകൾ, വിളക്കു

കൾ, വാർപ്പുകൾ മുതലായ പലവിധ ജംഗമസാമാനങ്ങൾ ഇരിക്കുന്നതും അവ അതിൽനിന്നു മാററിയാൽ കൂട്ടായി വയ്ക്കുന്നതിനു വേറെ സ്ഥലം ഇല്ലാത്തതുകൊണ്ടു് ആ മുറികൾക്കു് എല്ലാം ഈരണ്ടു താക്കോലുകൾ ഉള്ളതിനാൽ ഓരോ താക്കോലുകൾ ഒന്നാംവാദിക്കു് കൊടുക്കാമെന്നു എട്ടാംപ്രതി സമ്മതിച്ചതിനാൽ ഒന്നാംവാദി അതു സമ്മതിക്കാതെ വിധിനടത്തു മടക്കിട്ടുള്ളതും ആകുന്നു.

ദേവസ്വ വക ജംഗമ സാമാനങ്ങൾ വാദികൾക്കു തനിച്ചു കൊടുക്കുന്നതിനും കൊട്ടാരത്തിന്റെ സകല താക്കോലുകളും വാദികൾക്കു കൊടുക്കുന്നതിനും ഈ കേസിൽ വിധിയുണ്ടായിട്ടില്ലാത്തതും അതിനു വിപരീതമായി അവ കൊടുക്കുന്നതായാൽ വിധിയനുസരിച്ചു കൂട്ടു കൈവശത്തിൽ ഇരിക്കാനുള്ള വളരെ വിലപിടിപ്പുള്ള മുതലുകൾ ഈ കേസിലെ വിധിക്കു വിപരീതമായി ഒന്നാംവാദിക്കു തനിച്ചു കിട്ടുന്നതിനു ഇടവരുന്നതും അങ്ങനെ വരുന്നതുകൊണ്ടു് ദേവസ്വത്തിനും കൂട്ടുട്രസ്റ്റിയായ എട്ടാം പ്രതിയുടെ അവകാശത്തിനും സാരമായ നഷ്ടവും ന്യൂനതകളും ഉള്ളതുകൊണ്ടു് എല്ലാ വിഷയങ്ങൾക്കും വ്യക്തമായ വിധി നടത്തുത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

എട്ടാംപ്രതി മാതേവൻകുറുമ്പൻചാന്നാർ (ഒപ്പു്)

ഈ ഹരജി ഞാൻ എഴുതി ഞങ്ങളുടെ വക്കീൽ ശ്രീ പി. കരുണാകരമേനോൻ അവർകളെ കാണിച്ചു അദ്ദേഹം ഇതിൽ ഒരക്ഷരംപോലും തിരുത്തിയില്ല. ഉടൻതന്നെ ഹരജിയുടെ അസ്സൽ തയ്യാറാക്കി കോർട്ടിൽ കൊടുത്തു. ഇതു ഒരു വിധിനടത്തു വാദമാകയാലും വിശിഷ്യാ വിധിനടത്തു തടസ്സപ്പെടുത്തിയതാകയാലും അന്നുതന്നെ കേട്ടു തീർച്ച ചെയ്യുമെന്നു എനിക്കു തോന്നിയിരുന്നതിനാൽ ഹരജി കേൾക്കുന്നതിനായി കോടതിയിൽ എടുക്കുമ്പോൾ, ഞങ്ങളുടെ വക്കീലദ്ദേഹം ധാരാളം കേസുകളുള്ള ഒരു വക്കീലാകയാൽ മററു വല്ല കോടതികളിലും വിസ്താരം നടത്തികൊണ്ടിരിക്കുന്നപക്ഷം അദ്ദേഹത്തിനു വരാൻ സാധിക്കാതെ വരുമെന്നും ആ സ്ഥിതിക്കു് ഇതു് കേവലം ഒരു വിധിനടത്തു വാദമാകയാൽ വക്കീലിനെ കൂടാതെ തീർച്ചയ്ക്കായി എടുക്കുമെന്നും ഈ വലിയ വാശിയിൽ ഇരിക്കുന്ന കാര്യത്തിൽ അങ്ങനെ വരുന്നതു് സങ്കടകരമാകയാൽ ഈ ഹരജിയെപ്പററി വാദിച്ചു സ്ഥാപിക്കുന്നതിനു് ഒരു വക്കീലിനുകൂടി വക്കാലത്തു കൊടുത്തു കേസു മനസ്സിലാക്കിയിരിക്കുന്നതു് കൊള്ളാമെന്നു വിചാരിച്ചു വക്കീൽ മിസ്റ്റർ എൻ കുമാരൻ അവർകൾക്കുകൂടി ഒരു വക്കാലത്തു കൊടുത്തു. കേസ്സും മനസ്സിലാക്കി ഞങ്ങൾ അത്യുല്ക്കണ്ഠയോടുകൂടി കച്ചേരിയിൽ കാത്തുനിൽക്കുകയാണു്.

ഞങ്ങൾ കൊടുത്തതായ തക്ഹരജിയുടെ പകർപ്പു് കോർട്ടിൽനിന്നും അപ്പോൾതന്നെ സ്വകാര്യമായി കുറിച്ചെടുത്തു വാദികൾ അവരുടെ വക്കീലിനു കൊടുത്തിട്ടു് അവരും അവരുടെ സ്തുതിപാഠകന്മാ

രും പരിവാരങ്ങളും കച്ചേരിയിൽ നിന്നു രസിക്കുന്നുമുണ്ടു്. ഞങ്ങൾ കൊടുത്ത ഹരജിയിൽ 'എല്ലാ വിഷയങ്ങൾക്കു വ്യക്തമായി വിധി നടത്തിത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു' എന്നുണ്ടായിരുന്നു. ആ വാചകത്തെപ്പററി പറഞ്ഞു് അവർ പരിഹാസമായി ഞങ്ങളെ ആരെയെങ്കിലും കാണുമ്പോൾ അത്യുച്ചത്തിൽ വായിച്ചുകൊണ്ടു് അതിനു ചില പുതിയ വ്യാഖ്യാനങ്ങൾ ചെയ്യും. ഞങ്ങളുടെ ഹരജി ഉടൻ തള്ളുമെന്നു വിശ്വസിച്ചുകൊണ്ടും ആ അവസരത്തിൽ ഞങ്ങളെ ക്രമത്തിലധികം പരിഹസിക്കുന്നതിനു് ഏർപ്പാടുകൾ ചെയ്തുകൊണ്ടും വാദികൾ നില്ക്കുകയാണു്. ഞങ്ങളുടെ ഹരജിയുടെ ഒടുവിലത്തെ വാചകത്തിനു് അവരുടെ പരിഹാസവ്യാഖ്യ, ഇപ്രകാരമായിരുന്നു:—'വ്യക്തമായ വിധിനടത്തിത്തരവുവേണമെന്നാണു് ഇപ്പോഴത്തെ ഹരജി. ജഡ്ജിയുടെ ഉത്തരവുകൾക്കൊന്നിനും വ്യക്തിപോരാ. ജഡ്ജിയെ വ്യക്തിപഠിപ്പിക്കാൻ പോവുകയാണു്.' ഇത്യാദി.

ആ സംഘം ഇങ്ങനെ പലതും പറഞ്ഞു രസിച്ചുകൊണ്ടു നില്ക്കുന്ന സമയം ഞാൻ പലപ്പോഴും അവരുടെ സമീപത്തുകൂടി അങ്ങോട്ടുമിങ്ങോട്ടും കടന്നുപോയിട്ടുണ്ടു്. എങ്കിലും അവിടെ തിരിഞ്ഞുനില്ക്കുകയോ എന്തെങ്കിലും സംസാരിക്കുകയോ ചെയ്തിട്ടില്ല. ഒരുപ്രാവശ്യം അവരുടെ സമീപേ കടന്നുപോകുമ്പോൾ.

പുത്തേത്താൻ:—പന്ത്രണ്ടുപറ നിലം ഞങ്ങൾ നടത്തി എടുത്താൽ അതു നിങ്ങൾക്കു് എങ്ങനെ കൂട്ടുകൈവശം കിട്ടും?—എന്നു് ഏററവും പരുഷവും രൂക്ഷവുമായി, ഗംഭീരവും ഭയങ്കരവുമായി, എന്നോടു നേരേവന്നു ചോദിച്ചു. ഈ ചോദ്യത്തിൽ ചിററപ്പന്റെ (പുത്തേത്താന്റെ) മൃദുഅക്ഷരങ്ങൾപോലും ഘോഷാക്ഷരങ്ങളായിരുന്നു.

ഞാൻ:—നിലം ഒഴിപ്പിക്കുമ്പോൾ വിധിയനുസരിച്ചു കൂട്ടുകൈവശം വരും. നിലത്തിലും നിങ്ങൾക്കുള്ള കൂട്ടവകാശം മാത്രമേ നടത്തിയെടുക്കുവാൻ സാധിക്കയുള്ളു. അങ്ങനെയല്ലാതെ വിപരീതമായി വിധിയുണ്ടായിട്ടുമില്ല. (എന്നു ശാന്തമായി പറഞ്ഞു)

പുത്തേ:—(മുമ്പിലത്തേതിലും പരുഷസ്വരത്തിൽ) നിലം ഞങ്ങൾ നടത്തി എടുക്കുമ്പോൾ അതിന്റെ ഗുണം കാണിച്ചുതരാം. അന്നു നീ കണ്ടോ!

ഞാൻ:—നിലം കരുവായാണു കിടക്കുന്നതു്. അതുകൊണ്ടും വിധിന്യായംകൊണ്ടും നിങ്ങൾകൂടി ഒഴിപ്പിച്ചാലും കൂട്ടുകൈവശംതന്നെയിരിക്കും.

പുത്തേ:—അതു് അന്നു കാണിച്ചുതരാം. നിന്റെയും മററും ധിക്കാരങ്ങൾ അന്നു ശമിപ്പിച്ചേക്കാം.

ഞാൻ:—നിലത്തിൽ നിങ്ങൾക്കുള്ള അവകാശം നടത്തിഎടുക്കുന്നതല്ലാതെ ഞങ്ങൾക്കുള്ള അവകാശം നിങ്ങൾ എടുത്തു ഞങ്ങളെ

നിലത്തിൽനിന്നു വെളിയിൽ നിൎത്താൻ നിങ്ങളെക്കൊണ്ടു സാധിക്കയില്ല. ഈ മാതിരി ധിക്കാരവും കൊണ്ടു കരുവാ വന്നാൽ എല്ലുതല്ലിയൊടിക്കും. കേട്ടോ!

പുത്തേ:--അപ്പോൾ നീ മുമ്പെപോയ സ്ഥലത്തു് ഒന്നുകൂടി പോകണ്ടിവരും.

ഞാൻ:—അങ്ങനെ വേണ്ടിവരുമെങ്കിൽ നിങ്ങളുടെ എല്ലുകൾ ഒടിഞ്ഞതിനുശേഷം മതിയല്ലോ.

പുത്തേ:—നിനക്കെന്താണു ഞങ്ങളുടെ ദേവസ്വത്തിൽ കാൎയ്യം?

ഞാൻ:—തനിക്കു് ഇപ്പോൾ ദേവസ്വത്തിൽ എന്താണു കാൎയ്യമുള്ളതു്? തനിക്കു ഇപ്പോൾ എന്റെ മക്കൾക്കുള്ളതിനേക്കാൾ കൂടുതൽ അധികാരമൊ അവകാശമോ ഈ ദേവസ്വത്തിലുണ്ടോ? എന്റെ അച്ഛൻ ഇപ്പോൾ ഭരണാധികാരിയാണു്. ആ സ്ഥിതിക്കു ഇപ്പോൾ തനിക്കുള്ളതിനേക്കാൾ അധികാരം എനിക്കുണ്ടു്, പിന്നെ ചലമ്പാതിരിക്ക!

ഇത്രയും സംഭാഷണം ഞങ്ങൾ തമ്മിൽ നടന്നപ്പോൾ ചില മദ്ധ്യസ്ഥന്മാർ വന്നു ഞങ്ങളെ സമാധാനപ്പെടുത്തി.

ഞങ്ങൾ കൊടുത്ത തൎക്കഹൎജി അന്നുകോടതിയിൽ വാദം കേട്ടില്ല. അവധിവച്ചു. രണ്ടുമൂന്നവധികൾ കടന്നു. 1090 മകരം 8-ാംനു- ഞങ്ങളുടെ ഹൎജി വാദംകേൾക്കുന്നതിനായി എടുത്തു. അപ്പോൾ ഞങ്ങളുടെ വക്കീലന്മാർ രണ്ടുപേരും ഇല്ല. മി: എൻ. കുമാരൻ ഒരു കാൎയ്യവശാൽ ചെങ്ങന്നൂർ പോയിരിക്കുന്നു. ശ്രീ കരുണാകരമേനോൻ മുൻസിഫ് കോൎട്ടിൽ ഒരു സാക്ഷിയെ വിസ്തരിച്ചുകൊണ്ടിരിക്കുന്നു. ജില്ലാകോൎട്ടിൽ ഹൎജി വാദംകേൾക്കാൻ തുടങ്ങി. വാദിവക്കീൽ മി: ചങ്ങനാശ്ശേരി ഹാജരായി. ഹൎജി വെറും അനാവശ്യമാണെന്നും തള്ളേണ്ടതാണെന്നും ബലമായി വാദിക്കുന്നു. കുററിയഴികത്തു കൊട്ടാരവും ബി. പട്ടികനിലവും പ്രതികളുടെ സ്വന്തമാണെന്നും അവയ്ക്കു് ദേവസ്വത്തിലേക്കു യാതൊരു കാൎയ്യവും ഇല്ലെന്നും ഈ പ്രതികൾ വാദിച്ചവരാണു്. ഇങ്ങനെ ദേവസ്വത്തിലേക്കു വിരോധമായി പ്രതികൾ വാദിച്ചതിനാൽ ഈ വസ്തുക്കൾ പ്രതികൾക്കു കൈവശം കൊടുക്കത്തക്കതല്ലെന്നും ദേവസ്വത്തിലേക്കുവേണ്ടി അവ പ്രതികളിൽനിന്നു വാദികൾ ഒഴിപ്പിച്ചുകൊള്ളണമെന്നും ആണു് ഈ കേസിലെവിധി.

‘ദേവസ്വംവകയോ ബ്രഹ്മസ്വംവകയോ വസ്തുക്കളുടെ ധാരകന്മാർ ആരെങ്കിലും ദേവസ്വത്തിന്റേയോ ബ്രഹ്മസ്വത്തിന്റേയോ

അവകാശത്തെ നിഷേധിച്ച വാദം പുറപ്പെടുവിച്ചാൽ പിന്നെ ആ വസ്തുക്കൾ അവരുടെ കൈവശം വച്ചുകൂടാ എന്നാണ് നിയമസിദ്ധാന്തം.',

ഇതിന്ന പലപല ലാറിപ്പോർട്ടുകൾ 'ചങ്ങനാശ്ശേരി' എടുത്തുകാണിച്ചു കോടതിയെ ബോധ്യപ്പെടുത്തുന്നതു കൂടാതെ ജഡ്ജിമെൻറിലെ 24-ാമതു പാരഗ്രാഫും മറ്റും പ്രത്യേകം എടുത്തു കോടതിയെ വായിച്ചുകേൾപ്പിക്കയും കാണിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ ഇതൊക്കെ കേട്ടുമനസ്സിലാക്കിക്കൊണ്ടു നില്ക്കയാണ, അച്ഛനും ഉണ്ട്. എന്തുചെയ്യാം. ഞങ്ങളുടെ വക്കീലന്മാർ ഹാജരില്ലെങ്കിലും ഹാജി വാദംകേട്ടു തീർച്ചചെയ്യാനായിട്ടാണെടുത്തിരിക്കുന്നതു് വാദിവക്കീൽ അവരുടെ ഭാഗം ഭംഗിയിൽ വാദിക്കുന്നു. ഞങ്ങൾ വിഷണ്ണന്മാരായിനില്ക്കുന്നു. വാദിഭാഗക്കാരും കൂട്ടരും സന്തോഷിച്ചുതുള്ളിനില്ക്കുന്നു.

"ഹാജി തള്ളണമെന്നും കോടതിയുടെ ഉത്തരവു നിഷേധിച്ചതിന്ന തക്കശിക്ഷിയായ എട്ടാംപ്രതിയെ (എൻറ അച്ഛനെ) പ്രാസിക്യൂട്ടുചെയ്യണമെന്നും" ആണ് വാദിവക്കീലിന്റെ വാദം.

ഈ പതനത്തിൽ എട്ടാംപ്രതി കോടതിയിൽ നേരേഹാജരായി തന്റെ വക്കീലന്മാർ ഇല്ലാത്തതിനാൽ ഹരജിയെപ്പററി കേൾക്കുന്നതിന്ന ഒരു അവധി മാററിത്തരണമെന്ന അപേക്ഷിക്കാം എന്ന ഞങ്ങൾക്കു തോന്നാതിരുന്നില്ല. എട്ടാംപ്രതിയെ അപ്പോൾതന്നെ അറസ്റ്റുചെയ്യേങ്കിലോ എന്നൊരുഭീതി. ഞാൻ ജനിച്ചതിന്ന ശേഷം ഇത്രവളരെ വ്യസനിച്ചിട്ടുള്ള സന്ദർഭം ഇതിന്നുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. അച്ഛന്റെ മുഖത്തു നോക്കുമ്പോൾ ഞാൻ ദഹിച്ചു പോകുന്നു.

ഒരു മണിക്കൂറോളം കോടതി വാദിവക്കീലിന്റെ വാദം ശ്രദ്ധിച്ചുകേട്ടുകൊണ്ടിരുന്നു. അന്നുവയ്യിട്ടു നാലുമണിക്കായിരുന്നു ഈ വാദംകേൾക്കാൻ തുടങ്ങിയതു്. കേട്ടുതീർന്ന കോടതി പിരിയുകയാണുണ്ടായതു്.

എട്ടാംപ്രതിയെ പ്രാസിക്യൂട്ടുചെയ്യുമെന്നും ഹരജിതള്ളുമെന്നും വിചാരിച്ചു ഞങ്ങൾ വ്യസനാക്രാന്തന്മാരായി ഒരുവിധം വീട്ടിൽ മടങ്ങിയെത്തി. ഉത്തരവിന്റെ പകർപ്പ് ഉടൻവാങ്ങി അപ്പീൽ കൊടുക്കണമെന്നുറച്ചുകൊണ്ടു പിറേറന്നാൾ പുലർകാലേ കച്ചേരിക്കു പോയി. ഉത്തരവിനെപ്പററി അന്വേഷിച്ചു.

"എട്ടാംപ്രതി ഓരോ താക്കോലുകൾമാത്രം വാദിക്കുകൊടുക്കണം" എന്ന ഉത്തരവായിരിക്കുന്ന വിവരം അറിഞ്ഞു. അപ്പോൾ ഞങ്ങൾക്കുണ്ടായ സന്തോഷത്തിനതിരില്ലായിരുന്നു. ഉത്തരവിന്റെ ശരിപ്പകർപ്പുതന്നെ ഇവിടെ ചേർക്കുന്നു.

Proceedings of the District Court of Quilon 8th Makaram 1090.

Read again Civil miscellaneous petition No. 581 dated:22-4-1090 presented by Vakil Mr: P. Karunakara Menon on behalf of Matheven Karumpen 8th Defendent in O. S. No. 72 of 1084 on the file of this Court praying that he shall be allowed to keep with him one key of the building in question.

Heard the arguments of degree holder's Vakil Mr. Paramaswaren Pillay and persed the records.

## ORDER

The 8th defendent will deliver one of the keys of each room to the opposite party.

8th Makarem 1090
(Sd) T. Palpoo Pillay, District Judge

### ഉത്തരവിന്റെ തർജ്ജമ സാരം

"എല്ലാമുറികളുടെയും ഓരോ താക്കോൽ എട്ടാംപ്രതി അയാളുടെ എതിർകക്ഷിക്കു കൊടുക്കണം."

ഈ ഉത്തരവു് വെളിക്കുവന്നപ്പോൾ എതിർകക്ഷികൾക്കുണ്ടായ മനശ്ശരീരവികാരങ്ങൾ വായനക്കാർ ഊഹിച്ചറിയുന്നതായിരിക്കും നല്ലതു്. അപ്പീൽകൊടുത്തു് ഈ ഉത്തരവിനെ ഭേദപ്പെടുത്തുമെന്നു ചില വ്യവഹാരികൾ മൗനഭേദനം ചെയ്യാതിരുന്നില്ല.

ഞങ്ങൾ ജയിച്ചകക്ഷികളാണെങ്കിലും ഉടൻതന്നെ ഉത്തരവിന്റെ പകർപ്പുവാങ്ങി. അതിന്റെ ന്യായാന്യായങ്ങളെപ്പറ്റി അന്നത്തെ ഹൈക്കോടതി വക്കീലന്മാരിൽ പ്രമുഖന്മാരായ കൊച്ചുകൃഷ്ണമാരാർ, ഈ. ജെ. ജാൺ എന്നീ മഹാന്മാരെ ചെന്നുകണ്ടു വിവരം ഗ്രഹിപ്പിച്ചു കേസുകാണിച്ചു. അവർ സാവകാശം നോക്കി എതിർകക്ഷികൾക്കു അപ്പീലിനവകാശമില്ലെന്നു രണ്ടുപേരും ഖണ്ഡിതമായി അഭിപ്രായപ്പെട്ടു. അപ്പീൽ ബോധിപ്പിക്കുന്ന പക്ഷം ഞങ്ങളുടെ ഭാഗം വക്കാലത്തു സ്വീകരിക്കാമെന്നു രണ്ടുപേരും സമ്മതിച്ചു.

പുത്തേത്താൻ മുതൽപേർ ഉത്തരവിന്റെ പകർപ്പുമേടിച്ചു വക്കീലന്മാരെ കാണിച്ചു. അപ്പീൽകൊടുക്കാൻ ന്യായമില്ലെന്നും കൊടു

ത്താൽ ഫലമില്ലെന്നും അവർ അഭിപ്രായപ്പെട്ടതിനാൽ അടങ്ങി പാർത്തു.

ദേവസ്വംഭരണത്തിൽനിന്നു കുററിയഴികത്തു ശാഖക്കാരെ ഒഴിക്കുന്നതിനാണു് 1084-ൽ 72-ാം (അസൽ) നമ്പരായി കാമനാട്ടുശാഖക്കാർ കേസുകൊടുത്തതു്. ആ വാദം അവർതന്നെ ആദ്യം പിൻവലിച്ചു എന്ന സംഗതി മുമ്പുപറഞ്ഞുവല്ലോ. പിന്നീടുണ്ടായ ഉദ്ദേശം കുററിയഴികത്തുകൊട്ടാരം വാദികൾക്കു തനിച്ചുഒഴിപ്പിച്ചു കൈവശപ്പെടുത്തി എടുക്കണമെന്നായിരുന്നു. അതും സാധിച്ചില്ല. വിധിനടത്തിൽ വളരെ വാശിയിൽ എത്തിയിരുന്ന പ്രധാനവാദം തോററതിൽ പിന്നെ രണ്ടുമൂന്നു കൊല്ലത്തേക്കു ഒന്നിനും വരാതെ അവർ അടങ്ങിയിരുന്നു. പിന്നീടു് ഒരുദിവസം വന്നു വിധിയനുസരിച്ചു ഓരോ താക്കോലുകൾ എന്റെ അച്ഛന്റെ പക്കൽനിന്നു വാങ്ങി നടപടി പൂത്തിയാക്കിപ്പോയി.

അച്ഛനു് കരുവാദേവസ്വം, കുററിയഴികത്തും കാമനാട്ടും ശാഖക്കാരുടെ മാത്രം വകയായ പ്രൈവററ (സ്വകാര്യ) ദേവസ്വം ആണോ അതല്ല കരക്കാരുടെ ദേവസ്വമാണോ അതുമല്ല കമ്പപ്പുരയുടെ ദേവസ്വമാണോ എന്നതറിയേണമെന്നായിരുന്നു നിർബ്ബന്ധം. അതിൻവേണ്ടി എത്രപണം ചെലവചെയ്യുന്നതിനും തയ്യാറായിട്ടാണു് അച്ഛൻ ആദ്യം കൊല്ലം മുൻസിഫ്കോർട്ടിൽ 1084-സി. 336-ാം നമ്പരായി കേസുകൊടുത്തതു്. രണ്ടുശാഖക്കാരുടെയും വകയായ ഒരു സ്വകാര്യദേവസ്വമാണെന്നു 1086 കർക്കടകത്തിൽ വിധി സമ്പാദിച്ചു അച്ഛൻ കൃതാർത്ഥനായി.

# അധ്യായം എട്ടു്

## ദേവസ്വംഭരണത്തിന്റെ വിഘ്നകർത്താക്കൾ

തൃക്കരുവാ ദേവസ്വം ചാന്നാന്മാരുടെ സ്വകാര്യ ദേവസ്വമാണെന്നു 1084-ൽ വിധിയുണ്ടായതിനു ശേഷം ചേരിക്കാരായ നായന്മാർ ദേവസ്വം അവരുടേതാണെന്നു സ്ഥാപിക്കുവാൻ ഒരു കേസുകൊടുത്തു. ആ വ്യവഹാരം തള്ളിപ്പോയി. കരക്കാരുടെ സകല കൃത്രിമങ്ങളും അതോടേ അസ്തമിച്ചു.

അഷ്ടമുടിയിൽ ശ്രീ വീരഭദ്രസ്വാമി ക്ഷേത്രത്തിൽ ആണ്ടുതോറും കന്നിമാസത്തിൽ ഇരുപത്തെട്ടാവോണത്തിനു വന്നുചേരുന്ന നേർച്ചക്കാരിൽ നിന്നു് അന്നു് ഏകദേശം നൂറു നൂററിഅൻപതു രൂപയോളം വഞ്ചി വരവുണ്ടായിരിക്കും. പലരും അപഹരിക്കുന്നതിന്റെ ബാക്കിയാണു് ഈ സംഖ്യ. 1086-ാമാണ്ടുവരെ ദേവസ്വംപിള്ളയാ

യിരുന്നു ആ പണം എടുത്തുകൊണ്ടിരുന്നതു്. കമ്പപ്പുര കൃഷ്ണപിള്ളയെന്നാണു് ടിയാനെ വിളിച്ചിരുന്നതു്. അദ്ദേഹം ആ പണം ദേവസ്വംകാര്യത്തിനുപയോഗിക്കാതെ സ്വന്തകാര്യത്തിനു മാത്രം വിനിയോഗിച്ചിരുന്നു. ഇങ്ങനെ നടന്നുവരുമ്പോഴാണല്ലോ 1084-ാമാണ്ടു് കന്നിമാസത്തിൽ അച്ഛനും അയാളും വഴിയിൽവച്ചു വാക്കുതൎക്കം ഉണ്ടായതു്. കേസുകളെല്ലാംതീൎന്നു വിധി സമ്പാദിച്ചതിനുശേഷം ഒരു കൊല്ലം കന്നിമാസത്തിൽ പുത്തേത്താൻ മുതൽപേർ വന്നു. അവർ ഇരുപത്തെട്ടാവോണത്തിനു വീരഭദ്രസ്വാമിക്ഷേത്രത്തിൽ പോയി. ഉത്സവങ്ങളെല്ലാം നടന്നതിനു ശേഷം വഞ്ചി തിട്ടപ്പെടുത്തി രൂപാ നൂറോളമുണ്ടായിരുന്നു. എല്ലാം ചെമ്പുകാശാണു്. വീരഭദ്രക്ഷേത്രത്തിൽവച്ചുതന്നെ അവിടത്തെ ചേരിക്കാരെയും കമ്പപ്പുരയേയും വിളിച്ചു് പുത്തേത്താൻ മുതൽപേർ അവരെ ഏൽപ്പിച്ചു എന്നുവരുത്തി മടങ്ങിപ്പോയി. എന്നാൽ കമ്പപ്പുരയും കരക്കാരും ചേൎന്നു് ബലമായി എടുത്തതാണു്. അവരോടു മറുത്തൊരക്ഷരംപോലും പറയുവാൻ പുത്തേത്താൻ മുതൽപേൎക്കു ശക്തിയില്ലായിരുന്നു. പുത്തേത്താന്റെ ഉദ്ദേശം ചേരിക്കാരോടുകൂടി സ്നേഹിച്ചിരിക്കാതെ ഗത്യന്തരമില്ലെന്നായിരുന്നു. അവരോടു ചേൎന്നുനിന്നുകൊണ്ടു് കുററിയഴികത്തുകാരെ അവഗണിക്കണമെന്നും ഉള്ളിലുണ്ടു്. ഏതായാലും അഷ്ടമുടിയിലെ വഞ്ചിയിൽനിന്നുള്ള പണമെടുപ്പു് അങ്ങനെ അപമാനത്തിൽ വീണ്ടും കലാശിച്ചു. എന്നുപറഞ്ഞാൽ കഴിഞ്ഞു.

അടുത്ത കൊല്ലം പണം കമ്പപ്പുരയ്ക്കും ചേരിക്കാൎക്കും കൊടുക്കയില്ലെന്നും ഈ നടപ്പു ഭേദപ്പെടുത്തണമെന്നും ഞാൻ മുൻകൂട്ടി വിചാരിച്ചു. ഞാൻ ആദ്യമേ പോലീസ് ഇൻസ്പെക്ടരുടെ അടുക്കൽ പോയി ആലോചിച്ചു. അച്ഛനെക്കൊണ്ടു ഒരു ഹരജി ഒപ്പു വെപ്പിച്ചു കൊടുത്തു ജഡ്ജിമെന്റും മററും കാണിച്ചു കാൎയ്യങ്ങൾ അദ്ദേഹത്തെ ധരിപ്പിച്ചു കുറച്ചു പണം കൊടുത്തു തൃപ്തിപ്പെടുത്തി. അദ്ദേഹം ഹരജിപ്പുറത്തു ഉത്തരവോടുകൂടി രണ്ടു പോലീസുകാരെ ഇരുപത്തെട്ടാവോണത്തിനു എന്റെ കൂടെ അയച്ചുതന്നു. ഞാൻ അവരെയുംകൊണ്ടു് അഷ്ടമുടിയിൽ ക്ഷേത്രത്തിൽ എത്തിയപ്പോൾ രാത്രി മണി 11 ആയി. അന്നും പിറേറദിവസം ഉച്ചവരെയും ആണു് അവിടത്തെ ഉത്സവം. പണം വരവു പിന്നെയും ഉണ്ടായിരിക്കും. അച്ഛൻ അന്നു കുററിയഴികത്തു താമസിക്കുകയാണു്. നല്ല ശരീരസുഖമില്ലാതെ കിടക്കുകയുമാണു്. എന്നാൽ ഞാൻ ക്ഷേത്രത്തിൽ ചെന്നപ്പോൾ, സുഖമില്ലാതെ കിടന്നിരുന്ന അച്ഛൻ വീരഭദ്രസ്വാമിക്ഷേത്രത്തിന്റെ മുമ്പിൽ വഞ്ചിയുടെ അടുക്കൽ ഇരിക്കുന്നതായി കണ്ടു. പണംകൊണ്ടു പോരാൻ തുടങ്ങുമ്പോൾ ചേരിക്കാർ വല്ല ലഹളയുമുണ്ടാക്കുകയാണെങ്കിൽ, അച്ഛൻ അവിടെയുണ്ടായിരിക്കുന്നതു് വിഹിതമല്ലെന്നു ഞാൻ വിചാരിച്ചു വ്യസനിച്ചു. എങ്കിലും അതിനുമുമ്പു വഞ്ചിയുടെ അടുക്കൽനിന്നു മാറിയാൽ ഭയന്നിട്ടാണെന്നു വരുമല്ലോ എന്നും വിചാരിക്കാതിരുന്നില്ല. അച്ഛൻ ആഹാരാദികൾ

ക്ഷേത്രത്തിൽ വരുത്തി കഴിച്ചുകൊണ്ടു് അവിടെത്തന്നെ ഇരിക്കുന്നതായിട്ടു ഞാൻ കണ്ടു മിണ്ടാതെ നിന്നു. പോലീസ്സുകാർ വളരെ ശ്രദ്ധയോടെ വഞ്ചിയുടെ അടുക്കൽ നിന്നിരുന്നു. ഇതൊക്കെ കണ്ടപ്പോൾ കമ്പപ്പുര കൃഷ്ണപിള്ളയ്ക്കു ഒരു എരിപൊരി സഞ്ചാരം (സംഭ്രമം) തുടങ്ങി. അയാൾ ചേരിക്കാരുടെ അടുക്കൽ ഗൂഢാലോചന തുടങ്ങി. നേരം പ്രഭാതമായി. കമ്പപ്പുര അയാളുടെ പണി വളരെ ജാഗ്രതയിൽ നടത്തിക്കൊണ്ടിരുന്നു. ചേരി പ്രധാനികളുടെയും അല്ലാത്തവരുടെയും അടുക്കൽ കമ്പപ്പുര വളരെ വാശി വരുത്താൻ സംഭാഷണം നടത്തുന്നു. അവരെ നിർബ്ബന്ധിക്കുന്നു. ഉപദേശിക്കുന്നു. വഞ്ചിയും പണവും ചാന്നാന്മാർക്കു കൊടുക്കരുതെന്നു ശാഠ്യം പിടിക്കുന്നു. അതിനു എന്തു വഴക്കു വന്നാലും വരട്ടെ. അതു നമ്മൾക്കു നടത്താം. നമ്മൾ ആറു കരക്കാർ. ഈ ഒരു വീട്ടുകാർ നമ്മോടെന്തു ചെയ്യും? ഇങ്ങനെ കമ്പപ്പുര ചേരിക്കാരെ കമ്പം പിടിപ്പിക്കുന്നു. ഉച്ചതിരിഞ്ഞപ്പോൾ കമ്പത്തിനു തീകൊളുത്തുമെന്നായി. ഉത്സവം അവസാനിച്ചു. ജനങ്ങൾ പിരിഞ്ഞു തുടങ്ങി. ഞങ്ങൾ വഞ്ചി എടുപ്പിച്ചു് പോലീസ്സുകാരുമായി കുററിയഴികത്തു കൊട്ടാരത്തിലേക്കുതന്നെ യാത്രയാരംഭിച്ചു. കമ്പപ്പുരയുടെ കമ്പം അവശേഷിച്ചു. അയാൾ ഞങ്ങളുടെ പുറകേ സാവകാശം നടന്നു വരുന്നുണ്ടു്. തൃക്കരുവാ ഭഗവതിക്ഷേത്രത്തിന്റെ പറമ്പിൽ വന്നു വഞ്ചിയും പരിവാരങ്ങളും കൊട്ടരത്തിലേക്കു കയറി. ഞാൻ നടവെളിയിൽ നിന്നു. അപ്പോൾ കമ്പപ്പുര വടക്കേ കമ്മാഞ്ചേരിയിൽ ഇടവഴിയിൽ എത്തിയിരിക്കുന്നു. ഞാൻ തെക്കേകമ്മാഞ്ചേരിയിൽ കിഴക്കുവശത്തുള്ള പ്ലാവിന്റെ ചുവട്ടിൽ നിന്നു. കമ്പപ്പുര എന്റെ അടുക്കൽ എത്തി. ഞാൻ അയാളോടു്:- അച്ഛൻ മുതൽ പേർ വഞ്ചികളും മററും എടുപ്പിച്ചു കൊണ്ടു് കുററിയഴികത്തു കൊട്ടാരത്തിലേക്കുപോയി. ‘എന്താ കമ്പപ്പുരേ! വഞ്ചിയും പണവും തെങ്ങിൽ നിന്നിറങ്ങിവന്ന ചോവന്മാർ എടുത്തുകൊണ്ടു് തെങ്ങിൽ കയറിയല്ലോ. ഇനി എന്തുചെയ്യും? കമ്പപ്പുര ഇതു കേട്ടു് ലജ്ജിച്ചു കുമ്പിട്ടു കടന്നുപോയി.

മുമ്പു് ഒരു ദിവസം കമ്പപ്പുരയും മക്കളുംകൂടി ദേവസ്വം പണം ചുമന്നുകൊണ്ടുപോകുമ്പോൾ അച്ഛൻ കമ്പപ്പുരയുമായി സംസാരിച്ച വിവരം ഇപ്പോൾ വായനക്കാർ അനുസ്മരിക്കുമല്ലോ. അന്നു് അച്ഛൻ ചോദിച്ചപ്പോൾ ഏതുതെങ്ങിൽ നിന്നാണിറങ്ങി വരുന്നതു് എന്നായിരുന്നു അതിനു പ്രതികാരമായിട്ടാണു് ഞാൻ പറഞ്ഞതും ചെയ്തതും. അച്ഛൻ പ്രയത്നിച്ചുണ്ടാക്കിയ പണം കണക്കില്ലാതെ ഈ ദേവസ്വത്തിനുവേണ്ടി ചെലവാക്കി. തൃക്കരുവാ ഭഗവതിയുടെ കാരുണ്യത്താൽ എല്ലാം വിജയിച്ചു.

കുററിയഴികത്തുകാരോടു ചേർന്നു ദേവസ്വം ഭരിക്കുന്നതു് പുത്തത്താനു തീരെ രുചിച്ചിരുന്നില്ല. അച്ഛന്റെ കാലശേഷം തനിക്കു് ഒന്നു ഭരിക്കാമെന്നു കരുതി ഇരിക്കയാണു്. താൻ ദേവിയിൽ അശേഷം ഭക്തിയില്ലാത്ത ഒരു നിരീശ്വരനായിരുന്നു. തന്റെ ജീവിതകാ

ലത്തിൽ സന്ദർഭം വന്നപ്പോഴൊക്കെ ദേവിയുടെ മുതൽ അപഹരിച്ചിട്ടുള്ളതല്ലാതെ ഒരു ചക്രംപോലും തൻെറ സ്വന്തം കൈകൊണ്ടു് ഒരു നേർച്ചവഞ്ചിയിൽ നിക്ഷേപിക്കയോ സ്വന്തം പണം ദേവസ്വത്തിനുവേണ്ടി ചെലവുചെയ്കയോ ചെയ്തിട്ടില്ല. ദേവസ്വം അപഹരിച്ച ഫലമെല്ലാം താൻ അനുഭവിച്ചാണു് മരിച്ചതു്.

അഷ്ടമുടിയിൽ ക്ഷേത്രത്തിൻെറ തെക്കേപ്പുരയിടത്തെപ്പറ്റി അല്പം പറയാനുണ്ടു്.

ഈ പുരയിടം 105-ാമാണ്ടിടയ്ക്കു് ദേവസ്വത്തിൽനിന്നു് ഒരുത്തനു രജിസ്റ്ററിൽവച്ചു് വെൺപാട്ടമായി എഴുതിക്കൊടുത്തു. അവൻെറ അവകാശികൾ അവൻെറ അവകാശം കൊല്ലം ജില്ലാക്കോർട്ടിൽ 1084-ൽ അസൽ 72-ാംനമ്പരിൽ 29-ാം പ്രതിക്കു വിലകൊടുത്തു ടി നമ്പരിൽ ആ വസ്തു ഒഴിപ്പിക്കുന്നതിനു കൂടി അന്യായം കൊടുത്തിരുന്നതുകൊണ്ടാണു് അതിൻെറ കൈവശക്കാരനായ ചെയതുമഹമ്മതുമൈതീൻ കുഞ്ഞിനെ 29-ാം പ്രതിയാക്കി ചേർത്തിരുന്നതു്. ഇതു് ദേവസ്വത്തിൽനിന്നു ഒരുവനു വെൺപാട്ടമായി കൊടുത്തിരുന്നതായിരുന്നെങ്കിലും കണ്ടെഴുത്തു കാലത്തു ഈഴവരഴികത്തു കൊച്ചുകുഞ്ഞൻപിള്ളയുടെ സഹായത്താൽ 29-ാംപ്രതി ആ വസ്തുവിൻെറ പട്ടയം സ്വന്തംപേരിൽ പിടിച്ചു. ഈ പുരയിടത്തിൻെറ തൊട്ടുപടിഞ്ഞാറുവശത്തുള്ള കായലരുകു് 29-ാം പ്രതി പുതുവലായി പതിപ്പിക്കുകയും ചെയ്തു. കൂടാതെ പുരയിടത്തിൻെറ കിഴക്കേഅറ്റം വഴിയരുകിൽ ഒരു കടയും പണികഴിപ്പിച്ചു. 29-ാംപ്രതിയുടെ ദേഹണ്ഡത്തിനും കടയ്ക്കും വിലയായി അഞ്ഞൂറ്റിശിഷ്ടം രൂപാ അയാൾക്കു കൊടുത്തു ആ വസ്തു ദേവസ്വത്തിലേക്കുവേണ്ടി ട്രസ്റ്റിയുടെ നിലയിൽ 1-ാംവാദി ഒഴിപ്പിച്ചെടുക്കുന്നതിനു 72-ാംനമ്പർ കേസിൽ വിധിയുണ്ടായി. ആ കേസിലെ കോർട്ടുചെലവു് എട്ടും, പതിന്നാലും, ഇരുപതും ഇരുപത്തൊൻപതും പ്രതികൾ കൊടുക്കണമെന്നും വിധിച്ചിരുന്നു. മുന്നൂറ്റിശിഷ്ടം രൂപാ വാദികൾക്കു കോർട്ടുചെലവു ചെല്ലാനുണ്ടായിരുന്നു. വാദികൾ അതു 29-ാം പ്രതിക്കു അവർ കൊടുക്കാനുള്ള പുരവില ദേഹണ്ഡവില മുതലായതിൽ തട്ടിക്കഴിച്ചു ബാക്കി കെട്ടിവച്ചു വസ്തുവിധിപ്രകാരം ഒന്നാംവാദി ഒഴിപ്പിച്ചെടുത്തു. 72-ാംനമ്പരിലെ 1-ാംവാദി മരിച്ചുപോയതിനുശേഷം പിന്നത്തെ കാരണവനായിരുന്ന കൃഷ്ണൻ ഗോവിന്ദൻ(പ്രാക്കുളത്തു ചാക്കൽ താമസിച്ചിരുന്ന കാരണവർ)ആ വസ്തു വിധി നടത്തിയെടുത്തു. 29-ാം പ്രതിക്കു ചെല്ലുവാനുള്ള കോർട്ടുചെലവു് തട്ടിക്കഴിച്ചാൽ പിന്നെ ഇരുന്നൂറ്റിശിഷ്ടം രൂപാ രൊക്കം 29-ാംപ്രതിക്കു ചെല്ലാനുണ്ടു്. അതു് രൊക്കം കോർട്ടിൽ കെട്ടിവച്ചാണു് വസ്തു ഒഴിപ്പിച്ചതു. ആ വസ്തു അപ്രകാരം ഒഴിപ്പിച്ച ദിവസംതന്നെ വാക്കാൽ പാട്ടമായി 29-ാം പ്രതിയെത്തന്നെ കായമ്മടം ഏൽപ്പിച്ചു് ആണ്ടിൽ 120 രൂപാവീതം മേടിച്ചു പിന്നീടു് ഒരു പാട്ടച്ചീട്ടു് കാരണവനായ കൃഷ്ണൻ ഗോവിന്ദൻെറ പേർക്കു് എഴുതിച്ചുവച്ചിരുന്നു. അതു ഒരു വെൺപാട്ടച്ചീട്ടായിരുന്നു. ടി വസ്തു ഒഴിപ്പിക്കുന്നതിനു കോർട്ടിൽ രൊക്കം

കെട്ടിവച്ചതായ ഇരുന്നൂറുരൂപയും 29-ാം പ്രതിയിൽ നിന്നു തട്ടിക്കഴിച്ചെടുത്ത കോർട്ടുചെലവു് മുന്നൂററിശിഷ്ടം രൂപയും കൂടിയ 523 രൂപയ്ക്കു് 1090-തുലാം 3-ാംതീയതി കൂട്ടട്രസ്റ്റിയായ കൃഷ്ണൻ ഗോവിന്ദനെക്കൊണ്ടുമാത്രം ഒരു രജിസ്റ്റർ കടപ്പത്രം പുത്തത്താന്റെ പേർക്കു് എഴുതിച്ചുവച്ചു. എന്നാൽ ആ പണം കാമനാട്ടു കുടുംബത്തിൽനിന്നു ചെലവാക്കിയിട്ടുള്ളതും കുടുംബത്തിലേക്കു കിട്ടേണ്ടതും ആണു്. ടി കൃഷ്ണൻ ഗോവിന്ദൻ (കൂട്ടഭരണാധികാരി) അപ്രാപ്തനായിരുന്നതിനാൽ അദ്ദേഹം വാങ്ങിയെടുക്കേണ്ട പണം (29-ാം പ്രതി കൊടുക്കേണ്ട പണം) ആണ്ടുതോറും പുത്തത്താൻതന്നെ മേടിച്ചെടുത്തുകൊണ്ടു് മൂപ്പനെക്കൊണ്ടു രേഖ കൊടുപ്പിച്ചുവന്നു. മൂപ്പനെക്കൊണ്ടു് പുത്തത്താൻ എഴുതിച്ചുവച്ചിരുന്ന കരപ്പത്രം വസ്തു പണയമുള്ളതല്ലായിരുന്നു. അതു മൂന്നാം പുസ്തകത്തിൽ രജിസ്റ്റർ ചെയ്തതായ ഒരു വെൺകടപ്പത്രം മാത്രമായിരുന്നു. അതു് ആറാമത്തെ വർഷത്തിൽ കാലഹരണപ്പെട്ടുപോകുന്നതുമാണു്. അതിന്റെ കാലം അടുത്തപ്പോൾ ആ പ്രമാണത്തിലെ മുതലിന്റെ അരവീതം പലിശക്കൂട്ടി 4900 പണത്തിനു ടി കൃഷ്ണൻ ഗോവിന്ദനെക്കൊണ്ടു് ആ വസ്തു 1096-ാമാണ്ടു് തുലാമാസത്തിൽ പുത്തത്താൻ സ്വന്തംപേരിൽ ഒററിയായി എഴുതിച്ചു, എങ്കിലും ആ വസ്തുവിന്റെ പാട്ടക്കാരനും കൈവശക്കാരനും ആയ 29-ാംപ്രതിയുടെ മകൻ ദേവസ്വം ട്രസ്റ്റിയുടെ പാട്ടച്ചീട്ടുപ്രകാരം ടി വസ്തു അനുഭവിക്കയും ചെയ്യുകയായിരുന്നു എഴുതിച്ചുവച്ചിരുന്ന ടി ഒററിയാധാരം അനുസരിച്ചു പുത്തത്താൻ നേരിട്ടു പാട്ടം കൊടുത്തിരുന്നതുമില്ലായിരുന്നു അതിനു സന്ദർഭം കിട്ടിയിരുന്നെങ്കിൽ അതും ചെയ്യുമായിരുന്നു. അതിനിടയാകാതെ 1098 ചിങ്ങത്തിൽ പുത്തത്താൻ മരിച്ചു. ആ സ്ഥിതിയ്ക്കു് അയാൾക്കു ട്രസ്റ്റിയുടെ പാട്ടക്കാരനെക്കൊണ്ടു് പാട്ടച്ചീട്ടു് മാററി തന്റെ പേർക്കെഴുതിക്കുന്നതിനു സാധ്യമായില്ല. ആയതു ദേവിയുടെ ശക്തി എന്നുവേണം വിചാരിപ്പാൻ. ഇതിനിടയ്ക്കു് പാട്ടക്കാരനായ അലിയുമ്മർ ടി വസ്തുവിന്റെ കിഴക്കുവശം വഴി പുറമ്പോക്കിൽ നിന്നു 6 സെൻറു സ്ഥല അയാളുടെപേരിൽ പുതുവലായിട്ടു് കേസെടുപ്പിക്കുകയും 72-ാംനമ്പർ വ്യവഹാരത്തിൽ അയാളുടെ തകപ്പനിൽനിന്നും വിലകൊടുത്തു കോർട്ടുമൂലം ഒഴിപ്പിച്ചെടുത്ത കട ടി പുതുവൽ സ്ഥലത്തു നിൽക്കുന്നതാണെന്നു വാദിക്കുകയും മററും ചെയ്തിരുന്നതായ ഒരു പുതുവൽ കേസിൽ, പുത്തത്താന്റെ മരണാനന്തരം ദേവസ്വം ട്രസ്റ്റികൾ രണ്ടുപേർ (മാതേവൻ കറുമ്പൻ ചാന്നാർ, ശങ്കരൻ കൊച്ചുകുഞ്ഞു ചാന്നാർ) തല്ക്കക്ഷികളായി ചേർന്നു് കേസു നടത്തി ആ കേസിൽ ദേവസ്വത്തിൽ നിന്നു കൊടുത്തിട്ടുള്ള പാട്ടം അനുസരിച്ചാണു് വസ്തു നടന്നു വരുന്നതെന്നു തെളിയുന്നതിനായി കൃഷ്ണൻ ഗോവിന്ദൻപേർക്കു് മഹമ്മദീയൻ എഴുതിക്കൊടുത്തിരുന്ന പാട്ടച്ചീട്ടു് ദേവസ്വം ട്രസ്റ്റികൾ ഹാജരാക്കി വിസ്തരിച്ചു വരുത്തുകയും ചെയ്തു ആ കേസു് കൊല്ലം താലൂക്കിൽ 1096 പുതുവൽ ഫയൽ 190-ാംനമ്പരാണു ) ദേവസ്വം പാട്ടച്ചീട്ടനുസരിച്ചാണു് മഹമ്മദീയൻ വസ്തു അനുഭവിച്ചു വരുന്നതെന്നു നിസ്തർക്കമായി തെളിഞ്ഞുപോയി. പുത്തത്താന്റെ പേ

ക്കു 1096-മാണ്ടു് ഒരു ട്രസ്റ്റിയെക്കൊണ്ടുമാത്രം ചതിവായി എഴുതിച്ചു സൂക്ഷിച്ചിരുന്ന ഒററിയാധാരപ്രകാരം ഒററിക്കാരനാകട്ടെ അയാളുടെ അവകാശികൾക്കാകട്ടെ വസ്തു കൈവശം ഇല്ലെന്നും ദേവസ്വത്തിൽ നിന്നും കൊടുത്തിട്ടുള്ള പാട്ടച്ചീട്ടുപ്രകാരമാണു് ആ വസ്തു നടക്കുന്നതെന്നും മേൽപ്പറഞ്ഞ പുതുവൽ കേസിൽ രേഖാമൂലം സ്പഷ്ടമായിട്ടുണ്ടല്ലോ. ഈ കേസുകളുടെ പകർപ്പു് ഞാൻ അടയാളസഹിതം വാങ്ങി സൂക്ഷിച്ചിട്ടുണ്ടു്. പാട്ടക്കാരൻ പാട്ടകുടിശിഖ ട്രസ്റ്റികളെ ഏൽപ്പിച്ചു് കുടിശിഖ തീർക്കാത്തപക്ഷം അയാളുടെ പേർക്കു് നമ്പർ പതിക്കുന്നതിനും നിശ്ചയിച്ചിരിക്കയാണു്.

"ഈ വസ്തു ഒഴിപ്പിച്ചതായ 1090-ാമാണ്ടു് മുതൽ 1097-ാമാണ്ടു് വരെ എണ്ണൂറിൽശിഷ്ടം രൂപാ ദേവസ്വം വകയായിട്ടുള്ളതു് പുത്തേത്താൻ വാങ്ങി എടുത്തിട്ടുണ്ടു്. അതുകൊണ്ടും തൃപ്തിവരാതെ 700 രൂപയ്ക്കു് ഒരു ട്രസ്റ്റിയെക്കൊണ്ടുമാത്രം ഈ വസ്തു ഒററി എഴുതിച്ചുവച്ചു. ഈ ഒററി അത്ഥത്തിനു കാലഹരണം സംഭവിക്കുന്നതിനുമുമ്പു് പുത്തേത്താന്റെ അവകാശികൾ വ്യവഹാരപ്പെട്ടാൽ ന്യായമായ തെളിവുണ്ടായിരുന്നാൽ ആ പണം ടി വസ്തുവിൽ സ്ഥാപിച്ചുവരാൻ ഇടയുണ്ടു്. പക്ഷേ ദേവിയുടെ ശക്തിയാൽ അതിനിടവരുന്നതല്ല. ടി വസ്തു ഇപ്പോൾ പുതുവൽ കേസിൽ യാദൃശ്ചികമായി തെളിഞ്ഞിട്ടുള്ള രേഖകൾ പ്രകാരം ദേവസ്വത്തിനു സിദ്ധിച്ചു. ദേവസ്വത്തിന്റെ സ്വന്തകൈവശം അതിൽ ദിവസന്തോറും രേഖാമൂലം ഊജ്ജിതത്തിൽ വന്നുകൊണ്ടിരിക്കുന്നു".

ഈ വസ്തുതകളിൽ നിന്നു നാം പഠിക്കേണ്ടപാഠം. "ദേവസ്വംവകയാതൊന്നും അപഹരിക്കരുതെന്നാണു്". കുററിയഴികത്തു കുഞ്ഞിൻ മാതേവനും പുത്തേത്താനും നമ്മുടെ അറിവിൽ ദേവസ്വം മുതൽരേഖാമൂലം അപഹരിച്ചു. അവർ രണ്ടുപേരും അതിന്റെ ഫലം അനുഭവിച്ചു.

# അദ്ധ്യായം ഒൻപതു

## ഒരുത്സവവും ക്ഷേത്രം പണി ഒരുക്കവും

1099-ാമാണ്ടു് കുംഭമാസത്തിൽ തൃക്കരുവാ ക്ഷേത്രത്തിൽ ഞങ്ങൾ ഒരുത്സവം നടത്തി. കുററിയഴികത്തും കാമനാട്ടും ഉള്ള ശാഖക്കാർ കൈയിൽനിന്നും ചെലവുചെയ്തു് ഉത്സവം നടത്തണമെന്നു് ഞങ്ങൾ എല്ലാവരുമായി ആലോചിച്ചുറച്ചു. അനേകം കൊല്ലമായി മുടങ്ങികിടക്കുന്ന ഉത്സവം ഒന്നു നടത്തുവാനാണു് ഞങ്ങൾ ആഗ്രഹിച്ചതു്.

1099-ാമാണ്ട് ധനുമാസത്തിൽ പ്രാക്കുളത്തു ക്രിസ്ത്യാനികളുടെ പള്ളിയിൽ അവിടെയുള്ള ഒരു പഴയ ഈഴവകുടുംബത്തിലെ ഒരംഗംമാത്രം ഒരു നേർച്ച കമ്പം നടത്തി. ആ കൊല്ലത്തെ കുംഭമാസത്തിലാണു് ഞങ്ങൾ ഉൽസവത്തിനു ഉൽസാഹിച്ചതു്. ഉൽസവം ഉണ്ടായാലും ഇല്ലെങ്കിലും കുംഭമാസത്തിലെ അശ്വതിയും ഭരണിയും ഇവിടെ ആറു ചേരിയിലും ഒരു ഒഴിവുദിവസമാണു്. എന്നുതന്നെയുമല്ല ആ രണ്ടു ദിവസവും ഈ കരകളിലുള്ള ഹിന്ദുക്കൾ ജാതിഭേദമെന്യേ തൃക്കരുവാ ഭഗവതിക്ഷേത്രത്തിൽ സന്ദർശനത്തിനു വരികയും ചെയ്യും. അവർ ഈ ദിവസങ്ങളിൽ ഉൽസവമില്ലാത്തതിൽ പശ്ചാത്തപിച്ചുകൊണ്ടാണു് മടങ്ങിപ്പോകുന്നതു്. ഇതു് ഞങ്ങൾക്കു് പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ടു്. അതിനാൽ കാമനാട്ടും കുററിയഴികത്തും ഉള്ള രണ്ടു തായ്‌വഴിക്കാർ വിചാരിച്ചാൽ ഈ ക്ഷേത്രത്തിൽ ഉൽസവം നടത്തിക്കൂടയോ? ഇതായിരുന്നു ഞങ്ങളുടെ വിചാരം.

കീരിക്കാട്ടു്, കല്ലട, മങ്ങാട്ടു്, ചവറ, കരുവാ മുതലായ സ്ഥലങ്ങളിലെ കുടുംബാംഗങ്ങൾ വിചാരിച്ചാൽ നിഷ്പ്രയാസം തൃക്കരുവാ ഉൽസവം ആണ്ടുതോറും ഭംഗിയായി നടത്താം! ഏതായാലും വരുന്നതുപോലെ വരട്ടെ എന്നു ഞാൻ നിശ്ചയിച്ചു മുൻനിന്നു് 1099-ൽ ഉൽസവം നടത്താനുറച്ചു. കോട്ടൂർ ഗോവിന്ദൻ ചാന്നാരവർകളെ എഴുത്തുകൾമൂലം ഉൽസാഹിപ്പിച്ചു. മററു പലക്കും കത്തുകൾ എഴുതി. ഒരു കമ്പവും എഴുന്നള്ളത്തും മററും വേണമെന്നാണുദ്ദേശം. താഴെപ്പറയും പ്രകാരം ഞങ്ങൾ ഒരു വ്യവസ്ഥചെയ്തു.

1. കീരിക്കാട്ടു കോട്ടൂരു്
2. കല്ലട കുന്നേൽ
3. മങ്ങാട്ടു് കായമ്മടത്തു്
4. വൻവിളപുത്തൻവീട്ടു് (അപ്പുവിൻെറ ശാഖ)

ഇത്രയും ശാഖക്കാർ കൂടിച്ചേർന്നു് തീകാളി, കമ്പം മുതലായവ നടത്തണം.

1. വൻവിള തയ്യിൽശാഖ
2. മങ്ങാട്ടു് കണ്ടക്കാട്ടിൽ ശാഖ
3. ടി ചക്കമെല്ലിൽ ശാഖ
4. വൻവിള പുത്തൻപുരയിൽ ശാഖ ഈ നാലു ശാഖക്കാർകൂടി സേവ നടത്തണം.

കിളികൊല്ലൂർ കോലിശേരിൽ ശാഖക്കാർ ഒരു ഓട്ടൻതുള്ളൽ നടത്തണം

കൊല്ലൂർവിളയിൽ കുററിയിൽ ശാഖക്കാർ രണ്ടു ഗ്യാസ്സു ലൈററു ക്ഷേത്രത്തിൽ രാത്രി മുഴുവൻ കത്തിക്കണം.

ഈ നിശ്ചയം അനുസരിച്ചു എല്ലാവരും സഹകരിച്ചു് ഉൽസവംനടത്തി. വെടിക്കെട്ടു്, കമ്പം മുതലായതിനു കോട്ടൂർ ശ്രീ

ഗോവിന്ദൻ ചാന്നാരവർകളെ ചുമതലപ്പെടുത്തി ഞാൻ ഒട്ടുവളരെ എഴുത്തുകുത്തുകൾ നടത്തി മററാരും സഹായിച്ചില്ലെങ്കിലും ഞങ്ങൾ രണ്ടുപേരും കൂടി വെടിക്കെട്ടു നടത്തുമെന്നു ഞങ്ങൾ ഉറച്ചു. കമ്പം നടത്തുന്നതിനു ചുമതലപ്പെടുത്തിയിരുന്നതു് നാലു ശാഖക്കാരെയായിരുന്നല്ലോ. കല്ലട കുന്നേൽനിന്നു് അവരുടെ ഓഹരി രൂപാ അവിടുത്തെ ഗോവിന്ദൻചാന്നാർ കൊണ്ടുവന്നുതന്നു. കായമ്മടത്തുകാർ ഒരു കാശുപോലും തന്നില്ല. ചൂട്ടറവടക്കതി രണ്ടു രൂപാ തന്നതുമാത്രം. കായമ്മടത്തു നീലകണ്ഠനും ശേഖരനും ഉൽസവത്തിനു വന്നിട്ടുണ്ടായിരുന്നു. അവരോടു പണം ആവശ്യപ്പെട്ടതിൽ പണം ഇപ്പോൾ ഇല്ല. പിന്നീടു് തരാമെന്നു പറഞ്ഞിട്ടു് പോയി പിന്നീടു് തന്നില്ല.

കരക്കാരായ നായന്മാരുടെ മൽസരവും വഴക്കും ഒഴിഞ്ഞു് തൃക്കരുവാ ദേവസ്വം കോർട്ടു വിധിപ്രകാരം ചാന്നാന്മാരുടെ കുടുംബം വകയായി തീൎന്നു്. 1086 കർക്കടകത്തിലായിരുന്നു. ചാന്നാന്മാൎക്കു സർവ്വസ്വാതന്ത്ര്യമായി ദേവസ്വം സിദ്ധിച്ചിട്ടു് സംവൽസരങ്ങൾ പലതു കഴിഞ്ഞു. ചാന്നാന്മാർ ഒന്നുചേൎന്നു് യാതൊരുൽസവവും ഇതുവരെ നടത്തിയില്ല. കുററിയഴികത്തും കാമനാട്ടും കൂടി അഞ്ചു ശാഖവീതം പത്തുപ ശാഖക്കാരുണ്ടു്. അവർ യോജിച്ചാൽ ഈ ദേവസ്വം ഏററവും ഭംഗിയിൽ ഭരിക്കാം. 1099-ൽ ഉൽസവം നടത്തിയ കാലത്തുള്ള പത്തു ശാഖക്കാരെക്കുറിച്ചും ചിലതു പറയാം.

1. കാമനാട്ടെ കീഴ്ക്കരുവാ ശാഖ:—അവിടെ ഇപ്പോൾ താമസക്കാരായ അംഗങ്ങൾ സാധുക്കളാണു്. കീഴ്ക്കരുവാ പുരയിടം നല്ല അനുഭവമുള്ളതാകയാൽ ക്ഷേത്രകാര്യങ്ങൾക്കു് അവരുടെ ഓഹരി കൊടുക്കത്തക്കവണ്ണം ഉള്ള ശക്തി അവൎക്കുണ്ടു്. അവരുടെ ശാഖയിൽപ്പെട്ടതാണു് കിരികാട്ടു കോട്ടൂർ കുടുംബം. ആ കുടുംബം അഭിവൃദ്ധിയിലും ഐശ്വര്യത്തിലും ഇരിക്കുകയാണു. എന്നു മാത്രമല്ല ആ ശാഖക്കാർ പണ്ടു പണ്ടേ അവരുടെ കുടുംബപരദൈവതമായ തൃക്കരുവാ ഭഗവതിയേയും വീരഭദ്രസ്വാമിയേയും പ്രത്യേകം ആരാധിക്കുന്നവരുമാണു്. അവരുടെ ഐശ്വര്യത്തിനു കാരണം അതാണെന്നാണു് എന്റെ വിശ്വാസം.

2. കായമ്മടത്തു ശാഖ:- ഇവർ ഇപ്പോൾ പല ഉപശാഖകളായി പിരിഞ്ഞു ഒരുവിധം അഭിവൃദ്ധിയിൽ ഇരിക്കുകയാണു്. കായമ്മടത്തു, ചൂട്ടറവടക്കതിൽ, പുത്തൻവീട്ടിൽ ടി പടിഞ്ഞാററതിൽ, പൂങ്ങോട്ടു, മങ്ങാട്ടു് കിഴക്കേടത്തു്, ചവറയിൽതുണ്ടിൽ ഇങ്ങനെ പല ശാഖകളാണു. തൃക്കരുവാ ദേവസ്വത്തിൽ എന്തെങ്കിലും നേൎച്ച നടത്തുന്നതിനു ആ ശാഖക്കാർ വിചാരിച്ചാൽ കഴിയുന്നതാണു്.

3. കല്ലട കുന്നേൽ ശാഖ:- അതായതു കാമനാട്ടു തെക്കേടത്തു ശാഖ:- ഈ ശാഖയും നല്ല സ്വത്തുള്ള ശാഖയാണു്. അവരും നല്ല ഐശ്വര്യത്തിൽ ഇരിക്കുകയാണു്.

4. കൊല്ലൂർവിള ശാഖ:- (കററിയിൽ ശാഖ) ആളും അർത്ഥവും കുറവുള്ള ഒരു ശാഖയാണ്. എങ്കിലും ശാഖവകയായും പ്രത്യേകമായും കുറെ സമ്പത്തു അവക്കും ഉണ്ട്. ക്ഷേത്രത്തിലെ ഉൽസവത്തിന സഹായിക്കാൻ ശക്തിയും മനസ്സും അവക്ക ധാരാളമുണ്ട്.

5. കോലിഞ്ചേരിൽ ശാഖ:- ഈ ശാഖയും പല ഉപശാഖകളായി പിരിഞ്ഞു നല്ല സ്ഥിതിയിൽ ഇരിക്കുകയാണ്. ഉൽസവസംബന്ധമായി വേണ്ട സഹായം ചെയ്യുന്നതിന ശക്തിയുണ്ട്.

ഇനി കുററിയഴികത്തെ അഞ്ചു ശാഖയെപ്പററി പറയാം.

1. വൻവിളപുത്തൻവീട്ടിൽ ശാഖ:- ഇതു് അപ്പൂന്റെ ശാഖയാണ്. കുററിയഴികത്തെ മററ ശാഖകളെ അപേക്ഷിച്ചു് സ്വത്തുള്ള ഒരു ശാഖ ഇതാണ്. ദേവസ്വത്തിൽ വേണ്ടതു ചെയ്യാൻ കഴിവുണ്ട്.

2. ടി തയ്യിൽ ശാഖ:- സാമാന്യം സ്വത്തുണ്ട്. ആളുകളും ധാരാളമുണ്ട്. വിചാരിച്ചാൽ ദേവകാര്യത്തിൽ ഓഹരി ചെലവ് ചെയ്യാൻ ശേഷിയുണ്ട്.

3. ടി കിഴക്കേപുത്തൻപുരയിൽ ശാഖ:- ഇതു് സ്വത്തും ആളും കുറവുള്ള ശാഖയാണ് എങ്കിലും ക്ഷേത്രസംബന്ധമായി അവരുടെ ഓഹരി ചെലവുകൾ വഹിക്കുന്നതിന ശേഷിയുണ്ട്.

4. മങ്ങാട്ടു ചക്കമെല്ലിൽ ശാഖ:- ഈ ശാഖയും അഭിവൃദ്ധിയിൽ ഇരിക്കുന്നു. സ്വത്തും ആളും ഉണ്ട് ദേവസ്വംകാര്യത്തിൽ സഹായിക്കുവാൻ മനസ്സും കഴിവും ഇവർക്കുണ്ട്.

5. മങ്ങാട്ടു കണ്ടക്കാട്ടിൽ ശാഖ:- ആളും അർത്ഥവും കുറവുണ്ട് ക്ഷേത്രത്തിലെ ആവശ്യങ്ങൾക്ക അവരുടെ ഓഹരി കൊടുക്കുന്നതിന വേണ്ട മനസ്സും ശക്തിയും ഇവർക്കുണ്ട്.

മേൽ പറഞ്ഞ പത്തുശാഖക്കാരും അവരുടെ ബന്ധുക്കളും കൂടി ചേർന്നാൽ വളരെ ഭംഗിയായി തൃക്കരുവാ ദേവസ്വം നടത്താമെന്നാണ് എന്റെ വിശ്വാസം. ഈ വിശ്വാസപ്രകാരമാണ് ഒരുൽസവം നടത്താമെന്ന ഞാൻ ധൈര്യപ്പെട്ടതു്. മേൽപറഞ്ഞ പത്തു ശാഖക്കാരും അവരുടെ ബന്ധുക്കളും എങ്ങിനെ നിൽക്കുമെന്നറിയുന്നതിനും കൂടിയാണ് ഞാൻ ഇങ്ങനെ നിശ്ചയിച്ചതു്.

1099-ാമാണ്ടു് കുംഭമാസം 27-ാംതീയതി ഉൽസവം നടന്നുകൊണ്ടിരിക്കുന്നു. സേവ, ഓട്ടൻതുള്ളൽ, നാഗസ്വരവായന ഇവ നല്ലപോലെ നടന്നു കൊണ്ടിരുന്നു. രാത്രി 12 മണിസമയവും ആവും. കമ്പമരം കുഴിച്ചിടുന്നതിനുള്ള ജോലി വളരെ ഊർജ്ജിതത്തിൽ നടന്നു തുടങ്ങി. അപ്പോൾ ഈഴവരഴികത്തു കൃഷ്ണപിള്ള ക്ഷേത്രത്തിൽ വന്നു വാദ്യക്കാർക്കെല്ലാം വിരോധസ്വരത്തിൽ നിരോധനാജ്ഞ കൊടുത്തു.

ഉൽസവം മുടക്കി. 'എന്നോടു ചോദിക്കാതെ ഇവിടെ ഉൽസവം നടത്തിയതാരേടാ.' എന്നിങ്ങനെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

അപ്പോൾ കോട്ടൂർ ഗോവിന്ദൻ ചാന്നാരും ഞാനും കൂടി നിശ്ചയിച്ചു. ഇന്നു ഉൽസവം മുടങ്ങട്ടെ. മുടങ്ങിയതുപോലെ തന്നെ ഇരിക്കട്ടെ. അടുത്ത ദിവസം സർക്കാർ സഹായത്തിൽ ഉൽസവം നടത്താം എന്നു്.

ഇങ്ങനെ വിചാരിച്ചുറച്ചു നില്ക്കവേ, ടി. കൃഷ്ണപിള്ള തന്നെ കാമനാട്ടു വലിയച്ചൻ മുതൽപേരെ വിളിച്ചു് ഒരു സൂത്രത്തിൽ നേരംപോക്കിൽ പറഞ്ഞതാണെന്നു ഭാവിച്ചു. ഉൽസവം നടക്കട്ടെ എന്നിങ്ങനെ പിന്നീടു് പ്രോൽസാഹിപ്പിച്ചു പറഞ്ഞു, ടിയാന്റെ തന്റെ പ്രവൃത്തി തെറ്റായിപ്പോയി എന്നു സ്വയം തോന്നി. ഉൽസവം മുടക്കിയാൽ സിവിലായും ക്രിമിനിലായും താൻ ഉത്തരം പറയേണ്ടി വരുമെന്നു മനസ്സിലായി. ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ താൻ ഒരു പോക്കിരിയായിത്തീരുമെന്നും ബോധപ്പെട്ടു.

ഞങ്ങൾക്കു് വീണ്ടും അപ്പോൾ ഉൽസവം തുടർന്നു നടത്തുന്നതു് സമ്മതമായിരുന്നില്ല. ബഹുജനങ്ങൾ നിരാശപ്പെട്ടുമെന്നു വിചാരിച്ചു ടി കൃഷ്ണപിള്ള സ്വയം ലജ്ജിച്ചു് ഉൽസവം നടത്താൻ ഉൽസാഹം പ്രകടിപ്പിച്ചു. ഞങ്ങളുടെ കാരണവന്മാർ അവരെ അനുകൂലിക്കയും ചെയ്തു. ഞങ്ങൾ മൗനംഭജിച്ചു. ഒരു 15 മിനിട്ടു കൊണ്ടാണിവയൊക്കെ നടന്നതു . ഉടനെ ഉൽസവം വീണ്ടും തുടർന്നു നടത്തി.

## ക്ഷേത്രം പണികഴിപ്പിക്കാൻ ഒരുങ്ങിയതു്

കാമനാട്ടു അയ്യൻ മാതേവൻ എന്ന പ്രസിദ്ധനായ വലിയച്ചൻ 1055-മാണ്ടിടയ്ക്കു മരിച്ചതിനുശേഷം പിന്നെ ഭരണക്കാരായി വന്നവരൊക്കെ അപ്രാപ്തന്മാരായിരുന്നു. 1097-ാമാണ്ടു് ആദ്യം രണ്ടു ദേവസ്വം പാട്ടക്കാരുടെ പേരിൽ കേസുകൊടുത്തു. അതിൽ ഒന്നു് കൊല്ലം അ: മുൻസിഫു് കോർട്ടിൽ 1097-സി 2580-ം മറ്റൊന്നു ടി കോർട്ടിൽ 1097 സി 260-ം നമ്പർകളാകുന്നു. ഇതിൽ 258-ാംനമ്പർ കേസു് വില്ലിയഴികത്തു പുരയിടം മുതലായവ ഒഴിപ്പിക്കുന്നതിനും 260 ാംനമ്പർ അച്ഛമുടിയിൽ മണലിൽപുരയിടം മുതലായവ ഒഴിപ്പിക്കുന്നതിനുമാണു്.

1098 ചിങ്ങമാസത്തിൽ കായമ്മടത്തു കിഴക്കതിൽ കൃഷ്ണനാശാൻ പരലോകപ്രാപ്തനായി. അന്നു് കാമനാട്ടു ശാഖയിൽ കാരണവരായിരുന്ന പ്രാക്കുളത്തു് ചാക്കയിൽ കൃഷ്ണൻ ഗോവിന്ദൻ ചാന്നാരും കാലവിളംബമെന്യേ കാലധർമ്മം പ്രാപിച്ചു. അപ്പോൾ കോട്ടാത്തല പാലവിളയിൽ താമസിച്ചിരുന്ന ശങ്കരൻ കൊച്ചുകുഞ്ഞുചാന്നാർ കാമനാട്ടു ശാഖാകാരണവരായി ഭവിച്ചു. കായമ്മടത്തുകിഴക്കതിൽ കൃഷ്ണനാശാന്റെ പുലകുളിദിവസം കുടുംബാംഗങ്ങൾ പ

തിവില്ലാത്ത സ്ഥിതിയിൽ ടി ശങ്കരൻ കൊച്ചുകുഞ്ഞുചാന്നാരെ അ
ഭിനന്ദിച്ചു പ്രസംഗിക്കുകയും കാമനാട്ടു വാഴിക്കയും ചെയ്തു. ശങ്കരൻ
കൊച്ചുകുഞ്ഞുചാന്നാർ ദേവസ്വം കേസുകളിൽ കക്ഷിചേരുന്നതി
നപേക്ഷകൾ കൊടുത്തു. അഷ്ടമുടിയിൽ മണപ്പുറത്തു അലിയമ്മാറി
ന്റെ പേരിൽ പുതുവൽ പതിക്കാനായി വിചാരണ നടന്നുകൊണ്ടി
രുന്ന കേസ്സ് ടി കൊച്ചുകുഞ്ഞുചാന്നാർ കക്ഷിചേർന്നു സ്വയംവാ
ദംനടത്തി വാസ്തവം തെളിയിച്ചു പുതുവൽ ദേവസ്വത്തിനു ഗുണമായി
തീർച്ചചെയ്യിച്ചു. അച്ഛന്റെയും (മാതേവൻകറുമ്പൻചാന്നാർ) ശങ്കര
ൻകൊച്ചുകുഞ്ഞുചാന്നാരുടെയും പേരിൽ പുതുവൽ പതിഞ്ഞു, 1099 കന്നി
മാസത്തിനകം അഷ്ടമുടിയിൽ ശ്രീ വീരഭദ്രക്ഷേത്രം പുതുക്കിപണിക
ഴിപ്പിക്കണമെന്ന് അച്ഛനും ശങ്കരൻ കൊച്ചുകുഞ്ഞു ചാന്നാരും കൂടി
തീരുമാനിച്ചു. 1098 കർക്കടകത്തിൽ കൊല്ലം തടിഡിപ്പോവിൽ തടി
ലേലം ഉണ്ടെന്നറിഞ്ഞു ഞങ്ങൾ ഇരുക്കൂട്ടരും കൂടി ദേവസ്വം ഭണ്ഡാര
പ്പെട്ടി തുറന്നു നൂറു (100) രൂപാ എടുത്തുകൊണ്ടു കൊല്ലത്തുപോയി.
അച്ഛനും ഞാനും വള്ളത്തിൽ തുയ്യത്തുകടവിൽ എത്തി മങ്ങാട്ടുനിന്ന്
വരുമെന്നു സമ്മതിച്ചു പിരിഞ്ഞ കാമനാട്ടു വല്യച്ഛൻ മുതൽപേരെ
പ്രതീക്ഷിച്ചു താമസിച്ചു. കുറെ ഏറെ സമയം കഴിഞ്ഞപ്പോൾ കാമ
നാട്ടുകാരണവർ ചൂട്ടറവടക്കതി വടക്കേവിള പുത്തേത്തുകണക്കകാ
രൻ മുതലായവർ ഞങ്ങളുടെ അടുക്കൽവന്നു, വടക്കേവിള കണ്ണൻ
വൈദ്യന്റെ കുടുംബത്തിൽപെട്ട ഒരു മി: ററി-സി. രാമൻ എന്ന
യാൾ കൊല്ലത്തു കൺട്രാക്റ്റു ജോലികൾ നടത്തിതാമസിക്കുന്നു
ണ്ടെന്നും അയാളുടെ പക്കൽനിന്നു തടികൾ അറുത്തുരുപ്പടിയായി
എടുക്കാമെന്നു മററും അവർ ഞങ്ങളോടു പറഞ്ഞു. അവരുടെ താൽ
പ്പര്യപൂർവമുള്ള അഭിപ്രായത്തോടു ഞങ്ങളും യോജിച്ചു കാമനാട്ടുവ
ലിയച്ഛന്റെ സൂത്രധാരന്മാർ ചൂട്ടറഴികവും വടക്കെവിളയും ആക
യാൽ അവരുടെ ഇഷ്ടംപോലെ കാര്യംവിട്ടുകൊടുത്താൽ ദേവസ്വ
ത്തിനു കുറെനഷ്ടം വരുമെങ്കിലും കാര്യം വേഗത്തിൽ നടക്കുമല്ലോ
എന്നു ഞങ്ങൾ വിചാരിച്ചിട്ടാണ് അപ്രകാരം സമ്മതിച്ചത്. അടു
ത്ത ഒരു ദിവസം ഞാൻ മങ്ങാട്ടുചെന്നാൽ മി: ററി സി. രാമനെ
അവിടെ വരുത്തി അന്നുതന്നെ കരാറുകൾ എഴുതിപ്പിടിക്കാമെന്നും
മററും വ്യവസ്ഥകൾ ചെയ്തു ഞങ്ങൾ ആ ദിവസംപിരിഞ്ഞു. പറഞ്ഞ
ദിവസം തന്നെ ഞാൻചെന്നു കരാറുകൾ എഴുതിച്ചു അഡ്വാൻസു
കൊടുത്തു ജോലി തുടങ്ങുന്നതിനു വ്യവസ്ഥചെയ്തു. മി: ററി. സി.
രാമനു അല്പം ചിത്തഭ്രമം ഉണ്ടായിരുന്നു. ഒരു കണിശക്കാരനാ
ണെന്നു അയാളുടെ പ്രാരംഭനടപടികൾ കണ്ടപ്പോൾ എനിക്കും
തോന്നിയിരുന്നു. അതുകൊണ്ടു ശങ്കരൻ കൊച്ചുകുഞ്ഞുചാന്നാരെ
കൊണ്ടു ഒരു എഗ്രിമെൻറു ററി. സി. രാമന്റെ പേക്കു എഴുതിച്ചുകൊ
ടുത്തു. ആ എഗ്രിമെൻറിന്റെ വിവരം പ്രസ്താവിച്ചു ഒരു രസീതു അയാ
ളെക്കൊണ്ടു എഴുതിവാങ്ങിച്ചു നൂറു (100) ക അഡ്വാൻസു കൊടുത്തു.
രസീതു ദേവസ്വം ഭരണക്കാരുടെ രണ്ടുപേരുടെയും പേർക്കാണ് എ

ഴുതിവാങ്ങിയിട്ടുള്ളതു്. പിന്നീടു ചില ദിവസങ്ങളിൽ ഞങ്ങൾ റ്റി. സി. രാമന്റെ ജോലിസ്ഥലത്തു പോയി അറുക്കുന്ന തടികൾ പരിശോധിക്കുകയും അയാളുമായി കൂടുതൽ ഏർപ്പെടുകയും ചെയ്തപ്പോൾ ദേവസ്വക്കാരും അയാളുമായിട്ടുള്ള ഈ ഏർപ്പാടു കോടതിയിൽ പോയി അവസാനിപ്പിക്കേണ്ടിവരുമെന്നു് എനിക്കു തോന്നിയതിനാൽ ദേവസ്വത്തിൽനിന്നു് അയാൾക്കു കൊടുത്ത എഗ്രിമെൻറിന്റെ ശരിപ്പകർപ്പു എഴുതിച്ചു അയാളെക്കൊണ്ടു ഒപ്പിടുവിച്ചു വാങ്ങിക്കയും പിന്നീടു കൊടുത്തിട്ടുള്ള പണത്തിനു ശരിയായി രസീതു് എഴുതിച്ചുവാങ്ങുകയും ഒടുവിൽ തയ്യാറായ ഉരുപ്പടികൾ കൊണ്ടുപോന്നപ്പോൾ അതിനു രസീതുകൊടുക്കയും അതിന്റെ വിലകണക്കാക്കി ബാക്കിനിൽപ്പുവ്യവസ്ഥചെയ്കയും ബാക്കി ഉരുപ്പടികൾ ഒരവധിവെച്ചു അതിനകം തരാമെന്നുള്ള വ്യവസ്ഥരേഖപ്പെടുത്തി വാങ്ങുകയും മുറെ ശരിക്കുചെയ്തു. അയാളുമായിട്ടുള്ള ഏർപ്പാടു സംഗതികൾ കോർട്ടിൽ പോയാലും നമ്മുടെ കാര്യം ശരിയായി നിറവേറത്തക്കവിധത്തിലുള്ള റിക്കാർഡുകൾ ഒക്കെയും ശരിയാക്കി സൂക്ഷിച്ചുവച്ചു. ഇതിനിടക്കു് ഒരവസരത്തിൽ പണത്തിനു അയാൾ ആവശ്യപ്പെട്ടപ്പോൾ ദേവസ്വംവക സ്വർണ്ണംവിററാണു് പണം കൊടുത്തതു്. ക്ഷേത്രം പണി നടക്കട്ടെ എന്നുവിചാരിച്ചാണു് സ്വർണ്ണംവിൽക്കുന്നതിനു ഞങ്ങൾ അനുവദിച്ചതു്. റ്റി. സി. രാമന്റെ പണത്തിനുള്ള ബുദ്ധിമുട്ടുതീരട്ടെ എന്നു മാത്രമേ ചൂട്ടറഴികം വിചാരിച്ചുള്ളൂ. മൂലക്കഴുക്കോലുകൾ പടികൾ, ഉത്തരങ്ങൾ മുതലായവ വീതി കനം ധാരാളം വേണ്ടുന്ന ഉരുപ്പടികൾ അറുക്കാൻ തുടങ്ങിയപ്പോൾ അപ്രകാരംതീർന്നു കിട്ടത്തക്ക തടികൾ അയാളുടെ കൈവശത്തിൽ ഇല്ലാത്തതിനാൽ ചില തടികൾ അറുത്തു തടിയുടെ നിറത്തിലുള്ള ഒരുതരം ചെളിയുണ്ടാക്കി പോടുകൾ (പൊത്തുകൾ) അടച്ചുതയാറാക്കിവച്ചിരുന്നു. ഞങ്ങൾ കണക്കുകാരൻ പണിക്കരെയും കൊണ്ടുചെന്നു, പണിക്കർ തടികൾ പരിശോധിച്ചപ്പോൾ ചെളിവച്ചു അടച്ചിരുന്ന ഭാഗങ്ങൾ കണ്ടുപിടിച്ചു ആ ഉരുപ്പടികൾ നിഷേധിച്ചു. കാമനാട്ടു വലിയച്ഛനും റ്റി. സി. രാമനുമായി തമ്മിൽ ശകാരവാക്കുകൾ പറഞ്ഞു പിണങ്ങി. കണക്കുകാരൻ പണിക്കരുമായിട്ടും റ്റി. സി. രാമൻ പലപ്പോഴും ശണ്ഠപിടിച്ചു. ഉരുപ്പടികൾ അളന്നു പരിശോധിച്ചു കണക്കുകൂട്ടുമ്പോൾ വളരെ കൃത്യമായിട്ടേ കണക്കുകാരൻ കണക്കുകൂട്ടുകയുള്ളൂ. കുറവുള്ളവ തിരിഞ്ഞുതള്ളുകയും ചെയ്യും.

1099 ചിങ്ങം കന്നിമാസങ്ങളിൽ ഞങ്ങൾ കൂടെക്കൂടെ റ്റി. സി. രാമന്റെ ആഫീസിൽ പോയിരുന്നു. അപ്പോഴൊക്കെയും തടിസംബന്ധിച്ചു വലിയ വഴക്കുകളും മത്സരങ്ങളും ഉണ്ടായിട്ടാണു പിരിയാറുള്ളതു്. ഈ വഴക്കുകളിൽ ഞാൻ പങ്കെടുക്കാറില്ല. കാമനാട്ടു വലിയച്ഛനും കണക്കുകാരനും റ്റി. സി. രാമനുമായി തടിസംബന്ധിച്ചു വഴക്കുകൂട്ടും. വടക്കേവിള കണ്ണൻവൈദ്യർക്കു് ഇതുമൂലം കാമനാട്ടുവലിയച്ഛനോടും കണക്കുകാരനോടും ഉള്ളിൽ രസമില്ല. പൂ

മേചിരിക്കയും സ്നേഹംഭാവിക്കയും ഭംഗിവാക്കു പറകയും ഒക്കെ ചെയ്യും.

1099 കന്നി 7 ാംനു- അന്നുവരെ അറുത്തുതയ്യാറായിട്ടുണ്ടായിരുന്ന സാധനങ്ങൾ ഏററുവാങ്ങി. കരാറനുസരിച്ചു ബാക്കിവരാനുള്ള ഉരുപ്പടികൾ അധികവും നീളം, വീതി കനം കുറവുതലായിട്ടുള്ളതാകയാൽ കരാറിൽ സമ്മതിച്ചിട്ടുള്ള വിലക്കുതരുന്നതിനു നിവൃത്തിയില്ലെന്നും ഉടമ്പടിയിൽനിന്നും അയാളെ മോചിപ്പിക്കണമെന്നും മററും അന്നു് അയാൾ ഞങ്ങളോടു പറഞ്ഞു. അതൊന്നും ഞങ്ങൾ അനുവദിച്ചില്ല. തയ്യാറുള്ള തടികൾ ഞങ്ങൾ കൊണ്ടുപോന്നു. ബാക്കിത്തടികൾ വേഗം തയാറാക്കിത്തരണമെന്നു പറഞ്ഞിട്ടു ഞങ്ങൾ മടങ്ങി. ഞങ്ങൾ കൊണ്ടുവന്ന തടികൾ അഷ്ടമുടിയിൽ ദേവസ്വംവക സ്ഥലത്തു നില്ക്കുന്ന ചക്കാലയിൽ മാത്തൻലോഹന്നാൻെറ കടയുടെ പടിഞ്ഞാറെ വരാന്തയിൽ സൂക്ഷിച്ചുവച്ചു. അന്നത്തെ അഷ്ടമുടിക്ഷേത്രത്തിലെ ഉത്സവംകഴിഞ്ഞു എല്ലാവരും പിരിഞ്ഞു. പിന്നീടു് ററി. സി. രാമനോടു ബാക്കിവരാനുള്ള തടിവാങ്ങുന്ന കഥയാകട്ടെ ക്ഷേത്രംപണിക്കാര്യമാകട്ടെ ഷൂട്ടറഴികം മിണ്ടീട്ടില്ല. ഷൂട്ടറഴികം മിണ്ടാതെ കാമനാട്ടെ വലിയച്ഛനു മിണ്ടിക്കൂടാ എന്നാണു ടിയാൻെറ ചട്ടം. ഇങ്ങനെ ആ കന്നിയിൽ ഭരണാധികാരികൾ പിരിഞ്ഞശേഷം കുംഭമാസത്തിൽ തൃക്കരുവാക്ഷേത്രത്തിൽ നടത്തിയ ഉത്സവത്തിനു എൻെറ ക്ഷണപ്രകാരം കാമനാട്ടു വലിയച്ഛൻ നേരത്തെ കരുവാവന്നുചേന്നു. ഉത്സാഹഭരിതനായി കരുവാകളത്തട്ടുകൾ കേട്ടുപാട്ടുകൾ പോക്കുക, മററുചില അററകുററപ്പണികൾ നടത്തിക്കുക മുതലായവ ചെയ്യിച്ചു താമസിച്ചു. ഉത്സവംകഴിഞ്ഞു മടങ്ങിപ്പോയി. ററി സി! രാമനുമായുള്ള തടിയെടപാടുനിമിത്തമുള്ള നീരസത്താലൊ ഞങ്ങൾ മുൻനിന്നു് ഉത്സവം നടത്തുന്നതുമൂലമൊ എന്തൊ ഷൂട്ടാഴികം ഉത്സവസമയം ഒന്നുവന്നിട്ടു മടങ്ങിപ്പോയി. ദേവസ്വം കാര്യങ്ങൾ വീണ്ടും മന്ദീഭവിച്ചു.

## രണ്ടു കേസു്

ദേവസ്വംവാദിയായി രണ്ടുകേസ്സ് (സിവിൽ) കൊടുത്തിട്ടുള്ള വിവരം ഇതിനുമുമ്പു് എഴുതിയിട്ടുണ്ടല്ലൊ. ദേവസ്വംകാര്യങ്ങൾ ഇങ്ങനെ ഉപേക്ഷയിൽവന്നാൽ കേസു തോററുപോകാൻ ഇടവരുമെന്നുവിചാരിച്ചു ഞാൻ 1099 ചിങ്ങം ആദ്യം ഒരുദിവസം വക്കീൽ ശ്രീ കരുണാകരമേനോൻ അവർകളുടെ അടുക്കൽചെന്നു കേസുകാര്യം ചോദിച്ചു. 260-ാംനമ്പർ പായൻറു കല്പിച്ചു തെളിവിലേക്കു് എടുത്തു, പല അവധികൾ കഴിഞ്ഞു എന്നും വാദിഭാഗക്കാർ ആരും കേസന്വേഷിച്ചു ചെല്ലാത്തതിനാൽ അദ്ദേഹം ഓരോ ഒഴികഴിവുകൾ പറഞ്ഞു കേസ്സ് അവധി മാററിമാററിക്കൊണ്ടുപോകുന്നു എന്നും പറഞ്ഞു. ഞാൻ ഉടനെ വക്കീലാഫീസിൽ ഇരിക്കുന്ന കേസുകെട്ടു

ടുത്തുനോക്കി. അതിൽ അന്യായപ്പകർപ്പുമാത്രം ഉണ്ടു്. 258-ാം നമ്പരിൽ ശങ്കരൻ കൊച്ചുകുഞ്ഞുചാന്നാർ കക്ഷിചേരുന്നതിനു മൂന്നുതവണ ഹരജികൊടുത്തിട്ടുണ്ടു്. പടികെട്ടാത്ത കാരണത്താൽ ഹരജി തള്ളിയിരിക്കുന്നു. 72-ാംനമ്പർ കേസിലെ വിധിയനുസരിച്ചു രണ്ടു ട്രസ്റ്റികളും കൂടിയല്ലാതെ ഒരാൾ തനിച്ചു കേസു നിലനിറുത്താൻ നിയമം അനുവദിക്കയില്ല അതുകൊണ്ടു് രണ്ടാംവാദിയെക്കൊണ്ടു ശങ്കരൻകൊച്ചുകുഞ്ഞുചാന്നാരെ പ്രതിയായി ചേർക്കുന്നതിനു ഹരജി തയ്യാറാക്കിച്ചു അപ്പോൾതന്നെ കൊടുപ്പിച്ചു ശങ്കരൻകൊച്ചുകുഞ്ഞുചാന്നാരുടെ വക്കിൽ ശ്രീ ശങ്കരമേനോനവർകൾ അതു സമ്മതമാണെന്നു് ആ ഹരജിപ്പുറത്തു എഴുതിക്കൊടുത്തു. മുൻസിഫ് പ്രൈവററുമുറിയിൽ പോയപ്പോഴാണു് ഈ സംഭവം നടന്നതു്. വിസ്താരഗുമസ്തനോടു് ശങ്കരമേനോൻ അവർകൾ ഹരജി മേടിച്ചുനോക്കി ഇങ്ങനെ എഴുതിക്കൊടുക്കുകയാണു ചെയ്തതു്.

ശങ്കരൻ കൊച്ചുകുഞ്ഞുചാന്നാർ യഥാവസരം വാദിസ്ഥാനത്തു ചേരാഞ്ഞതുകൊണ്ടു് നിയമപ്രകാരം കേസ് തള്ളേണ്ടതായിട്ടാണു് ഇരിക്കുന്നതു്. അതുകൊണ്ടുള്ള രക്ഷ പ്രതികൾക്കാകയാൽ അവർക്കു നോട്ടീസ് കൊടുത്തു അവരുടെ ആക്ഷേപസമാധാനങ്ങൾ കേട്ടിട്ടാണു് ഈ ഹരജിക്കു് ഉത്തരവു എന്തെങ്കിലും ചെയ്യാനുള്ളതു്. എന്നു കോടതി അഭിപ്രായപ്പെട്ടതനുസരിച്ചു പ്രതികൾക്കു് നോട്ടീസുപടി ഒടുക്കി മൂന്നാമത്തെ പ്രാവശ്യം മാത്രമെ ശിപായിയെ കണ്ടുപിടിച്ചു പ്രതികൾക്കുള്ള നോട്ടീസു നടത്തിക്കൊടുക്കാൻ സാധിച്ചുള്ളു. 1099 കുംഭമാസത്തിൽ ഒരു അവധിക്കാണു് മേൽപ്രകാരം നോട്ടീസ് നടത്തിക്കൊടുത്തതു്. അന്നു് ആ കേസു് ടി ഹരജി തീർച്ചചെയ്യുന്നതിനായി എടുത്തിരിക്കുകയാണു്. ഇന്നു് 1100 ചിങ്ങം 1-ാംനു-യാണു്. ഇന്നുവരെ ആ ഹരജിക്കാര്യം തീർച്ചചെയ്തില്ലെന്നാണു് അറിയുന്നതു്.

260-ാം നമ്പരിന്റെ കേസുകെട്ടു നോക്കിയതിൽ അന്യായപ്പകർപ്പല്ലാതെ പ്രതികളുടെ പത്രികപ്പകർപ്പും പായിൻറുപകർപ്പും ഒന്നും കാണുന്നില്ല. പിന്നെ കോർട്ടിൽനിന്നും ഞാൻ അതെല്ലാം വാങ്ങി വക്കീലദ്ദേഹത്തെ കേസുധരിപ്പിച്ചു. കൂടുതൽ വാദിശങ്കരൻ കൊച്ചുകുഞ്ഞുചാന്നാരെയും കേസുപഠിപ്പിച്ചു. അടുത്ത അവധിദിവസമായിരുന്ന 1099 ചിങ്ങം 23-ാംനു ശങ്കരൻ കൊച്ചുകുഞ്ഞുചാന്നാരെ വിസ്തരിച്ചു. ക്രാസ് അന്നവസാനിച്ചില്ല. മാക്കു് അവധിവച്ചുകൊണ്ടിരുന്നു 1100-ചിങ്ങം 10-ാംതീയതിക്കുശേഷം വിസ്താരം നടത്തി. കന്നി 1-ാംനു-ക്കു ബാക്കിതെളിവിനായി അവധിമാററി.

# അദ്ധ്യായം പത്തു്.

## കാമനാട്ടുശാഖയും ശങ്കരൻകൊച്ചുകുഞ്ഞുചാന്നാരും ടിയാന്റെ കാമനാട്ടെ ഭരണകാര്യവും.

1066-ാമാണ്ടത്തെ ഒരു നിശ്ചയപത്രപ്രകാരം കാമനാട്ടു ശാഖാവസ്തുക്കളും അതിലെ അംശശാഖക്കാരും കൂട്ടവകാശപ്രകാരം ഒന്നായി ഇരിക്കുകയാണു്. 1082-ാമാണ്ടുവരെ പാട്ടനെല്ലും വസ്തുക്കളുടെ അനുഭവവും അഞ്ചായി വീതിച്ചു എടുത്തുകൊണ്ടിരുന്നു. 1082-ാമാണ്ടു കുററിയഴികത്തിന്റെ പേരിൽ നടന്നദേവസ്വം സ്വർണ്ണാപഹരണകേസുകാലത്തു് തത്സംബന്ധമായ ചെലവിലേക്കായി കാമനാട്ടുകുടുംബവസ്തുക്കളുടെ ആദായം എല്ലാവരുംകൂടി പുത്തേത്താൻ മൂട്ടറഴികം മുതൽപേരെ ഏല്പിച്ചു. 1084-ാമാണ്ടു് കുററിയഴികം ശാഖക്കാരുമായി നടന്ന 72-ാംനമ്പർ കേസു ചെലവിനും കാമനാട്ടെ ശാഖവസ്തുക്കളുടെ ആദായം നീക്കിവച്ചു. ഇങ്ങനെ 1082-ാമാണ്ടു മുതൽ ദേവസ്വംകാര്യങ്ങളെ അടിസ്ഥാനമാക്കി കാമനാട്ടുശാഖാവസ്തുക്കൾ പുത്തേത്താന്റെയും മൂട്ടറഴികത്തിന്റെയും ഭരണത്തിൽ ഇരിക്കയായിരുന്നു. കാമനാട്ടും ടിപടിഞ്ഞാററതിലും നല്ലഅനുഭവമുള്ള വസ്തുക്കൾ ആയിരുന്നെങ്കിലും അനേകം സംവത്സരങ്ങളായി വെട്ടുംകിളയും വളംചേർപ്പും ഇല്ലാത്തതിനാൽ തേഞ്ഞുപോയിരുന്നു. പുരയിടങ്ങൾ ഇങ്ങനെ ക്ഷീണിക്കുന്നതിനു മുമ്പു് ആണ്ടിൽ നാനൂറു (400 ക) ആദായം കിട്ടത്തക്കവിധത്തിൽ കിടന്നിരുന്നു. ഇപ്പോൾ കഷ്ടിച്ചു 250 കയുടെ ആദായംകിട്ടും. 1082-ാമാണ്ടു മുതൽ 1098-ാമാണ്ടുവരെ കാമനാട്ടെ വസ്തുക്കളുടെ ആദായം പുത്തേത്താന്റെ കൈവശം മാത്രമായിരുന്നു എന്നാണു പറയേണ്ടതു്. മൂട്ടറവടക്കതി ടിയാനുമായി യോജിച്ചുനിൽക്കയായിരുന്നു എന്നേപറയാനുള്ളു. ഇതിൽ ദേവസ്വം കേസുകൾ നടത്തുകയും കാമനാട്ടെ ഏതാനും കെട്ടിടങ്ങൾക്കു് ഓടുമേയുകയും ചെയ്തിട്ടുണ്ടു്,

ശങ്കരൻ കൊച്ചുകുഞ്ഞുചാന്നാരുടെ സ്ഥിരതാമസം കൊട്ടാരക്കര കോട്ടത്തല എന്ന ദേശത്താകയാൽ അവിടെനിന്നുംവന്നു ദേവസ്വംകാര്യങ്ങൾ നടത്തുന്നതു് പ്രയാസമാണെന്നുകണ്ടു് കോട്ടൂർഗോവിന്ദൻചാന്നാർ മൂട്ടറഴികം മുതലായി സകല ആളുകളും ചേർന്നു പൂർണ്ണസമ്മതത്തോടുകൂടി ചാന്നാരെ കാമനാട്ടു താമസിപ്പിച്ചു. കാമനാട്ടുശാഖവക പൊതുവസ്തുക്കളും കൊച്ചുകുഞ്ഞുചാന്നാർ അനുഭവിക്കുന്നതിനു് എല്ലാവരും ചേർന്നുസമ്മതിച്ചു. 1098-ാമാണ്ടു ചിങ്ങമാസത്തിൽ ഞാൻ കാമനാട്ടു പോയി. അന്നു് ടിശങ്കരൻ കൊച്ചുകുഞ്ഞുചാന്നാർ അവിടെ താമസിക്കയാണു്. അതിനു മുമ്പു് ശൂന്യഗൃഹമായികിടന്നിരുന്ന ആ ഭവനം ഒരു ഗൃഹസ്ഥാശ്രമി താമസിക്കുന്ന തേജ

സ്സുള്ള ഒരു കുടുംബമായി ഞാൻ കണ്ടു് വളരെ സന്തോഷിച്ചു. ഞാൻ പിന്നീട്ടും പലദിവസം അവിടെ പോയിട്ടുണ്ടു്. അദ്ദേഹത്തെ ദേവസ്വം കാര്യങ്ങൾ ധരിപ്പിക്കുന്നതിനായിരുന്നു പോയിരുന്നതു്. 1098 മകരത്തിൽ കൊയിത്തുകഴിഞ്ഞു വിത്തിടുന്നതിനു നിലങ്ങൾ ഒരുക്കിയപ്പോൾ കായമ്മടത്തു ശേഖരൻ തക്കിച്ചു ആ ജോലി മുടക്കിയിരിക്കുന്നതായി അറിഞ്ഞു. മംഗലത്തു നീലകണ്ഠൻ (എന്റെ ഭാര്യയുടെസഹോദരൻ) മുതൽപേർ ശേഖരനു സഹായികളാണെന്നും അറിഞ്ഞു. കാമനാട്ടുനിന്നും എനിക്കു ആളുംവന്നു ക്ഷണിച്ചു. അതുപ്രകാരം ഞാൻ ചെന്നപ്പോൾ അഞ്ചൽ മംഗലത്തു ശേഖരൻവൈദ്യരും (മംഗലത്തുനീലകണ്ഠന്റെ കാരണവൻ) അവിടെയുണ്ടായിരുന്നു. മൂട്ടറവടക്കതിയും അപ്പോൾ വന്നുചേന്നു. മൂട്ടറവടക്കതി ഞങ്ങളോടു് ഇങ്ങനെ പറഞ്ഞു:—"കാമനാട്ടു 1089 ാമാണ്ടു കായമ്മടത്തു കൊഞ്ഞാതൻ ജ്യേഷ്ഠൻ താമസിച്ചകാലത്തു് മംഗലത്തുകേശവൻ നീലകണ്ഠൻ മുതൽപേരുകൂടി വിരോധിച്ചതിനാലാണു് അവിടെനിന്നു് അയാൾ ഇറങ്ങിയതു്. അയാൾ അവിടെനിന്നു പെട്ടെന്നിറങ്ങി സ്വന്തമായി വസ്തുവും വീടും ഉണ്ടാക്കേണ്ടിവന്നതിനാൽ സ്വല്പം കടപ്പെടുന്നതിനുപോലും സംഗതിവന്നു. കോലിശ്ശേരിൽ ശാഖക്കാരാണു് അയാളെ ഇവിടെനിന്നു് വെളിയിൽ ഇറക്കിവിട്ടതു്. ഇപ്പോൾ കോലിശ്ശേരിൽ ശാഖയിലെ കാരണവൻ ഇവിടെ താമസിക്കുന്നതിനെ കായമ്മടത്തു ശേഖരൻ വിരോധിച്ചിരിക്കുന്നതു് അതിനു ബതലാണു്. അതിനാൽ ഈ കാരണവരെ ഇപ്പോൾ സഹായിക്കേണ്ടതു് കോലിച്ചേരിൽ ശാഖക്കാരുടെ ചുമതലയാണു്. അല്ലാതെ ഞങ്ങളുടെ ചുമതലയല്ല.

മൂട്ടറവടക്കതി ഇങ്ങനെ പറയുന്നതു് കാമനാട്ടുഭവനത്തിൽ ഇരുന്നുകൊണ്ടാണു്. പറയുമ്പോൾ കാമനാട്ടെ പൊതുക്കാരണവരും അഞ്ചൽശേഖരൻ വൈദ്യനും ഞാനും ഒക്കെയുണ്ടു്. കോലിച്ചേരിൽശാഖ എന്നു പറയുന്നതു് 1. കൊല്ലേത്തുവിളശാഖ 2. വെളിക്കാട്ടുശാഖ 3. മണ്ണാൻറഴികത്തുശാഖ ഇത്രയും കൂടിയതാണു്. മൂട്ടറഴികത്തിനു് ഈ ശാഖക്കാർ നിസ്സാരന്മാരാണെന്നു വരുത്തണം എന്നാണുദ്ദേശം എന്നു മനസ്സിലായി. കായമ്മടത്തു ശേഖരൻമാത്രമെ പൊതുക്കാരണവരെ എതിർക്കുന്നുള്ളു. അവനു പരസ്യമായി സഹായികൾ ആരുമില്ല. കോലിച്ചേരിൽ ശാഖക്കാർ എല്ലാവരുംകൂടി നേരേനിന്നാൽ ശേഖരന്റെ തക്കം ബലപ്പെടാതെ പോകാനെ ഉള്ളു. ഈ വിവരം ഞാൻ ശേഖരൻവൈദ്യരെ ധരിപ്പിക്കയും തക്കംതീത്തു കാര്യം ശരിപ്പെടുത്താമെന്നു് അദ്ദേഹം ഏറ്റുപറകയും ചെയ്തു. പിന്നിട്ടു് ആ മേടമാസത്തിലാണു് ഒരുദിവസം ഞാൻ കൊല്ലത്തു് താലൂക്കുകച്ചേരിയിൽ നിൽക്കുമ്പോൾ കാമനാട്ടു വലിയപ്പൻ ടിശങ്കരൻ കൊച്ചുകുഞ്ഞുചാന്നാർ അവിടെവന്നു. കായമ്മടത്തുശേഖരൻ കാമനാട്ടു പുരയിടങ്ങളിൽനിന്നു് തേങ്ങാവെട്ടിച്ചിരിക്കുന്നതായും അതി

ലേക്ക താൻ പോലീസിൽ ഹരജി കൊടുത്തിരിക്കുന്നതായും എന്നോട്ട പറഞ്ഞു. മജിസ്ട്രേട്ടുകോർട്ടിൽ അന്യായം കൊടുക്കുവാൻ പോകയാണെന്നും വലിയച്ഛൻ പറഞ്ഞു.

അതു് ആവശ്യമില്ലെന്നു് ഞാൻ ബലമായി തടഞ്ഞു. കേസ്സ് ജയിപ്പാൻ പ്രയാസമാണു്. തള്ളിപ്പോകാനാണു് എളുപ്പം എന്നും ഞാൻ പറകയുണ്ടായി.

അതിന്ന കാമനാട്ടെ വലിയച്ഛൻ പറഞ്ഞ സമാധാനം:—കേസു തള്ളുന്നെങ്കിൽ തള്ളട്ടെ. സത്യംപോലെ ഒരു അന്യായം കൊടുക്കാതെ നിവൃത്തിയില്ല. കാമനാട്ട അഞ്ചുശാഖകളും അവരിൽ ചിലർ ഭാഗിച്ചതുൾപ്പെടുത്തിയാൽ ഒൻപതു ശാഖകളും ശാഖാകാരണവന്മാരിലാണു് തറവാട്ടുവസ്തുക്കൾ വച്ചിരിക്കുന്നതു്. 1066)ലെ ഉടമ്പടി അനുസരിച്ചു അങ്ങനെയാണിരിക്കേണ്ടതും. എന്നെ ഒഴിച്ചുള്ള എട്ട കാരണവന്മാരും കൂടി പൂർണ്ണസമ്മതപ്രകാരം ഈ വസ്തുക്കൾ എന്നെ ഏൽപ്പിച്ചതാണു്. എനിക്ക കൊട്ടാരക്കരെനിന്നു് ഈ സ്ഥലംമാററം സമ്മതമല്ലെന്നും കഴികയില്ലെന്നും പറഞ്ഞു. എന്നിട്ടും അവർ എല്ലാവരുംകൂടി നിർബ്ബന്ധിച്ചു കാമനാട്ട കുടുംബം നശിച്ചുപോകുമെന്നും ദേവസ്വംഭരണം നടത്താൻ ആളില്ലാതെ വന്നുപോകുമെന്നും പറഞ്ഞു എല്ലാവരുംകൂടി എന്നെ വിളിച്ചുകൊണ്ടുവന്നു കാമനാട്ട താമസിപ്പിച്ചു. ഇപ്പോൾ ഒരു ചെറുക്കൻമാത്രം വന്നു വേണ്ടാതനം കാണിക്കുമ്പോൾ മാറിക്കളഞ്ഞേന്നു വരുന്നതു ശരിയാണോ? അതുകൊണ്ടു എട്ടു ശാഖാ മൂപ്പന്മാരെയും സാക്ഷിയായി വിസ്തരിച്ചു് അവർ എന്തുപറയുന്നു എന്നറിയട്ടെ. പിന്നെ എന്തും വരട്ടെ.'

വലിയച്ഛൻ ഇങ്ങനെ പറഞ്ഞുകൊണ്ടുപോയി സത്യംപോലെ അന്യായംകൊടുത്തു. കേസ് പോലീസന്വേഷണത്തിനുവന്നു. വാദി ശരിയായി തെളിവുകൊടുക്കാഞ്ഞതിനാൽ പോലീസുകാർ കേസ്സ് റിഫർചെയ്തു. കാരണവർ ഭാര്യയെ കോട്ടാത്തലയ്ക്കു മടക്കിഅയച്ചു. കുറച്ചുനാൾ നെട്ടേത്താട്ടിൽ ആഹാരം കഴിച്ചു കാമനാട്ട താമസിച്ചു. പിന്നീടു താനും പോയി.

അദ്ദേഹം കാമനാട്ട താമസിക്കുന്ന കാലത്തു് അവിടം നല്ല ഐശ്വര്യത്തിൽ കിടന്നിരുന്നു. നാലുവേലി അടച്ചുകെട്ടി. തെങ്ങിൻതൈകൾ വെച്ചു. പുരയിടങ്ങൾക്കും വയലുകൾക്കുമൊക്കെ അതിരുവരമ്പുകൾ ഭദ്രമാക്കി ഉറപ്പിച്ചു. 1098-ൽ കാമനാട്ട പയർ കൃഷിയിൽനിന്നു് 20 പറ പയർ കിട്ടി. 1099-ൽ ഉഴുന്നു കൃഷിചെയ്തതിൽ 18 പറ ഉഴുന്നുകിട്ടി. കാമനാട്ടു് ആർ, എപ്പോൾ ചെന്നാലും ആഹാരം മുതലായവ യഥായോഗ്യം നൽകി സൽക്കരിക്കുമായിരുന്നു

കാമനാട്ടു് ഇങ്ങനെ ഒരു മാന്യമായ രീതിയിൽ പോകുന്നതു് പുത്തൻവീട്ടിലും പുത്തൻവീട്ടിൽ പടിഞ്ഞാററതിലും താമസിക്കുന്നവർക്കു രസിച്ചിട്ടില്ല കാരണം അവിടെ പുല്ലും പോച്ചയും കോരിക്കി

ടന്നാൽ അവക്ക കന്നുകാലികളെ കെട്ടി തീററാം. അതുതന്നെ. അവർ കന്നുകാലികളെ കെട്ടുന്നതു് തിണ്ണകളിൽ നിൽക്കുന്ന തൂണുകളിലാണു്. അല്ലെങ്കിൽ കഴുക്കോലുകളിൽ. പുരയിടം അനാഥമായി കിടന്നാൽ അവിടെ അടർന്നുവീഴുന്ന നാളികേരം, ഓല, മടൽ മുതലായവ അവക്കു് എടുക്കാം. ഇങ്ങനെയുള്ള പല ആദായങ്ങളും അവക്കു ലഭിക്കും. കായമ്മേടത്തു ശേഖരനു് ഇവരുടെ പ്രേരണകൂടി ലഭിച്ചിരുന്നു.

# അദ്ധ്യായം പതിനൊന്നു്

## തൃക്കരുവാ ഭഗവതിക്ഷേത്രം പുതുക്കി പണികഴിപ്പിച്ചതു്

1090-ാമാണ്ടു് ദേവസ്വത്തിലേക്കു മുന്നൂററിരുപത്തിഷ്ടം രൂപാ ഒരു വകയിൽ കിട്ടാനുള്ളതു് ഈടാക്കി. കൊല്ലം ജില്ലാക്കോർട്ടിൽ 1084-ൽ അസ്സൽ 72-ാംനമ്പർ കേസിൽ ബി. പട്ടിക 12 പറ നിലത്തിന്റെ ആദായം വിധിപ്രകാരം ദേവസ്വത്തിലേക്കു ചേരാനുള്ളതാണു്. ടി നമ്പരിൽ 14 ാംപ്രതി മങ്ങാട്ടു ചക്കമ്മല്ലിൽ കണ്ണൻ കുമരയെ വാറണ്ടിൽപിടിച്ചു വാദിഭാഗം സംഖ്യ ഈടാക്കി. ആ പണം കൊണ്ടാണു ശ്രീകോവിൽ പണിതുടങ്ങിയതു്. അതു തീന്നപ്പോഴും ദേവസ്വം വക സ്വത്തുവിററു ഒരിക്കൽ പണമില്ലാതെ ക്ഷേത്രംപണി മുടങ്ങിയപ്പോൾ കാമനാട്ടു ശാഖക്കാർ തറവാട്ടുവക സ്വത്തുക്കൾ മുതലെടുത്ത പണത്തിൽനിന്നും നൂറു (100 ക.) രൂപാ ഇറക്കി, കുററിയഴിയത്തു ശാഖക്കാർക്കു അങ്ങനെ പൊതുപ്പണം ഇറക്കുന്നതിനു ഇല്ലായിരുന്നതിനാൽ അച്ഛന്റെ കൈയിൽനിന്നു നൂറു (100 ക.) രൂപാ ഇറക്കി. അതുപോലെതന്നെ അന്നു് ദേവസ്വംവക സംഗതികൾ അറിയുന്നതിനായി, കൊല്ലൂർവിളക്കാരൻ മാധവൻജ്യോത്സ്യൻ, കണ്ടക്കാട്ടിൽ കൊച്ചുകണ്ണനാശാൻ, ടി യിൽ വേലായുധനാശാൻ, കരുവാനിലകണ്ണൻജ്യോത്സൻ മുതലായ ദൈവജ്ഞന്മാരെക്കൊണ്ടു കുററിയഴികത്തു കൊട്ടാരത്തിൽവെച്ചു ഒരു പ്രശ്നം നടത്തിച്ചു. ഏകദേശം അരമാസംകൊണ്ടാണു് ആ പ്രശ്നം അവസാനിച്ചതു്. അച്ഛൻ അന്നു കുററിയഴികത്തു താമസിക്കുകയായിരുന്നു. പ്രശ്നക്കാരും ശ്രോതാക്കളുമായി അനവധി ആളുകൾ കുററിയഴികത്തു താമസിച്ചതിനുള്ള സകല ചെലവുകളും അച്ഛൻ നിർവഹിച്ചു. പ്രശ്നക്കാരായ ജ്യോത്സ്യന്മാക്കു കൊടുത്ത രൂപയുടെ പകുതി അച്ഛൻ കൊടുത്തു. ആ പ്രശ്നവശാൽ തെളിവിൽ വന്നിട്ടുള്ള കുറവുകൾ പലതും അച്ഛൻ പരിഹരിച്ചു. ഇങ്ങനെ ദേവസ്വം കാര്യങ്ങൾക്കു് അ

ച്ഛന്റെ കൈയിൽനിന്നു പലപ്പോഴായി വളരെ പണം കണക്കുപറയാതെ ചെലവായിക്കൊണ്ടിരിക്കയാണു്. അതു സ്വന്തം കുടുംബത്തിലെ ധൎമ്മവിഷയമായ ചെലവാകയാൽ യാതൊരു മടിയുംകൂടാതെ അച്ഛൻ സന്തോഷത്തോടുകൂടി ചെയ്യുന്നതാണു്. അച്ഛൻ കുററിയഴികത്തു താമസിക്കുമ്പോഴാണു് ഭഗവതിക്ഷേത്രം പണികഴിപ്പിച്ചതു്. തത്സംബന്ധമായി വരുന്ന ആളുകളുടെ ഭക്ഷണച്ചെലവും അച്ഛൻ സസന്തോഷം ചെയ്തു. അച്ഛൻ കുററിയഴികത്തുനിന്നു് ഇങ്ങോട്ടു (വിളയത്തു) പോന്നതിൽപിന്നെ കാമനാട്ടുനിന്നു കാരണവരും അനന്തരന്മാരും ദേവസ്വം ആവശ്യത്തിനായി വന്നാൽ അവർ താമസിക്കുന്നതും ആഹാരം കഴിക്കുന്നതും ഇവിടെയാണു്, അല്ലാതെ കരുവാ ഒരു വീട്ടിലും ആഹാരം ലഭിക്കാൻ പ്രയാസമാണു്. കാമനാട്ടുനിന്നു ദേവസ്വം കാൎയ്യങ്ങൾക്കു വരുന്ന ആളുകൾക്കു് ആഹാരം കൊടുക്കാൻ ഇവിടെ വിളയത്തു് എപ്പോഴും സന്തോഷമാണു്. ചിലപ്പോൾ ജോലിത്തിരക്കുകൊണ്ടു് അവൎക്കു കരുവാനിന്നു് ഇവിടെവന്നു ആഹാരം കഴിക്കുന്നതിനു സൗകൎയ്യമില്ലാതെ വരും. അപ്പോൾ ദേവസ്വംവക നെല്ലും പണവും കരുവാ കുററിയഴികത്തോ കമ്മാഞ്ചേരിലോ കീഴ്കരുവായോ ഏല്പിച്ചു് ആ കാൎയ്യം സാധിക്കും. കുററിയഴികത്തുനിന്നു് അച്ഛൻ വിളയത്തു മടങ്ങിവന്നു താമസമായതു് 1094-ാമാണ്ടാണു്. തൃക്കരുവാ ശ്രീകോവിൽ പണിതുടങ്ങിയതു് 1091-ാമാണ്ടാണു്. ആയിടയ്ക്കു് അച്ഛനും ഞാനും കുററിയഴികത്തു താമസിക്കുന്നു. 1092-ൽ ശ്രീകോവിൽ പണി മിക്കവാറും പൂൎത്തിയായി. ക്ഷേത്രംപണിഞ്ഞ കണക്കുകാരൻ പ്രസിദ്ധനായ പുന്നേത്തു കൊച്ചുകുഞ്ഞൻപണിക്കനാണു്. അദ്ദേഹത്തിന്റെ ബന്ധുവായ കൊട്ടാരക്കരക്കാരൻ, വിലങ്ങറ ചിത്രപ്പണിക്കാരൻ വന്നാണു് ശ്രീകോവിലിൽ ചിത്രപ്പണിചെയ്തതു്. ചിത്രങ്ങളൊക്കെ വെള്ളംവീണാൽ നനയുന്ന സ്ഥലങ്ങളിലാകയാൽ അതിനെ ആണ്ടുതോറും ചായംഅടിച്ചു സൂക്ഷിക്കണമെന്നു ഞാൻ പറയാറുണ്ടു്. ആൎക്കും ആവക കാൎയ്യങ്ങളിൽ ശ്രദ്ധയില്ല. തൃക്കരുവാക്ഷേത്രം ഒരു വീട്ടുകാരുടെ വകയായതുകൊണ്ടു് മററുള്ളവൎക്കു അവരോടു് അത്ര രസമല്ല. ആ രസക്കേടു് ഇപ്പോൾ ക്ഷേത്രത്തിലും സംക്രമിക്കുന്നു. ക്ഷേത്രത്തിനു സ്വത്തുക്കളും അവകാശികളും ധാരാളമുണ്ടെങ്കിലും അവരിൽതന്നെ ആൎക്കും ഭക്തിവിശ്വാസങ്ങൾ കാണുന്നില്ല.

കുററിയഴികത്തു ശാഖക്കാർ കുററിയഴികം പുരയിടവും പന്ത്രണ്ടു പറ നിലവും ദേവസ്വംവകയല്ലെന്നു കൊല്ലം ജില്ലാക്കോൎട്ടിൽ 1084-ൽ അസ്സൽ 72-ാംനമ്പർ കേസിൽ ഒരു ഋസ്ത്ക്കം പുറപ്പെടുവിച്ചതിനാൽ അവർ നിശ്ചയമായും കുററിയഴികത്തുനിന്നും വെളിയിൽ ഇറങ്ങി അവിടം കാമനാട്ടുകാൎക്കു കൊടുക്കേണ്ടതായി വരുമായിരുന്നു. അതിനിടവരാതെ ഇരുന്നതു് അച്ഛന്റെ ദ്രവ്യശക്തിയും നിൎബ്ബന്ധവും എന്റെ പരിജ്ഞാനവും ഉത്സാഹശക്തിയും ദേവീഭക്തിയും ആണെന്നുള്ളതു നിരാക്ഷേപമായ സത്യം ആകുന്നു. എന്നാൽ

അവർക്കു ആ കൃതജ്ഞതയില്ല. അതിനെപ്പററി ഒരു ചിന്ത എൻെറ ഹൃദയത്തിൽ ഇന്നു 1101 മിഥുനം 9-ാംതീയതി ഉണ്ടായി. എനിക്കു എൻെറ ജീവിതം ഒരുവിധം ബുദ്ധിമുട്ടുകൂടാതെ മിതമായി കഴിഞ്ഞുകൂടത്തക്ക സ്വത്തു് അപ്പനെക്കൊണ്ടു് തരുവിച്ചതു തൃക്കരുവാ ഭഗവതിയാണെന്നു ഒരു ബോധം ഉടനടി എനിക്കുണ്ടാവുകയും അപ്പോൾ മേൽപ്പറഞ്ഞ ചിന്ത ഞാൻ ഉപേക്ഷിക്കയും ചെയ്തു. ഈശ്വരസഹായത്തേക്കാൾ വലുതായി വേറെ യാതൊന്നുമില്ലെന്നു ഞാൻ ദൃഢമായി വിശ്വസിക്കയും അതിനായി പ്രാർത്ഥിക്കയും ചെയ്യുന്നു.'

# അദ്ധ്യായം പന്ത്രണ്ടു്

## 1084-ലെ 72-ാംനമ്പർ വ്യവഹാരത്തിൻെറ ജഡ്ജിമെൻറു്

അത്യാവശ്യമെന്നു തോന്നുന്ന ഭാഗങ്ങൾ മാത്രമാണു് തർജ്ജമചെയ്തു ചേർക്കുന്നതു്.

കൊല്ലം ഡി. ജി. കോർട്ടിൽ രണ്ടാംജഡ്ജി ശ്രീ എസ്സ്. രാമസ്വാമിശാസ്ത്രികൾ ഹാജർ. 1085 ആടിമാസം 6-ാംതീയതി ആദ്യവ്യവഹാരം.

വാദികൾ കാമനാട്ടു പെരുമാൾ പപ്പുചാന്നാർ തുടങ്ങി അഞ്ചുപേർ. (തെക്കടത്തുശാഖയിൽനിന്നു ആരെയും വാദിസ്ഥാനത്തു ചേർത്തില്ല. കാരണം മുമ്പേ സൂചിപ്പിച്ച സ്വകാര്യവൈരമാണു്.)

പ്രതിവാദികൾ രണ്ടുശാഖയിലും (കാമനാട്ടും കുററിയഴികത്തും) ഉള്ള കാരണവന്മാർ ഉൾപ്പെടെ ഇരുപത്തെട്ടുപേർ. 29-ാംപ്രതിവാദി അഷ്ടമുടിയിൽ ചെയ്തുമഹമ്മദു മൈതീൻകുഞ്ഞു്.

വാദിഭാഗം വക്കീൽ കെ. പരമേശ്വരൻപിള്ള, ചങ്ങനാശ്ശേരി.

പ്രതിഭാഗം സർവശ്രീ സി ശങ്കരമേനോൻ, സഹസ്രനാമയ്യർ. അപ്പുശാസ്ത്രി, പി കരുണാകരമേനോൻ, കെ. കൃഷ്ണൻപണ്ടാല. പി. കേശവപിള്ള.

ഈ അന്യായം ആദ്യമായി ഉണ്ടായതു് (ഏ) വിവാദ കരുവാ ദേവസ്വത്തിൻെറ മാനേജരന്മാരായ ഒന്നും രണ്ടും പ്രതികളെ മാററുന്നതിനും (ബി) ദേവസ്വംവക ആഭരണങ്ങളും മററു സമാനങ്ങളും വെച്ചുസൂക്ഷിക്കപ്പെട്ടിരിക്കുന്ന കുററിയഴികത്തു കൊട്ടാരത്തിൻെറ താക്കോലുകൾ 1-ം 2-ം പ്രതികളുടെ കൈവശത്തുനിന്നു

തിരിയെ കിട്ടുന്നതിനും (സി) ദേവസ്വംകാര്യാന്വേഷണത്തിൽ പൊതുക്കാരണവനു (വാദികളുടേയും രണ്ടാംപ്രതിയുടേയും ശാഖകൾ ഉൾപ്പെടുന്നതായ തറവാട്ടിലെ കാരണവനു) മാത്രം അധികാരമുള്ളതായി പ്രസ്താവിക്കുന്നതിനും (ഡി) ദേവസ്വംകാര്യാന്വേഷണങ്ങൾക്കു ഒരു സ്കീം ഉണ്ടാക്കുന്നതിനും (ഇ) അന്യായം ഏ പട്ടികയിലെ 1-ാംനമ്പർ വസ്തുവിന്റെ ദേവസ്വം അവകാശത്തെ സ്ഥാപിച്ചും 29-ാംപ്രതി ചെയ്തിട്ടുള്ള ദേഹണ്ണംവകയ്ക്കു 250 പണം കൊടുത്തു വസ്തു ഒഴിപ്പിച്ചും വിധിയുണ്ടാകുന്നതിനും (എഫ്) ടി ഏ പട്ടികയിലെ 2-ാംനമ്പ്ര വസ്തുവിന്റെ ദേവസ്വം അവകാശത്തെ സ്ഥാപിച്ചും ദേഹണ്ണംവകയ്ക്കു 25 പണംകൊടുത്തു 29-ാംപ്രതിയുടെ കൈവശത്തുനിന്നു വസ്തു ഒഴിപ്പിച്ചു കിട്ടുന്നതിനും വിധിയുണ്ടാകുന്നതിനും (ജി) ഏ പട്ടികയിലെ 3-ം 4-ം നമ്പ്ര കെട്ടിടങ്ങൾ അതുകളുടെ വില 275 പണംകൊടുത്തു 29-ാംപ്രതിയുടെ കൈവശത്തുനിന്നു ഒഴിപ്പിക്കുകയോ, അല്ലാത്തപക്ഷം അയാളെക്കൊണ്ടു മാററിക്കുകയോ ചെയ്യുന്നതിനും (എച്ച്) അന്യായ ബി പട്ടികയിലെ നിലങ്ങൾക്കു ദേവസ്വം സ്വത്തിലേക്കുള്ള അവകാശത്തെ സ്ഥാപിച്ചും ആണ്ടിൽ 60 പറ നെല്ലുവീതം ആദായത്തോടുകൂടി അവയെ, 8-ം 14-ം 20-ം പ്രതികളുടെ കൈവശത്തുനിന്നും ഒഴിച്ചുകിട്ടുന്നതിനും വിധിയുണ്ടാകുന്നതിലേക്കായിരുന്നു.

2. അന്യായത്തിൽ ഉൾപ്പെട്ട കാര്യമായ സംഗതികൾ:—വാദികളും ഒന്നുമുതൽ 28-വരെ പ്രതികളും കാമനാട്ടു തറവാട്ടുകാരാണു്. കൊല്ലവർഷം ആയിരാമാണ്ടത്തേക്കു മുമ്പു് ഇതു് കാമനാട്ടെന്നും കണ്ടക്കാട്ടെന്നും രണ്ടു ശാഖകളായി പിരിഞ്ഞു. വാദികളും ഒന്നാം പ്രതിയും കാമനാട്ടു ശാഖക്കാരും 2 മുതൽ 28 വരെ പ്രതികൾ കണ്ടക്കാട്ടു ശാഖക്കാരും ആകുന്നു. ഒന്നാംപ്രതിയും രണ്ടാംപ്രതിയും യഥാക്രമം വാദികളുടേയും 2-ാംപ്രതിയുടേയും ശാഖകളിലെ കാരണവന്മാരാകുന്നു. കരുവാ ക്ഷേത്രവും വീരഭദ്രക്ഷേത്രവും അവയോടുചേർന്ന വസ്തുക്കളും രണ്ടുവീട്ടുകാരുടേയും പൊതുസ്വത്തുക്കളാകുന്നു. വാദികളുടെ കാമനാട്ടുശാഖയിലെ കാരണവൻ 1066-വരെ ദേവസ്വം ഭരിച്ചിരുന്നു. 1066-ൽ വാദികളുടെ കാരണവൻ അയ്യനയ്യപ്പൻ ദേവസ്വം കാര്യാന്വേഷണത്തിൽ രണ്ടാംപ്രതിയുടെ കാരണവനെ കൂട്ടിച്ചേർത്തു. 1073-ൽ അയ്യനയ്യപ്പന്റെ മരണശേഷം 1-ാംപ്രതി, വാദികളുടെ ശാഖയിലെ കാരണവനായി. വാദികളുടെ ശാഖയിലേയും 2 മുതൽ 28 വരെ പ്രതികളുടെ ശാഖയിലേയും യഥാക്രമം കാരണവന്മാരായ ഒന്നും രണ്ടും പ്രതികൾ ദേവസ്വത്തെ പലവിധത്തിൽ ദുർഭരണംചെയ്യുകയും ദേവസ്വംകാര്യങ്ങളെ ഭരിക്കുന്നതിനു് അവർക്കു ശേഷിയില്ലെന്നു കാണിക്കുകയുംചെയ്തു. ആകയാൽ അവർ ദേവസ്വം മാനേജർ ഉദ്യോഗത്തിൽനിന്നും നീക്കപ്പെടുന്നതിനു നിബന്ധനമാരായി. ദേവസ്വംവകയായ അന്യായം, ഏ പട്ടിക 1-ാംനമ്പ്ര വസ്തു 1059-ൽ അയ്യപ്പൻ കേശവൻ എന്നൊരാൾക്കു പാട്ടംകൊടുക്കുകയും ടി പാട്ടത്തെ

29-ാംപ്രതി വാദയോല വാങ്ങിക്കുകയുംചെയ്തു. അതു കാണപ്പാട്ടമായി അവൻ പട്ടയം പിടിച്ചു. ഏ പട്ടികയിലെ 2-ാംനമ്പർ വസ്തു 1-ാംനമ്പർ വസ്തുവിനോടുചേൎന്ന പുതുവൽസ്ഥലമാകുന്നു. 29-ാംപ്രതിയുടെ പേൎക്കു് അതിനുള്ള പട്ടയത്തെ നിയമപ്രകാരം ഭേദപ്പെടുത്തി ദേവസ്വത്തിലേക്കു് സ്ഥാപിക്കേണ്ടതാണു്. അന്യായം ഏ പട്ടിക 3-ം 4-ം നമ്പ്ര കെട്ടിടങ്ങൾ 275 പണം ചെലവുചെയ്തു് 29-ാംപ്രതി പണിചെയ്യിച്ചു. ഏ പട്ടിക 2-ാംനമ്പർ വസ്തുവിൽ വാദി ചെയ്തിട്ടുള്ള ദേഹണ്ഡത്തിനു 25 പണം പ്രതിഫലം കിട്ടാൻ അയാൾക്കു് അവകാശമുണ്ടു. വിവാദ ബി പട്ടിക നിലങ്ങൾ ദേവസ്വംവകയാകുന്നു. അവ കററിയഴികത്തുള്ള ദേവസ്വംകൊട്ടാരം മേയുന്ന ചെലവിലേക്കു് 1041-ാമാണ്ടിടയ്ക്കു് 2-ാംപ്രതിയുടെ കാരണവൻ കുഞ്ഞീൻ മാതേവനെ ഏല്പിച്ചിരുന്നു. ആ വസ്തുക്കളെ അയാളുടെ സ്വന്തം എന്ന നിലയിൽ അയാൾ കൈകാര്യംചെയ്തു. ടി വസ്തുക്കളെ സംബന്ധിച്ചു് അയാൾ ചമച്ചിട്ടുള്ള ആധാരങ്ങൾ അസാധുവും, ആ ആധാരങ്ങൾ പ്രകാരം ടി വസ്തുക്കൾ അയാൾ കൈവശം വെച്ചുകൂടാത്തതും ആകുന്നു. ദേവസ്വം ഭരിക്കുന്നതിനു കീഴ്നടപ്പനുസരിച്ചു കാമനാട്ടുശാഖയിലെ കാരണവനു മാത്രമേ അധികാരമുള്ളൂ.

ഈ അന്യായം കൊടുത്തതിന്റെ ശേഷം 1-ം 2-ം പ്രതികൾ മരിച്ചുപോയി. വാദികളുടേയും 1 മുതൽ 28 വരെ പ്രതികളുടേയും പൂൎവ്വികന്മാർ ഒരു തറവാട്ടുകാരാണെന്നു് 4-ം 6-ം പ്രതികൾ സമ്മതിക്കുന്നതോടൊപ്പം മൂലതറവാടു കററിയഴികം ആയിരുന്നു എന്നും അതു് കററിയഴികം എന്നും കാമനാട്ടു് എന്നും രണ്ടായി പിരിഞ്ഞു എന്നും കണ്ടക്കാട്ടു് കററിയഴികത്തു ശാഖയിലെ വീട്ടുകളിൽ ഒന്നാണെന്നും ഈ കാലങ്ങളിൽ എല്ലാം രണ്ടു ശാഖയിലേയും കാരണവന്മാർ കൂട്ടായി ദേവസ്വം ഭരിച്ചു എന്നും ബി പട്ടിക വസ്തുവും കററിയഴികം പുരയിടവും മേൽപറഞ്ഞ തറവാട്ടു വിഭാഗത്തിൽ കററിയഴികം ശാഖയിലെ ഭാഗമായി കിട്ടിയതാണെന്നും അവർ അതിനെ അവരുടെ തറവാട്ടുവകയായി അനുഭവിച്ചുവരുന്നു എന്നും അതു് വിവാദദേവസ്വത്തിലെ വകയല്ലെന്നും ബി പട്ടിക വസ്തുക്കൾ കൊട്ടാരം മേയുന്ന ചെലവിലേയ്ക്കു് 1041-ൽ 2-ാംപ്രതിയുടെ കാരണവൻ കുഞ്ഞീൻ മാതേവനെ ഏൽപ്പിച്ചിരുന്നു എന്നു പറയുന്നതു് കളവാണെന്നും 2 മുതൽ 28 വരെ പ്രതികളുടെ ശാഖകൾ പിന്നീടു രണ്ടായി തിരിഞ്ഞു എന്നും 2 മുതൽ 7 വരെ പ്രതികൾ ഒരു തായ്‌വഴിക്കാരാണെന്നും 8 മുതൽ 28 വരെ പ്രതികൾ വേറൊരു തായ്‌വഴിക്കാരാണെന്നും രണ്ടു തായ്‌വഴിക്കാരും പ്രത്യേകം താമസിച്ചു പ്രത്യേകം വസ്തുക്കൾ അനുഭവിക്കുന്നു എന്നും അന്യായം ബി പട്ടിക വസ്തുക്കൾ 2-ാംപ്രതിയുടെ ശാഖയുടെ കൈവശമാണെന്നും ടി വസ്തു കുഞ്ഞീൻ മാതേവന്റെ ആധാരവഴി 8-ം 14-ം 20-ംപ്രതികൾക്കു് പോയിട്ടില്ലെന്നും മുൻനടപ്പുപ്രകാ

രം ദേവസ്വം ഭരിക്കേണ്ട അധികാരം കാമനാട്ട ശാഖാകാരണവന്മാർ മാത്രമാണെന്നുള്ളത് കള്ളമാണെന്നും ബി പട്ടിക വസ്തുവും കുററിയഴികത്തു കെട്ടിടങ്ങളുടെ താക്കോലുകളും വാദികൾക്ക കിട്ടണമെന്ന വാദം നിലനില്ക്കത്തക്കതല്ലെന്നും പ്രതികൾ തർക്കിക്കയും ചെയ്യുന്നു.

8-ം 22-ം 25-ം 27-ം പ്രതികൾ വേറെ സംഗതികളുടെ കൂട്ടത്തിൽ ബി പട്ടികവസ്തുക്കളെ സംബന്ധിച്ചുള്ള ആധാരങ്ങൾ സാധുവാണെന്നും പ്രതിഫലമുണ്ടെന്നും ബി പട്ടികവസ്തുക്കളിൽനിന്നും ആണ്ടിൽ 36 പറ നെല്ലുമാത്രമേ കിട്ടുകയുള്ളു എന്നും കുററിയഴികം പുരയിടം ഉൾപ്പെടെ എല്ലാ ദേവസ്വംവസ്തുക്കളുടെ വിലയ്ക്കും വാദികൾ കോർട്ടുഫീസൊടുക്കണമെന്നും തർക്കിച്ചു

9-ം 10-ം 15-ം 16-ം 18-ം പ്രതികൾ വേറെ സംഗതികളോടുകൂടി കുററിയഴികം പുരയിടം ദേവസ്വംവകയല്ലെന്നും അവിടെ നില്ക്കുന്ന മൂന്നുകെട്ടിടങ്ങളും, അവരുടെ തറവാട്ടു വകയാണെന്നും അവയിൽ ഒന്നിനെ ക്ഷേത്രത്തിലെ ആഭരണങ്ങളും മററു സാമാനങ്ങളും സൂക്ഷിക്കുന്നതിന് ഉപയോഗിച്ചിരുന്നു എന്നും ടി കെട്ടിടങ്ങളുടെ താക്കോലും വിവാദ ബി പട്ടിക നിലങ്ങളും കിട്ടണമെന്നുള്ള വാദികളുടെ വാദം അസാധുവായിട്ടുള്ളതാണെന്നും തർക്കിക്കുന്നു.

14-ം 20-ം 23-ം പ്രതികൾ വേറേ സംഗതികളോടുകൂടി രണ്ടുലക്ഷം രൂപാ വിലപിടിക്കുന്ന ദേവസ്വംവസ്തുക്കൾക്ക വാദികൾ കോർട്ടുഫീസൊടുക്കണമെന്നു വാദിക്കുന്നു.

29-ാം പ്രതി ഈ ദേവസ്വം കരക്കാരുടെ വകയാണെന്നും വാദികളുടേയും രണ്ടാംപ്രതിയുടേയും തറവാട്ടുകളിലേക്ക കൈസ്ഥാനം മാത്രമേ ഉള്ളു എന്നും ദേവസ്വത്തിലേക്കുവേണ്ടി ഈ അന്യായം കൊടുക്കാൻ വാദികൾക്കധികാരമില്ലെന്നും ഏ പട്ടിക ഒന്നാംനമ്പർ വസ്തുവിനു കേശവന്റെ പേരിലുള്ള പാട്ടയാധാരം സത്യമായിട്ടുള്ളതാണെന്നും അയാൾ (29-ാം പ്രതി) കേശവനു 2800 പണംകൊടുത്തു ടി പാട്ടം വായോല വാങ്ങിച്ചു എന്നും ഏ. പട്ടിക രണ്ടാംനമ്പർ വസ്തു ഒന്നാം നമ്പരിന്റെ ഇനത്തിലുള്ളതല്ലാത്തതുകൊണ്ടു വാദികൾക്ക കൊടുക്കാൻ പാടില്ലാത്തതാണെന്നും അതിന് 200 രൂപാ വിലയുണ്ടെന്നും 4000 പണം വിലപിടിക്കുന്ന ദേഹണ്ണങ്ങൾ ഏ പട്ടിക ഒന്നാംനമ്പർ വസ്തുവിൽ ചെയ്തിട്ടുണ്ടെന്നും ഈ തുകയുടെ മുക്കാൽ ($\frac{3}{4}$) ഭാഗം കിട്ടുന്നതിന് അയാൾക്കവകാശമുണ്ടെന്നും വിവാദ ഒന്നാംനമ്പരിലെ ആയിരത്തിഎഴുനൂറുപണം വിലയുള്ള 3-ം 4-ം നമ്പർ കെട്ടിടങ്ങൾ അയാൾ പണിയിച്ചിട്ടുള്ളതാണെന്നും ടി സംഖ്യ അയാൾക്ക കിട്ടേണ്ടതാണെന്നും ഏ പട്ടികവസ്തുക്കളുടെ അനുഭവക്കാരനായ 29-ാം പ്രതി തർക്കിക്കുന്നു.

ഏ പട്ടിക ഒന്നാംനമ്പർ വസ്തുവിൽ 350 പണം വിലപിടിക്കുന്ന ദേഹണ്ണം മാത്രമേ ചെയ്തിട്ടുള്ളു എന്നും ദേശാചാരപ്രകാരം ടി തുകയുടെ നാലിൽ ഒരു ഭാഗം കിട്ടുന്നതിനു മാത്രമേ 29-ാംപ്രതിക്കു അവകാശമുള്ളു എന്നും തങ്ങളുടെ പാട്ടക്കാരനായി ഏ പട്ടികവസ്തു പാട്ടമായി പിടിച്ചിരിക്കുന്ന 29-ാംപ്രതിക്കു, തങ്ങൾക്കു അവ തിരിയെ കിട്ടുന്നതിനുള്ള അവകാശത്തെ എതിർക്കുന്നതിനു അധികാരമില്ലെന്നും വാദികൾ മറുപടിയായി പറയുന്നു.

1085 ഇടവം 32-ാംതീയതി ഈ കേസിൽ ആദ്യമായി താഴെ പറയുന്ന പായിൻറുകൾ മി: വറുഗീസ് രേഖപ്പെടുത്തി.

1. കുററിയഴികം കെട്ടിടങ്ങളും ബി. പട്ടിക വസ്തുവും 2 മുതൽ 28 വരെ പ്രതികളുടെ തറവാട്ടുവകയോ കരുവാ ദേവസ്വംവകയോ?

2. വാദികളും 1 മുതൽ 28 വരെ പ്രതികളും ദേവസ്വത്തിൻെറ ഉടമസ്ഥന്മാരാണോ? അവരുടെ അവകാശത്തെ നിഷേധിക്കുന്നതിനു 29-ാംപ്രതിക്കു വാദതടസ്സമുണ്ടോ?

3. ദേവസ്വംകാര്യങ്ങൾ വാദികളുടേയും പ്രതികളുടേയും തറവാട്ടിലെ രണ്ടു ശാഖയിലെ കാരണവന്മാരാൽ കൂട്ടായി ഭരിക്കപ്പെട്ടോ? അതോ വാദികളുടെ കാമനാട്ടുശാഖയിലെ കാരണവരാൽ മാത്രം ഭരിക്കപ്പെട്ടോ?

4. ഭരണം വാദികളുടെ ശാഖയ്ക്കുമാത്രമേ കൊടുക്കാൻ പാടുള്ളോ?

5. 1-ം 2-ം പ്രതികൾ ഏതെങ്കിലും ദുർഭരണത്താൽ കുററക്കാരാണോ? അവരെ ഭരണത്തിൽനിന്നു നീക്കംചെയ്യാമോ? പ്രതികൾ നീക്കപ്പെട്ടാൽ മാനേജരായിട്ടോ മാനേജർമാരായിട്ടോ ആരെയാണു നിയമിക്കേണ്ടതു്?

6. ഏ പട്ടികയിൽ 2-ാംനമ്പ്ര വസ്തു 1-ാംനമ്പരിൽ അന്തർഭവിക്കുന്നതാണോ? അതു ദേവസ്വത്തിലേക്കു വിട്ടുകൊടുക്കുന്നതിനു 29-ാം പ്രതി ബാദ്ധ്യസ്ഥനാണോ?

7. ഏ പട്ടിക രണ്ടാംനമ്പർ വസ്തുവിനെ സംബന്ധിച്ചു് 29-ംപ്രതിക്കു് എന്തുപ്രതിഫലത്തിനവകാശമുണ്ടു്? 1-ാംനമ്പർ വസ്തുവിൻെറ ദേഹണ്ണച്ചെലവെന്തു്? പാട്ടക്കാരൻെറ ഓഹരിഎന്തു്?

8. കുററിയഴികം കൊട്ടാരം മേയിക്കുന്ന ചെലവുവകയ്ക്കായി ബി പട്ടിക വസ്തുക്കൾ കുഞ്ഞീൻ മാതേവനു കൊടുത്തിരുന്നുവോ? അന്യായത്തിൽ 15-ാംപാരാവിൽ വിവരിച്ചിരിക്കുന്ന ആധാര

ങ്ങൾ എഴുതിക്കൊടുക്കുന്നതിനു അയാൾക്കു് അധികാരം ഉണ്ടായിരുന്നുവോ?

9. മേൽകാണിച്ചിരിക്കുന്ന ആധാരങ്ങൾക്കു പ്രതിഫലവും താവാട്ടാവശ്യവും ഉണ്ടോ? അതിൻപ്രകാരം വസ്തുക്കൈവശം കിട്ടിയോ? അവ സാധുവായിട്ടുള്ളതാണോ?

10. വാദികൾക്കു അന്യായത്തിലെ വസ്തുക്കളുടെ കൈവശം തിരിയെ എടുക്കാൻ കഴിയുമോ?

11. അവയിൽനിന്നുമുള്ള ആദായം എന്തു്?

12. ശരിയായ കോർട്ടുഫീസു വച്ചോ ഇല്ലയോ?

13. വാദികൾക്കു് എന്തു പരിഹാരത്തിനവകാശമുണ്ടു?

N. B. (1085-ലെ 1884-ാംനമ്പർ ഹരജി അനുസരിച്ചു് അന്യായം തിരുത്തുകയും 3-ം 4-ം പായിൻറുകൾ നിഷ്പ്രയോജനമായിത്തീരുകയുംചെയ്തു. ആകയാൽ അവയെ വെട്ടിക്കളകയും വിചാരണയിൽ ഉൾപ്പെടുത്താതിരിക്കയും ചെയ്യുന്നതാകുന്നു. 9—1—'86

ഈ കേസിലെ 12-ാം പായിൻറു് ആദ്യമായി വാദംകേൾക്കുകയും ദേവസ്വംവസ്തുക്കളുടെ കമ്പോളവിലയ്ക്കു വാദികൾ കോർട്ടുഫീസു് ഒടുക്കണമെന്നു കോടതി ഉത്തരവാകയും ചെയ്തു. അതിൽപ്പിന്നീട് വാദികൾ അവരുടെ ശാഖക്കാർക്കുമാത്രം ദേവസ്വംഭരണം വേണമെന്നുള്ള അന്യായത്തെ ഒരു ഹരജിപ്രകാരം പിൻവലിച്ചു ശേഷം വിഷയങ്ങളിൽമാത്രം അന്യായം നിലനിറുത്തി.

1085-മിഥുനം 9-ാംതീയതി താഴെപറയുന്ന ഉത്തരവിനാൽ വാദികൾ ദേവസ്വംവസ്തുക്കൾക്കു മുഴുവൻ ഫീസു വെയ്ക്കുന്നതിനു അദ്ദേഹം വാദികളോടാജ്ഞാപിച്ചു.

ഉത്തരവു്:—ഈ കേസു് 1086-മിഥുനം 24-ാംതീയതി ഒടുവിലത്തെ "ഹീയറിംഗു് കേൾക്കുകയും താഴെപറയുന്ന ജഡ്ജിമെൻറു്" 1086 ആടി 6-ാംതീയതി പ്രസ്താപിക്കുകയുംചെയ്തു.

## 1084-ൽ 72-ാംനമ്പർ ആദ്യവ്യവഹാരം

1. ഒന്നാംപായിൻറു കുററിയഴികം കെട്ടിടങ്ങളും ബി പട്ടിക വസ്തുക്കളും 2 മുതൽ 28 വരെ പ്രതികളുടെ താവാട്ടുവകയോ കരുവാ ദേവസ്വംവകയോ എന്നാണു പ്രധാനമായി തീരുമാനിക്കാനുള്ളതു്.

ബി പട്ടിക വസ്തുക്കൾ 12 പ 3 ഇടങ്ങഴി നിലങ്ങളാകുന്നു.

2. കുററിയഴികം പുരയിടവും ബി പട്ടിക വസ്തുക്കളും ദേവസ്വം വസ്തുക്കളാണെന്ന് ഈ കേസിലേക്ക ശേഖരിച്ച തെളിവ് നിസ്സംശയമായി കാണിക്കുന്നു. ഈ വസ്തുക്കളുടെ പട്ടയങ്ങളും വേറെയുള്ള സർക്കാർ കണക്കുകളും ദേവസ്വംപേരിലാണ്. അവ കരം ഒഴിവുവസ്തുക്കളും ഇപ്പോഴത്തെ കണ്ടെഴുത്തിനും കരം ചുമത്തീട്ടില്ലാത്തതും ആകുന്നു. ഇപ്പോഴത്തെ കണ്ടെഴുത്തിൽ ഈ വസ്തുക്കൾക്ക രണ്ടാംപ്രതിയുടെ ശാഖയിലെ അംഗങ്ങൾ പട്ടയത്തിനപേക്ഷിച്ചിട്ടില്ല. ദേവസ്വം ആഭരണങ്ങളും വേറെ വിലപിടിപ്പുള്ള വകകളും സുസമ്മതമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന കൊട്ടാരം (ദേവസ്വം കെട്ടിടങ്ങൾ) കുററിയഴികം പുരയിടത്തിൽ നില്ക്കുന്നു.

3. കുററിയഴികം പുരയിടത്തിന്റെ ഉടമസ്ഥതയെ സംബന്ധിച്ചുള്ള ഈ ചോദ്യത്തിന്റെ തീരുമാനം അതിൽ നില്ക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥതയെപ്പററിയുള്ള ചോദ്യത്തിൽ സംബന്ധപ്പെടുന്നതാണ്. കുററിയഴികം പുരയിടം ദേവസ്വംവകയാണോ അല്ലയോ എന്നുള്ള ചോദ്യത്തിന്റെ തെളിവ് ഞാൻ സവിസ്തരമായി വിചാരണചെയ്യാം. ഇപ്പോഴത്തെ കണ്ടെഴുത്തിൽ കുററിയഴികം പുരയിടത്തിനും ബി പട്ടിക നിലങ്ങൾക്കും കരം ചുമത്തിയിട്ടില്ല.. വസ്തുക്കൾ ദേവസ്വം വസ്തുക്കളായി ഗണിക്കപ്പെട്ടു. (വിവാദ ദേവസ്വംപേരിലുള്ള എല്ലാ വസ്തുക്കളുടെയും ബി അക്കം ചിററ നോക്കുക.)

(ശേഷം രണ്ടാംഭാഗത്തിൽ)

ശ്രീനാരായണ പ്രസ്സ്, കൊല്ലം